traൻസ്

വിവർത്തനവും വിവർത്തകരും

ഡോ. ഷീബ എം. കുര്യൻ

traൻസ്
വിവർത്തനവും വിവർത്തകരും

ഡോ. ഷീബ എം. കുര്യൻ

tṛāns—vivaṛthanavum vivaṛthakarum (ട്രാൻസ്—വിവർത്തനവും വിവർത്തകരും)
(Malayalam: Translation studies)
Dr. Sheeba M. Kurian

Sayahna digital edition published in 2024.

Copyright © 2024, Dr. Sheeba M. Kurian

These electronic versions are released under the provisions of Creative Commons Attribution By Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2023. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in with combination a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *The Welcome Letter* (1879), a painting by George Hardy (1822–1909). The image has been taken from Wikimedia Foundation and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

tranസ്
വിവർത്തനവും വിവർത്തകരും

> "Literature is open to everybody.... there is no gate, no lock, no bolt, that you can set upon the freedom of the mind."
> —*A Room of One's Own*

വിവർത്തനത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ഡിജിറ്റൽ കാലത്തെ സബ്ടൈറ്റിൽ വിവർത്തനങ്ങൾ (ചലച്ചിത്രസമീക്ഷ, 2024), വിവർത്തന വിമർശനം മലയാളത്തിൽ (തുടി, 2022), ലിംഗപദവി വിദ്യാഭ്യാസം മാനവവിഭവശേഷി (മലയാളപ്പച്ച, 2017), ഡിവൈൻ കോമഡി വിവർത്തനത്തിന്റെ രാഷ്ട്രീയം (ജ്യോതിർഗമയ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015), വിവർത്തനവും സ്ത്രീകളും (സംഘടിത, 2015), വിവർത്തനരംഗത്തെ സ്ത്രീസാന്നിധ്യം (വിജ്ഞാനകൈരളി, 2015), സാംസ്കാരിക പഠനവും ചില വിർത്തനപ്രശ്നങ്ങളും (വിജ്ഞാനകൈരളി, 2005) തുടങ്ങിയ ലേഖനങ്ങളുടെ വിപുലീകരിച്ച രൂപമാണ് ഈ പുസ്തകം.

ഉള്ളടക്കം

1 മലയാളത്തിലെ വിവർത്തന പഠനങ്ങൾ 1

1.1 വിവർത്തനചരിത്രം 1

1.2 വിവർത്തന വിമർശനങ്ങൾ 3

1.3 മൂലകൃതിയുടെ പ്രഭാവം 6

1.4 വിവർത്തന വിമർശനം മലയാളത്തിൽ 7

1.5 കുട്ടികൃഷ്ണമാരാരും മുണ്ടശ്ശേരിയും 8

1.6 സ്വകൃതികളും വിവർത്തന കൃതികളും 11

1.7 ഭാഷാശാസ്ത്രവും വിവർത്തന ചിന്തകളും 12

1.8 സമമൂല്യതയും സാംസ്കാരിക സാഹചര്യവും 14

1.9 വിവർത്തനമെന്ന സാംസ്കാരിക രൂപം 18

1.10 വിവർത്തനീയതയും പ്രതിനിധാനവും 19

1.11 വിവർത്തന പ്രക്രിയയിലെ സാംസ്കാരികതലം 23

1.12 ബൈബിൾ വിവർത്തന പഠനങ്ങൾ 25

1.13 വാൾട്ടർ ബഞ്ചമിനും വിവർത്തന പഠനങ്ങളും 28

1.14 സമകാലിക വിവർത്തന പഠനങ്ങൾ 30

1.15 വിവർത്തകരുടെ ദൃശ്യത 34

1.16 വിവർത്തനവും ലിംഗഭേദവും 36

1.17 കോളനിയനന്തര വിവർത്തന പഠനങ്ങൾ 40

1.18 അനുവർത്തനപഠനങ്ങൾ 42

2 വിവർത്തനവും വിവർത്തകരും 45

2.1 കിളിമാനൂർ രമാകാന്തന്റെ ഡിവൈൻ കോമഡി 46

2.2 വിവർത്തനങ്ങളുടെ പ്രത്യയശാസ്ത്ര പരിസരം 46

2.3 എന്തുകൊണ്ട് ദാന്തെ, എന്തുകൊണ്ട് ഡിവൈൻ കോമഡി . . . 49

2.4 ഭാവനയുടെ മകുടം 51
2.5 ദാന്തെയുടെ കലാജീവിതം 54
2.6 ദാന്തെയുടെ 'കോമഡി' 58
2.7 വിവർത്തകരുടെ പാരമ്പര്യ മൂല്യങ്ങൾ 58
2.8 പരോക്ഷ വിവർത്തനത്തിന്റെ സാധ്യതകൾ 63
2.9 സ്ത്രീ വിവർത്തകരുടെ സാന്നിധ്യം 64
2.10 സ്ത്രീ വിവർത്തകരുടെ കൂട്ടം 65
2.11 വിവർത്തനം എന്ന തൊഴിൽ 67
2.12 മനുഷ്യ വിഭവശേഷിയും സ്ത്രീ പങ്കാളിത്തവും 68
2.13 വിദ്യാഭ്യാസവും തൊഴിൽപങ്കാളിത്തവും 70
2.14 മനുഷ്യവിഭവശേഷിയുടെ കേരളമാതൃക 72
2.15 പുതിയ തൊഴിലിടങ്ങൾ 73
2.16 വിവർത്തന രംഗത്തെ ലിംഗസമത്വം 75
2.17 വിവർത്തനവും തൊഴിലിടവും 76
2.18 ആരാണ് മാറ്റം ആഗ്രഹിക്കാത്തതു? 77
2.19 'നിഷ്ക്രിയ'മായ സ്ത്രീവിഭവശേഷി 79
2.20 വിവർത്തനം ഒരു രാഷ്ട്രീയ പ്രക്രിയ 81
2.21 സ്ത്രീ വിവർത്തകരുടെ തൊഴിലും ജീവിതവും 82
2.22 വിവർത്തനം നൽകുന്ന സ്ത്രീ സ്വാതന്ത്ര്യങ്ങൾ 84
2.23 സ്ത്രീപക്ഷമാകുന്ന സ്ത്രീവിവർത്തനങ്ങൾ 86
2.24 നിശ്ശബ്ദ വിപ്ലവം 87
2.25 സുഭദ്രാ പരമേശ്വരൻ എന്ന മാതൃക 88
2.26 വിവർത്തനം എന്ന സ്വത്വനിർമ്മാണ പ്രക്രിയ 89
2.27 'ഫെമിനിസ്റ്റ്' വിവർത്തനങ്ങൾ 92
3 ഡിജിറ്റൽകാലത്തെ വിവർത്തനങ്ങൾ 94
3.1 വിവർത്തനവും സാങ്കേതിക വിദ്യയും 95
3.2 ഭാഷാ സാങ്കേതിക വിദ്യയുടെ അടിത്തറ 97
3.3 വിനോദ വ്യവസായവും സിലിക്കൺ വാലിയും 99
3.4 കോവിഡാനന്തരം—യന്ത്ര വിവർത്തനത്തിലെ ഫൈനൽ ടച്ച് . . 100
3.5 സിനിമയുടെ സബ്ടൈറ്റിൽ സാധ്യതകൾ 101
3.6 വിവർത്തകരുടെ പങ്ക് 103
3.7 വിവർത്തനത്തിലെ സാങ്കേതികമായ ദിശാമാറ്റം 104
3.8 സബ്ടൈറ്റിൽ ഒരു ദൃശ്യകലയാണ് 105
സൂചിക 111

— 1 —

മലയാളത്തിലെ വിവർത്തന പഠനങ്ങൾ

കോളണി ഭരണവും തുടർന്നുള്ള സാംസ്കാരിക പരിണാമങ്ങളുമാണ് നവോത്ഥാനത്തിന്റെയും ജ്ഞാനോദയത്തിന്റെയും ഭാഗമായ യൂറോപ്യൻ അറിവുകൾ ലോകഭാഷകളിലെത്താൻ വഴിതെളിച്ചത്. സാഹസികരും യാത്രികരും മിഷണറികളും കോളണിയൽ ഉദ്യോഗസ്ഥരും മറ്റും നിരന്തരം നടത്തിയ വിവർത്തന പ്രക്രിയയാണ്. വിവർത്തനം എന്ന ആശയം തന്നെ കൊളോണിയൽരാജ്യങ്ങളിലെത്താൻ കാരണമായത്. മലയാള വിവർത്തനങ്ങളുടെ ചരിത്രത്തിൽ സാഹിത്യചരിത്രത്തിന്റെ നെടുംതൂണുകളായ രാമചരിതം, നിരണംകൃതികൾ, എഴുത്തച്ഛൻ കൃതികൾ, കൃഷ്ണഗാഥ തുടങ്ങിയവ വിവർത്തനങ്ങളെന്ന് പരാമർശിക്കാതെ ഭാഷാ സാഹിത്യ വികാസത്തിന്റെ സ്വാഭാവിക രീതിയെന്ന നിലയിൽ അടയാളപ്പെടുത്തുകയാണ് ചെയ്തുപോന്നത്. അക്കാലത്ത് വിവർത്തനമെന്ന ആശയത്തിൽ പ്രാചീന മധ്യകാല സാഹിത്യമെന്നും മഹാകാവ്യമെന്നും ഖണ്ഡകാവ്യങ്ങളെന്നും വ്യവഹരിക്കപ്പെട്ടവയിൽ മണിപ്രവാളമൊഴികെയുള്ള ബഹുഭൂരിപക്ഷ രചനകളും മഹാഭാരത-രാമായണാദികളുടെ പൂർണമോ ഭാഗികമോ പദാനുപദമോ ആയ വിവർത്തനങ്ങളോ ആശയാനുവാദമോ ആണ്. ഇത് മലയാളത്തിന്റെ മാത്രം പ്രത്യേകതയല്ല, ലോകഭാഷകൾ ഭൂരിപക്ഷവും തങ്ങളുടെ ലിഖിത സാഹിത്യത്തിന് വിത്തുപാകിയത് വിവർത്തനങ്ങളിലൂടെയാണ് എന്നു കാണാം.

1.1 വിവർത്തനചരിത്രം

കല്ലിലും കളിമൺ ഫലകങ്ങളിലും മറ്റും നടത്തിരുന്ന മനുഷ്യാവിഷ്കാരങ്ങളുടെ രേഖപ്പെടുത്തൽ പ്രക്രിയ കടലാസിന്റെയും അച്ചടിയുടെയും പ്രചാരത്തോടെ ലളിതവും ജനകീയവുമായി മാറി. എഴുത്തും വായനയും സജീവമായതോടെ മനുഷ്യവംശത്തിൽ (പരി) ഭാഷയിലൂന്നിയ സാംസ്കാരിക പരിവർത്തന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചു. ബഹുഭാഷകളുപയോഗിക്കുന്ന മനുഷ്യ സമൂഹത്തിൽ പരസ്പരം ആശയ വിനിമയത്തിന്

വിവർത്തനം[1] പ്രധാന മാർഗ്ഗമായി മാറി. മനുഷ്യരുടെ അറിവും ഭാവനയും പരസ്പര വിനിമയം ചെയ്യാനും സാംസ്കാരിക പരിണാമത്തിന് ചുക്കാൻ പിടിക്കാനും വിവർത്തന പ്രക്രിയയ്ക്ക് ആദ്യകാലം മുതൽ കഴിഞ്ഞിട്ടുണ്ട്. ലിഖിത രൂപത്തിലുള്ള പാഠനിർമ്മിതിക്ക് ചരിത്രപരമായ അംഗീകാരം ലഭിച്ചതോടെ മൂലഭാഷയും സ്രോത, ലക്ഷ്യ പാഠങ്ങളും മറ്റും ഈ പ്രക്രിയയുടെ ഭാഗമായി. ബൈബിളിൽ പരാമർശിക്കുന്ന പ്രാചീന ഈജിപ്തിലെ വിവർത്തന പ്രവർത്തനങ്ങളും[2] ബാബിലോണിയൻ രാജാവായിരുന്ന ഹമ്മുറാബിയുടെ നിയമങ്ങൾ പരിഭാഷ ചെയ്തതും[3] മൂലഭാഷയായ ഹീബ്രുവിൽ നിന്ന് ഗ്രീക്ക് ഭാഷയിലേക്ക് അലക്സാണ്ട്രിയയിലെ പണ്ഡിതർ നടത്തിയ ബൈബിൾ വിവർത്തനവും[4] ഉദാഹരണമാണ്. മധ്യകാലഘട്ടങ്ങളിൽ ഗ്രീക്ക്, പേർഷ്യൻ, ഇന്ത്യൻ കൃതികൾ അറബിയിലേക്ക് വിവർത്തനം ചെയ്തിരുന്നതായും രേഖകളുണ്ട്.[5] ആദ്യകാലം മുതൽ ഇന്നുവരെ പരസ്പരമുള്ള ആശയ, വിവര വിനിമയത്തിനും ജീവിതത്തിനാവശ്യമായ സാധന സാമഗ്രികളുടെ കൈമാറ്റത്തിനും ഭിന്നഭാഷാ സമൂഹങ്ങൾ വിവർത്തനമെന്ന ഉപാധി ഉപയോഗിച്ചുപോന്നു. ഭാഷാപരിധികൾ കടന്ന്

---

1 Translation എന്ന ഇംഗ്ലീഷ് പദം trans, latum എന്നീ ലാറ്റിൻ പദങ്ങളിൽ നിന്ന രൂപമെടുത്തതാണ്. 'a carrying across' എന്നാണ് അർത്ഥം. അതായത് എഴുതിവെച്ച ഒരാശയം ഒരു ഭാഷയിൽ നിന്ന (സ്രോത ഭാഷ/sourse language) മറ്റൊരു ഭാഷയിലേക്ക് (ലക്ഷ്യ ഭാഷ/ target language) മാറ്റുന്നു.

2 വിവർത്തന ചരിത്രത്തിൽ ബൈബിളിലെ പഴയ നിയമത്തിൽ നിന്നുള്ള ബൈബേൽ ഗോപുരവും ഈജിപ്തിലെ ജീവിതത്തെക്കുറിച്ചുള്ള സൂചനകളും ഉപയോഗിക്കുന്നത് പതിവാണ്. 'ഭൂമിയിൽ ഒരു ഭാഷയും സംസാര രീതിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. കിഴക്കു നിന്നു വന്നവർ ഷീനാറിൽ ഒരു സമതല പ്രദേശം കണ്ടെത്തി. അവിടെ പാർപ്പുറപ്പിച്ചു. 'നമുക്ക് ഇഷ്ടികയുണ്ടാക്കി ചുട്ടെടുക്കാം' എന്ന് അവർ പറഞ്ഞു. അങ്ങനെ കല്ലിനു പകരം ഇഷ്ടികയും കുമ്മായത്തിനു പകരം കളിമണ്ണും അവർ ഉപയോഗിച്ചു. അവർ പരസ്പരം പറഞ്ഞു: 'നമുക്ക് ഒരു പട്ടണവും ആകാശം മുട്ടുന്ന ഒരു ഗോപുരവും തീർത്ത് പ്രശസ്തി നിലനിർത്താം. അല്ലെങ്കിൽ നാം ഭൂമുഖത്താകെ ചിതറിപ്പോകും.' മനുഷ്യർ നിർമ്മിച്ച നഗരവും ഗോപുരവും കാണാൻ കർത്താവ് ഇറങ്ങിവന്നു. അവിടുന്നു പറഞ്ഞു. 'അവരിപ്പോൾ ഒരു ജനതയാണ്. അവർക്ക് ഒരു ഭാഷയും. അവർ ചെയ്യാനിരിക്കുന്നതിന്റെ തുടക്കമേ ആയിട്ടുള്ളൂ. ചെയ്യാനൊരുമ്പിടുന്നതൊന്നും അവർക്കിനി അസാധ്യമായിരിക്കുകയില്ല. നമുക്ക് ഇറങ്ങിച്ചെന്ന് അവരുടെ ഭാഷ, പരസ്പരം ഗ്രഹിക്കാനാകാത്തവിധം ഭിന്നിപ്പിക്കാം.' ഇങ്ങനെ കർത്താവ് അവരെ ഭൂമുഖത്തെല്ലാം ചിതറിച്ചു. അവർ പട്ടണംപണി ഉപേക്ഷിച്ചു. അതുകൊണ്ടാണ് ആ സ്ഥലത്തിന് ബാബേൽ എന്നു പേരുണ്ടായത്. അവിടെ വെച്ചാണ് കർത്താവ് ഭൂമിയിലെ ഭാഷ ഭിന്നിപ്പിച്ചതും അവരെ നാടാകെ ചിതറിച്ചതും'. (ഉല്പത്തി 11: 1–9) 'തങ്ങൾ പറഞ്ഞത് ജോസഫിന് മനസ്സിലായെന്ന് അവർ അറിഞ്ഞില്ല. കാരണം ഒരു ദ്വിഭാഷിയുടെ സഹായത്തോടെയാണ് അവർ ജോസഫുമായി സംസാരിച്ചത്' (ഉല്പത്തി 42: 23).

3 The Babylon of Hammurabi's day (2100 B. C.)

4 300 B. C.-യിൽ പഴയ നിയമത്തിന് ഹീബ്രുവിൽ നിന്നും ഗ്രീക്കിലേക്ക് പരിഭാഷയുണ്ടായതായി പറയപ്പെടുന്നു. പുതിയനിയമം ഗ്രീക്കിൽ നിന്നും ലാറ്റിനിലേക്ക് എഡി 382 സെന്റ് ജെറോമിന്റെ വിവർത്തനത്തോടെയാണ് ആരംഭിച്ചത്.

5 ഇസ്ലാമിക് സുവർണ്ണകാലമെന്ന് അറിയപ്പെടുന്ന (Abbasid period) എട്ടാം നൂറ്റാണ്ടുമുതൽ ബാഗ്ദാദ് കേന്ദ്രമാക്കി വൈദ്യശാസ്ത്ര, തത്വശാസ്ത്രമുൾപ്പെടെയുള്ള ക്ലാസിക്കൽ ഗ്രീക്ക് കൃതികൾ, ഇന്ത്യൻ ശാസ്ത്രകൃതികൾ, പേർഷ്യൻ സാഹിത്യ കൃതികൾ തുടങ്ങിയവ അറബിയിലേക്ക് പരിഭാഷപ്പെടുത്താൻ തുടങ്ങിയതായി രേഖകളുണ്ട്. വിവർത്തനത്തിന്റെ സുവർണ്ണകാലമെന്നും ഇത് അറിയപ്പെടുന്നു. ഇക്കാലത്തെക്കുറിച്ചുള്ള അറിവുകളും തെളിവുകളും കണ്ടെത്തിയാൽ യൂറോകേന്ദ്രിത വിവർത്തന ചരിത്രംതന്നെ മാറ്റി എഴുതേണ്ടിവരും.

വിജ്ഞാനവും വിനോദവും സംസ്കാരവും പ്രചരിപ്പിക്കുന്നതിനും മനുഷ്യരെ ലോകമെങ്ങും ഒരുമിപ്പിക്കുന്നതിലും വിവർത്തന പ്രക്രിയ വഹിക്കുന്ന പങ്ക് എല്ലാവരും അംഗീകരിക്കുന്നതുമാണ്. വിവർത്തനമാണെന്ന് സൂചിപ്പിക്കാതെ രാമചരിതം മുതൽ പത്തൊമ്പതാം നൂറ്റാണ്ട് അല്ലെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെയുള്ള പല ജനുസ്സുകളിൽ ഉൾപ്പെട്ട രചനകളെ നമ്മുടെ സാഹിത്യ ചരിത്രങ്ങൾ പരാമർശിച്ചത് ഉദാഹരണമാണ്. കണ്ടെത്തിയ ലിഖിത രേഖകളുടെ കാലം, കർത്താവ്, ദേശം തുടങ്ങിയവ അന്വേഷിക്കുന്ന സാഹിത്യ ചരിത്ര ഗവേഷണ പ്രക്രിയ നടന്ന കാലത്ത് വിവർത്തനങ്ങളെന്നത് പ്രസക്തമായിരുന്നില്ല. രേഖപ്പെടുത്തപ്പെട്ട സാഹിത്യമെല്ലാം ദേശത്തിന്റെ ഭാഷാ സാഹിത്യ ചരിത്രമായി അക്കാലത്ത് അംഗീകരിച്ചു.

ഏതൊരു സിദ്ധാന്തവും പോലെ വിവർത്തനത്തെ കുറിച്ചുള്ള ആശയങ്ങളും ലോകത്തെ കുറിച്ചുള്ള പുതിയൊരു കാഴ്ച നൽകുന്നു, മനസ്സ് വിശാലമാക്കുന്നു. മലയാളത്തിൽ ഇരുപതാം നൂറ്റാണ്ടുവരെയുള്ള സാഹിത്യ രചനകൾക്കും ജനുസ്സുകൾക്കും വിവർത്തന കാഴ്ചപ്പാടിലുള്ള വിശദീകരണം കൂടി ആവശ്യമാണ്. ഓരോ കാഴ്ചപ്പാടും സത്യം വെളിപ്പെടുത്തുന്ന പ്രക്രിയയാണ്. അത് വസ്തുക്കൾക്ക് പുതിയമുഖം നൽകുന്നു. വിവർത്തനത്തിന്റെ കാഴ്ചയിൽ ആ പരിധിക്കുള്ളിൽ നിന്നുള്ള ലോകത്തെ കാണാൻ കഴിയും. അതേ ലോകം മുമ്പുകണ്ടതുപോലെയല്ല, മറഞ്ഞിരുന്ന കുറേ യാഥാർത്ഥ്യങ്ങൾ തെളിഞ്ഞുവരും. എല്ലാ സിദ്ധാന്തങ്ങളും ഇത്തരത്തിൽ സർഗ്ഗാത്മകമായി നിർമ്മിച്ച കണ്ണാടികളാണ്. മാർക്സിസം, സ്ത്രീ, ദളിത്, കീഴാള, പരിസ്ഥിതി, ഭിന്നശേഷി തുടങ്ങിയ ആശയങ്ങൾ നമ്മുടെ ലോകക്കാഴ്ചയിൽ വെളിപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങൾ ഇതിനകം അറിഞ്ഞതാണ്. മനുഷ്യവംശത്തിന്റെ അനുഭവ, വൈകാരിക ചരിത്രം (emotional history) വെളിപ്പെടുത്തുന്ന ലോകമെങ്ങുമുണ്ടായ സർഗ്ഗാത്മക കൃതികൾ വിവർത്തനം ചെയ്യേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. മനുഷ്യരുണ്ടാക്കിയ അറിവും ആവിഷ്കാരങ്ങളുമെല്ലാം സമൂഹത്തിന്റെ പൊതുവായ സാംസ്കാരിക സമ്പത്താണ്. അത് തിരിച്ചറിയുന്നതിന് ഭാഷാവൈവിധ്യം തടസ്സമാകാൻ പാടില്ല. ജീവിതത്തിൽ മാറ്റം വരുത്താൻ കഴിയുന്നവയാണ് ഓരോ അറിവും ആവിഷ്കാരങ്ങളും. എന്തുകൊണ്ടാണ് ഒരു കൃതി വിവർത്തനം ചെയ്യാൻ വിവർത്തകർ തീരുമാനിക്കുന്നത് എന്ന അടിസ്ഥാന ചോദ്യത്തിൽ തന്നെ വിവർത്തനങ്ങളുടെ പ്രസക്തി തുടങ്ങുന്നു. വിവർത്തന പ്രക്രിയ, മൂലകൃതി, വിവർത്തകർ, സ്രോത-ലക്ഷ്യ ഭാഷകൾ തുടങ്ങി വിവർത്തന സംബന്ധിയായ ചിന്തകൾ രൂപപ്പെടുത്തിയതാണ് വിവർത്തന പഠനങ്ങൾ (translation studies).

1.2 വിവർത്തന വിമർശനങ്ങൾ

നാലാം നൂറ്റാണ്ടിലെ ബൈബിൾ വിവർത്തകനായ സെന്റ് ജെറോമിന്റെ[6] വിവർത്തനത്തിന്റെ വിശ്വസ്തതയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളാണ് വിവർത്തന പഠനത്തി

[6] St. Jerome എഡി 383-നും 404-നും ഇടയിൽ ഗ്രീക്കിൽ നിന്നും ലാറ്റിനിലേക്ക് ബൈബിൾ വിവർത്തനം ചെയ്തതായി രേഖകൾ പറയുന്നു.

ന്ന തുടക്കം കുറിച്ചത്.[7] ബൈബിൾ പോലുള്ള മതഗ്രന്ഥങ്ങളും നിയമരേഖകളും സാഹിത്യ കൃതികളുമാണ് ആദ്യകാല വിവർത്തന പഠനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നത്. ബൈബിളിലെ 'വെളിപാടു പുസ്തകം' ഇരുപത്തിരണ്ടാം അധ്യായത്തിൽ പറയുന്നതുപോലെ ഒന്നും 'കൂട്ടിച്ചേർക്കാതെയും' 'നീക്കംചെയ്യാതെ'യുമാകണമായിരുന്നു[8] വിവർത്തന പ്രക്രിയ എന്നതാണ് വിവർത്തന വിമർശനത്തിന്റെ ആദ്യകാല സ്വഭാവം. സ്രോത ഭാഷാ കൃതിയിൽ എഴുതിയ വചനങ്ങളിൽ എന്തെങ്കിലും ലക്ഷ്യ ഭാഷാ കൃതിയിൽ കൂട്ടിച്ചേർക്കുന്നതോ നീക്കിക്കളയുന്നതോ വിവർത്തന വിമർശകർ ഉരച്ച് പരിശോധിച്ചുനോക്കി. വിവർത്തകർ എല്ലായ്പ്പോഴും സ്രോത ഭാഷാ രചനയോടും വിശ്വസ്തത പാലിക്കുകയും സമമൂല്യമായ വാക്കും ആശയവുമുള്ള ലക്ഷ്യ ഭാഷാ കൃതി ഉറപ്പുവരുത്തുകയും ചെയ്യേണ്ടിവന്നു. വിശ്വസ്തത (fidelity), സത്യസന്ധത (faithfulness) തുടങ്ങിയ വാക്കുകൾ ആദ്യകാല വിവർത്തന സിദ്ധാന്തങ്ങളിൽ പ്രധാനമായത് ഇങ്ങനെയാണ്. മൂലപാഠത്തിന്റെ സമഗ്രമായ അർത്ഥത്തെ (semantic fidelity) കൂടാതെ അതിന്റെ സ്വരം (tone), സ്റ്റൈൽ തുടങ്ങിയവയും വിശ്വസ്തതയോടെ ലക്ഷ്യപാഠത്തിൽ സംരക്ഷിക്കേണ്ടിവന്നു. സ്രോത-ലക്ഷ്യ പാഠങ്ങളിലെ സാംസ്കാരികവും ഭാഷാപരവും സാഹചര്യ ബന്ധിതവുമായ വ്യത്യസ്തതകൾ വിവർത്തകർക്ക് എപ്പോഴും വെല്ലുവിളിയായിരുന്നു. ഭാഷകൾ തമ്മിലുള്ള ഘടനാപരവും പദപരവുമായ വ്യത്യാസങ്ങൾ (linguistic fidelity), ലക്ഷ്യ ഭാഷാ വായനക്കാർക്ക് അനുസൃതമായി നടത്തുന്ന വിവർത്തന ശ്രമങ്ങൾ (pragmatic fidelity) തുടങ്ങിയവ വിശ്വസ്തതയുമായി ബന്ധപ്പെട്ട ആശയങ്ങളാണ്. വായനാക്ഷമതയും സ്വാഭാവികതയും നിലനിർത്തുക എന്നതും വിവർത്തകർ ലക്ഷ്യം വെക്കുന്നുണ്ട്.

ജോൺ ഡ്രൈഡൻ

15-ാം നൂറ്റാണ്ടിൽ അച്ചടിയന്ത്രങ്ങൾ വ്യാപകമായതിനുശേഷം പുസ്തകങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിലാണ് വിവർത്തനങ്ങളും ധാരാളം ചെയ്തുതുടങ്ങിയത്. ജോൺ ഡ്രൈഡൻ (John Dryden 1631–1700)[9] അലക്സാണ്ടർ ഫ്രേസർ (Alexander Fraser Tytler, 1747–1813)[10] തുടങ്ങിയ വിവർത്തകരുടെ

7 From Rome to Renaissance എന്ന ഒറ്റവാക്കിൽ ഈ യൂറോപ്യൻ വിജ്ഞാനം ഒതുക്കാൻ കഴിയില്ല. അറബ്, ചൈനീസ് വിവർത്തനങ്ങളെക്കുറിച്ചുള്ള രേഖകളും തെളിവുകളും അതിനുള്ള അംഗീകാരവും ലഭിക്കുന്നതുവരെയാണ് ഈ യൂറോകേന്ദ്രിത ചരിത്രത്തിന് ആയുസ്സുള്ളത്.

8 'ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന എല്ലാവരോടും ഞാൻ സാക്ഷീകരിക്കുന്നത് അവയോട് ആരെങ്കിലും എന്തെങ്കിലും കൂട്ടിച്ചേർത്താൽ ഈ പുസ്തകത്തിൽ എഴുതിരിക്കുന്ന ബാധകൾ ദൈവം അവന് വരുത്തും. ആരെങ്കിലും ഈ പ്രവചനപുസ്തകത്തിലെ വാക്കുകൾ നീക്കംചെയ്താൽ ഈ പുസ്തകത്തിൽ എഴുതിയിട്ടുള്ള ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള ഓഹരി ദൈവം നീക്കിക്കളയും.' വെളിപാട് 22: 18–19.

9 പതിനഞ്ച് കവിതകളുടെ സമാഹാരമായ Preface to Ovid's Epistles-ൽ Mataphrase, Paraphrase, imitation എന്നീ മൂന്നുതരം വിവർത്തനങ്ങളെക്കുറിച്ച് ഡ്രൈഡൻ വിശദീകരിക്കുന്നുണ്ട്.

10 ഇംഗ്ലീഷിൽ വിവർത്തനത്തെക്കുറിച്ചുണ്ടായ ആദ്യപുസ്തകം ഫ്രേയ്സറുടെ The Principles of

അനുഭവക്കുറിപ്പുകളിലാണ് വിവർത്തനത്തെക്കുറിച്ചുള്ള ആദ്യകാല ആശയങ്ങൾ കണ്ടെത്താൻ കഴിയുന്നത്. മൂലകൃതി, ഗ്രന്ഥകർത്താവ്, വിവർത്തകർ എന്നീ ഘടകങ്ങളിൽ ഊന്നിയതാണ് ഈ കുറിപ്പുകളിലധികവും. കവിതയാണ് ഈ പ്രപഞ്ചത്തിൽ ഏറ്റവും പ്രധാനമെന്നും കവിതാവിവർത്തനം ഉന്നതമായ സർഗ്ഗശക്തി ആവശ്യമുള്ളതാണെന്നും; അത് കവികൾതന്നെ ചെയ്യുന്നതാണ് നല്ലത് എന്നുമുള്ള ആശയങ്ങളുമായി വരുന്ന കാല്പനികകാലമാണ്[11] തുടർന്നു വരുന്നത്. ഫ്രെഡറിക് ഷ്ലെഗലും (Karl Wilhelm Fredric Schlegal, 1772–1829) പി. ബി. ഷെല്ലിയുമാണ് (Percy Bysshe Shelly, 1792–1822) വിവർത്തനാശയങ്ങൾ പങ്കുവെച്ചവരിൽ പ്രമുഖർ. ഫ്രെഡറിക് ഷ്ലെയ്മാക്കർ (Friedrich Schleiemacher, 1768–1834), ഡി ജി റോസെറ്റി (Dante Gabriel Rossetti, 1828–1882) തുടങ്ങിയവർ കാല്പനികാനന്തര കാലത്ത് വിവർത്തനം ചെയ്യുകയും വിവർത്തന പ്രക്രിയയെക്കുറിച്ച് ചിന്തിക്കുകയും ചെയ്തവരാണ്. വിവർത്തകർക്ക് രണ്ടു മാർഗ്ഗങ്ങളേയുള്ളൂ; ഒന്നുകിൽ എഴുത്തുകാരെ വിട്ട് വായനക്കാരെ ചേർത്തുനിർത്തുക, അല്ലെങ്കിൽ വായനക്കാരെ വിട്ട് എഴുത്തുകാരെ ചേർത്തുനിർത്തുക—ഇതാണ് ഷ്ലെയ്മാക്കലിന്റെ അഭിപ്രായം. നിരവധി ധ്വനികളുള്ള 'original' വിവർത്തനങ്ങൾ ചെയ്ത റോസെറ്റിയുടെ കവിത്വം വിവർത്തനങ്ങളിലാണ് കൂടുതൽ കാണാൻ കഴിയുന്നത്. ദാന്തെ ഉൾപ്പെടെയുള്ളവരുടെ ആദ്യകാല ഇറ്റാലിയൻകവിതകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം (The Early Italian Poets, 1861) ചെയ്തത് റോസെറ്റിയാണ്. വായനക്കാരെ മൂലകൃതിയുമായി ചേർത്തുനിർത്തുകയാണ് വിവർത്തനത്തിന്റെ ദൗത്യം എന്ന് അദ്ദേഹം വിശ്വസിച്ചു.

കോളറിഡ്ജ്

Translation ആണ്. 1. The translation should be recreate the original, 2. It should resemble the original in style and manner, 3. It should be read easly like the original. എന്നിങ്ങനെ മൂന്ന് തത്വങ്ങൾ മുന്നോട്ടു വെച്ചെങ്കിലും വിവർത്തകരുടെ സ്വാതന്ത്ര്യം അദ്ദേഹം അംഗീകരിച്ചിരുന്നില്ല.

11 ഡ്രൈഡന്റെയും ടൈറ്റ്ലറിന്റെയും ആശയങ്ങളിൽ നിന്നുതന്നെയാണ് വിവർത്തനവുമായി ബന്ധപ്പെട്ട കാല്പനികകാലചിന്തകൾ തുടങ്ങുന്നത്. "... not to translate a poet literally" എന്ന ഡ്രൈഡന്റെ ആശയമാണ് ഈ കാലത്തിന് പ്രധാനം. എഴുത്തുകാരുടെ ആത്മനിഷ്ഠത, വാക്കുകളുടെ ലാവണ്യാത്മകത കാവ്യപ്രചോദനം, കാവ്യാനുഭവം, ദൈവികാനുഭൂതി, തുടങ്ങിയവ ഇംഗ്ലീഷ് കാല്പനികകവികളായ വേർഡ്സവർത്തിന്റെയും കോളറിഡ്ജിന്റെയും കാലത്ത് സാഹിത്യരംഗത്തു മുഴങ്ങി. കാവ്യവിവർത്തനത്തെ സംബന്ധിച്ച പുതിയ ധാരണകൾ ഇക്കാലത്തു രൂപമെടുത്തു. Lord Byron, Claire clairmount, Felicia Hemans, Sir William Johns, John Keats എന്നിവരാണ് ഇക്കാലത്ത് പ്രമുഖർ. സർഗ്ഗാത്മക വിവർത്തനം (creative translation) എന്ന പ്രയോഗിക വിവർത്തനം രൂപമെടുത്തത് ഇക്കാലത്താണ്. "two confliting tendencies" എന്നാണ് സൂസൻ ബാസ്നെറ്റ് (Translation Studies, p. 65)കാല്പനികാല വിവർത്തനത്തെ വിശേഷിപ്പിക്കുന്നത്.

1.3 മൂലകൃതിയുടെ പ്രഭാവം


മാത്യു ആർനോൾഡ്

കോളനി ഭരണത്തിന്റെ ഏറ്റവും തീവ്രതയുള്ള കാലമാണ് വിക്ടോറിയൻ കാലഘട്ടം (1885–1903). വിവർത്തനങ്ങൾ യൂറോപ്യൻ കൊളോണിയലിസത്തിന്റെ ചട്ടക്കൂടിലാണ് അക്കാലത്ത് പ്രവർത്തിച്ചത്. കോളണി ദേശങ്ങളിലെ ധാരാളം പുസ്തകങ്ങൾ ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യപ്പെട്ടു. വിവർത്തന ചിന്തകൾ വൈവിധ്യവും സങ്കീർണ്ണതയും നിറഞ്ഞതായി. ഫെഡറിക് ഷെയ്മാക്കലിന്റെ സ്വാധീനം ഇക്കാലത്തും തുടർന്നു. വിവർത്തന ചിന്തകളിൽ മാത്യു ആർനോൾഡ് (1822–1888)[12], ഫിറ്റ്സ്ജറാൾഡ് (Edward FitzGerald, 1809–1883)[13], ഫ്രാൻസിസ് ന്യൂമാൻ (1805–1897)[14] തുടങ്ങിയവരാണ് ഇക്കാലത്തെ വിവർത്തന ചിന്തകരിൽ പ്രമുഖർ. വിവർത്തനം പണ്ഡിതദൗത്യമെന്ന ധാരണ, ബോധപൂർവ്വമുണ്ടാക്കുന്ന വൈദേശികത്വം, ലക്ഷ്യ ഭാഷാ വായനക്കാർക്ക് യോജിച്ച വിവർത്തന രീതി, മൂലകൃതിയുടെ അന്തസ്സ് വിവർത്തനത്തിലൂടെ ഉയരുന്ന തുടങ്ങിയ ആശയങ്ങൾ ഉയർന്നുവന്നു. വിക്ടോറിയൻ കാലഘട്ടം ബൗദ്ധികവും സാംസ്കാരികവും സാഹിതീയവുമായ ചിന്തകൾ സംവാദാത്മകമായി ഉയർന്നുവന്ന കാലമായിരുന്നു. മൂലകൃതിയുടെ ആത്മാവും അർത്ഥവും നിലനിർത്തുന്നതോടൊപ്പം രൂപവും ഉള്ളടക്കവും ഉൾക്കൊണ്ടുള്ള 'സ്വതന്ത്ര' വിവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകളും ഉണ്ടായി. സ്രോത-ലക്ഷ്യ ഭാഷകളുടെ ചരിത്ര, സാംസ്കാരിക പരിസരങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞു. സർഗ്ഗാത്മക കൃതികളുടെ വിവർത്തനത്തിൽ പദാനുപദത്തെക്കാൾ സാംസ്കാരിക വി

---

[12] On Translating Homer (1861) ആണ് വിവർത്തനവുമായി ബന്ധപ്പെട്ട പ്രധാന കൃതി. ഇലിയഡ് (Illiad), ഒഡീസി (Odyssey) എന്നീ ഇതിഹാസരചനകളുടെ അതുവരെയുണ്ടായ ഇംഗ്ലീഷ് വിവർത്തനങ്ങളെ അദ്ദേഹം പഠനവിധേയമാക്കി.

[13] 1859-ൽ പേർഷ്യനിൽ നിന്നും Rubaiyat (Omar Khayyam) ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് ഫിറ്റ്സ്ജറാൾഡാണ്. മൂലകൃതിയുടെ സ്വതന്ത്ര വിവർത്തനമാണ് അദ്ദേഹം നടത്തിയത്. My translation will interest you from its form, and also in many respect in its detail: very un-literal as it is. Many quartrains are matched together: and something lost, I doubt, of Omar's simplicity.which is so much a virtue in him (letter to E B Cowell 9/3/58) I suppose very few people have ever taken such pians in Translation as I have: though certainly not to be literal. But at all costs, a Thing must live: with a transfusion of one's own worse Life if one can't retain the Originals better. Better a live Sparrow than a stuffed Eagle. (letter to E B Cowell 4/27/59) (https://en.m.wikipedia.org/wiki/Rubaiyyat-of-omar-khyyam) ഒമർഖയ്യാം പരിഭാഷകളെക്കുറിച്ചുള്ള ലേഖനം—'പരിഭാഷയ്ക്കുള്ളിലെ കോളനി' (ഡോ. ഉമർ തറമേൽ, വിവർത്തന താരതമ്യ പഠനത്തിലെ നൂതന പ്രവണതകൾ, എഡി. മഹമ്മദ് റാഫി എൻ വി, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല പ്രസിദ്ധീകരണം, പു. 168–177).

[14] On Translating Homer (1861) എന്ന രചനയുമായി ബന്ധപ്പെട്ട് മാത്യു ആർനോൾഡുമായി നടത്തിയ സംവാദത്തിലാണ് ന്യൂമാൻ വിവർത്തന പഠനരംഗത്ത് എത്തുന്നത്. ന്യൂമാൻ നടത്തിയ ഇലിയഡ് വിവർത്തനത്തെ ആർനോൾഡ് വിമർശിച്ചു. ഇലിയഡിന്റെ വൈദേശികത്വത്തെ തിരിച്ചറിയത്തക്ക വിധത്തിൽ "Un-English" അഥവാ മൂലാനുസാരിയായിരുന്നു ന്യൂമാന്റെ വിവർത്തനം (Theory of faithful translation).

വർത്തനത്തിന്റെ ആവശ്യകത മനസ്സിലാക്കി. എഴുത്തുകാരെ വായനക്കാരിലേക്ക് എത്തിക്കുക (domestication), വായനക്കാരെ എഴുത്തുകാരിലേക്ക് എത്തിക്കുക (foreignization) എന്നീ രണ്ടു വിവർത്തന പ്രക്രിയകൾ അംഗീകരിക്കപ്പെട്ടു. കാല്പനികതയുമായി ചേർന്ന് വ്യക്തിയുമായി ബന്ധപ്പെട്ട സർഗ്ഗാത്മകത, ഉദാത്തത എന്നീ ആശയങ്ങൾ വന്നതോടെ വിവർത്തകർ ആർട്ടിസ്റ്റുകളെന്ന നിലയിൽ ശ്രദ്ധിക്കപ്പെടാൻ തുടങ്ങി. അതേസമയം സത്യസന്ധത, സുതാര്യത എന്നിവയ്ക്കൊപ്പം പരിഭാഷകരുടെ അടയാളങ്ങൾ അവശേഷിപ്പിക്കുന്ന പുനരാവിഷ്കാരങ്ങളെന്ന നിലയിൽ വിവർത്തനങ്ങൾ ഉയർന്നുവരുന്നതും ഇക്കാലത്താണ്. എലിസബത്ത് ബാരറ്റ് ബ്രൗണിങ് (1806–1861), സാറാ ഓസ്റ്റിൻ (1793–1867) തുടങ്ങി സ്ത്രീകൾ വിവർത്തന രംഗത്ത് സജീവമായ കാലം കൂടിയാണിത്. ചുരുക്കത്തിൽ, മൂലകൃതിയുടെ അപ്രമാദിത്തം നിലനിന്നെങ്കിലും പദാനുപദ വിവർത്തനം, പ്രാചീനത നിലനിർത്തൽ, വിവർത്തകരുടെ പദവി തുടങ്ങി വിവർത്തനത്തിന്റെ അടിസ്ഥാനആശയങ്ങളിൽ ഇളക്കം സംഭവിച്ചു എന്നതാണ് വിക്ടോറിയൻ കാലത്തിന്റെ സവിശേഷത.

1.4 വിവർത്തന വിമർശനം മലയാളത്തിൽ

മുണ്ടശ്ശേരി

വിവർത്തനങ്ങളെന്നു സൂചിപ്പിക്കാതെ സാഹിത്യപാഠങ്ങളെ പഠന വിധേയമാക്കുന്നത് മലയാള വിമർശനത്തിന്റെ ആദ്യകാലം മുതൽ ആരംഭിച്ചിരുന്നു. മൂലകൃതിയുമായി താരതമ്യം ചെയ്ത് പാഠങ്ങളുടെ ഗുണദോഷങ്ങൾ അന്വേഷിക്കുന്ന രീതിയിൽ തുടങ്ങി, സംസ്കാര പഠനങ്ങളുടെ വർത്തമാന കാലത്ത് വിവർത്തന പഠനങ്ങളെന്ന (translation studies) നിലയിൽ വരെ മലയാളത്തിലെ വിവർത്തന വിമർശനം എത്തിനിൽക്കുന്നതായി കാണാം. മലയാള വിമർശന ചരിത്രത്തിലെ പ്രധാനികളായ കേസരി ബാലകൃഷ്ണപിള്ള, കുട്ടികൃഷ്ണമാരാർ, മുണ്ടശ്ശേരി, സുകുമാർ അഴീക്കോട് എന്നിവരെല്ലാം വിവർത്തന വിമർശനം നടത്തുകയും വിവർത്തനങ്ങളെക്കുറിച്ചുള്ള തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. മലയാളത്തിലെ വിവർത്തന വിമർശനം മൂന്നു ഘട്ടങ്ങളിലാണ് വികസിച്ചത്.

- ആദ്യത്തേത്, വിവർത്തനങ്ങളെക്കുറിച്ചുള്ള ചിന്തകൾ വരുന്നതിനു മുമ്പേ നടന്ന പഠനങ്ങളാണ്.
- വിവർത്തന പ്രക്രിയയുടെ പ്രായോഗികവും ഭാഷാശാസ്ത്രപരവുമായ സിദ്ധാന്തങ്ങളും പ്രയോഗങ്ങളും വിവരിക്കുന്ന പുസ്തകങ്ങളും ചിന്തകളും കടന്നുവന്ന രണ്ടാംഘട്ടം,
- വിവർത്തന പഠനങ്ങൾ എന്ന വിജ്ഞാന ശാഖയുടെ കടന്നുവരവും തുടർന്നുണ്ടായ പഠനങ്ങളും നടന്ന മൂന്നാംഘട്ടം.

1.5 കുട്ടികൃഷ്ണമാരാരും മുണ്ടശ്ശേരിയും

ആദ്യകാലഘട്ടത്തിൽ വിവർത്തന വിമർശനം ധാരാളം നടത്തിയവരിൽ പ്രധാനി കുട്ടികൃഷ്ണമാരാരാണ്. അദ്ദേഹം ആറ്റൂരിന്റെ കേരളശാകുന്തളത്തിനെഴുതിയ പഠനം പ്രഖ്യാതമാണ്. കേരളശാകുന്തളത്തിലെ ഗദ്യഭാഗങ്ങളുടെ വിവർത്തനത്തെ അദ്ദേഹം നിശിതമായി വിമർശിച്ചു.[15] 'സംസ്കാരലോപ'മെന്ന വിധത്തിൽ നമ്പ്യാർ കൃതികളെ കുട്ടികൃഷ്ണമാരാര് വിമർശിച്ചതും ചരിത്രത്തിന്റെ ഭാഗമാണ്.

സുകുമാർ അഴീക്കോട്

"മഹാഭാരതകഥ അതിനു മുമ്പും മലയാളത്തിൽ വന്നിട്ടുണ്ട്. നിരണം പണിക്കന്മാർ, തുഞ്ചത്തെഴുത്തച്ഛൻ മുതലായവർ, തന്മൂലം നമുക്കാരാദ്ധ്യരുമാണ്. എന്നാൽ അവരുടെ രചനകൾ സുസംക്ഷിപ്തങ്ങളും അതുകൊണ്ടുതന്നെ തുലോം വികലങ്ങളുമായിരുന്നു. അതിനൊന്നിനും ഇടവെയ്ക്കാതെ ആ മഹേതിഹാസത്തെ അതേപടി നമുക്കു ഭാഷയിലാക്കിതന്ന കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പൂജനീയതയെപ്പറ്റി ഞാനെന്തുപറയട്ടെ?"[16]

മൂലഗ്രന്ഥ പക്ഷപാതിയായ വിവർത്തന വിമർശകനാണ് കുട്ടികൃഷ്ണമാരാരെന്നു വ്യക്തം. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരത തർജ്ജമയോടാണ് ഏ. ആർ. രാജരാജവർമ്മയ്ക്കും താല്പര്യം.[17] സംസ്കൃത ക്ലാസ്സിക്കുകളായ രാമായണ മഹാഭാരതങ്ങളോട് ആഭിമുഖ്യം കാട്ടിയിരുന്ന മാരാരും മറ്റും ഇവയുടെ ഏതുതരത്തിലുള്ള വിവർത്തനത്തെയും മൂലകൃതിയോടു ചേർത്തുവെച്ച് താരതമ്യ വിശകലനം ചെയ്യുകയാണ് ചെയ്തത്.


ഫ്രാൻസിസ് ന്യൂമാൻ

"ക്ലാസിക്കുകളിൽ അഭിരമിക്കുന്ന മാരാര് ആ കാവ്യങ്ങളെ ഉപജീവിച്ചെഴുതിയ കൃതികൾ വിലയിരുത്തുമ്പോൾ, മൂലത്തിന്റെ ദാർശനിക ഗൗരവം നഷ്ടപ്പെടുന്നുവെന്നു തോന്നുന്ന സന്ദർഭങ്ങളിൽ, അത്യന്തം അസഹിഷ്ണുവാകുന്നതു കാണാം. പുരാണ കഥാസന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും ഉപജീവിക്കുന്ന കവികൾ അവർക്കു ഹിതകരമായ മാറ്റങ്ങൾ വരുത്തുന്നതും വ്യാഖ്യാനങ്ങൾ നൽകുന്നതും കടുത്ത അക്രമമായേ അദ്ദേഹത്തിനു കാണാനാവൂ".[18]

നളചരിതം ആട്ടക്കഥയും ചിന്താവിഷ്ടയായ സീതയുമാണ് ഇതിഹാസങ്ങളെ ഉപജീവിച്ചെഴുതിയതിൽ മാരാര് അംഗീകരിക്കുന്ന രണ്ടു രചനകൾ. മഹാഭാരതത്തി

[15] കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പദാനുപദവിവർത്തനരീതിയോടാണ് കുട്ടിക്കൃഷ്ണമാരാര് ആഭിമുഖ്യം പുലർത്തിയത്. സാഹിത്യ വിമർശനത്തിൽ വലിയ സംവാദങ്ങൾക്കാണ് കേരളശാകുന്തളത്തെക്കുറിച്ചുള്ള ലേഖനം വഴിവെച്ചത്. മാരാർ തന്റെ പക്ഷപാത സിദ്ധാന്തം അവതരിപ്പിച്ചത് ഈ ലേഖനത്തിനു വന്ന നിശിതമായ എതിർപ്പിനെ തുടർന്നാണ്.

[16] രാജാങ്കണം, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1975: 123.

[17] രാജരാജവർമ്മ, 1987.

[18] ഡി. ബഞ്ചമിൻ, വിമർശനത്തിന്റെ സഞ്ചാരപഥങ്ങൾ, മാളുബൻ പബ്ലിക്കേഷൻസ്, 2019 പു. 96–97.

ലെ 'ശകുന്തളോപാഖ്യാന'ത്തിനു കാളിദാസൻ വരുത്തിയ മാറ്റങ്ങളെപ്പോലും അദ്ദേഹം അംഗീകരിക്കുന്നതു് വൈമനസ്യത്തോടെയാണ്.

എലിസബത്ത് ബാരറ്റ് ബ്രൗണിങ്

മൂലകൃതിയോട്ട് ഉരച്ചുനോക്കി നടത്തുന്ന വിവർത്തന വിമർശനത്തിന് ഏറ്റവും മികച്ച ഉദാഹരണങ്ങളാണ് രാജാങ്കണത്തിലെ 'നമ്മുടെ സംസ്കാരലോപം', 'പഴയ മൂന്നു കൃതികൾ' എന്നീ പ്രബന്ധങ്ങൾ. 'പരിപാവനതകൊണ്ടും പ്രകൃതി സൗഭഗംകൊണ്ടും സമൃദ്ധികരത്വംകൊണ്ടും ഭാരതവർഷത്തിലെ കുലാചലങ്ങളായ' ശ്രീ മഹാഭാരതവും ശ്രീമദ് വാല്മീകി രാമായണവും സംഭരിച്ചുവെച്ച സംസ്കാര സമ്പത്ത് അവയെ ഉപജീവിച്ചെഴുതിയ കൃതികളിൽ ചോർന്നു പോയതെങ്ങനെ എന്ന അന്വേഷണമാണ് ആദ്യലേഖനത്തിലെ വിഷയം. ഈ രീതിയിൽ വിശകലനം ചെയ്താൽ തുളസീദാസൻ, കമ്പർ, തുഞ്ചത്താചാര്യപാദർ തുടങ്ങിയ മഹനീയരായ മഹാകവികൾപോലും ആക്ഷേപ വിഷയങ്ങളായിപ്പോകുമെന്നും അദ്ദേഹത്തിനറിയാം. പാണ്ഡവമധ്യമനായ ഭീമസേനൻ സൗഗന്ധിക ഹരണത്തിനായി പോകുമ്പോൾ വഴിവിലങ്ങി കിടന്നുറങ്ങുന്ന വാനരനെ കാണുന്ന സന്ദർഭത്തെ മുൻനിർത്തിയുള്ള മലയാള കാവ്യഭാഗങ്ങളാണ് ലേഖനം വിശകലന വിധേയമാക്കുന്നത്. തുഞ്ചത്തെഴുത്തച്ഛന്റെ പൈങ്കിളി പാടിയതിനെക്കുറിച്ച് "മഹാഭാരതകഥയുടെ സംക്ഷിപ്തതരമായ വർണ്ണനയാണല്ലോ എഴുത്തച്ഛന്റെ കിളിപ്പാട്ട്; ആ നിലയ്ക്ക് സംഗ്രഹമൂലകമായ ന്യൂനതകളെല്ലാം അപരിഹാര്യമാണ്. എന്നാൽ, ആർഷഭൂമിയിലെ ജീവിതത്തിലെങ്ങും പരിലസിക്കുന്ന ആ സംസ്കാരം—ജീവികളെ കവച്ചുകടക്കുന്നതു സർവന്തര്യാമിയായ പരമാത്മാവിനെ അനാദരിക്കലാണെന്ന ബോധം—കൈരളിയുടെ തത്ത്വാചാര്യനായ തുഞ്ചത്തെഴുത്തച്ഛന്റെ ഈ ഗാഥയിൽ വെറും ചാർച്ചവീഴ്ചകളെ സംബന്ധിച്ച ബോധമായി ചുരുങ്ങിപ്പോയതെങ്ങനെ?"[19]

മഹാഭാരതത്തെ ഉപജീവിച്ച് വിവിധ ജനുസ്സുകളിൽ രൂപമെടുത്ത പാഠങ്ങളെല്ലാം ഒരുമിച്ച് വിമർശനം ചെയ്യാൻ മാരാര് മടിച്ചില്ല. ഭാരതചമ്പു, കല്യാണസൗഗന്ധികം (കൊ. വ. എട്ടാംശതകം), കോട്ടയത്തുതമ്പുരാന്റെ കഥകളി, കാർത്തിക തിരുനാളിന്റെ ആട്ടക്കഥ, കുഞ്ചൻനമ്പ്യാരു ടെ ശീതങ്കൻതുള്ളൽ എന്നിവ മാരാര് വിശകലന വിധേയമാക്കുന്നു. മഴമംഗലം നമ്പൂതിരിയുടെ ഭാഷാനൈഷധചമ്പു, കുഞ്ചൻ നമ്പ്യാരുടെ നളചരിതം കിളിപ്പാട്ട്, ഉണ്ണായിവാരിയരുടെ നളചരിതം ആട്ടക്കഥ എന്നിവ താരതമ്യം ചെയ്യുന്ന 'പഴയ മൂന്നുകൃതികൾ' എന്ന ലേഖനവും ഇതിഹാസ സന്ദർഭങ്ങളോട്ട് ഉരച്ചുനോക്കുന്ന വിശകലന രീതിയാണ് സ്വീകരിച്ചതു്. ഇതിഹാസ കഥയിൽ ചെയ്യുന്ന കുറ്റമറ്റ പരീക്ഷണം, ഇതിഹാസോക്തിയെ ഏറ്റുപാടുക മാത്രം ചെയ്യുന്ന തുടങ്ങിയ നിരീക്ഷണങ്ങളാണ് നടത്തുന്നത്. ഉണ്ണായിവാരിയരെ കുറിച്ച് "അദ്ദേഹത്തിനറിയാം, താൻ ആരുടെയടുത്താണ് പെരുമാറുന്നതെന്നും,

[19] രാജാങ്കണം, പു. 18–19.

അവരെ സൃഷ്ടിച്ചുവെച്ച ആ ഋഷി ആരാണെന്നും തന്റെ കർത്തവ്യമെന്താണെന്നുമെല്ലാം". മൂലകൃതിയുടെ അപ്രമാദിത്വത്തിനും പ്രഭാവത്തിനും മുന്നിൽ കാവ്യഗുണം നഷ്ടപ്പെടുമോ എന്ന ഭീതിയിൽ പരമാവധി വിശ്വസ്തത പാലിച്ചുനിൽക്കുന്ന വിവർത്തന പ്രക്രിയയുമാണ് ഇവിടെ കാണുന്നത്.

സാറാ ഓസ്റ്റിൻ

മനുഷ്യചിന്തയുടെ വിവർത്തനമാണ് എഴുതപ്പെടുന്ന പാഠ[20] മെന്ന അടിസ്ഥാന തലങ്ങളിൽ നിന്ന് തുടങ്ങി മൂലപാഠത്തെകുറിച്ചുള്ള പടിഞ്ഞാറൻ ആശയത്തോടു ചേർന്നുപോകുന്ന ചർച്ചകൾ മലയാളത്തിലെ വിവർത്തന പഠനങ്ങളുടെ ആദ്യകാലം തൊട്ടേ സജീവമാണ്. എന്നാൽ, 'വിവർത്ത്' എന്ന വേദാന്തത്തിലെ പദത്തിൽ നിന്നാണ് വിവർത്തനം രൂപപ്പെട്ടത്. ലോകം ബ്രഹ്മത്തിന്റെ വിവർത്തനമാണ്. ഒരുസ്ഥിരസത്തയുടെ പല പ്രതിഭാസങ്ങളാണ് വിവർത്തനങ്ങൾ എന്നർത്ഥം. അപ്പോൾ മൂലവും വിവർത്തനവും തത്തുല്യമല്ല. ഒന്നിന് സാധ്യമായ അനേകം പ്രതിഭാസങ്ങളിൽ, അവതാരങ്ങളിൽ ഒന്നു മാത്രമാണ് വിവർത്തനം.[21]

എന്നിങ്ങനെയുള്ള ഇന്ത്യൻ സംജ്ഞകളും ആശയങ്ങളും ഇരിക്കെയാണ് മൂലപാഠത്തിന്റെ അപ്രാപ്യതയിലേക്കുവരെ ആ ചർച്ചകൾ നീണ്ടത്. ഏതാണ് മൂലപാഠമെന്നത് പല വിവർത്തന പാഠങ്ങൾക്കും ഒരു പ്രശ്നമാണ്. മൂലപാഠത്തിന്റെ സ്രോതഭാഷയും (sourse language) ലക്ഷ്യഭാഷാവിവർത്തനത്തിന് അടിസ്ഥാനമാക്കിയ ഭാഷാപാഠവും ഒന്നാവണമെന്നുമില്ല.[22]

ഇന്ത്യയിലെ രാമായണ- മഹാഭാരത പരിഭാഷകൾ കൊണ്ടാടപ്പെട്ടതും അവ ജന്മമെടുത്ത ഭാഷകളിൽ മൗലിക രചനകളായിത്തന്നെ വാഴ്ത്തപ്പെട്ടതും അവയ്ക്ക് വാല്മീകിയുടെയോ വ്യാസന്റെ യോ മറ്റോ 'മൂലകൃതി' കളുമായുള്ള സാമ്യങ്ങൾ കൊണ്ടല്ല, പ്രാദേശികഭേദങ്ങളും സമീപനഭേദങ്ങളും ഭാവനയുടെ മൌലിക രീതികളും ശൈലീവൈശിഷ്ട്യങ്ങളും കൊണ്ടാണ്.[23]

---

20 മനുഷ്യസംസ്കൃതിയുടെ തുടക്കം മുതൽക്കുതന്നെ വിവർത്തന ശ്രമങ്ങളുണ്ട്. നമ്മുടെ ചിന്തയുടെയും ആശയങ്ങളുടെയും സങ്കേതരൂപമാണ് ഭാഷയെന്ന ചിഹ്നങ്ങളിലും പ്രതീകങ്ങളിലുംകൂടി വിനിമയം ചെയ്യുന്നത്. ഈയർത്ഥത്തിൽ നിമിഷംപ്രതി വിവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിവിധഭാഷകൾ സംസാരിക്കുന്ന മനുഷ്യർ ഈ ഭാഷകൾ തമ്മിൽ നടത്തുന്ന വിനിമയ പ്രക്രിയയ്ക്കാണ് വിവർത്തനം (translation) എന്ന പദം പൊതുവെ ഉപയോഗിക്കുന്നത്.

21 സച്ചിദാനന്ദൻ, 'വിവർത്തനം സംസ്കാരം അധികാരം', വിവർത്തനവും സംസ്കാരപഠനവും, എഡി. എ. എം ശ്രീധരൻ, സാഹിതി മലയാളവിഭാഗം കൂട്ടായ്മ, ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല, പയ്യന്നൂർ കേന്ദ്രം, 2012, പു. 12

22 മലയാള സാഹിത്യ ചരിത്രത്തിൽതന്നെ ഭാവുകത്വമാറ്റങ്ങൾക്കു കാരണമായ പാവങ്ങളും (നാലപ്പാട്ട് നാരായണമേനോൻ) കാറംസോവ് സഹോദരന്മാരും (കെ. ദാമോദരൻ) പ്രസ്തുത കൃതികളുടെ ഇംഗ്ലീഷ് വിവർത്തനങ്ങളിൽ നിന്നും മൊഴിമാറ്റം ചെയ്തവയാണ്. ലോകക്ലാസിക്കുകളിൽ പലതും മലയാളത്തിലെത്തിയത് രണ്ടോമൂന്നോ വിവർത്തന ശ്രമങ്ങൾക്കു ശേഷമാണ്.

23 സച്ചിദാനന്ദൻ, 'വിവർത്തനം സംസ്കാരം അധികാരം', വിവർത്തനവും സംസ്കാരപഠനവും, എഡി. എ. എം ശ്രീധരൻ, സാഹിതി മലയാളവിഭാഗം കൂട്ടായ്മ, ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല, പയ്യന്നൂർ കേന്ദ്രം, 2012, പു. 13.

Claire Clairmount

വിവർത്തന പ്രക്രിയയിൽ പലരീതിയിൽ സ്വാധീനിക്കുന്ന ഒരു കേന്ദ്രമാണ് മൂലപാഠമെന്നും വിവർത്തകരുടെ സ്വാതന്ത്ര്യത്തിൽ അത് കൈകടത്തുമെന്നുമുള്ള വാദങ്ങൾ യൂറോപ്പിൽ ഘടനാവാദാനന്തര ചിന്തകളോടെയാണ് കടന്നുവന്നത്. ഈ പരിസരത്തിലാണ് വിവർത്തനം ലക്ഷ്യ ഭാഷാ വായനക്കാരെ മുൻനിർത്തിയുള്ള വ്യാഖ്യാനമായും (interpretation) പുനർസൃഷ്ടിയായും (transcreation) മാറിയത്.[24]

1.6 സ്വകൃതികളും വിവർത്തന കൃതികളും

കൃതികൾ വിവർത്തനങ്ങളാണെങ്കിൽ അങ്ങനെതന്നെ പരാമർശിച്ച വിമർശകനാണ് ജോസഫ് മുണ്ടശ്ശേരി. വിവർത്തനം, പരിഭാഷ, തർജ്ജമ, ആശയാനുവാദം, ഭാഷാന്തരീകൃതം, മലയാളീകരണം തുടങ്ങിയ സാങ്കേതിക പദങ്ങൾ അത്തരം കൃതികളെ പരാമർശിക്കാൻ അദ്ദേഹം ഉപയോഗിച്ചു. വള്ളത്തോൾകവിത ഒരു പഠനം (1971) എന്ന പുസ്തകത്തിൽ വള്ളത്തോളിന്റെ വാല്മീകി രാമായണം മുതൽ ഋഗ്വേദം വരെയുള്ള വിവർത്തനങ്ങളും മറ്റു രചനകളും പഠന വിധേയമാക്കുന്നുണ്ട്.

Felicia Hemans

“വള്ളത്തോൾ കൃതികൾ എന്നു വിളിക്കാവുന്നവയല്ല ഈ തർജ്ജമകൾ. വേറെയും കവികൾ സംസ്കൃതത്തിൽ നിന്നും പുരാണാദികൾ ചെയ്തിട്ടില്ലെന്നില്ല. അവയിൽ പലർക്കും ആ തർജ്ജമകളേ സ്വന്തം കൃതികളായവകാശപ്പെടാനുണ്ടാവൂ. വള്ളത്തോളിന് സ്വന്തം കൃതികൾ വേണ്ടുവോളമുണ്ടല്ലോ... ഭാഷാസാഹിത്യത്തിന്റെ അടിത്തറ കെട്ടിയുറപ്പിക്കാൻ തീർച്ചയായും വേണ്ടതുമായ പ്രാമാണിക കൃതികൾ എല്ലാം തന്നെയും സ്വന്തം കൈയാൽ പരിഭാഷപ്പെടുത്തി എന്നത് വള്ളത്തോളിന് അഭിമാനിക്കത്തക്കതാണ്”.[25]

സ്വകൃതികളെന്നും വിവർത്തന കൃതികളെന്നും വേർതിരിക്കാൻ മലയാള സാഹിത്യം ആരംഭിച്ചത് ഇക്കാലത്താണ്. സാഹിത്യ പഠനങ്ങളിൽ വിവർത്തനങ്ങളെ വേർതിരിച്ചുകാണുന്ന രീതിയും വിവർത്തന സാഹിത്യം മറ്റ് സർഗ്ഗാത്മക രൂപ

[24] വിവർത്തനത്തിന് നിരവധി നിർവചനങ്ങളുണ്ട്. “... the interpretation of verbal signs by means of some other language” Roman Jakonson. The Process of translating words or text from one language into another—Oxford University. This can mean the word to word rendering of the text in one language to another or replacing the equivalents of the words or phrases in one text to another. The translated text may have formal equilance when the sourse text and the translated text look alike in form. It may have functional equivalence when the sourse text and the target text or translated text convey the same sense or perform the same function, though they have formal differences. It is often seen that the idioms and usage of the source language creep into the target language through translations which enrich and shape the target language—The Cambridge Dictionary.

[25] മുണ്ടശ്ശേരിക്കൃതികൾ, വാല്യം 2 2004, പു. 666.

ങ്ങളിൽനിന്ന് ഭിന്നമാണെന്ന കാഴ്ചപ്പാടും ഇക്കാലത്തോടെ സാംസ്കാരിക രംഗത്തുണ്ടായി. കവി, വിവർത്തകൻ എന്നീ രണ്ടുതരത്തിലും വ്യക്തിസത്ത (identity) നേടാൻ വള്ളത്തോളിനു കഴിയുന്നു. കവിത്വവും വിവർത്തനവും രണ്ടുതരം സർഗ്ഗാത്മക നൈപുണികളാണെന്ന് സാംസ്കാരികരംഗം അംഗീകരിക്കാൻ തുടങ്ങി. വിവർത്തകർ എന്ന എഴുത്തുകാരുടെ ഗണം വേർതിരിക്കപ്പെട്ടു. പില്കാലത്ത് ഭാഷയും സാഹിത്യവും പുഷ്ടിപ്പെടുത്തുകയെന്ന വിവർത്തനങ്ങളുടെ ദൗത്യം അംഗീകരിക്കുകയും അത്തരത്തിൽ പഠനങ്ങളുണ്ടാകുകയും ചെയ്യുന്നു.[26]

1.7 ഭാഷാശാസ്ത്രവും വിവർത്തന ചിന്തകളും

മലയാളത്തിൽ വിവർത്തനങ്ങളെയും വിവർത്തന പഠനങ്ങളെയും കുറിച്ച് ചരിത്രപരവും സൈദ്ധാന്തികവുമായ അന്വേഷണം ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് തുടങ്ങുന്നത്. മലയാളത്തിലെ വിവർത്തന ചിന്തകളിൽ ഗുണ്ടർട്ട് തൊട്ടുള്ളവരുടെ ചരിത്രം ഡോ. ജയാ സുകുമാരൻ അടയാളപ്പെടുത്തുന്നുണ്ട്.[27] 1973-ൽ ഒരു സംഘം ലേഖകർ ചിട്ടപ്പെടുത്തി കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'വിവർത്തനം മലയാളത്തിൽ' ഈ മേഖലയിലുണ്ടായ ആദ്യകാല പുസ്തകങ്ങളിൽ പ്രധാനപ്പെട്ടതാണ്.[28] സാഹിത്യ-സാഹിത്യേതര മേഖലകളിലെ വിവർത്തനങ്ങൾ, വിവർത്തനങ്ങളുടെ ചരിത്രം, വിവർത്തനത്തിലെ പ്രശ്നങ്ങൾ, ഭാഷാശാസ്ത്ര തലം തുടങ്ങിയവ ഈ സമാഹാരത്തിൽ അവതരിപ്പിച്ചു. നിരൂപകനും കവിയുമായ എൻ. വി. കൃഷ്ണവാരിയർ എഴുതിയ അവതാരിക അക്കാലംവരെയുള്ള വിവർത്തന പഠനത്തിന്റെ സൈദ്ധാന്തികതലം പ്രതിപാദിച്ച് മലയാളത്തിലെ വിവർത്തന വിമർശനത്തെ സമകാലികമാക്കിത്തീർത്തു. 1965-ൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ് പ്രസിദ്ധീകരിച്ച ജെ. സി. ക്യാറ്റ്ഫോർഡിന്റെ ഭാഷാശാസ്ത്രത്തെ മുൻനിർത്തി വിവർത്തനത്തെ വിശകലനം ചെയ്യുന്ന A Linguistic Theory of Translation: An Essay on Applied Linguistics അവലംബമാക്കിയാണ് ഈ അവതാരിക എൻ. വി. തയ്യാറാക്കിയത്. സ്രോതഭാഷ (source language), ലക്ഷ്യഭാഷ (target language) തുടങ്ങിയ സാങ്കേതികപദങ്ങൾ, വിവർത്തനചരിത്രം, ക്യാറ്റ്ഫോർഡിന്റെ ഭാഷാശാസ്ത്രാധിഷ്ഠിതമായ വിവർത്തന നിർവചനം, പ്രയുക്ത ഭാഷാശാസ്ത്രത്തി

---

26 ചങ്ങമ്പുഴ കൃഷ്ണപിള്ള തന്റെ വിവർത്തനങ്ങളെയും വിവർത്തന രീതികളെയും കുറിച്ച് സൈദ്ധാന്തികമായി വിലയിരുത്തുന്നതിന് സുധാംഗദ(1937)യുടെ അവതാരികയിൽ ശ്രമിച്ചു. അയ്യപ്പപ്പണിക്കരെക്കുറിച്ച് സമീപകാലത്തുണ്ടായ സമഗ്രപഠനത്തിൽ വിവർത്തകനായ അയ്യപ്പപ്പണിക്കരെ സവിശേഷമായി പരിഗണിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ധാരാളം ശ്രമങ്ങൾ മലയാള സാഹിത്യ വിമർശന രംഗത്ത് ഇതിനോടകം നടന്നിട്ടുണ്ട്.

27 ഡോ. ജയാ സുകുമാരൻ 2011, പു.

28 തൊഴിലധിഷ്ഠിത കോഴ്സിനെ മുൻനിർത്തി രൂപപ്പെടുത്തിയ പാഠപുസ്തകം എന്ന നിലയിലാണ് ഈ പുസ്തകം തയ്യാറാക്കിയത്. മൂന്നു മാസത്തെ കോഴ്സിൽ നൂറോളം പഠിതാക്കൾ പങ്കെടുത്തു. പിൽക്കാലത്ത്, ഭാഷാപഠിതാക്കൾക്ക് തൊഴിൽ സാധ്യതയുള്ള കോഴ്സ് എന്ന നിലയിൽ സർവകലാശാല സിലബസുകളിൽ വിവർത്തനം സജീവമായ വിഷയമായി മാറി. തൊഴിൽ ലഭിച്ചാലും ഇല്ലെങ്കിലും വിവർത്തന പഠന മേഖലയിൽ മലയാളത്തിൽ പുസ്തകങ്ങളുണ്ടാകാൻ ഇതു കാരണമായി.

ന്റെ (applied linguistics) ഭാഗമായി മാറിയ വിവർത്തനശാസ്ത്രം, ലിപ്യന്തരണം (transliteration) തുടങ്ങിയവ ഈ അവതാരിക ചർച്ചചെയ്യു. ഭാഷാശാസ്ത്രവുമായി ബന്ധിപ്പിച്ച് വിവർത്തന പഠനങ്ങളിലെ ലോകമെമ്പാടുമുള്ള ചിന്തയോടു ചേർന്നു പോകാൻ മലയാളത്തിലെ വിവർത്തന വിമർശനത്തിനു സാധിച്ചത് ഇതോടുകൂടിയാണ്. മൂലകൃതിയുടെയും ഗ്രന്ഥകാരന്റെയും അപ്രമാദിത്വത്തിനപ്പുറം മൊഴിമാറ്റം ചെയ്യുന്നത് ഒരു ഭാഷാവസ്തുവാണ് എന്ന യാഥാർത്ഥ്യത്തിലേക്ക് വിവർത്തന വിചാരത്തെ എത്തിക്കാൻ കൃഷ്ണവാരിയർക്ക് കഴിഞ്ഞു. അർഥവിജ്ഞാനം, സാമൂഹിക ഭാഷാശാസ്ത്രം, ആശയവിനിമയ സിദ്ധാന്തങ്ങൾ (communication theories) തുടങ്ങിയ ഭാഷാശാസ്ത്ര ശാഖകളുടെ വികാസം വിവർത്തന ചിന്തകളിൽ മാറ്റം വരുത്തിയതും അധികം വൈകാതെ മലയാളത്തിലെ വിവർത്തന വിമർശനം സ്വീകരിച്ചു.[29]


നോം ചോംസ്കി

യൂജിൻ എ. നൈഡയും (Eugene Nida 1914–2011) ജെ. സി. ക്യാറ്റ്ഫോർഡു മാണ് ഇക്കാലഘട്ടത്തിലെ വിവർത്തന ചിന്തകർ. മൂലകൃതിയെ ലളിതവും അർത്ഥപ്രസക്തിയുമുള്ള കെർണലുകൾ (kernels) ആക്കുക, ഘടനാപരമായി ലളിതമായ രീതിയിൽ അർത്ഥം ലക്ഷ്യ ഭാഷയിലേക്കു മാറ്റുക, ലക്ഷ്യ ഭാഷയിൽ അർത്ഥതലത്തിലും ഘടനാതലത്തിലും തുല്യമായ വാക്യം രൂപപ്പെടുത്തുക—ഇങ്ങനെയാണ് കെർണൽ നിർമ്മിതിയിലെ വിവർത്തന പ്രക്രിയ. ലോകത്തിലെ എല്ലാ ഭാഷകളുടെയും കെർണലുകൾ

---

[29] ഭാഷാശാസ്ത്രജ്ഞനായ പ്രൊഫ. വി. ആർ. പ്രബോധചന്ദ്രൻനായരുടെ 'വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക' എന്ന പുസ്തകം 1974-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. കാറ്റ്ഫോർഡിന്റെ ആശയങ്ങൾക്കു പുറമെ, യൂജിൻ നൈഡയുടെ പുസ്തകങ്ങളും (Bible Translation—1947, Learning a Foreign Language—1957, Towards a Science of Translating—1969, Theory and Practice of Translating—1969) ഭാഷാശാസ്ത്രവുമായി ബന്ധപ്പെടുത്തി പുറത്തിറങ്ങിയ ലഭ്യമായ മറ്റു പുസ്തകങ്ങളും വി. ആർ. പ്രബോധചന്ദ്രൻ ഇതിൽ ഉപയോഗിച്ചു. വിവർത്തനവുമായി ബന്ധപ്പെട്ട നിരവധി സാങ്കേതിക പദങ്ങൾ മലയാളത്തിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1994-ൽ വിവർത്തന ചിന്തകൾ (എഡി. ഡോ. വി. ആർ. പ്രബോധചന്ദ്രൻ) എന്ന പുസ്തകം കേരളസർവകലാശാലയിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളുടെ സമാഹാരമാണ്. 1996-ൽ പ്രസിദ്ധീകരിച്ച വിവർത്തന വിചാരത്തിൽ ഡോ. എൻ. വി. വിശ്വനാഥയ്യർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്) ലോകമെമ്പാടും വിവർത്തനരംഗത്തുണ്ടായ സൈദ്ധാന്തികവും പ്രായോഗികവുമായ മാറ്റങ്ങൾ ക്രോഡീകരിക്കുന്നുണ്ട്. എറ്റിയൻ ഡോലെറ്റ്, ഡ്രൈഡൻ, അലക്സാണ്ടർ ഫ്രേസർ ടൈറ്റ്ലർ, ഫ്രാൻസിസ് ന്യൂമാൻ, മാത്യു ആർണോൾഡ്മാത്യു ആർണോൾഡ്, ജെ. സി. ക്യാറ്റ്ഫോർഡ് എന്നിവരുടെ സിദ്ധാന്തങ്ങൾ അദ്ദേഹം ചരിത്രപരമായി അവതരിപ്പിച്ചു. നോം ചോംസ്കിയുടെ വ്യാകരണസിദ്ധാന്തങ്ങൾ പ്രയോജനപ്പെടുത്തി യൂജിൻ നൈഡയും ഫെഡറക് വിൽസും രൂപീകരിച്ച വിവർത്തന ചിന്തകൾ മലയാളത്തിലേക്കു വന്നു. ഭാഷാശാസ്ത്രജ്ഞനായ ഡോ. എ. പി. ആൻഡ്രൂസുകുട്ടി 'നവീന തർജ്ജമസിദ്ധാന്തങ്ങളെക്കുറിച്ച്' (തർജ്ജമ സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ, (എഡി.) ജയ സുകുമാരൻ, താരതമ്യപഠന സംഘം, 1997) എന്ന ലേഖനത്തിൽ ആധുനിക ഭാഷാശാസ്ത്ര സിദ്ധാന്തങ്ങൾ വിവർത്തന ചിന്തകളിൽ വരുത്തിയ മാറ്റം വിശദീകരിക്കുന്നുണ്ട്. ഫെർഡിനന്റ് ഡി. സൊസ്യൂറിന്റെയും ബ്ലൂംഫീൽഡിന്റെയും ചിന്തകളും യൂജിൻ നൈഡയുടെ വിവർത്തന ചിന്തകളും അദ്ദേഹം വിവരിച്ചു. പാഠവിശകലനവുമായി ബന്ധപ്പെട്ട ഭാഷാശാസ്ത്രചിന്തകൾ (text linguistics), ഭാഷക-ശ്രോതാവിന്റെ മാനസിക വ്യാപാരങ്ങളുമായി ബന്ധപ്പെട്ട മനോഭാഷാശാസ്ത്രമേഖല (psycholinguistics) തുടങ്ങിയവ വിവർത്തന മേഖലയെ പരിവർത്തനത്തിലേക്കു നയിച്ചത് ഈ ലേഖനത്തിൽ ആൻഡ്രൂസുകുട്ടി വിശദീകരിക്കുന്നുണ്ട്.

സമാനമാണെന്ന് നൈഡ കരുതി. ഇരുപതാം നൂറ്റാണ്ടിൽ വിവർത്തന ചിന്തയിലും പ്രയോഗത്തിലുമുണ്ടായ വിപ്ലവം എന്നാണ് ജോർജ് സ്റ്റെയ്നർ ഇക്കാലത്തെ വിശേഷിപ്പിക്കുന്നത്.[30] കെർണൽ രീതി (kernel method) ഉപയോഗിച്ച് നൈഡ തയ്യാറാക്കിയ വിവർത്തനതന്ത്രം മെഷീൻ ട്രാൻസ്ലേഷന്റെ പുതിയ കമ്പ്യൂട്ടർ കാലത്തിലേക്കു വരെ എത്തിച്ചു.[31]

1.8 സമമൂല്യതയും സാംസ്കാരിക സാഹചര്യവും

യൂജിൻ നൈഡ

ഭാഷാശാസ്ത്രം, അർത്ഥവിജ്ഞാനീയം, ബൈബിൾ വിവർത്തനം എന്നിവയുമായി ബന്ധപ്പെട്ടാണ് അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ യൂജിൻ നൈഡ യൂജിൻ നൈഡ സങ്കല്പനങ്ങൾ രൂപീകരിച്ചത്. വിശ്വസ്തതയുമായി ബന്ധപ്പെട്ട് സമമൂല്യതയെക്കുറിച്ചാണ് (equivalence) അദ്ദേഹം സംസാരിച്ചത്. സ്രോതപാഠത്തിന്റെ ഘടനയും ഉള്ളടക്കവുമായി ബന്ധപ്പെട്ട രൂപപരമായ സമമൂല്യതയെ (“formal equivalence tends to emphasize fidelity to the language structure of the original language”) കൂടാതെ അദ്ദേഹം മുന്നോട്ടുവെച്ച ലക്ഷ്യ ഭാഷാ വായനക്കാരെ മുൻനിർത്തിയുള്ള ചലനാത്മക സമമൂല്യത (dynamic equivalence -“the relationship between receptor and message should be substantially the same as that which existed between the original receptors and the message”) എന്ന സങ്കല്പനം ഏറെ ശ്രദ്ധ നേടി. മൂലപാഠത്തോടുള്ള വിശ്വസ്തതയേക്കാൾ ലക്ഷ്യപാഠത്തിന്റെ വായനക്കാർക്ക് അത് പ്രാധാന്യം നൽകി. സ്രോതപാഠം എങ്ങനെയാണോ ഫലമുണ്ടാക്കിയത് അതേ അനുഭവത്തെ പുനരുല്പാദിപ്പാക്കാനുള്ള ശ്രമമാണ് ചലനാത്മക സമമൂല്യതയുള്ള വിവർത്തനത്തിലുള്ളത്. നൈഡ വിശ്വസ്തത എന്ന ആശയത്തിന് നൽകിയ കൂടുതൽ സാധ്യതകൾക്ക് പില്ക്കാല വിവർത്തന പഠന ചിന്തകളിൽ വലിയ ചലനമുണ്ടാക്കാൻ കഴിഞ്ഞു.

വിവർത്തനത്തെ ആശയവിനിമയ മാർഗ്ഗം എന്ന നിലയിലാണ് നൈഡ കണ്ടത്. ഭാഷാപരവും സാംസ്കാരികവുമായി വൈവിധ്യമുള്ള ജനവിഭാഗങ്ങൾ തമ്മിലുള്ള വിടവ് ഇല്ലാതാക്കാനാണ് വിവർത്തനം ലക്ഷ്യമാക്കുന്നത്. പദങ്ങളുടെ വെച്ചുമാറ്റമല്ല, സ്രോത ഭാഷാ പാഠത്തിന്റെ സമാനാർത്ഥം ലക്ഷ്യ ഭാഷയിലും കൈമാറ്റം

---

30 George Steiner, After Babel: Aspects of Language and Translation (1975) 274.

31 Toward a Science of Translating എന്ന പുസ്തകത്തിൽ നൈഡ മുന്നോട്ടുവെച്ച 1. ഫെർഡിനൻഡ് ഡി സൊസ്സൂർ നേതൃത്വം നൽകുന്ന ഘടനാവാദ ഭാഷാശാസ്ത്രത്തിന് പ്രചാരം, 2. ഘടനാവാദ ഭാഷാശാസ്ത്രത്തിന്റെ പ്രയോഗ രീതികൾക്ക് ബൈബിൾ വിവർത്തനങ്ങളിൽ ഇടപെടാൻ കഴിയും, 3. 1950-കളിൽ യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ് The Bible Translator എന്ന ജേർണൽ അരംഭിച്ചത് 4. UNESCO of Babel (1955) എന്ന പ്രസിദ്ധീകരണം. 5. യന്ത്രവിവർത്തനം തുടങ്ങിയ വികാസങ്ങൾ ലോകമെമ്പാടും ഇതിനോടകം മാറ്റം വരുത്തിയതാണെന്നും തിരിച്ചറിയാൻ കഴിയും പു. 21.

ഫെർഡിനന്റ് ഡി. സൊസൂർ

ചെയ്യുന്നുവെന്നതാണ് ഉറപ്പുവരുത്തേണ്ടത് (semantic transfer). സ്രോതപാഠത്തിലെ ആശയ പരിസരങ്ങളും സാംസ്കാരിക സൂചനകളും ലക്ഷ്യപാഠത്തിന്റെ വായനക്കാർക്ക് ലഭിക്കേണ്ടതുണ്ട് (cultural transfer) എന്നീ ആശയങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. പാഠപരിസരം എന്ന ആശയത്തിന് പ്രാധാന്യം നൽകി. ഓരോ പദവും ശൈലിയും പാഠപരിസരത്തെ സംബന്ധിച്ച് പ്രധാനമാണ്. വിവർത്തനത്തിലും ഇത് പരമപ്രധാനമാണ്. പദങ്ങളിലും ശൈലികളിലും അർത്ഥം ഉള്ളടങ്ങിയതെങ്ങനെയെന്ന് ഭാഷാപരിസരത്തിലാണ് (linguistic context) അന്വേഷിക്കേണ്ടത്. പാഠം എങ്ങനെ വായിക്കുന്നു, വ്യാഖ്യാനിക്കുന്നു എന്നതിന്റെ സാംസ്കാരികപരിസരവും (cultural context) പ്രധാനമാണ്. സ്രോതപാഠം എത്തരത്തിലാണോ വായനക്കാർക്ക് അനുഭവപ്പെട്ടത് അത്തരത്തിലുള്ള ഫലം ലക്ഷ്യ ഭാഷാ വായനക്കാർക്ക് ലഭിക്കുമ്പോഴാണ് സമമൂല്യതയുള്ള വിവർത്തനമെന്നു പറയാൻ കഴിയുന്നത്. ഇരു ഭാഷകളിലും സംസ്കാരത്തിലുമുള്ള പാണ്ഡിത്യം വിവർത്തകർക്ക് ഇവിടെ സഹായകരമാകും.

സ്രോതപാഠത്തിന്റെ വിവർത്തനക്ഷമതയും (translatability) വിവർത്തകർ നേരിടുന്ന പരിമിതിയും നൈഡ ചർച്ച ചെയ്തിട്ടുണ്ട്. ഒരു വാക്യത്തിലെ തന്നെ എല്ലാ ഘടകങ്ങളും വിവർത്തനത്തിന് വഴങ്ങണമെന്നില്ല എന്ന് നൈഡ സമ്മതിക്കുന്നു. സ്രോതലക്ഷ്യ ഭാഷകൾ തമ്മിലുള്ള വ്യാകരണപരമായ വ്യത്യാസങ്ങൾ,

ജോർജ് സ്റ്റെയ്നർ

പദാവലി, വാക്യഘടന തുടങ്ങിയവയിൽ നിന്നും ഭാഷാപരമായ പരിമിതികളും സാംസ്കാരിക സമ്പ്രദായങ്ങൾ ജീവിത മനോഭാവങ്ങൾ തുടങ്ങിയവയിലെ വ്യത്യാസങ്ങൾ സാംസ്കാരിക പരിമിതിയും വാചകത്തിന്റെ രൂപം, തരം, ശൈലി തുടങ്ങിയ പാഠവുമായി ബന്ധപ്പെട്ട പരിമിതികളും അദ്ദേഹം പരിഗണിക്കുന്നു. ഇത്തരം പരിമിതികൾ മറികടന്ന് വിശ്വസ്തത നിലനിർത്താൻ പല മാർഗ്ഗങ്ങൾ സ്വീകരിക്കാൻ വിവർത്തകർ നിർബന്ധിതരാകുന്നു. ഭാഷാശാസ്ത്രം കൂടാതെ ചിഹ്നശാസ്ത്രം, ആശയവിനിമയ സിദ്ധാന്തങ്ങൾ, സാംസ്കാരിക പഠനം എന്നിങ്ങനെ വിവർത്തനത്തെ നിരവധി ജ്ഞാനശാഖകളുമായി ബന്ധിപ്പിച്ച നൈഡയുടെ സമീപനരീതി പില്ക്കാലത്ത് വിവർത്തന പഠനത്തിൽ വളരെ സ്വാധീനം ചെലുത്തി. മൂലപാഠവുമായുള്ള താരതമ്യം എന്ന പഠനരീതിയിൽ നിന്നും വിവർത്തന പഠനങ്ങൾ വികസിക്കാൻ കാരണമായത് നൈഡയുടെ ഈ അന്തർവൈജ്ഞാനിക സമീപനമാണ്.[32]

[32] വിവർത്തനത്തെക്കുറിച്ചുള്ള നൈഡയുടെ അടിസ്ഥാന ആശയങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകമാണ് Toward a Science of Translating (1964). സ്രോത ഭാഷയിൽ ലഭിച്ച ഫലം കിട്ടത്തക്കവിധം ലക്ഷ്യ ഭാഷാവിവർത്തനം സാധ്യമാക്കുന്നതുമായി ബന്ധപ്പെട്ട ചലനാത്മവിവർത്തന ചിന്തകൾ വിവരിക്കുന്നത് ഈ പുസ്തകത്തിലാണ്. Charles R. Taber-മായി ചേർന്ന് എഴുതിയ The Theory

നൈഡയോടൊപ്പം തന്നെ പരിഗണിക്കേണ്ട വ്യക്തിയാണ് റഷ്യൻ ഭാഷാ ശാസ്ത്രജ്ഞനും ചിഹ്നസൈദ്ധാന്തികനുമായ റോമൻ ജാക്കോബ്സൻ (Roman Jacobson, 1896–1982). ഭാഷ സൂചകങ്ങളുടെ ഘടനയാണ് എന്ന ചിഹ്നശാസ്ത്ര ആശയങ്ങൾ തിരിച്ചറിയുന്നത് വിവർത്തർക്ക് പ്രയോജനകരമാണെന്ന് അദ്ദേഹം വാദിച്ചു.[33] പാഠത്തിന്റെ സാംസ്കാരിക പരിസരവും അത് സ്രോത ഭാഷാ സമൂഹത്തിൽ ഉളവാക്കിയ ഫലങ്ങളും തിരിച്ചറിയുന്ന സാംസ്കാരികാവബോധമാണ് (cultural sesitivity) വിവർത്തകർക്ക് ആവശ്യം. പില്ക്കാലത്ത് വിവർത്തന പഠനത്തിൽ സാംസ്കാരിക പഠനത്തിന്റെ സ്വാധീനത്തിന് ഇത് കാരണമായി.[34] സ്രോത ഭാഷാ പാഠത്തിന്റെയും പാഠഭാഗങ്ങളുടെയും സാംസ്കാരിക സാഹചര്യം മനസ്സിലാക്കുന്നതിലാണ് (contextual understanding) വിവർത്തകർ ശ്രദ്ധിക്കേണ്ടത്. സാഹിത്യ വിവർത്തനത്തിൽ പ്രായോഗികവും സൗന്ദര്യാത്മകവുമായ സർഗ്ഗാത്മക അനുവർത്തനമാണ് (creative adaptation) ജാക്കോബ്സൻ നിർദ്ദേശിക്കുന്നത്. സ്രോത ഭാഷാ പാഠത്തിന്റെ വൈകാരിക, വൈചാരിക, സൗന്ദര്യാത്മക പ്രവർത്തനങ്ങൾ വിവർത്തകർ ഗ്രഹിച്ചിരിക്കണം.

ജാക്കോബ്സൻ

ഒരു ഭാഷയിൽ നിന്നും മറ്റൊരു ഭാഷയിലേക്കുള്ള പരമ്പരാഗത വിവർത്തന സങ്കല്പനങ്ങളെ (inter lingual translation) കൂടാതെ പാഠത്തിന്റെ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും പുനരുല്പാദനങ്ങളുമായി ഒരേ ഭാഷയിൽ തന്നെ നടക്കുന്ന വിവർത്തനങ്ങൾ (Intra lingual translation), ഭാഷയിൽ നിന്നും സംഗീതം, ചിത്രം, ശില്പം, സിനിമ, നൃത്തം, നാടകം എന്നിങ്ങനെ ഒരു ചിഹ്നവ്യവസ്ഥയിൽ നിന്നും

---

and Practice of Translation (1969) വിവർത്തകർക്കുള്ള പ്രായോഗിക നിർദ്ദേശങ്ങളാണ്. വിവർത്തന പ്രക്രിയയിൽ ഭാഷാ,സാംസ്കാരിക പരിസരങ്ങൾ ഗ്രഹിക്കുന്നത് കൃത്യതയും അർത്ഥപൂർണ്ണവുമായ വിവർത്തനത്തിനു സഹായകമാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഭാഷയും അർത്ഥവും തമ്മിലുള്ള ബന്ധവും പ്രവർത്തനരീതിയും വിശദീകരിക്കുന്ന ഗ്രന്ഥമാണ് Exploring Semantic Structures (1975). അർത്ഥത്തിന്റെ സങ്കീർണ്ണതയും വിവർത്തന പാഠം ആവശ്യപ്പെടുന്ന വിശ്വസ്തതയും വിവർത്തകരിൽ സൃഷ്ടിക്കുന്ന സംഘർഷവും അദ്ദേഹം വിശദീകരിക്കുന്നു. Jan De Waard-മായി ചേർന്ന് എഴുതിയ From one Language to another: Functional equivalence in Bible Translating (1986) ബൈബിൾ വിവർത്തനങ്ങളെ മുൻനിർത്തിയുള്ള ചിന്തകളാണ്. വിശുദ്ധഗ്രന്ഥങ്ങളുടെ വിവർത്തനത്തിൽ വന്നുചേരുന്ന വെല്ലുവിളികൾ ഉദാഹരണസഹിതം വ്യക്തമാക്കുന്നു. Language Culture and Translating (1990) സാംസ്കാരിക പരിസരം വിവർത്തനത്തിൽ എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് വിവരിക്കുന്ന പുസ്തകമാണ്. നൈഡയും മറ്റും എഡിറ്റു ചെയ്ത പുസ്തകമാണ് Meaning Across Cultures (1981).

33 "it may be translated into other signs of the same language (intralingual translation), into another language (interlingual translation), or into another, nonverbal system of symbols (intersemiotic translation)" On Linguistic Aspects of Translation (1959)

34 "All five external senses carry semiotic functions in human society" Roman Jacobson (1971)" The study of communication must distinguish between homogeneous messages which use a single semiotic system and syncretic messages based on merger of different sign patterns" Roman Jacobson.

മറ്റൊരു ചിഹ്നവ്യവസ്ഥയിലേക്ക് നടത്തുന്ന വിവർത്തനങ്ങൾ (inter semiotic translation) തുടങ്ങി വിവർത്തനമെന്ന മേഖല വിപുലപ്പെടുത്തിയത് ജാക്കോബ്സനാണ്. ചിഹ്നശാസ്ത്രത്തിന്റെ ആശയങ്ങൾ മുൻനിർത്തി ഭാഷകൾ സ്വാഭാവികമായും ഘടനാപരമായും വ്യത്യസ്തങ്ങളായതിനാൽ തുല്യമായ വിവർത്തനത്തിന് സാധ്യതയില്ല എന്ന് അദ്ദേഹം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. സമമൂല്യപാഠത്തെ

John Keats

നിർമ്മിക്കലാണ് സാധ്യമായത്. ഭാഷാശാസ്ത്രത്തെ അടിസ്ഥാനമാക്കി പദങ്ങളും അവയുടെ അർത്ഥവും തമ്മിലുള്ള ബന്ധം, ഭാഷയുടെ കാവ്യാത്മകതയും സൗന്ദര്യാത്മകതയും സർഗ്ഗാത്മക വിവർത്തനത്തിൽ പ്രസക്തമാകുന്നതെങ്ങനെ തുടങ്ങിയവ ജാക്കോബ്സൻ വിശദീകരിച്ചു. പാഠത്തിന്റെ രൂപവും ശബ്ദവും സൗന്ദര്യാത്മകതയും ഉള്ളടക്കത്തോളം തന്നെ പ്രധാനമാണ്. വ്യത്യസ്ത ഭാഷകൾക്ക് വ്യത്യസ്തമായ ആവിഷ്കരണരീതികളാണ് ഉള്ളത്. രൂപകങ്ങളും ഉപമകളും അതിനു ഭംഗി നൽകുന്നു. ഓരോ ഭാഷയുടെയും ആവിഷ്കാരത്തിലെ മുൻഗണനകൾ തിരിച്ചറിയുന്നതിലാണ് വിവർത്തനക്ഷമത (translatability) നിലകൊള്ളുന്നത്. അർത്ഥം പദത്തിനുള്ളിൽ ഒളിച്ചിരിക്കുന്നില്ല. അത് ഉപയോഗിക്കുന്ന പരിസരം അഥവാ സാഹചര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു വാക്കും അടുത്തവാക്കും തമ്മിലുള്ള ബന്ധം, ക്രമം, താനം തുടങ്ങിയവയും അർത്ഥത്തെ നിർണ്ണയിക്കുന്നു. ഇത്തരത്തിൽ ലക്ഷ്യപാഠ നിർമ്മിതി അഥവാ വിവർത്തന പ്രക്രിയ പാഠത്തിൽ നിന്നും അതിന്റെ പരിസരത്തിലേക്ക് മാറ്റുകയാണ് റോമൻ ജാക്കോബ്സൻ ചെയ്തത്.[35] വിവർത്തന പഠനം സംസ്കാര പഠനമായി മാറുന്നതാണ് പില്ക്കാലത്തെ കാഴ്ച.

---

35 വിവർത്തനത്തിലെ വിശ്വസ്തതയിൽ ഊന്നൽകൊടുത്ത് വിവർത്തന പഠനങ്ങൾ വികസിപ്പിച്ച സൈദ്ധാന്തികനാണ് പീറ്റർ ന്യൂമാർക്ക് (Peter Newmark). സ്രോതപാഠത്തിന്റെ അർത്ഥവും ലക്ഷ്യവും വിശവസ്തതയോടെയും കൃത്യതയോടെയും നിലനിർത്തേണ്ടത് അദ്ദേഹം ഓർമ്മപ്പെടുത്തി. ആശയത്തിന്റെ മൊഴിമാറ്റത്തിൽ (communicative translation) പാഠത്തിന്റെ രൂപം പോലും പ്രസക്തമല്ല. വിവർത്തനത്തിന്റെ പ്രായോഗിക വിമർശകൻ എന്നാണ് ന്യൂമാർക്ക് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ Manual of Translation (1974), Approaches to Translation (1981), The Translation Texts (1982), A Textbook of Translation (1988), About translation (1991), Paragraph on Translation (1993), More paragraphs on Translation (1998) എന്നീ പുസ്തകങ്ങൾ വിവർത്തനവുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ ചർച്ച ചെയ്തു. വിവർത്തന പഠനത്തിന്റെ ടെകസ്റ്റ് ബുക്കുകളായി ഇവ ഇക്കാലത്തും നിലനിൽക്കുന്നു.

1.9 വിവർത്തനമെന്ന സാംസ്കാരിക രൂപം



നാരായൻ

സാഹിത്യമുൾപ്പെടെയുള്ള കലകൾ സാംസ്കാരിക രൂപങ്ങളെന്ന (cultural form) നിലയിലാണ് അക്കാദമിക മേഖലയിൽ ഇന്ന് പരിഗണിക്കുന്നത്. കലകളിലടങ്ങിയ സാംസ്കാരിക വ്യവഹാരങ്ങളുടെ കാരണവും അർത്ഥവും മൂല്യവും പ്രാധാന്യവും പരസ്പരബന്ധവും കണ്ടെത്തുന്നതാണ് അക്കാദമിക പഠനങ്ങളുടെ പൊതുരീതിശാസ്ത്രം. സാംസ്കാരിക പാഠങ്ങളിലെ ഭാഷ, പഴഞ്ചൊല്ലുകൾ, പുരാവൃത്തങ്ങൾ, തത്വസംഹിതകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, പ്രതീകങ്ങൾ, സംഘടിത സ്മരണകൾ, ഫലിതങ്ങൾ, ആശംസാ രീതികൾ, സ്ഥാപനങ്ങൾ, ജീവിത വീക്ഷണം തുടങ്ങിയവയിലൂടെ അവയുടെ സാമൂഹിക സാംസ്കാരിക തലത്തെ വേർതിരിച്ചെടുക്കാനാവും. സാമൂഹിക പ്രത്യയശാസ്ത്രം വെളിപ്പെടുത്തുന്ന സൂചനകളും അർത്ഥതലങ്ങളും ഈ സൂചകങ്ങളിൽ ഉള്ളടങ്ങിയിരിക്കും. മലയാളത്തിൽ കുമാരനാശാനും നാരായനും സാറാജോസഫും രചനകളിൽ ഉപയോഗിക്കുന്ന സൂചകങ്ങളുടെ കാലികവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ വ്യതിരിക്തതകൾ ഉദാഹരണമാണ്. ഈ തിരിച്ചറിവിൽ നിന്നാണ് വിവർത്തനങ്ങളെയും വിവർത്തന പ്രക്രിയയെയും പരിഗണിക്കേണ്ടത്. ഭാഷാവിനിമയമെന്ന നിലയിൽ വിവർത്തനം ആദ്യം പരിഗണിക്കപ്പെടുന്നത് ഒരു സാംസ്കാരിക പ്രതിനിധാന പ്രക്രിയ ആയാണ്. സാംസ്കാരിക പഠനങ്ങളുടെ (cultural studies) ജ്ഞാനമണ്ഡലത്തിൽ വിവർത്തനങ്ങളുടെ സാംസ്കാരിക വിനിമയ പ്രക്രിയ കൂടുതൽ സൂക്ഷ്മവും രാഷ്ട്രീയ പ്രാധാന്യമർഹിക്കുന്നതുമായി മാറിയിരിക്കുന്നു. അതായത്, മൂലപാഠത്തിനും (original text) അത് പ്രതിനിധാനം ചെയ്യുന്ന സാമൂഹിക,സാംസ്കാരിക തലങ്ങൾക്കുമുള്ള പ്രസക്തിയെ കുറിച്ച് പുനർവിചിന്തനം ആവശ്യമായി വന്നിരിക്കുന്നു. റോമൻ ജാക്കോബ്സന്റെ ചിന്തകളിൽ നിന്നാണ് സാംസ്കാരിക പഠനത്തിന്റെ വിശാലതയിലേക്ക് കടക്കാനുള്ള സൈദ്ധാന്തികത വിവർത്തന പഠനങ്ങൾക്ക് ലഭിച്ചത്.

സാംസ്കാരിക പഠനം മനുഷ്യ ജീവിതത്തിന്റെ സമഗ്രമായ അനുഭവങ്ങളെയാണ് വിശകലനം ചെയ്യുന്നത്. സാംസ്കാരികപ്രതിഭാസങ്ങൾ, ആചാരങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങി വിവിധ സന്ദർഭങ്ങളിൽ സംസ്കാരം ഉല്പാദിപ്പിക്കപ്പെടുന്നതും ഉപഭോഗം ചെയ്യുന്നതും അനുഭവിക്കുന്നതുമായ രീതികൾ വിശകലനം ചെയ്യുന്ന രീതിശാസ്ത്രമാണത്. പ്രത്യയശാസ്ത്രം, ജാതി, വർഗ്ഗഘടനകൾ, ദേശീയരൂപീകരണങ്ങൾ, വംശീയത, ലൈംഗികാഭിമുഖ്യം, ലിംഗഭേദം, തലമുറകൾ തുടങ്ങിയവ സംസ്കാരം ഉല്പാദിപ്പിക്കുന്നതും അനുഭവിക്കുന്നതുമായ ചില ഇടങ്ങളാണ്. ഇത്തരത്തിൽ സമൂഹത്തിൽ മനുഷ്യർ നടത്തുന്ന എല്ലാവിധ പ്രവർത്തനങ്ങളുടെയും ഇടപെടലുകളുടെയും സ്വഭാവ രൂപീകരണത്തിന്റെയും ചിന്തകളുടെയും പിന്നിൽ പ്രവർത്തിക്കുന്ന ആശയങ്ങളെ, അതായത് വ്യക്തികളുടെ സാംസ്കാരിക രൂപീകരണങ്ങളെക്കുറിച്ചുള്ള അന്വേ

ഷണമാണ് സാംസ്കാരിക പഠനത്തിലുള്ളത്.[36] സ്ഥിരവും പരിമിതവും സുസ്ഥിരവും വ്യതിരിക്തവുമായ അസ്തിത്വങ്ങളായല്ല, മറിച്ച് നിരന്തരം ആശയവിനിമയം ചെയ്യുന്ന, വ്യക്തികളിൽ മാറ്റങ്ങളുണ്ടാക്കുന്നതുമായ സമ്പ്രദായങ്ങളും പ്രക്രിയകളും ആയിട്ടാണ് സാംസ്കാരിക പഠനം ഇവയെ കാണുന്നത്. പ്രാദേശികമായും ആഗോളമായും അധികാരത്തിന്റെ രൂപീകരണത്തിലും വിതരണത്തിലും സംസ്കാരം വഹിക്കുന്ന പങ്ക് അന്വേഷിക്കാനാണ് ശ്രമിക്കുന്നത്. ചരിത്രം, അധികാര ഘടനകൾ, പ്രത്യയശാസ്ത്രം, സമ്പദ്‌വ്യവസ്ഥ, രാഷ്ട്രീയം, അറിവ്, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നിവയുമായി വ്യക്തിയുടെ ദൈനംദിന ജീവിതം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സാംസ്കാരിക പഠനം പരിശോധിക്കുന്നു. ഭാഷയും ആശയവിനിമയ പ്രക്രിയയും അതുവഴി വിവർത്തനവും ദൈനംദിന ജീവിതത്തിന്റെ ഭാഗമാണ്. വിവർത്തനങ്ങൾ സാംസ്കാരിക വിനിമയങ്ങളെയും ധാരണകളെയും ഭാവുകത്വത്തെയും എങ്ങനെ സ്വാധീനിക്കുന്നു, വിവർത്തന ഗ്രന്ഥങ്ങൾ സാംസ്കാരിക ചലനാത്മകതയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നെല്ലാമുള്ള വിശകലനത്തിലാണ് വിവർത്തന പഠനങ്ങൾ സാംസ്കാരിക പഠനങ്ങളായി മാറുന്നത്.

1.10 വിവർത്തനീയതയും പ്രതിനിധാനവും

വാൾട്ടർ ബഞ്ചമിൻ

വ്യക്തി, ഭാഷ, സംസ്കാരം, കാലം തുടങ്ങി ജീവിതത്തിന്റെ വ്യത്യസ്തതകളെ പ്രതിനിധാനം ചെയ്യാൻ വിവർത്തനം ഉൾപ്പെടെയുള്ള സാംസ്കാരിക രൂപങ്ങൾക്ക് കഴിയും. ഇത്തരത്തിൽ സാഹിത്യപാഠം പ്രതിനിധാനം ചെയ്യുന്ന സാമൂഹിക-സാംസ്കാരിക തലം സ്രോതഭാഷാ സംസ്കാരത്തിൽ നടത്തുന്ന ഇടപെടലുകൾ വളരെ പ്രാധാന്യമർഹിക്കുന്നു. കുമാരനാശാനും സാറാജോസഫും നാരായനും മലയാള സാഹിത്യത്തിലും കേരളീയസമൂഹത്തിലും നടത്തിയ സാംസ്കാരികവും രാഷ്ട്രീയവുമായ ഇടപെലുകൾ അവയുടെ വിവർത്തനങ്ങൾക്കും ബാധകമാണ്. കുമാരനാശാന്റെ കവിതകൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുമ്പോൾ പലതരത്തിലുള്ള പ്രതിനിധാന പ്രക്രിയയാണ് അവിടെ നടക്കുന്നത്. പ്രാഥമികമായി, ഒരു മലയാള രചനയുടെ മൊഴിമാറ്റമാണത്. കേവലം ലളിതമായ ഭാഷാ കൈമാറ്റ പ്രക്രിയയല്ല. വായനാ സമൂഹം മാറുന്നു; ആശാൻ കവിത തികച്ചും അപരിചിതമായ സാംസ്കാരിക, രാഷ്ട്രീയ ഇടത്തിൽ/കാലത്തിൽ വായിക്കാനിടയാകുന്നു. കുമാരനാശാൻ എഴുതിയ കേരളീയ ചരിത്ര, സാമൂഹിക, സാഹിതീയ പരിസരങ്ങൾ അറിയാത്തവരാണ് ലക്ഷ്യ ഭാഷാ വായനക്കാർ. അവിടെ ആശാൻ കവിത പുനർവായിക്കപ്പെടുകയാണ്. വിവർത്തകരുടെ ജോലി പാഠത്തിന്റെ അർത്ഥം പരിഭാഷപ്പെടുത്തുകയല്ല, സ്രോത ഭാഷാ ജീവിതത്തെ ലക്ഷ്യ ഭാഷയിലേക്ക് പുനർസൃഷ്ടിക്കുകയാണ്. വാൾട്ടർ ബഞ്ചമിൻ (Walter Benjamin) പറയു

36 സംസ്കാര പഠനത്തിന്റെ പുതുവഴികൾ, കേരള സർവകലാശാല, പു. 10.

ന്നതുപോലെ കവിതയുടെ 'ശേഷജീവിതം' (afterlife)[37] ആണത്. മലയാളത്തിൽ ആശാൻ കവിത വിനിമയം ചെയ്ത വസ്തുതകളോ ആശയങ്ങളോ ആവണമെന്നില്ല പരിഭാഷയിൽ വിനിമയം ചെയ്യുന്നത്.

പി. ബി. ഷെല്ലി

"വിവർത്തനം ഒരു രൂപമാണ്. ഒരു രൂപമെന്ന നിലയിൽ ഇതിനെ മനസ്സിലാക്കണമെങ്കിൽ നമ്മൾ മൂലകൃതിയിലേക്ക് പോകേണ്ടതുണ്ട്... ഒരു കൃതി വിവർത്തന ക്ഷമമാണോ അല്ല യോ എന്നതിന് രണ്ടർത്ഥങ്ങളുണ്ട്. ഒന്ന്: അതിന്റെ വായ നക്കാരുടെ കൂട്ടത്തിലെവിടെയെങ്കിലും അതു വിവർത്തനം ചെ യ്യാൻ പ്രാപ്തിയുള്ള ഒരാൾ ഉണ്ടോ? രണ്ട്, ഒരുപക്ഷേ, കൂടുതൽ പ്രസക്തമായത്: അതിന്റെ പ്രകൃതം വിവർത്തനത്തിന് വഴ ങ്ങുമോ, രൂപത്തിന്റെ സവിശേഷത കൊണ്ട് അത് വിവർത്തനം ആവശ്യപ്പെടു ന്നുണ്ടോ? ആദ്യത്തേതിന്റെ ഉത്തരം സന്ദർഭാനുസരണം മാത്രം ലഭിക്കുന്നതാണെ ങ്കിൽ രണ്ടാമത്തേത് താത്വികമായി ഉരുത്തിരിയേണ്ട ഒന്നാണ്... വിവർത്തനം ഒരു സർഗ്ഗരൂപമാണെങ്കിൽ വിവർത്തന ക്ഷമത ചില കൃതികളുടെ സവിശേഷ ഗുണമാ യിരിക്കും."[38]

എഴുതിയ കാലമല്ല വിവർത്തനത്തിന്റെ കാലം. കാലമാണ് രൂപം നിർമ്മിച്ച ത്. കുമാരനാശാന്റെ ശില്പചാതുരിയും പ്രശക്തിയും പ്രസക്തിയും മലയാള സാഹിത്യ ചരിത്രത്തിൽ ഇന്നോളമുള്ള ശേഷജീവിതവും പ്രധാനമാണ്. സമീപകാലത്ത് നട ക്കുന്ന ആശാൻ കൃതികളുടെ പരിഭാഷാ ശ്രമത്തിൽ ഇക്കാലമത്രയും നടന്ന പഠനങ്ങ ളും ഗവേഷണങ്ങളും ചർച്ചകളും ഉൾപ്പെടാതിരിക്കില്ല. 'നൂറ്റാണ്ടുകളിലൂടെ യാത്രചെ യ്യുമ്പോൾ ഒരു കൃതിയുടെ ഇനവും തരവും മാറും'[39] എന്നതും ബഞ്ചമിൻ ഓർമ്മിപ്പിക്കു ന്നു. രാമചരിതവും അദ്ധ്യാത്മ രാമായണവും നമ്പ്യാർ കൃതികളും ഓർക്കുക. വസ്തുതക ളും ആശയങ്ങളും മൂലകൃതിയിൽ നിന്നും പരിഭാഷപ്പെടുത്തുക എന്നതാണ് വിവർത്ത

---

37 'വിവർത്തകന്റെ ദൗത്യം', പരിഭാഷ അരുൺകുമാർ മൊകേരി അന്യോന്യം ത്രൈമാസിക, പ്രണത ബുക്സ്, കൊച്ചി, ഏപ്രിൽ 2021, പു. 78–88. The process of translation, if we can call it a process, is one of change and of motion that has the appearance of life, but as life as an afterlife, because translation also reveals the death of the original. 'The task of the translator', Illuminations. പരിഭാഷയെക്കുറിച്ച് ബഞ്ചമിന്റെ ചിന്തകൾ ഉൾക്കൊള്ളുന്ന ലേഖനമാണ് 'The task of the translator'. ബോദ്‌ലയറുടെ തിന്മയുടെ പൂക്കൾ (The Flower of Evil, 1857) എന്ന കാവ്യസമാഹാരത്തിലെ പാരീസ് ചിത്രങ്ങൾ എന്ന ഭാഗം പരിഭാഷപ്പെ ടുത്തി 1923-ൽ പ്രസിദ്ധീകരിച്ച സമാഹാരത്തിന്റെ ആമുഖമായാണ് ഈ പ്രബന്ധം പ്രസിദ്ധീക രിച്ചത്.പരിഭാഷയിലാണ് "ഭാഷയുടെ വിനിമയദൌത്യം കൃത്യമായി സാക്ഷാത്കരിക്കപ്പെടുന്നത് എന്നതുകൊണ്ടാണ് ഭാഷയുടെ ധർമ്മത്തെ സംബന്ധിച്ച തന്റെ നിലപാടുകൾ വിസ്തരിക്കാൻ ഒരു പരിഭാഷാസമാഹാരത്തിന്റെ ആമുഖം തന്നെ ബഞ്ചമിൻ തിരഞ്ഞെടുത്തത് എന്ന് തോന്നുന്നു" ('വാൾട്ടർ ബഞ്ചമിൻ: കാഴ്ചയുടെ അകത്തളം', പി. പി. രവീന്ദ്രൻ, അന്യോന്യം ത്രൈമാസിക, പ്ര ണത ബുക്സ്, കൊച്ചി, ഏപ്രിൽ 2021, പു. 52).

38 'വിവർത്തകന്റെ ദൗത്യം', പരിഭാഷ: അരുൺകുമാർ മൊകേരി, അന്യോന്യം ത്രൈമാസിക, പ്രണത ബുക്സ്, കൊച്ചി, ഏപ്രിൽ 2021, പു. 79–80.

39 'വിവർത്തകന്റെ ദൗത്യം', പരിഭാഷ: അരുൺകുമാർ മൊകേരി, അന്യോന്യം ത്രൈമാസിക, പ്രണത ബുക്സ്, കൊച്ചി, ഏപ്രിൽ 2021, പു. 82

നത്തിന്റെ ധർമ്മമായി സ്വീകരിക്കുന്നതെങ്കിൽ അത്തരം വിവർത്തനങ്ങൾക്ക് കാര്യമില്ല എന്നതാണ് ബഞ്ചമിന്റെ അഭിപ്രായം.[40]



ഫെഡറിക് ഷെയ്മാക്കൽ

"ഉള്ളടക്കമല്ല രൂപമാണ് പരിഭാഷ... ഭാഷ രൂപമാണ് എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ഭാഷയുടെ സൂചക തലത്തിന്, അതിന്റെ ഭൗതിക ഘടനയ്ക്ക്, അർത്ഥ തലത്തെക്കാൾ പ്രാധാന്യം ലഭിക്കുക എന്നു കൂടിയാണ്. ഭാഷയുടെ ഭൌതികതയുടെ അടിസ്ഥാനം തന്നെ അതിന്റെ സൂചക തലമാണ്... മൂലഭാഷയിലെ സൂചകങ്ങൾ തമ്മിലുള്ള പരസ്പര ബന്ധത്തിലൂടെ വളർന്നു വരുന്നതാണ് ഭാഷയുടെ രൂപഘടന. ഒരേ വസ്തുവിനെ വിവിധ വാക്കുകളിലൂടെ സൂചിപ്പിക്കുന്ന ഭാഷാഭേദങ്ങൾ അർത്ഥ സൂചനകൾ വിവക്ഷിക്കുന്ന ഭാഷയുടെ കഴിവിനെയാണ് പ്രതീകവൽക്കരിക്കുന്നത്. ഇത് പരിഭാഷയുടെ മാത്രമല്ല, ഭാഷയുടെ തന്നെ പ്രത്യേകതയായാണ് ബഞ്ചമിൻ കാണുന്നത്. വിവർത്തനീയത (translatability) എന്നാണ് ഈ ഭാഷാഗുണത്തെ അദ്ദേഹം വിളിക്കുക. വിവർത്തനീയതയാണ് ഒരു കൃതിയെ—അത് മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ പോലും—ഇതര ഭാഷകൾക്കു കൂടി ഉൾക്കൊള്ളാവുന്ന പാഠമാക്കി പരുവപ്പെടുത്തുന്നത്. വിവർത്തനീയമായ കൃതികൾക്ക് സഹജമായിത്തന്നെ ഒരുതരം വൈദേശികതയോ സാർവലൌകികതയോ ഉണ്ടെന്നു വേണമെങ്കിൽ പറയാം"[41]

ഡി ജി റോസെറ്റി

സ്രോതഭാഷാ വായനക്കാർ മുൻവിധിയോടെയും ആരാധനയോടും വീക്ഷിക്കുന്ന കുമാരനാശാനോ സാമൂഹികവും സാംസ്കാരികവുമായ കാവ്യരചനാ കാരണങ്ങളോ അവിടെയില്ല. ഇത്തരം സാഹിതീയ പരിസരത്തിലാണ് വിവർത്തകർ സ്വാതന്ത്ര്യം അനുഭവിക്കുന്നത്. മൂലരചനയെ അതേപടി പകർത്താനാവാത്തതിനാൽ ഏതൊരു സാഹിതീയ വിവർത്തനവും പുനർസൃഷ്ടിയായി മാറും.

ഇന്ത്യൻ ഭാഷകളിലല്ലാതെ ഇംഗ്ലീഷ് പോലുള്ള മറുനാടൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുമ്പോൾ അതിനൊരു സംവാദത്തിന്റെ സ്വഭാവം കൂടിയുണ്ട്. സാംസ്കാരിക നിർമ്മിതി എന്ന നിലയിൽ വിവർത്തനം ഭാഷയും സംസ്കാരവും തമ്മിലുള്ള ഗുണപരമായ സംവാദത്തിന് ഇടം നല്കുന്നുണ്ട്. ഇത്തരത്തിൽ സംവാദത്തിനായി തിരഞ്ഞെടുക്കുന്ന ഏറ്റവും ഗുണമേന്മയേറിയ നിർമ്മിതി ഏത് എന്നതാണ്

---

[40] സാഹിത്യം ശരിക്കും മനസ്സിലാകുന്നവരോട് കൃതിക്ക് പറയാൻ അധികമൊന്നും ഉണ്ടാവില്ല. പറയുക അല്ലെങ്കിൽ ആശയങ്ങൾ പങ്കുവെയ്ക്കുക എന്നതാണ് പരിഭാഷയുടെ ലക്ഷ്യം എന്നു വിചാരിക്കുന്നവർക്ക് വിവരമല്ലാതെ മറ്റൊന്നും ഉണ്ടാവില്ല വിവർത്തനത്തിന് പകർന്നുകൊടുക്കാനായി— ('വാൾട്ടർ ബഞ്ചമിൻ: കാഴ്ചയുടെ അകത്തളം', പി പി രവീന്ദ്രൻ, അന്യോന്യം ത്രൈമാസിക, പ്രണത ബുക്സ്, കൊച്ചി, ഏപ്രിൽ 2021, പു. 52).

[41] വാൾട്ടർ ബഞ്ചമിൻ: കാഴ്ചയുടെ അകത്തളം', പി. പി. രവീന്ദ്രൻ, അന്യോന്യം ത്രൈമാസിക, പ്രണത ബുക്സ്, കൊച്ചി, ഏപ്രിൽ 2021, പു. 53.

പ്രധാനം. ഈ വിവർത്തന ഉല്പന്നമാണ് മലയാള സാഹിത്യവുമായി ബന്ധപ്പെട്ട് ഭാഷ, സംസ്കാരം, കാലം എന്നിവ പ്രതിനിധാനം ചെയ്യുന്നത്. ഇംഗ്ലീഷ് ഭാഷയിൽ മലയാള സാഹിത്യം പ്രതിനിധാനം ചെയ്യാൻ ഏതൊക്കെ രചനകൾക്കാണ് കഴിയുക, കഴിഞ്ഞത് എന്നതു പ്രധാനമാണ്. എന്തുകൊണ്ട് സാഹിത്യ വിവർത്തനം? എന്തുകൊണ്ട് കുമാരനാശാൻ? എന്നീ ചോദ്യങ്ങൾക്കാണ് പ്രസക്തി. ലക്ഷ്യ ഭാഷയിലും സാഹിതീയ സംസ്കാരത്തിലും ഗ്രാഹ്യമുള്ള വിവർത്തകർ വിവർത്തന കൃതികളുടെ തിരഞ്ഞെടുപ്പിലും വിവർത്തന രീതിയിലും ഇടപെടുന്നുണ്ട്. സാംസ്കാരികമായ, രാഷ്ട്രീയമായ ഇടപെടലാണത്. ഓരോ വാക്കും സാംസ്കാരികമാണ്. മൂലരചയിതാവ് രൂപപ്പെടുത്തിയ സാംസ്കാരിക യാഥാർത്ഥ്യത്തിൽ നിന്നും വിവർത്തകർ തങ്ങളുടേതായ സാംസ്കാരിക യാഥാർത്ഥ്യം രൂപപ്പെടുത്തുന്നു. സാറാജോസഫ്, നാരായൻ തുടങ്ങിയവരുടെ രചനകൾ പ്രബല സംസ്കാരത്തിൽ നിന്ന് ഭിന്നമായ പ്രാന്തവത്കൃത സമൂഹത്തിന്റെ ജീവിത വീക്ഷണങ്ങളും വ്യവഹാരങ്ങളും ശൈലികളുമാണ് പ്രതിനിധാനം ചെയ്യുന്നത്. സാംസ്കാരിക വിനിമയം എന്ന ലക്ഷ്യത്തിനപ്പുറത്ത് ചില രാഷ്ട്രീയ സാധ്യതകൾ കൂടി ഇത്തരം രചനകളുടെ വിവർത്തന പ്രക്രിയയ്ക്കുണ്ട്. സമൂഹത്തിലെ ഏകപക്ഷീയമായ നിലപാടുകളും ശരികളും പ്രതിരോധിക്കുന്ന സാമൂഹിക പ്രക്രിയയാണ് ഈ എഴുത്തുകാരുടേത്. ഇവരുടെ രചനകൾ വിവർത്തനം ചെയ്യുമ്പോൾ അവ പ്രതിനിധാനം ചെയ്യുന്ന സാമൂഹികതലം, പ്രതിചരിത്രമെഴുത്ത്, പ്രത്യധീശത്വം, മുഖ്യധാരാ സാഹിത്യത്തിൽ നടത്തുന്ന ഇടപെടൽ തുടങ്ങിയ സൂക്ഷ്മരാഷ്ട്രീയ തലം കൂടി ലക്ഷ്യപാഠ നിർമ്മിതിയിൽ പ്രധാനമാണ്. ഈ തിരിച്ചറിവും തെരഞ്ഞെടുപ്പുമാണ് വിവർത്തനമെന്ന ശേഷജീവിതത്തെ ശ്രേഷ്ഠമാക്കുന്ന പ്രധാന ഘടകം.

സ്കറിയ സക്കറിയ

സവിശേഷമായ സാമൂഹിക രാഷ്ട്രീയതലം പ്രതിനിധാനം ചെയ്യുന്ന മൂലപാഠത്തിന്റെ തെരഞ്ഞെടുപ്പിൽ തന്നെ വിവർത്തന പ്രക്രിയയിലെ രാഷ്ട്രീയതലം ആരംഭിക്കുന്നു. സംസ്കാര പഠനത്തിൽ രാഷ്ട്രീയം എന്ന പദം അധികാരത്തെക്കുറിച്ചുള്ള പഠനം എന്നാണർത്ഥം. സാംസ്കാരിക തലത്തിൽ മൂലപാഠം വെറും 'കൃതി' യല്ല (work); അത് പ്രതിനിധാനം ചെയ്യുന്ന പരിസരമാണ്, 'ഇട' മാണ് (space) എന്നർത്ഥം. ഇംഗ്ലീഷ് പോലുള്ള അധികാര ഭാഷയിലേക്കുള്ള (language of power) വിവർത്തനമാകുമ്പോൾ[42] ശ്രദ്ധേയമായ മറ്റൊരു തലം കൂടിയുണ്ട്. മലയാള സാഹിത്യ ചരിത്രത്തിന്റെ പ്രതിനിധാനമെന്ന നിലയിൽ ഇംഗ്ലീഷ് വിവർത്തന ശേഖരത്തിൽ അത് വിനിമയം ചെയ്യുന്നു. ലോകഭാഷകളിലെ റൊമാന്റിക് പ്രസ്ഥാനത്തോടും നവോത്ഥാന ആശയങ്ങളോടും ചേർത്ത് കുമാരനാശാൻ കൃതികൾ സംവേദനം ചെയ്യപ്പെടുന്നു. ഇതിനിടയിൽ മധ്യസ്ഥത

42 ഇംഗ്ലീഷിനെ Globish ആക്കുന്നതിൽ തർജമക്കുള്ള പങ്കും സവിശേഷ പരിഗണന നേടിയിട്ടുണ്ട്. ഡോ. സ്കറിയ സക്കറിയ 'തർജമപഠനം സംസ്കാര പഠനമാകുമ്പോൾ', വിവർത്തനവും സംസ്കാരവും, പു. 24.

(agency) വഹിക്കുന്ന വിവർത്തകർ നിഷ്ക്രിയരല്ല, മറിച്ച് അവരുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളും തിരഞ്ഞെടുപ്പുകളും നിലപാടുകളുമാണ് വിവർത്തനമെന്ന അന്തിമ ഉല്പന്നം രൂപപ്പെടുത്തുന്നത്. ലോകമെങ്ങുമുള്ള അധീനവർഗ്ഗ ബൗദ്ധിക രാഷ്ട്രീയ സംഘങ്ങളോട് ചേർന്നുനിൽക്കണോ എന്ന നിലപാട് വിവർത്തനത്തിൽ പ്രധാനമാവുന്നു. വിവർത്തനത്തിലൂടെ ഒരു കൃതിക്ക് ലഭിക്കുന്ന മൂല്യവർദ്ധിത (value addition) പ്രക്രിയയാണ്. കീഴാള സാഹിത്യത്തിൽ (subaltern literature) നാരായനും സ്ത്രീരചനകളിൽ (women writing) സാറാജോസഫും കണ്ണിചേരുന്നത് മൊഴിമാറ്റത്തിലൂടെയാണ്.

1.11 വിവർത്തന പ്രക്രിയയിലെ സാംസ്കാരികതലം


ഇറ്റാമർ ഇവൻ സൊഹർ

ഭാഷാശാസ്ത്രവും സാഹിത്യ സിദ്ധാന്തങ്ങളും സാമൂഹിക ശാസ്ത്രവും സാംസ്കാരിക പഠനങ്ങളും വിവർത്തനത്തിന്റെ വിശകലന പ്രക്രിയയിൽ ഇടപെടുന്നതാണ് പിന്നീടുള്ള വിവർത്തന പഠനത്തിന്റെ ചരിത്രം. സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ പരിപ്രേക്ഷ്യത്തിൽ വിവർത്തനത്തിലെ വിശ്വസ്തത എന്ന സങ്കല്പനത്തെ വിശദീകരിച്ച സൈദ്ധാന്തികനാണ് ലോറൻസ് വെനൂറ്റി (Lawrence Venuti). നിരവധി വിമർശന പഠനങ്ങൾ ചെയ്തിട്ടുള്ള അദ്ദേഹം വിവർത്തകർക്ക് പ്രാധാന്യം കൊടുക്കുന്നതിനു വേണ്ടി വാദിച്ചു.[43] വിവർത്തകർ അദൃശ്യരായി വിവർത്തനത്തിൽ സ്രോതപാഠത്തിന്റെ വൈദേശികത്വം (foreignness) നിലനിർത്തുന്നതിനെക്കുറിച്ച് അദ്ദേഹം വിശദീകരിക്കുന്നു. ലക്ഷ്യപാഠം കൂടുതൽ ദൃശ്യമാകുന്നതരത്തിൽ അത് സ്രോതസംസ്കാരത്തിന്റെ വ്യതിരിക്തതകൾ നിലനിർത്തുന്നു. സ്രോത പാഠത്തിന്റെ സാംസ്കാരികവും ഭാഷാപരവുമായ പ്രത്യേകതകൾ ലക്ഷ്യ ഭാഷാ വായനക്കാർക്ക് ലഭിക്കുന്നു. ലക്ഷ്യ പാഠത്തിനു പിന്നിൽ പ്രവർത്തിക്കുന്ന സങ്കീർണ്ണവും സർഗ്ഗാത്മകവുമായ വിവർത്തന പ്രക്രിയയ്ക്കാണ് പ്രാധാന്യം. വിവർത്തകർ ദൃശ്യത (visibility) നേടി അംഗീകരിക്കപ്പെടണമെന്നും അദ്ദേഹം വാദിച്ചു. സംസ്കാര വിനിമയത്തിന്റെ മധ്യവർത്തികൾ എന്ന നിലയിൽ വിവർത്തകരുടെ പദവി, വിവർത്തനത്തിന്റെ സങ്കീർണതയും സർഗ്ഗാത്മകതയും, സ്രോതപാഠത്തിന്റെ ആസ്വാദനത്തിൽ നിന്നും ലക്ഷ്യപാഠരൂപീകരണത്തിൽ വിവർത്തകരുടെ പങ്ക് തുടങ്ങിയവ അദ്ദേഹത്തിന്റെ ചർച്ചകളിൽ പ്രാധാന്യം നേടി.

'Foreignization' കൂടാതെ അദ്ദേഹം മുന്നോട്ടുവെച്ച സങ്കല്പനമാണ് 'Domestication'. അത് സ്രോതപാഠത്തിന്റെ വൈദേശികത്വം നിലനിർത്തുന്നതിനു ഭിന്നമായി ഭാഷാപരവും സാംസ്കാരികവുമായ അപരിചിതത്വം ഇല്ലാതാക്കി ലക്ഷ്യ ഭാഷയ്ക്കിണങ്ങും വിധം വിവർത്തനം ചെയ്യുന്നതാണ്. ഇത് വിവർത്തകരുടെ അദൃശ്യതയ്ക്ക്

[43] The Translator's Visibility: A History of Translation (1995) ആണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ പുസ്തകം.

(Translator's invisibility) വഴിതെളിക്കുന്നു എന്നാണ് വെനുറ്റിയുടെ വാദം.[44] വിവർത്തകരുടെ ധാർമ്മികമായ ഉത്തരവാദിത്തത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. സ്രോത ഭാഷാ സംസ്കാരത്തിനും ഭാഷാപ്രകടന രീതിക്കും മുൻഗണന കൊടുക്കുന്ന വിവർത്തനത്തിനു വേണ്ടിയുള്ള ശ്രമമാണത്. വൈദേശിക പാഠത്തിന്റെ അപരിചതത്വം കളയുന്ന 'Domestication' രീതി വിവർത്തന പ്രക്രിയ ലഘൂകരിക്കും. അതേസമയം സ്രോതപാഠത്തിന്റെ യഥാർത്ഥ സാംസ്കാരിക പശ്ചാത്തലം ലക്ഷ്യ ഭാഷാ വായനക്കാർക്ക് തിരിച്ചറിയുന്നതിനു വേണ്ടി വൈദേശിക ഘടകങ്ങൾ അക്ഷരാർത്ഥത്തിൽ നിലനിർത്തുന്നത് ലക്ഷ്യ ഭാഷയുടെ ഭാഷാപരവും സാംസ്കാരികവുമായ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വന്നേക്കാം. ലക്ഷ്യ ഭാഷയുടെ സ്വാഭാവികതയും ഭംഗിയും ഒഴുക്കും തടസ്സപ്പെടുത്തുന്ന വാക്യഘടനയും പദാവലിയും വിവർത്തനത്തെ വൈകൃതമാക്കും. സാംസ്കാരികമായ പൊരുത്തക്കേടുകൾ ലക്ഷ്യപാഠ വായനയ്ക്ക് അരോചകമോ അസംബന്ധമോ ആകും. വിവർത്തനത്തിലെ കാടത്തം (barbarism in translation) എന്നാണ് വെനുറ്റി ഇത് പരാമർശിക്കുന്നത്. വിശ്വസ്തത നിലനിർത്താനുള്ള അമിത ശ്രമങ്ങൾ വിവർത്തനം പാടേ പരാജയപ്പെടുത്തുന്ന നിലയിലെത്തിക്കും. മികച്ച ഭാഷാവബോധം, സാംസ്കാരികമായ അനുവർത്തനം (cultural adaptation), സർഗ്ഗാത്മകമായ പ്രശ്നപരിഹാര ശ്രമങ്ങൾ (creative problem-solving) എന്നിവയിലൂടെ ഈ പ്രശ്നങ്ങൾ മറികടക്കാൻ കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ലക്ഷ്യസംസ്കാരത്തിലെ പ്രബലമായ ആശയങ്ങളിലും ധാരകളിലും വിള്ളലുകളുണ്ടാക്കാൻ വിവർത്തനങ്ങൾക്ക് സാധിക്കും. തുടങ്ങി വിശ്വസ്തതയിൽ ഒതുങ്ങിനിന്ന വിവർത്തന പഠനത്തെ സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ വിമർശമാക്കാൻ വെനുറ്റിക്ക് കഴിഞ്ഞു. വിമർശനാത്മക സാംസ്കാരിക പഠനത്തിന്റെ ഭാഗമായി വിവർത്തന പഠനവും മാറിയത് ഇക്കാലത്താണ്.[45]

---

44 The Scandals of Translation: Towards an Ethics of Difference (1998)-ലാണ് വിവർത്തനത്തിന്റെ നൈതികതയെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നത്. Translation Changes Everything: Theory and Practice (2013) വിവർത്തനവുമായി ബന്ധപ്പെട്ട സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങളെക്കുറിച്ചുള്ള പ്രബന്ധങ്ങളുടെ സമാഹാരമാണ്. 2000-ത്തിൽ പ്രസിദ്ധീകരിച്ച് 2004-ലും 2012-ലും പരിഷ്കരിച്ച The Translation Studies Reader വിവർത്തന പഠനത്തിലെ പ്രധാനപ്പെട്ട ഗ്രന്ഥമാണ്. വിവർത്തന പ്രക്രിയയും വിവർത്തനം പൊതുമണ്ഡലത്തിൽ സ്വീകരിക്കപ്പെടുന്ന രീതിയും പ്രശ്നവൽക്കരിക്കുന്നതിൽ ലോറൻസ് വെനുറ്റിയുടെ ആശയങ്ങൾ വലിയ പങ്കുവഹിച്ചു. വിവർത്തനം ഒരു പ്രധാന വൈജ്ഞാനിക മേഖലയായി സംവാദാത്മകമായി നിലനിർത്തുന്നതിൽ വെനുറ്റിയുടെ ചിന്തകൾക്ക് വലിയ പങ്കുണ്ട്.

45 വിവർത്തന പഠനങ്ങൾ (translation studies) എന്ന വിജ്ഞാനശാഖ മലയാളത്തിലെത്തിയത് ഇരുപതാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിലാണ്. തർജ്ജമ സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ (1997) എന്ന പുസ്തകത്തിലെ എ. പി. ആൻഡ്രൂസുകുട്ടിയുടെയും സ്കറിയ സക്കറിയയുടെയും ലേഖനങ്ങൾ, ബംഗാളി നോവലുകൾ മലയാളത്തിൽ: വിവർത്തന പഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും (2011), വിവർത്തനവും സംസ്കാര പഠനവും (2012, എ. എം. ശ്രീധരൻ (എഡി.) പുസ്തകഭവൻ, പയ്യന്നൂർ) എന്നീ പുസ്തകങ്ങൾ മലയാളത്തിലെ വിവർത്തന പഠനങ്ങളെ ദിശ മാറാൻ പ്രേരിപ്പിച്ചു. ആന്ദ്രേ ലഫേവെർ (Andre Lefevere), ജെയിംസ് ഹോംസ് (James Holmes), സൂസൻ ബാസ്നെറ്റ്, ഇറ്റാമർ ഇവൻ സൊഹർ (Itamar Even-Zohar), ഗിദൻ ടൂറി (Gideon Touri) തുടങ്ങിയവരുടെ ചിന്തകളും അപനിർമാണത്തെ മുൻനിർത്തിയുള്ള ദറിദയുടെ വിവർത്തന ചിന്ത

വിവർത്തകരുടെ തന്ത്രങ്ങളും തീരുമാനങ്ങളും, സാംസ്കാരിക ചരിത്രപരമായ പരിസരത്തിൽ വിവർത്തനം എങ്ങനെ പ്രവർത്തിക്കുന്നു, സാമ്പത്തികവും സ്ഥാപനപരവുമായ ഇടപെടലുകൾ വിവർത്തനങ്ങളിൽ സ്വാധീനം ചെലുത്തുന്നത്, തുടങ്ങിയ മേഖലകൾ തുറന്നത് വിവർത്തനത്തെ സാംസ്കാരിക വിഭവമെന്ന നിലയിൽ വിശകലനം ചെയ്യുന്നതിന് സഹായകമായി. ചുരുക്കത്തിൽ വിമർശനാത്മകവും ധാർമ്മികവും സാംസ്കാരിക പ്രാധാന്യമുള്ളതുമായ ഒന്നായി വിവർത്തന പഠനം മാറിയത് വെനുറ്റിയുടെ ഇടപെടലിലാണ്.

1.12 ബൈബിൾ വിവർത്തന പഠനങ്ങൾ


ഗിദൻ ടൂറി

ഒരു ജ്ഞാനമേഖല എന്ന നിലയിൽ വിവർത്തന പഠനങ്ങൾ വളരുന്നതിൽ ബൈബിൾ വിവർത്തനങ്ങളെക്കുറിച്ച് വന്ന അന്വേഷണങ്ങൾക്ക് വലിയ പങ്കുണ്ട്. മുമ്പു സൂചിപ്പിച്ചതുപോലെ, ന്യായപ്രമാണത്തിൽ നിന്നും വള്ളിയോ പുള്ളിയോ മാറ്റം വരരുത് എന്ന കല്പനയ്ക്കു മേൽ വിവർത്തനം ചെയ്ത ബൈബിൾ മാതൃകകളിൽ നിന്നാണ് വിവർത്തന വിമർശനം അതിന്റെ രീതികളും രൂപങ്ങളും വികസിപ്പിച്ചെടുത്തത് എന്ന് ജെയിംസ് ഹോംസും[46] മറ്റും രേഖപ്പെടുത്തിയിട്ടുണ്ട്. മികച്ചത്/മോശം, വിശ്വസ്തം/അവിശ്വസ്തം, പദാനുപദ വിവർത്തനം, ഇരുപാഠങ്ങളുടെ സമതുലനം, സ്വതന്ത്രം, വിവർത്തകരുടെ പ്രത്യയശാസ്ത്രം, വിവർത്തന തന്ത്രങ്ങൾ, സാംസ്കാരിക വിനിമയം, വിവർത്തനങ്ങൾ തമ്മിലുള്ള താരതമ്യപഠനം, അനുവർത്തനം, കൊളോണിയൽ, പോസ്റ്റ് കൊളോണിയൽ, ഫെമിനിസ്റ്റ് വിവർത്തനം തുടങ്ങി ആദ്യകാലം തൊട്ടുള്ള വിവർത്തന പഠനങ്ങളിലും സിദ്ധാന്തങ്ങളിലും ബൈബിൾ വിവർത്തനങ്ങൾ കാര്യമായി ഇടപെടുകയുണ്ടായി.[47] ഉദാഹരണമായി, Jesus said to them, 'I am the bread of life; he who comes to me shall not hunger, and he who belives in me shall never thirst and him who come to me I shall not throw out' John 6: 35–37[48] എന്ന ഭാഗം Joann Haugerud വിവർത്തനം ചെയ്തത് നോക്കുക.

കളും മലയാളത്തിലെത്തി. വിവർത്തന ക്ഷമത, സമമൂല്യത തുടങ്ങിയ സങ്കല്പനങ്ങൾ പുനർവിവരിക്കുകയും ഭാഷ, കൊള്ളക്കൊടുക്കകൾ, വിവർത്തനം, സാഹിത്യ സംവേദനം എന്നിവയെക്കുറിച്ചുള്ള ആശയാവലികൾ കൂടുതൽ വ്യക്തമാകുകയും ചെയ്തു. വിവർത്തന പഠനങ്ങളെ വൈവിധ്യത്തിലേക്ക് നയിക്കാൻ തക്കവിധം ഈ ചിന്തകൾ ശക്തമാണ്.

46 James Holmes-ന്റെ 'The Name and Nature of Translation Studies' എന്ന ലേഖനമാണ് വിവർത്തന പഠനങ്ങൾ എന്ന ജ്ഞാനശാഖയുടെ തുടക്കം. വിവർത്തനമെന്ന ഉല്പന്നവും പ്രക്രിയയും മുൻനിർത്തി ബഹുവൈജ്ഞാനികമായി പരിധികളില്ലാതെ മുന്നോട്ട് പോകാൻ സാധിക്കുന്ന വിവർത്തന ഗവേഷണത്തെക്കുറിച്ച് ഹോംസ് ചർച്ചചെയ്തു.

47 മതപ്രചാരണത്തിനു വേണ്ടിയാണെങ്കിലും ബൈബിൾ പരിഭാഷകൾ മലയാള ഗദ്യശൈലി രൂപപ്പെടുത്തുന്നതിലും സാംസ്കാരിക രൂപീകരണത്തിലും കേരളീയ പൊതുമണ്ഡലം രൂപീകരിക്കുന്നതിലും വഹിച്ച പങ്ക് അന്വേഷിക്കാം. സച്ചിദാനന്ദൻ, വിവർത്തനവും സംസ്കാരപഠനവും പു. 21.

48 Rivised standard version.

Jesus said to them, 'I am the bread of life; anyone to comes to me shall not hunger, and anyone belives in me shall never thirst and those who come to me I shall not throw out'[49] ഭാഷയിലെ ലിംഗഭേദത്തെ പൊളിച്ചു കളഞ്ഞ ഫെമിനിസ്റ്റ് വിവർത്തനങ്ങൾ ഇക്കാര്യത്തിൽ എടുത്തു പറയേണ്ടതാണ്.


ഫിറ്റ്സ്ജറാൾഡ്

ബൈബിൾ വിവർത്തനവുമായി ബന്ധപ്പെട്ട് മലയാളത്തിലും ധാരാളം പഠനങ്ങൾ ഉണ്ടായിട്ടുണ്ട്[50] 'ബൈബിൾ വിവർത്തനം'[51], 'ബൈബിൾ വിവർത്തനം ചില പ്രശ്നങ്ങൾ'[52], 'ബൈബിൾ തർജ്ജമകൾ മലയാളത്തിൽ'[53], 'മാണിക്കത്തനാരുടെ ബൈബിൾ പരിഭാഷാശൈലി'[54]—മലയാളത്തിലെ വിവർത്തന വിമർശനത്തിന്റെ സൈദ്ധാന്തികമായ വളർച്ച ഈ ലേഖനങ്ങളിൽ നിന്നു കണ്ടെടുക്കാൻ കഴിയും. ഇന്ത്യൻ ഭാഷകളിലെ ബൈബിൾ വിവർത്തനങ്ങളെ കുറിച്ച് പൊതുവെ പരാമർശിക്കുന്ന എൻ. സാമിന്റെ ലേഖനം 1811-ൽ ബോംബെയിലെ കുരിയർ പ്രസിൽ അച്ചടിച്ച ആദ്യമലയാള ബൈബിൾ വിവർത്തനം, 1822-ൽ കോട്ടയം സി. എം. എസ്. പ്രസ്സിൽ അച്ചടിച്ച ബെയ്‌ലിയുടെ പുതിയനിയമ പരിഭാഷ, 1842-ൽ സമ്പൂർണ്ണ ബൈബിൾ വിവർത്തനം, 1868-ൽ മംഗലാപുരത്തു നിന്നും ഗുണ്ടർട്ടിന്റെ പുതിയ നിയമ പരിഭാഷ, 1905-ൽ എറണാകുളത്തുനിന്നും പ്രസിദ്ധീകരിച്ച മഞ്ഞുമ്മൽ ആശ്രമത്തിലെ വൈദികർ ചെയ്ത പരിഭാഷ എന്നിവ പദതലത്തിലും പ്രധാനമായും വാക്യതലത്തിലും താരതമ്യ പഠന വിധേയമാക്കുന്നു. സത്യവേദ പുസ്തകം (1910), മലയാളം ബൈബിൾ (ഓശാന പബ്ലിക്കേഷൻ, 1983) എന്നിവയിലെ സംജ്ഞാനാമങ്ങളിലും പദഘടനയിലും വാക്യഘടനയിലും വന്ന മാറ്റങ്ങളാണ് ഡോ. കെ. രഘു പരിശോധിക്കുന്നത്. ക്രൈസ്തവമത രൂപീകരണത്തിൽ ബൈബിൾ തർജ്ജമകൾ വഹിച്ച പങ്കിനെക്കുറിച്ചുള്ള അന്വേഷണത്തിന് ഊന്നൽ കൊടുക്കുന്നതാണ് സ്കറിയ സക്കറിയ മുന്നോട്ടു വെയ്ക്കുന്ന വിമർശനപാഠം.

---

49 Joann Haugerud, 1977; 14. The Word for Us The Gospels of John and Mark, Epistles to the Romans and the Galatians Restated in Inclusive Language by Joann Haugerud, Coalition on Women and Religion: Seattle 1977 http://bibles.wikidot.com/sample-haugerud ഇംഗ്ലീഷ് വിവർത്തനം ലഭ്യമാണ്.

50 ബൈബിളും പ്രാചീനമലയാള സാഹിത്യവും, ബൈബിളും മലയാള ഭാഷയും, ബൈബിൾ തർജമകൾ മലയാളത്തിൽ, മിഷണറി ഗദ്യം, തർജമ പഠനത്തിലെ മലയാള മാതൃക, തർജമ പഠനവും ക്ലാസിക് മലയാള പഠനവും സമകാലിക വിജ്ഞാന വ്യവസ്ഥയിൽ, തർജമ പഠനത്തിലെ പുത്തൻ പുതുമകൾ, മാണിക്കത്തനാരുടെ ബൈബിൾ പരിഭാഷാശൈലി എന്നിങ്ങനെയുള്ള ലേഖനങ്ങളിൽ പ്രൊഫ. സ്കറിയ സക്കറിയ സാമാന്യമായും വിശേഷമായും ബൈബിൾ വിവർത്തനങ്ങളെ പഠനവിധേയമാക്കിയിട്ടുണ്ട്. മലയാളവഴികൾ സ്കറിയ സക്കറിയയുടെ തെരഞ്ഞെടുത്ത പഠനങ്ങൾ, സാ.പ്ര.സ.സം, 2019, പു. 231–322.

51 ഡോ. എൻ. സാം, വിവർത്തന ചിന്തകൾ, പു. 148–161.

52 ഡോ. കെ. രഘു, വിവർത്തന ചിന്തകൾ, പു. 162–170.

53 മലയാളവഴികൾ സ്കറിയ സക്കറിയയുടെ തെരഞ്ഞെടുത്ത പഠനങ്ങൾ, പു. 253–259

54 മലയാളവഴികൾ സ്കറിയ സക്കറിയയുടെ തെരഞ്ഞെടുത്ത പഠനങ്ങൾ പു. 307–322.

"കേരളത്തിൽ ബൈബിൾ തർജമയ്ക്ക് ഇറങ്ങിപ്പുറപ്പെടുന്നവരെ കഴിഞ്ഞകാലത്തും ഇന്നും അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമുണ്ട്. ഭാരതത്തിലെ മറ്റൊരു പ്രദേശത്തും അനുഭവപ്പെടാത്ത ഒരു പ്രശ്നം. മലയാളത്തിൽ ബൈബിൾ തർജമ ഉണ്ടാകുന്നതിനു നൂറ്റാണ്ടുകൾ മുമ്പുതന്നെ മലയാളനാട്ടിൽ ക്രിസ്തുമതം വേരുറച്ചിരുന്നു. ക്രൈസ്തവർ ഒരു സമുദായമായി വളർച്ച പ്രാപിക്കുകയും ചെയ്തിരുന്നു. അവരുടെ മതജീവിതത്തോടു ബന്ധപ്പെട്ട ഒരു മതഭാഷയും പ്രചരിച്ചിരുന്നു. ഏത് ഉപഭാഷയെപ്പോലെയും ക്രൈസ്തവരുടെ മതഭാഷയും തനിമയുള്ളതായിരുന്നു. മതസംബന്ധമായ കാര്യങ്ങളെ കുറിക്കുന്ന നിരവധി പദങ്ങൾ ആ ഭാഷയിൽ സുലഭമായിരുന്നുതാനും... കേരള ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം കുർബാന, ഈശോ, ഉപവി, അരൂപി, റൂഹാദ്ക്കുദിശ, മിശിഹ തുടങ്ങിയ പദങ്ങൾക്കെല്ലാം വൈകാരികാർത്ഥമുണ്ട്. ബൈബിൾ തർജമയ്ക്ക് ഇറങ്ങിപ്പുറപ്പെട്ടുന്നവർ ഒന്നുകിൽ ഈ പദാവലി സ്വീകരിക്കണം. അല്ലെങ്കിൽ സർവജനങ്ങൾക്കും മനസ്സിലാകുന്ന ജനകീയശൈലി സ്വീകരിക്കണം."[55]

Lord Byron

തർജ്ജമ പഠനത്തിൽ ലക്ഷ്യ ഭാഷയിലെ വായനക്കാർ, സംസ്കാരം, ചരിത്രം തുടങ്ങിയവ കൂടി പരിഗണിക്കണമെന്ന സൂചനയാണിത്. 'തർജ്ജമ പഠനവും ക്ലാസ്സിക് മലയാള പഠനവും സമകാലിക വിജ്ഞാന വ്യവസ്ഥയിൽ' എന്ന മറ്റൊരു ലേഖനത്തിൽ 'കോട്ടയം ജില്ലയിൽ ബൈബിൾ വിവർത്തനത്തിൽ പുരോഹിതാധികാരികൾ ഒറ്റപ്പെട്ട നിലയിൽ നടത്തുന്ന തിരുത്തലുകൾ വലിയ സ്വത്വസംഘർഷത്തിന്റെ ഭാഷാചിഹ്നങ്ങളായി വേണം മനസ്സിലാക്കാൻ'[56] എന്നിങ്ങനെ വിവർത്തന പഠനത്തെ സ്വത്വപഠനത്തിന്റെ (identity studies) സൈദ്ധാന്തിക പരിസരത്തിലെത്തിക്കുന്നു.

"ബൈബിളിലെ പ്രളയകഥ ഭാഷയ്ക്കുള്ളിലെ തർജ്ജമയും അന്തർഭാഷാ തർജ്ജമയും ചിഹ്നതർജമയും പിന്നിട്ടാണ് നോഹ (Noah) എന്ന തട്ടുപൊളിപ്പൻ സിനിമയാകുന്നത്. ബൈബിളും തിരക്കഥയും സിനിമയും തമ്മിലുള്ള ബന്ധത്തെ ശ്രേണീകൃതമായി മനസ്സിലാക്കാനാവില്ല. ഓരോ വ്യവസ്ഥയിലും തനിമയോടെ പ്രവർത്തിക്കുകയാണ് തർജമകൾ. അവയെ മൂലം/ലക്ഷ്യം എന്നു വിപരീതത്തിലാക്കുന്നതു ശരിയല്ല. ശ്രേണീകൃതമായ ഒരു ഭാഷാവ്യവഹാരമല്ല തർജമ എന്ന തിരിച്ചറിവു നിർണ്ണായകമാണ്. എന്നാൽ ഓരോ തർജമയിലും യുഗചൈതന്യവും പ്രകരണബലവും കണ്ടറിയാൻ സമകാലിക തർജമ പഠനത്തിനു കഴിയും."[57]

"തർജമ പഠനം തർജമയിൽ പ്രത്യക്ഷപ്പെടുന്ന കർതൃത്വത്തെക്കുറിച്ചുള്ള അന്വേഷണമായി വികസിക്കണം. തർജമയുടെ മൂല്യനിർണയം തന്നെ തർജമക്കാരന്റെ ലക്ഷ്യങ്ങൾ മുൻനിർത്തിയാകണം... ഒരു തർജമയും ചീത്ത തർജമയല്ല.

[55] 2019, പു. 318–319.
[56] അതിൽത്തന്നെ, പു. 283.
[57] 2019, പു. 300.

ഓരോ തരം ബുദ്ധിവിസ്താരങ്ങൾ എന്ന നിലയിൽ തർജമകളെ വിലയിരുത്താൻ അവസരമുണ്ടാകുന്നു."[58]


Sir William Johns

എന്നിങ്ങനെ വിവർത്തന പഠനത്തിലെ പുതിയ നിലപാടുകൾ മലയാളത്തിലേക്കു കൊണ്ടുവന്നത് സ്കറിയ സക്കറിയയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലെത്തുമ്പോൾ മാനവിക വിജ്ഞാന മേഖലയിൽ താരതമ്യ സാഹിത്യ പഠനത്തിന്റെയും സാഹിത്യ ചരിത്ര വിജ്ഞാനത്തിന്റെയും മർമ്മമായി സംസ്കാര പഠനം മാറുന്നതിനെക്കുറിച്ചും സ്കറിയ സക്കറിയ വിശദീകരിക്കുന്നുണ്ട്.[59] വിമർശന പഠനം (critical study) എന്ന നിലയിലേക്ക് വിവർത്തന പഠനം മാറുന്നത് സമീപ കാലത്തു മാത്രമാണ്. ഹോംസിന്റെ ചിന്തകളിൽ നിന്നും വിവർത്തനത്തിന്റെ കാര്യകാരണങ്ങൾ വിശദീകരിക്കുന്ന സ്കോപ്പോസ് തിയറി, റഷ്യൻ ഫോർമലിസവുമായി ബന്ധപ്പെട്ട ആശയങ്ങൾ, ഇറ്റാമർ ഇവൻസൊഹറും ഗിദയോൻ ടൂറിയും ആവിഷ്കരിച്ച ബഹുവ്യവസ്ഥാസിദ്ധാന്തം (polysystem theory) തുടങ്ങി അന്തർവൈജ്ഞാനികമായ (ആധുനിക ഭാഷകളും ഭാഷാശാസ്ത്രവും താരതമ്യ സാഹിത്യം, സാംസ്കാരിക പഠനം, തത്വചിന്ത, സാമൂഹികശാസ്ത്രം, തുടങ്ങിയവ) വിവർത്തന പഠനങ്ങൾ മലയാളത്തിൽ കടന്നുവന്നതിനു പിന്നിൽ പ്രൊഫ. സ്കറിയ സക്കറിയയുടെ ഇടപെടലുകൾ[60] ഏറെ പ്രധാനപ്പെട്ടതാണ്.

1.13 വാൾട്ടർ ബഞ്ചമിനും വിവർത്തന പഠനങ്ങളും

ബാർത്ത്

മാനവികമായ കാര്യങ്ങളാണ് വിവർത്തന പ്രക്രിയയ്ക്ക് പിന്നിലുള്ളത്. വ്യക്തികൾ അവരവർക്കു വേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയും വിവർത്തന പ്രക്രിയയിലേർപ്പെടുന്നു. ജീവിതത്തിൽ സംതൃപ്തി ലഭിക്കുന്ന പ്രവർത്തനങ്ങളിലാണ് മനുഷ്യർ ഏർപ്പെടുന്നത്. സർഗ്ഗാത്മക രചനയെ സംബന്ധിച്ചിടത്തോളം ലോകസാഹിത്യത്തിലെ അതുല്യ രചനകൾ സ്വന്തം ഭാഷയിലെത്തിക്കാനാണ് വിവർത്തരുടെ ശ്രമം. സ്വന്തം വായനാനുഭവം മറ്റുള്ളവരിലേക്ക് എത്തിക്കാനുള്ള ശ്രമമാണവർ നടത്തുന്നത്. വിവർത്തനത്തെ കൃതിയുടെ ശേഷജീവിതമെന്ന് (afterlife) വിശേഷിപ്പിച്ച വാൾട്ടർ ബഞ്ചമിൻ തന്റെ വിഖ്യാതമായ 'The task of the Translator' (1923) എന്ന പ്രബന്ധത്തിൽ സ്വന്തം വായനാനുഭവത്തിന്മേലുള്ള ആത്മീയമായ പ്രവർത്തനം/പരിശ്രമം (spiritual endeavour) എന്നും ഏറ്റ

58 2019, പു. 300.

59 ബംഗാളിനോവലുകൾ മലയാളത്തിൽ വിവർത്തന പഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും, താരതമ്യ പഠനസംഘം, 2011 പു. 7.

60 അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജയാ സുകുമാരൻ ഉൾപ്പെടെയുള്ള ഗവേഷകർ നടത്തിയ പഠനങ്ങളും പ്രധാനമാണ്.

വും മഹത്തായത്/പാവനമായത് എത്തിപ്പിടിക്കാനുള്ള ശ്രമമാണ് ഓരോ വിവർത്തനത്തിലും നടക്കുന്നത് എന്നും വിവരിക്കുകയുണ്ടായി. സാഹിത്യ വിവർത്തനത്തിൽ മൂലപാഠത്തിനും ഭാഷയ്ക്കും അധീശത്വ സങ്കല്പനത്തിൽ നിന്നും മാറി ഭാഷകളെല്ലാം ശുദ്ധവും ഉന്നതവും സാർവ്വത്രികവുമാണെന്ന ആശയം (The concept of pure language) അദ്ദേഹം കൊണ്ടുവന്നു. വിവർത്തന പ്രക്രിയ ഇരുഭാഷകളുടെയും വിനിമയത്തിനും പ്രകാശനത്തിനും കാരണമാകുന്നു. വിവർത്തനം സ്രോത-ലക്ഷ്യ ഭാഷകളുടെ അഭിവൃദ്ധിക്കാണ് ആത്യന്തികമായി വഴിവെക്കുന്നതെന്നാണ് ബഞ്ചമിന്റെ വാദം. വിവർത്തനം സ്രോതപാഠത്തിന് പുതുജീവിതം നൽകുന്നു. വിവർത്തനത്തെ പുനരുല്പാദനം എന്ന തരത്തിലല്ല കാണേണ്ടത്, സ്രോതപാഠത്തിന്റെ സാംസ്കാരികവും ധ്വന്യാത്മകവുമായ സവിശേഷതകൾക്കും സാധ്യതകൾക്കും കുറച്ചുകാലം കൂടി ആയുസ്സ് ലഭിക്കുകയാണ് ചെയ്യുന്നത്. വിവർത്തന പ്രക്രിയയിൽ വിശ്വസ്തതയോടൊപ്പം സർഗ്ഗാത്മകമായ സ്വാതന്ത്ര്യമാണ് പാഠത്തിന്റെ അർത്ഥപൂർണ്ണവും സൗന്ദര്യാത്മകവുമായ വിവർത്തനത്തിന് ആവശ്യമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സ്രോതപാഠത്തിന്റെ അവിവർത്തനീയമായ (untranslatable) അംശങ്ങളിൽ വിവർത്തകരുടെ സർഗ്ഗാത്മകമായ പ്രശ്നപരിഹാരമാണ് മാർഗ്ഗം. 'ഇംഗ്ലീഷ് പ്രസാധകർ തന്റെ ചെറുകഥകൾ translate ചെയ്യാനല്ല, rewrite ചെയ്യാനാണ് പറഞ്ഞത്' എന്ന രവീന്ദ്രനാഥടാഗോറിന്റെ പരാമർശവും വിവർത്തന ചിന്തകളിൽ ചർച്ചാവിഷയമായി. Translate, rewrite, Creative translation, interpretation, recreation തുടങ്ങിയ പദങ്ങളെല്ലാം നിരന്തരം പ്രശ്നവൽക്കരിച്ചവരിൽ ലെഫെവെർ (Andre Lefevere, 1945–1996), സൂസൻ ബാസ്സെറ്റ് (Susan Bassnett, 1945-) തുടങ്ങിയവരും ഉൾപ്പെടുന്നു.


ഫൂക്കോ

വിവർത്തനത്തെക്കുറിച്ചുള്ള വാൾട്ടർ ബഞ്ചമിന്റെ ചിന്തകൾ ദറിദയുടെ ഘടനാവാദനന്തര, അപനിർമ്മാണ ആശയങ്ങളെ സ്വാധീനിച്ചു. സ്രോത, ലക്ഷ്യ പാഠദ്വന്ദ്വത്തിൽ അന്തർലീനമായ original (മൂലം), secondary (ദ്വിതീയം) ആശയങ്ങളെ മങ്ങലേല്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. വിവർത്തന പഠനങ്ങളിലെ സമമൂല്യത, വിശ്വസ്തത തുടങ്ങിയ അംഗീകൃത സങ്കല്പനങ്ങളെ പൊളിച്ചുകൊണ്ടാണ് ഘടനാവാദാനന്തര വിവർത്തന പഠനങ്ങൾ വന്നത്. ഒരു പദത്തിന്റെ സ്ഥിരവും നിശ്ചിതവുമായ അർത്ഥം എന്ന ധാരണയ്ക്ക് ഫൂക്കോ (Michel Foucault), ദറിദ (Jacques Darrida), ബാർത്ത് (Roland Barthes) തുടങ്ങിയവരുടെ ആശയങ്ങൾ മാറ്റം വരുത്തി. ലോറൻസ് വെനൂറ്റിയുടെ സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ ചിന്തകളും ഇക്കാലത്ത് വിവർത്തന ചിന്തകളിൽ ഇടപെട്ടു.

1.14 സമകാലിക വിവർത്തന പഠനങ്ങൾ

സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ ആശയങ്ങൾ നിരവധി ഘടനാവാദാനന്തര വിവർത്തന സിദ്ധാന്തങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.[61] 1990-കളോടെ വിവർത്തക ചിന്തകനായ ആന്ദ്രേ ലെഫവറെ മൂലകൃതിയോടുള്ള വിശ്വസ്തതയല്ല, കൃത്യമായ പ്രത്യയശാസ്ത്ര, സൗന്ദര്യശാസ്ത്രനിലപാടുള്ള പുനർരചനയോ പൊളിച്ചെഴുത്തോ ആണ് വിവർത്തനമെന്ന് വ്യക്തമാക്കി. ആന്ദ്രേ ലെഫവെറും സൂസൻ ബാസ്സ്നെറ്റും മുന്നോട്ടുവെച്ച 'പുനർരചനയുടെ സാംസ്കാരികതല'മെന്ന (Rewriting—Culture school of Translation Studies) ആശയവും പ്രധാനമാണ്. സൂസൻ ബാസ്സ്നെറ്റ് അവതരിപ്പിച്ച (Translation Studies, 1991) വിവർത്തന ചരിത്ര നിർമിതിയെ ഉപജീവിക്കുന്ന പഠനങ്ങളാണ് മലയാള വിവർത്തന പഠനങ്ങളിൽ പിന്നീടുണ്ടായത്. ബാസ്സ്നെറ്റ് മാത്രമല്ല, തിയോ ഹെർമ്മൻസ് (Theo Hermans), മേരി സ്നെൽ ഹോൺബി (Mary Snell Hornby), മൈക്കൽ ക്രോണിൻ (Michael Cronin), ഹരീഷ് ത്രിവേദി (Harish Trivedi) തുടങ്ങി നിരവധിപ്പേർ സംസ്കാര പഠനത്തിന്റെ പുതുവഴികളുമായിച്ചേർന്ന് നവീകരിച്ച വിവർത്തന പഠനരീതി ലോകമെമ്പാടും പ്രയോഗത്തിൽവന്നു.

ദറിദ

വിവർത്തനം ഭാഷകൾ തമ്മിലല്ല, സംസ്കാരങ്ങൾ തമ്മിലാണ് എന്നായിരുന്നു ഇവർ പൊതുവിൽ ചൂണ്ടിക്കാണിച്ചത്. വിവർത്തകർ സ്വയം നവീകരിച്ച പ്രത്യയശാസ്ത്ര—സൗന്ദര്യശാസ്ത്ര സങ്കല്പനങ്ങളെയോ ലക്ഷ്യ സംസ്കാരത്തിൽ അധീശത്വം പുലർത്തുന്ന പ്രത്യയശാസ്ത്ര—സൗന്ദര്യശാസ്ത്ര സങ്കല്പനങ്ങളെയോ ഉപജീവിച്ച് നടത്തുന്ന പുനർരചനകളായിരുന്നു ഇവർക്ക് വിവർത്തനം.[62]

മലയാളത്തിലുണ്ടായ ഇതിഹാസങ്ങളുടെയും പുരാണങ്ങളുടെയും വിവർത്തനങ്ങളെ പുനരന്വേഷിക്കുന്ന ലേഖനങ്ങളിലും ചർച്ചകളിലും ഈ ആശയങ്ങളുടെ പ്രതിഫലനം കണ്ടെത്താം.

---

[61] ബംഗാളി നോവലുകൾ മലയാളത്തിൽ: വിവർത്തന പഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും എന്ന പുസ്തകത്തിന്റെ അവതാരികയിൽ പ്രൊഫ. സ്കറിയ സക്കറിയ ചൂണ്ടിക്കാട്ടിയിട്ടുള്ളതു പോലെ "ഭാഷാശാസ്ത്രത്തിന്റെ പിൻബലത്തിലുണ്ടായ ഭാഷാകേന്ദ്രിത സിദ്ധാന്തങ്ങളിൽ അടിയുറച്ചുപോയിരിക്കുന്നു സമകാലിക മലയാള വിവർത്തന വിചാരം... സമകാലിക വിവർത്തന വിചാരത്തിൽ പോസ്റ്റ് മോഡേൺ ആശയാവലികളും ദർശനങ്ങളും സ്വാധീനം ചെലുത്തുന്നു. കൃതികളുടെ കൊളോണിയൽ/കോളനിയനന്തര/സ്ത്രീവാദ വിവർത്തനങ്ങളെക്കുറിച്ചുള്ള ധാരാളം പഠനങ്ങൾ ലഭ്യമാണ്. ഭാഷയ്ക്കുള്ളിലെ വിവർത്തനം, ഭാഷകൾ തമ്മിലുള്ള വിവർത്തനം, ചിഹ്നവ്യവസ്ഥകൾ തമ്മിലുള്ള വിവർത്തനം എന്ന വർഗ്ഗീകരണത്തിലൂടെ വിവർത്തന സങ്കല്പം തന്നെ ഊതിവീർത്തു. സാഹിത്യ കൃതി സിനിമയാകുന്നതും കവിത മോഹിനിയാട്ടമാകുന്നതും നോവൽ തിരക്കഥയാകുന്നതും വിവർത്തന പഠനത്തിന്റെ അതിർത്തിക്കുള്ളിലായി" (പു. 6).

[62] 'അനുവർത്തന പഠനം മലയാളത്തിൽ'—ഒരാമുഖം, ഡോ. കെ. എം. ഷെറീഫ്, സംസ്കാര പഠനത്തിന്റെ പുതുവഴികൾ, (എഡി) ഡോ. ഷീബ എം. കുര്യൻ, പ്രകാശനവിഭാഗം, കേരള സർവകലാശാല പു. 204.

എത്ര രാമന്മാരുണ്ടോ അത്രയും രാമായണങ്ങളുമുണ്ട് ഏഷ്യയിലെമ്പാടും. എല്ലാ പരിഭാഷകളും എല്ലാ സ്വതന്ത്രകൃതികളും രാമായണം ഭാവനയുടെ ഒരു പാരമ്പര്യമാണെന്ന് സ്ഥാപിക്കുന്നു... രാമായണത്തെയും പലതരം ഭാവനകൾക്ക് വിഹരിക്കാനുള്ള ഇടമായിത്തന്നെയാണ് ഏഷ്യക്കാർ കണ്ടുപോന്നിട്ടുള്ളത്. ഭിന്നലിംഗങ്ങൾക്കും വർഗ്ഗങ്ങൾക്കും ലിംഗവിഭാഗങ്ങൾക്കും ഭാഷാവിഭാഗങ്ങൾക്കും സ്വന്തം സാമൂഹ്യാഭിലാഷങ്ങളും പ്രത്യയശാസ്ത്ര ഉല്കണ്ഠകളും തീർക്കാനുള്ള വലിയ ഒരരങ്ങ്. വിവർത്തനം, അനുവർത്തനം, സ്വതന്ത്രകൃതി ഇവ തമ്മിലുള്ള അതിർവരമ്പുകൾ മുമ്പുണ്ടായ രാമായണങ്ങൾക്ക് വളരെക്കുറച്ചേ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യയിലെ തുളു, ഭീലി, സന്താളി, ഭോജ്പുരി തുടങ്ങിയവ ഉൾപ്പെട്ട ഭാഷകൾ കൂടാതെ തായ്, ടിബറ്റൻ, ആസമീസ്, ബാലിനീസ്, കംബോഡിയൻ, ചൈനീസ്, ജാവനീസ്, ലാവോനീഷൻ, മലേഷ്യൻ ഭാഷകളിലും കഥകളി, രാംലീല, രാമനാട്ടം, പാവക്കൂത്ത്, യക്ഷഗാനം, നിഴൽക്കൂത്ത്, പലതരം നടോടിനാടകങ്ങൾ, ചുവർച്ചിത്രങ്ങൾ, ചിത്രതയ്യൽ, ഗുഹാചിത്രങ്ങൾ, ശില്പങ്ങൾ ഇവയുടെയൊക്കെ മുദ്രയോ രേഖയോ നിറമോ ആകാരമോ കൊണ്ടു സംസാരിക്കുന്ന ഭാഷകളിലും നൂറുകണക്കിനു രാമായണങ്ങൾ കാണാം. സംസ്കൃതത്തിൽ ഇരുപത്തിയഞ്ചിലേറെ പാഠങ്ങളുണ്ടെങ്കിൽ മലയാളത്തിലും രാമചരിതവും കണ്ണശ്ശരാമായണവും അദ്ധ്യാത്മരാമായണവും ഇരുപത്തിനാലുവൃത്തവും കേരളവർമ്മ രാമായണവും രാമചന്ദ്രവിലാസവും രാമായണം ആട്ടക്കഥയും രാമായണ മഞ്ജരിയും ഭാഷാരാമായണ ചമ്പുവും പാതാള രാമായണവും മാപ്പിള രാമായണവും വയനാടൻ ആദിവാസി രാമായണവുമുൾപ്പെടെ ഒട്ടേറെ രാമായണങ്ങളും രാമായണാധിഷ്ഠിതമായ ഇരുന്നൂറിലേറെ കൃതികളുമുണ്ട്... ഇതിലേതെങ്കിലും ഒരു രാമായണം ആധികാരികം എന്നു വാദിക്കാനാവില്ല.[63] എന്ന് സച്ചിദാനന്ദൻ വിശദീകരിക്കുന്നത് വിവർത്തന പഠനത്തിന്റെ പുത്തൻ കാഴ്ചപ്പാടുകളിലാണ്.

മലയാളത്തിൽ വിവർത്തന പഠനത്തിൽ വന്ന പരിണാമങ്ങൾ ഗീതാഞ്ജലി തർജ്ജമയെക്കുറിച്ച് വന്ന ലേഖനങ്ങൾ ഉദാഹരിച്ച് വെളിപ്പെടുത്താൻ കഴിയും. 'ഗീതാഞ്ജലി—മൂലവും പരിഭാഷകളും'[64] എന്ന ലേഖനം മൂലകൃതിയായ ബംഗാളി പാഠത്തിലെ ഒരു ഗാനത്തോട് ടാഗോറിന്റെ തന്നെ ഇംഗ്ലീഷ് പരിഭാഷയും എൻ. ഗോപാലപിള്ള നടത്തിയ സംസ്കൃത വിവിർത്തനവും കെ. സി. പിള്ളയും വി. എസ്. ശർമ്മയും ചേർന്ന് ചെയ്ത ഗദ്യവിവർത്തനവും ജി. ശങ്കരക്കുറുപ്പിന്റെ പദ്യവിവർത്തനവും തമ്മിൽ നടത്തുന്ന താരതമ്യപഠനമാണ്.

"മൂലകൃതിയിലെ പ്രയോഗങ്ങളുടെ സ്വാരസ്യം സംവേദനം ചെയ്യാൻ ഓരോ തരത്തിൽ വിവർത്തകർ ശ്രമിക്കുന്നു... വിവർത്തനങ്ങൾ എത്ര എണ്ണം വെച്ച് താരതമ്യം ചെയ്ത് തൃപ്തിയോ അതൃപ്തിയോ പ്രകടിപ്പിച്ചാലും ഒന്ന് പ്രത്യേകം പറയാം. 'ഏക്ടി നമസ്കാരേ പ്രഭു' എന്ന ഗീതത്തിന്റെ സംഗീതാത്മകതയിലടങ്ങുന്ന ഭാവസൗന്ദര്യം ഏതു

[63] വിവർത്തനവും സംസ്കാരവും, പു. 9–11.

[64] ഡോ. വി. എസ്. ശർമ്മ, വിവർത്തന ചിന്തകൾ, (എഡി.) ഡോ. വി. ആർ. പ്രബോധചന്ദ്രൻ, 1994, പു. 118–123.

വിവർത്തനത്തിനും പൂർണ്ണമായി ലഭിച്ചില്ലെന്നു വരും... ഉദാഹരിച്ച വിവർത്തനങ്ങളിലൊന്നും അപകടകരമായി യാതൊന്നും സംഭവിച്ചിട്ടില്ല എന്നും സംഭവിക്കാവുന്ന സ്വാഭാവിക പരിണാമമേ ഉണ്ടായിട്ടുള്ളൂ എന്നും കൂടി പറയട്ടെ”[65] എന്ന നിഗമനമാണ് ഈ ലേഖനത്തിനുള്ളത്. എന്നാൽ, മൂലവും പരിഭാഷയും തമ്മിലുള്ള താരതമ്യപഠനത്തിൽ നിന്നും ഭിന്നമാണ് ‘ഗീതാഞ്ജലീതർജ്ജമ’ എന്ന ഡോ. വി. ദേവിപ്രസാദിന്റെ ലേഖനം.[66] മലയാളത്തിൽ വന്ന പന്ത്രണ്ടോളം പരിഭാഷകളെ പരിചയപ്പെടുത്തുന്നതിനു മുമ്പെ ലേഖകൻ മൂലകൃതിയുടെ അനന്യതയും രചനാപരിസരവും വിവരിച്ച് ‘എന്തുകൊണ്ട് ഗീതാഞ്ജലി വിവർത്തനം’ എന്ന ചോദ്യത്തിന് ഉത്തരം തേടുന്നു.

“ഇരുഭാഷകൾക്കും സംസ്കാരങ്ങൾക്കും തമ്മിലുള്ള ജൈവഘടകമാണ് അതിന്റെ പ്രചോദനഘടകങ്ങളിൽ ഒന്ന്. ബംഗാളി സാഹിത്യ ഭാഷയിൽ കാണുന്ന സംസ്കൃത പദ പ്രാചുര്യം ആ ഭാഷ എളുപ്പത്തിൽ മനസ്സിലാക്കാൻ മലയാളിയെ സഹായിച്ചു. എന്നാൽ എന്തുകൊണ്ടാണ് ഗീതാഞ്ജലി മറ്റു ഭാഷകളിലേക്ക് ഇത്രയധികം വിവർത്തനം ചെയ്യപ്പെടാൻ കാരണമായത്. ടാഗോർ ഒരു മതസ്ഥനല്ല. ഏതെങ്കിലും പുതിയ ശാസ്ത്രതത്വങ്ങളുടെ പ്രോദ്ഘാടകനുമല്ല. വശ്യവചസ്സായ ഒരു കവിയുടെ സൃഷ്ടി, നോബൽ സമ്മാനാർഹമായ ഏക ഭാരതീയ കൃതി എന്നീ ഉത്തരങ്ങളും തൃപ്തികരമല്ല, പിന്നെയോ വളരെക്കാലമായി നമ്മുടെ ദൃഷ്ടിപഥത്തിൽ പെടാതെ കിടന്നിരുന്ന അമൂല്യങ്ങളായ ആർഷസൂക്തികളെ അതിന്റെ നിയതാർത്ഥത്തിൽ ആവിഷ്കരിച്ചു ഫലിപ്പിച്ചു എന്നതാകണം അതിനു കാരണം.”

ഓരോ കൃതിയും വിവർത്തനം ചെയ്യാനുള്ള സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങൾ അന്വേഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിർത്തന പഠനങ്ങൾ മാറുന്നു. ഇക്കാരണങ്ങൾ കൂടുതൽ സൂക്ഷ്മവും വിപുലവുമായി അന്വേഷിക്കുകയാണ് ‘ഗീതാഞ്ജലി: പരിഭാഷയുടെ ജീവിതത്തുടർച്ചകൾ’[67] എന്ന ലേഖനം.

മലയാള സാഹിത്യചരിത്രത്തിലെ സവിശേഷമായ ദിശാവ്യതിയാനം അടയാളപ്പെടുത്തുന്നവയാണ് ടാഗോർകൃതികളുടെ പരിഭാഷകൾ... ഇന്ത്യൻ നവോത്ഥാനത്തിന്റെ ദൈവരൂപങ്ങളായി വംഗ ദേശത്തെയും അവിടെയുള്ള സാഹിത്യത്തെയും തിരിച്ചറിയുന്ന പ്രവണതയുടെ തുടർച്ചയായിരുന്നു ടാഗോർകേന്ദ്രിതമായ ആരാധന. ബംഗാളിലെ ദേശീയ/സാംസ്കാരിക പ്രസ്ഥാനങ്ങളെ പരിഷ്കൃതിയുടെ ചിഹ്നങ്ങളായാണ് അന്നൊക്കെ മലയാളം എതിരേറ്റിരുന്നത്. ക്രമേണ മലയാള സംസ്കാര മണ്ഡലത്തിന്റെ നിർമ്മിതിയിലും പരിണതിയിലും അവയുടെ ഇടപെടലുകൾ നിർണായകമായി. സാമൂഹിക പ്രക്രിയ എന്ന നിലയ്ക്ക് മലയാള സാംസ്കാരികതയുടെ പ്രത്യയശാസ്ത്ര രൂപീകരണത്തിലും സാഹിത്യ ചരിത്രത്തിന്റെ ആധുനികീകരണ

65 ഡോ. വി. ആർ. പ്രബോധചന്ദ്രൻ, 1994, പു. 122–123.

66 തർജ്ജമ സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ, 1997, പു. 39–50.

67 എതിർദിശകൾ: സാഹിത്യചരിത്രത്തിലെ പക്ഷപാത(ം)ങ്ങൾ, പി. എസ്. രാധാകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017, പു. 169–178.

ത്തിലും നിരന്തര സാന്നിധ്യമാവുന്ന തർജ്ജമകളെ രാഷ്ട്രീയ വിവക്ഷകളുള്ള സർഗ്ഗ പ്രവർത്തനമെന്ന നിലയിൽ മനസ്സിലാക്കേണ്ടതുണ്ട് (അതിൽത്തന്നെ, പു. 169) എന്ന തുടക്കംതന്നെ, മാറിയ വിവർത്തന വിമർശനത്തെ വെളിപ്പെടുത്തുന്ന വിധത്തിലാണ്.[68] വിവർത്തന രചനകളെ അവ പ്രസിദ്ധീകരിക്കുന്ന സ്ഥലം, കാലം, വ്യവഹാരിക മണ്ഡലം എന്നിവയെ കൂടി പരിഗണിച്ചുകൊണ്ട് വിലയിരുത്തേണ്ടതുണ്ട്;


നിത്യചൈതന്യയതി

ഏതൊരു സ്വതന്ത്ര സാഹിത്യ സൃഷ്ടിയും പോലെതന്നെ. ആര്, ഏതുഭാഷയിൽ, ഏതുകൃതി, എപ്പോൾ, ഏതു ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്ന എന്നത് ഒരു രാഷ്ട്രീയ സാംസ്കാരിക ചോദ്യത്തിനാണ്[69] പ്രസക്തിയുള്ളത്. സാംസ്കാരിക ചരിത്ര കാലാവസ്ഥയിലെ നിർണായക സന്ധികളിലും പ്രതിസന്ധികളിലുമാണ് തർജ്ജമകൾ ഇടതടവില്ലാതെ ഉണ്ടായിക്കൊണ്ടിരുന്നതെന്ന ഇറ്റാമർ ഇവൻ സൊഹറി[70] ന്റെ ആശയത്തെ ചേർത്തുവെച്ചുകൊണ്ടാണ് ഗീതാഞ്ജലി പരിഭാഷയുടെ സാംസ്കാരികതലം പി. എസ്. രാധാകൃഷ്ണൻ അന്വേഷിക്കുന്നത്.

ഒന്നുകിൽ സാഹിത്യത്തിന്റെ വികാസദശയുടെ ആദിമകാലത്തോ അല്ലെങ്കിൽ സാഹിത്യം ഉപരിപ്ലവവും താൻപോരിമയില്ലാത്തതെന്നും സ്വയം വിലയിരുത്തുമ്പോഴോ ആയിരിക്കുമത്. ഇതിലില്ലെങ്കിൽ പിന്നെ സാഹിത്യ മണ്ഡലത്തിൽ ഏതെങ്കിലും വിധത്തിലുള്ള ദിശാവ്യതിയാനമോ പ്രതിസന്ധിയോ ഭീകരമായ ശൂന്യതയോ സംഭവിച്ചിരിക്കണം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ബംഗാളി സാഹിത്യത്തെയും ടാഗോറിനെയും കേന്ദ്രീകരിച്ചുണ്ടായ സങ്കല്പനങ്ങളിൽ ഇവ മൂന്നും മാറിയും മറിഞ്ഞും ഇടകലർന്നിട്ടുണ്ടെന്നു കാണാം. താമസിയാതെ ഇത് ടാഗോറിലേക്ക് മാത്രമായി ചാലുമാറുകയായിരുന്നു" (170).

---

68 ബംഗാളി ഗീതാഞ്ജലിയെ അവലംബമാക്കി തർജ്ജമ ചെയ്ത കെ. സി. പിള്ളയും വി. എസ്. ശർമ്മയും ചേർന്നെഴുതിയ തർജ്ജമയെക്കുറിച്ചുള്ള വിമർശനം; 'ബംഗാളിഭാഷയ്ക്ക് ചേർന്നവിധം മലയാളത്തെ പരുവപ്പെടുത്തിയെടുക്കാനാണ് ഇവരുടെ ശ്രമം. അതിലേക്ക് ഇടക്കണ്ണിയാകുന്നത് സംസ്കൃതവും. എന്നാൽ ബംഗാളി ഗീതാഞ്ജലിയുടെ സംസ്കൃത ശബ്ദങ്ങൾ മലയാളത്തിലേക്ക് പുനഃസ്ഥാപിക്കുന്നതു കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാവുകയേയുള്ളൂ' എന്ന ഭാഷാബോധത്തിലേക്കാണ് വികസിക്കുന്നത്. 'ഭാഷ ഉപയോഗിക്കപ്പെടുന്ന ഓരോ ചരിത്രസന്ദർഭവും അർത്ഥബോധന ക്ഷമങ്ങളായ സൂക്ഷ്മഘടകങ്ങളെ—ചിഹ്നങ്ങളെ ഉല്പാദിപ്പിക്കുന്നുണ്ട്. സാഹിത്യ-സാംസ്കാരിക മാതൃകകളെന്നപോലെ അവയെ പ്രത്യക്ഷീകരിക്കുന്ന ചിഹ്നങ്ങളുടെയും ചിഹ്നാത്മകതയുടെയും നില ആപേക്ഷികമാണ്' (173) എന്ന ഘടനാവാദാനന്തര ഭാഷാബോധമാണ് ഈ വിശകലനത്തിലുള്ളത്. ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് മൂലത്തിലെ ഗാർലൻഡ് (Garland) എന്ന പദത്തിനു പകരം 'വനമാല'യെന്ന് നിത്യചൈതന്യയതി പ്രയോഗിച്ചത് തർജ്ജമ പുനർരചനയാണെന്ന ആന്ദ്രെ ലെഫവെറെയുടെ നിരീക്ഷണവുമായി ചേർത്തുവെച്ച് പി. എസ്. രാധാകൃഷ്ണൻ വിശകലനം ചെയ്യുന്നു. ഗീതാഞ്ജലിയുടെ ഭാഷാന്തരണമെന്നത് പദങ്ങളുടെ സംസ്ഥാപനത്തിലോ പുനഃസ്ഥാപനത്തിലോ ഒതുങ്ങുന്ന കാര്യമല്ല.

69 സച്ചിദാനന്ദൻ, വിവർത്തനവും സംസ്കാരവും, പു. 18.

70 ഒരു ബഹുവ്യവസ്ഥയുടെ ഭാഗമാണ് വിവർത്തനം എന്ന് വിശദീകരിക്കുന്ന പോളിസിസ്റ്റം തിയറി അവതരിപ്പിച്ച ഇവൻ സൊഹറിനെ ജയാസുകുമാരൻ വിശദമായി മലയാളത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ട്. ബംഗാളി നോവലുകൾ മലയാളത്തിൽ വിവർത്തന പഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും താരതമ്യ പഠനസംഘം, 2011 (പു. 53–58).

ജയദേവനും ചൈതന്യനും ചണ്ഡീദാസനും ഉൾപ്പെട്ട വൈഷ്ണവ കാവ്യസമുച്ച യത്തിൽ നിന്നും ബൌൾ ഗാനങ്ങളുടെയും ഉപനിഷത്തുകളുടെയും ആശയ ലോക ത്തിൽ നിന്നും പൂർണ്ണസ്വാതന്ത്ര്യം നേടിയ കൃതിയല്ല ഗീതാഞ്ജലിയും മറ്റ് ടാഗോർകൃ തികളും എന്ന തിരിച്ചറിവാണ് ലേഖനം നൽകുന്നത്. "പൂർവപാഠങ്ങളിൽ നിന്നും പൂർണ്ണസ്വാതന്ത്ര്യം അവകാശപ്പെടാവാത്ത ഗീതാഞ്ജലിയുടെ ജീവിതത്തുടർച്ചകൾ അതിനുണ്ടായ തർജ്ജമകളാണ് സാധ്യമാക്കുന്നത്".[71] മൂലത്തിൽ നിന്നു ഭിന്നമായ സർഗപ്രക്രിയയായി തർജ്ജമയെ പരിഗണിക്കുന്ന ഘട്ടത്തിലേക്കാണ് ഈ വിമർ ശനം നീങ്ങുന്നത്. വാൾട്ടർ ബഞ്ചമിന്റെയും ദറിദയുടെയും ആശയങ്ങൾ വാദങ്ങളുറ പ്പിക്കാൻ യുക്തിയുക്തം ഉപയോഗിക്കുന്നുണ്ട്.

1.15 വിവർത്തകരുടെ ദൃശ്യത

ദറിദ

വിവർത്തകരുടെ പങ്കാളിത്തം കുറേക്കൂടി ദൃശ്യമാകാൻ തുടങ്ങി യത് ഇക്കാലത്താണ്. വാക്കുകൾ മാറ്റിവെയ്ക്കുന്ന പ്രവർത്തന രഹിതമായ (passive) ക്രിയയല്ല, മറിച്ച് അർത്ഥനിർമ്മിതിയും പാഠരൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തന ഭരിതമായ (active) ഒന്നാണ് വിവർത്തനം. പരമ്പരാഗത 'വിശ്വസ്തതാ' സങ്കല്പനത്തിൽ നിന്നും ഏറെ വ്യത്യാസം വിവർത്തകരുടെ മധ്യ സ്ഥതയ്ക്കുണ്ട് (agency). വിവർത്തകർ അദൃശ്യതയിൽ നിന്നും ദൃ ശ്യതയിലേക്കെത്തുന്നത് ഘടനാവാദാനന്തര ചിന്തകളിലാണ്.[72] ഏജൻസി എന്ന സങ്കല്പനത്തിലൂടെ വിവർത്തന പ്രക്രിയയിൽ വിവർത്തകരുടെ സജീവ പങ്കാളിത്തം

---

[71] പി. എസ്. രാധാകൃഷ്ണൻ, എതിർദിശകൾ: സാഹിത്യ ചരിത്രത്തിലെ പക്ഷപാത(ം)ങ്ങൾ, പി. എസ്. രാധാകൃഷ്ണൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017, പു. 175.

[72] വിവർത്തകർക്ക് പ്രാധാന്യമുണ്ട്, അവരുടെ തിരഞ്ഞെടുപ്പാണ് വിവർത്തനങ്ങളുടെ രൂപവും ഭാ വവും നിർണ്ണയിക്കുന്നത്. ഓഥർ അഥവാ ഗ്രന്ഥകർത്താവ് മുന്നേ നിശ്ചയിച്ചുറപ്പിച്ച അർത്ഥമല്ല പാഠത്തിലുള്ളത് എന്ന് ബാർത്ത് ഓഥറിന്റെ മരണം (1967) എന്ന ലേഖനത്തിൽ വിശദീകരിച്ച ത് വിവർത്തന ചിന്തകളിൽ മാറ്റം വരാൻ കാരണമായി. പാഠത്തിന്റെ ഉടമസ്ഥതയും (authority) അവകാശവും ((authership) എന്നതിനെ കുറിച്ചുള്ള പരമ്പരാഗത ധാരണകൾക്ക് മങ്ങലേറ്റു. എഴു ത്തുകാർ വിചാരിച്ചതോ അനുഭവിച്ചതോ വൈയക്തിക സന്ദർഭമോ പാഠസൃഷ്ടിക്കു ശേഷം അതിന്റെ അർത്ഥമാകണമെന്നില്ല. പാഠഭാഗവും വായനക്കാരും തമ്മിലാണ് ബന്ധം. അവർ തമ്മിലാണ് ഭാ ഷയിലൂടെ ഇടപെടുന്നത്. ഈ ബന്ധമാണ് അർത്ഥ വിനിമയവും വ്യാഖ്യാനവും നിർമ്മിക്കുന്നത്. വിവർത്തനത്തിലും വിവർത്തകർക്കാണ് പ്രധാനപങ്ക്. ദറിദയുടെ ആശയങ്ങൾ പോലെ ഇവി ടെയും വിവർത്തകരുടെ പ്രാധാന്യം ഊന്നിപ്പറയാൻ റൊളാങ് ബാർത്തിന് കഴിഞ്ഞു. പാഠത്തി നുമേൽ എഴുത്തുകാരുടെ ഉടമസ്ഥത മാത്രമല്ല പ്രവർത്തിക്കുന്നതെങ്കിൽ, അഥവാ അർത്ഥത്തിന്റെ ഏക ഉറവിടം എഴുത്തുകാരല്ലെങ്കിൽ ഓരോ വാചകവും വ്യാഖ്യാനിക്കാനും പുനർനിർമ്മിക്കാനും വി വർത്തകർക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കും. സ്രോത ഭാഷാ കൃതിയുടെ അർത്ഥം കൃത്യമാകണമെ ന്നില്ല, എല്ലായ്പ്പോഴും അത് അസ്ഥിരമാണ്. അത് വിവർത്തകരുടെ വ്യാഖ്യാനത്തിന്റെയും ലക്ഷ്യ ഭാഷയിലെ ആഖ്യാന രീതിയുടെയും അടിസ്ഥാനത്തിലാണ് വിനിമയം ചെയ്യുന്നത്. വ്യാഖ്യാനവും ആഖ്യാനവും നടത്തുന്നത് സർഗ്ഗാത്മക നിർവാഹകർ എന്ന നിലയിൽ വിവർത്തകരാണ്. ആധി കാരികമായ ഒറ്റ അർത്ഥത്തിലാക്കാവില്ല, ഒരു വീക്ഷണ ഗതിയിലുള്ള അർത്ഥത്തിലേക്കാണ് വി വർത്തന പ്രക്രിയ പോകുന്നത്.

ഉറപ്പിക്കാൻ ഘടനാ വാദാനന്തര കാലത്തിന് കഴിഞ്ഞു. വിവർത്തകരുടെ നിഷ്ക്രിയത്വമല്ല, മറിച്ച് അവരുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളും തിരഞ്ഞെടുപ്പുകളും നിലപാടുകളുമാണ് അന്തിമ ഉല്പന്നം രൂപപ്പെടുത്തുന്നത്.[73] സ്വന്തം ധാരണ, വ്യാഖ്യാനം, ഉദ്ദേശ്യം, പരിമിതികൾ, നൈപുണി, അനുഭവങ്ങൾ, ഇരുഭാഷകളും സംസ്കാരങ്ങളുമായുള്ള പരിചയം എല്ലാം വിവർത്തനം ഉൾക്കൊള്ളുന്നുണ്ട്. വിവർത്തകർ പ്രവർത്തിക്കുന്ന സാമൂഹിക സാംസ്കാരിക പരിസരം, ചരിത്ര സന്ദർഭങ്ങൾ, മൂല്യങ്ങൾ, സ്ഥാപനങ്ങൾ, വിശ്വാസങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ, വിവർത്തനത്തിലേർപ്പെടാനുള്ള കാരണം (Skopos) തുടങ്ങിയവയെല്ലാം വിവർത്തനത്തിൽ ഇടപെടുന്നു. ഈ തിരിച്ചറിവുകൾ വിവർത്തകരുടെ ദൃശ്യതയിലേക്ക് മാത്രമല്ല, പോസ്റ്റ് കൊളോണിയൽ, സ്ത്രീവാദ വിവർത്തന സിദ്ധാന്തങ്ങളുടെയും മറ്റും ആശയങ്ങൾക്ക് ബലിഷ്ഠമായ അടിത്തറ നൽകുന്നു.

അർത്ഥവും അറിവും രൂപപ്പെടുത്തുന്നതിനു പിന്നിൽ അധികാര ഘടനകൾ പ്രവർത്തിക്കുന്നത് എങ്ങനെ എന്നാണ് ഡിസ്കോഴ്സ് (discourse) എന്ന സങ്കല്പനത്തിൽ ഫൂക്കോ വിശദീകരിക്കുന്നത്.[74] വിവർത്തനത്തെ വെറും ഭാഷാപരമായ പ്രവർത്തനം എന്നല്ല ഫൂക്കോ കാണുന്നത്. വാക്കുകളിൽ ഉൾക്കൊള്ളുന്ന അധികാര ബന്ധങ്ങളും അവയുൾക്കൊള്ളുന്ന ഒരു വ്യവഹാരമാണ്. പ്രബല, പാർശ്വവൽകൃത

---

73 വിവർത്തനങ്ങളെല്ലാം ആത്മനിഷ്ഠങ്ങളാണ്. വിവർത്തകരുടെ കാലം, അറിവുകൾ, സാംസ്കാരിക പശ്ചാത്തലം, ഭാഷാശേഷി, തിരഞ്ഞെടുപ്പുകൾ തുടങ്ങിയവയെല്ലാം അതിലുണ്ടാവും. സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ മാനദണ്ഡങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒരു പാഠത്തിന് പല വിവർത്തനങ്ങൾ വരുന്നത് അതിനാലാണ്. രാമായണ-മഹാഭാരതാദി ഇതിഹാസങ്ങൾക്കും ഷേയ്ക്സ്പിയർ പോലുള്ള കൊളോണിയൽ പാഠങ്ങൾക്കും വന്ന വിവർത്തനങ്ങളിൽ വ്യത്യസ്ത സാംസ്കാരിക, കാലിക സന്ദർഭങ്ങളുടെ പ്രതിഫലനം കണ്ടെത്താം. പാഠത്തിന് ഉണ്ടാകാവുന്ന പരമാവധി അർത്ഥ സാധ്യതകൾ വിവർത്തനത്തിനും പരമാവധി സാധ്യതയാകുന്നു. സൂസൽ ബാസ്നെറ്റ്, ആൻഡ്രെ ലഫവെറെ തുടങ്ങിയ പില്ക്കാല വിവർത്തന ചിന്തകർ വിവർത്തനത്തെ പുനരെഴുത്ത് (rewriting) ആയിട്ടാണ് പരിഗണിക്കുന്നത്. ഉടമസ്ഥയുമായി ചേർത്താണ് പറയുന്നതെങ്കിൽ വിവർത്തനത്തിൽ വിവർത്തകർക്ക് പാഠത്തിന്മേൽ തുല്യ ഉടമസ്ഥത (co-author) ഉണ്ട്. ഇത്തരത്തിൽ വിവർത്തകരെ ശാക്തീകരിക്കുക മാത്രമല്ല, വ്യാഖ്യാനപരവും നിർമ്മാണപരവുമായ വിവർത്തന പ്രക്രിയ കൂടുതൽ വെളിച്ചം കാണുകയും വിവർത്തന പഠനങ്ങൾ വൈജ്ഞാനിക രംഗത്ത് പ്രാധാന്യം കൈവരിക്കുകയും ചെയ്തു.

74 ദറിദയുടെ ഡിഫറാൻസ് (Differance), ഫൂക്കോയുടെ വ്യവഹാരം (ഡിസ്കോഴ്സ്), ദറിദയുടെ ഓഥറിന്റെ മരണം (death of the author) എന്നീ സങ്കല്പനങ്ങളാണ് വിവർത്തനത്തിലെ സങ്കീർണ്ണതകൾ വെളിപ്പെടുത്തിയ സൈദ്ധാന്തിക സങ്കേതങ്ങൾ. അർത്ഥത്തിന്റെ അസ്ഥിരതയും കൃത്യതയില്ലായ്മയും ബഹുസ്വരതയും ചർച്ചാവിധേയമായി. പാഠത്തിന് സ്ഥിരമായ ഒരർത്ഥം ഇല്ല, അത് നിരന്തരം മാറിക്കൊണ്ടിരിക്കുന്നു, അതുമാകാം ഇതുമാകാം എന്ന മട്ടിൽ പരമാവധി സാധ്യതകളിലേക്ക് അർത്ഥം നീട്ടിവെച്ചുകൊണ്ടിരിക്കുന്നു. വിവർത്തന പ്രക്രിയയിൽ സമമൂല്യമായ പദം വ്യത്യസ്ത ഭാഷയിൽ കണ്ടെത്തുക എന്നതിന്റെ അപ്രായോഗികത ഡിഫറാൻസ് വെളിപ്പെടുത്തി. വിവർത്തന പ്രക്രിയയിലും സമമൂല്യമായ വാക്കുകളുടെ അർത്ഥം വഴുതി മാറിക്കൊണ്ടിരിക്കും. സമമൂല്യമായ അർത്ഥത്തിനു വേണ്ടി ശ്രമിക്കുന്ന വിവർത്തകർക്ക് അർത്ഥത്തിന്റെ ഏതെങ്കിലും ഒരു സാധ്യതയാണ് ലക്ഷ്യഭാഷയിൽ എത്തിക്കാൻ കഴിയുന്നത്. അർത്ഥം എല്ലായ്പ്പോഴും മറ്റു പാഠങ്ങളുമായും പാഠ സന്ദർഭങ്ങളുമായും ബന്ധപ്പെട്ടാണ് നിൽക്കുന്നത്. വാക്കുകളുടെ വിനിമയം മാത്രമല്ല വിവർത്തനം സ്രോതപാഠത്തിലെ പാഠാന്തര (intertextuality) ബന്ധങ്ങൾ കൂടി ലക്ഷ്യപാഠത്തിലെത്തിക്കേണ്ടത് വിവർത്തകരുടെ കടമയാണ്.

ഭാഷകൾ, കൊളോണിയൽ, പോസ്റ്റ് കൊളോണിയൽ പരിസരങ്ങൾ, പ്രാദേശികവും ആഗോളവുമായ പരിസരം തുടങ്ങിയ അധികാര ബന്ധങ്ങൾ വിവർത്തനത്തിൽ ഇടപെടുന്നുണ്ട്. വിവർത്തന പാഠങ്ങൾ തിരഞ്ഞെടുക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും ഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിലും ഒഴിവാക്കുന്നതിലും ഊന്നിപ്പറയുന്നതിലും ഈ അധികാര ബന്ധങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിവർത്തനങ്ങൾ പഠനത്തിനെടുക്കുമ്പോൾ ഇത്തരം വ്യവഹാരങ്ങളിലാണ് ശ്രദ്ധ പുലർത്തേണ്ടത്. സ്ത്രീ, ദളിത്പക്ഷ വിവർത്തനങ്ങളിൽ പർശ്വവൽകൃത ശബ്ദങ്ങൾക്ക് ഊന്നൽ കൊടുക്കുന്നതും പ്രബലാധികാരത്തെ വെല്ലുവിളിക്കുന്നതും ഉദാഹരണമാണ്. ലക്ഷ്യപാഠത്തിൽ അറിവു നിർമ്മിക്കുന്നതിൽ വിവർത്തകർക്കാണ് മുഖ്യപങ്ക്. ചരിത്രപരമായ സന്ദർഭങ്ങൾ വിവർത്തനത്തെ സ്വാധീനിക്കും. ഗീതാഞ്ജലിയുടെയും റുബയ്യാത്തിന്റെയും ശാകുന്തളത്തിന്റെയും വിവർത്തനചരിത്രം ഉദാഹരണമായി എടുക്കാം. വിവർത്തന മാനദണ്ഡങ്ങളും സമ്പ്രദായങ്ങളും വികസിച്ചതിനു പിന്നിലും അധികാരവും അറിവും പ്രവർത്തിക്കുന്നുണ്ട്. സാമൂഹികവും രാഷ്ട്രീയവുമായ പ്രസ്ഥാനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ആക്ടിവിസ്റ്റ് എന്ന തരത്തിലുള്ള വിവർത്തന പ്രവർത്തനമാണ്. കൊളോണിയൽ അധികാരത്തെ വിവർത്തനത്തിലൂടെ ഉല്പാദിക്കുന്നതും പ്രതിരോധിക്കുന്നതും പുനർനിർമ്മിക്കുന്നതുമായ ഉദാഹരണങ്ങൾ ധാരാളം കൊളോണിയൽ, പോസ്റ്റ്കൊളോണിയൽ സന്ദർഭങ്ങളിലെ വിവർത്തനങ്ങളിലും വിവർത്തന പഠനങ്ങളിലും ധാരാളമുണ്ട്. ജെൻഡർ വ്യവഹാരങ്ങൾ എങ്ങനെ രൂപപ്പെടുന്നു, ശക്തിപ്പെടുത്തുന്നു, വെല്ലുവിളിക്കുന്നു എന്നത് ബൈബിൾ വിവർത്തനം തൊട്ടുള്ള പാഠങ്ങൾ തെളിവാണ്.

1.16 വിവർത്തനവും ലിംഗഭേദവും

വിവർത്തനവും ലിംഗഭേദവും തമ്മിലുള്ള വിഷയങ്ങൾ ഫെമിനിസത്തിന്റെ പ്രായോഗിക പരിസരത്തിൽ വളരെയധികം ചർച്ചയ്ക്കു വന്നിട്ടുണ്ട്.[75] 'എന്താണ് സ്ത്രീ'യെന്ന ഉത്തമബോധ്യത്തോടെയും സ്ത്രീയെന്ന നിലയിൽ വായന നടത്തിയുമാണ് ഫെമിനിസ്റ്റു ചിന്തകർ അക്കാദമിക മേഖലയിൽ പ്രവർത്തിക്കുന്നത്. പിതൃകേന്ദ്രിത സാംസ്കാരിക വീക്ഷണത്തിലാണ് വിവർത്തന പഠനത്തിൽ മൂലകൃതിയും വിവർത്തനവും പ്രതിനിധാനം ചെയ്തത്. 'സ്ത്രീകളെപ്പോലെ വിവർത്തനം ഒന്നുകിൽ മനോഹരമാണ് അല്ലെങ്കിൽ വിശ്വസ്തമാണ്' (like women,..., translations should be

75 സംഘടിത (അന്വേഷി പ്രസിദ്ധീകരണം, കോഴിക്കോട്ട്) മാസികയുടെ 'സ്ത്രീയും വിവർത്തനവും' എന്ന സവിശേഷ ലക്കത്തിൽ (2015 ജൂലൈ) മലയാളത്തിലെ മുപ്പതിലധികം സ്ത്രീ വിവർത്തകർ അവരുടെ വിവർത്തനാനുഭവങ്ങൾ പങ്കുവെച്ചിരുന്നു. ലീലാസർക്കാർ, വാസന്തി ശങ്കരനാരായണൻ, രമാമേനോൻ എന്നിവർ തൊട്ട് പ്രഭാ സക്കറിയാസ്, മിനിപ്രിയ ആർ., ബിന്ദു വി. എസ്. വരെയുള്ളവർ അതിലെഴുതി. ജെ. ദേവിക 'ഫെമിനിസ്റ്റ് ജാഗ്രതയും പരിഭാഷയും: പ്രാദേശിക ഫെമിനിസത്തെക്കുറിച്ചുള്ള ചില ചിന്തകൾ' പു. 23–25) കബനി ('വിവർത്തനം, സ്ത്രീ... ' പു. 32–35) എന്നിവർ ഫെമിനിസ്റ്റ് വിവർത്തനത്തെക്കുറിച്ചും എഴുതി. വിവർത്തന പുസ്തകങ്ങളിൽ തീരെ ചെറിയ ഫോണ്ട് സൈസിൽ അച്ചടിച്ചിരുന്ന വിവർത്തകരുടെ പേരുകൾ ഇക്കാലമായപ്പോഴേക്കും അല്പസ്വല്പം വലുതായിത്തുടങ്ങി. പുസ്തകങ്ങളിൽ അനുഭവങ്ങൾ എഴുതാനുള്ള ഒന്നോ രണ്ടോ പുറങ്ങളും വിവർത്തകർക്ക് അനുവദിക്കുന്ന അവസരങ്ങളുമുണ്ടായി.

either beautiful or faithfull) വിവാഹത്തിനും വിവർത്തനത്തിനും ഒരുപോലെ പ്രയോഗിക്കുന്ന ഈ പരാമർശം പതിനേഴാം നൂറ്റാണ്ടിലെ ഫ്രാൻസിൽ രൂപമെടുത്തതാണ്. തികച്ചും സ്ത്രീവിരുദ്ധമായ ഈ ആശയം മൂലകൃതിയുടെ ആണത്തത്തിനും കർതൃത്വാധികാരത്തിനും (authorship) മൂല (original) പ്രഭാവ മനോഭാവത്തിനും തുടങ്ങി വിവർത്തനവുമായി ബന്ധപ്പെട്ട എല്ലാവിധ ലിംഗഭേദ ചിന്തകൾക്കും വിരാമമിടാൻ ഘടനാവാദാനന്തര കാലത്ത് സ്ത്രീവാദ ചിന്തകൾ ഉപയോഗിച്ചു. രാഷ്ട്രീയ ആക്ടിവിസം എന്ന നിലയിൽ സ്ത്രീവിവർത്തന ചിന്തകൾ വികസിക്കുന്നത് പില്ക്കാലത്താണ്[76] യൂറോസെൻട്രിക് അഥവാ പാശ്ചാത്യാശയങ്ങളുടെ സങ്കുചിതത്വത്തെ മറികടക്കാൻ ശ്രമിച്ചും വ്യത്യസ്ത ദേശങ്ങളിലും കാലങ്ങളിലും അജണ്ടകളിൽ വേണ്ട മാറ്റം വരുത്തിയും രാഷ്ട്രീയ ശബ്ദങ്ങൾ ഉയർത്തിയും ഫെമിനിസ്റ്റ് ചിന്തകൾ ശ്രദ്ധേയമായി.[77] സാംസ്കാരിക പാരമ്പര്യം ഉൾപ്പെടെ സാഹിതീയവും അല്ലാത്തതുമായ കാര്യങ്ങളിൽ ജാഗ്രത പാലിക്കേണ്ടതും ഫെമിനിസ്റ്റ് ആശയങ്ങളിൽ അവ ഏറ്റവും പ്രധാനമാകുന്നതും ഇക്കാലത്താണ്. ലാറി ചേംബർലൈൻ (Lori Chamberlain) വിവർത്തന പഠനത്തിലെ 'ലിംഗഭേദ', 'സ്ത്രീവിരുദ്ധ', 'രണ്ടാംകിട' പരാമാർശങ്ങൾ പ്രത്യേകമായെടുത്ത് പഠനം നടത്തിയതാണ് 'Gender and the metaphorics of translation' (1988) എന്ന ലേഖനം.[78] പിതൃകേന്ദ്രിത അധികാരഘടന മുൻനിർത്തി സാഹിത്യ, വിവർത്തന പഠനങ്ങളിലെ സ്ത്രീപക്ഷ ആശയങ്ങൾ ഉയർന്നുവന്നത് 1970-80കളിൽ അഥവാ ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിന്റെ അവസാനത്തിലാണ്. ഭാഷയിലെ ആണധികാരത്തെക്കുറിച്ചും Gender and Language വിഷയത്തിൽ ലോകഭാഷകളെ മുൻനിർത്തിയും ചർച്ചകളും സംവാദങ്ങളും നടന്നു. വിവർത്തനത്തിലൂടെ ആണധികാര സ്വഭാവമുള്ള ഭാഷയെ മറികടക്കാൻ (hijacking) കഴിയും.[79] ആധിപത്യത്തിന്റെ എല്ലാ രൂപങ്ങൾക്കും എതിരായ ചെറുത്തുനില്പ് എന്ന ആശയം വിവർത്തനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശ്രദ്ധ കൊടുക്കാൻ ഫെമിനിസ്റ്റ് ചിന്തകരെ പ്രേരിപ്പിച്ചു. ലാറി ചേംബർലൈൻ കൂടാതെ

---

76 Feminist Translational Studies: Local and Transnational Perspectives, ed. by Olga Castro and Emek Ergun, Routledge, NewYork, 2017.

77 ജെ. ദേവിക ('ഫെമിനിസ്റ്റ് ജാഗ്രതയും പരിഭാഷയും: പ്രാദേശിക ഫെമിനിസത്തെക്കുറിച്ചുള്ള ചില ചിന്തകൾ' പു. 23–25) സംഘടിത (അന്വേഷി പ്രസിദ്ധീകരണം, കോഴിക്കോട്ട്) മാസിക.

78 For les belles infidels, fidelity is defined by an implicit contract between translation (as women) and original (as husband, father, or author). However, the infamous "double standared" operates here as it might have in traditional marriages: the "unfaithful" wife/translation is publicily പൊളിച്ചെഴുതിried for crimes the husband/original is by law incapable of committing. This contract, in short, make it impossible for the original to be guilty of infidelity. Such an attuttude betrays real anxiety about the problem of paternity and translation; it mimics the patrilineal kinship system where paternity-not maternity ligitimises an offspring Lori Chamberline, The Translation Studies Reader, Ed. Lawrence Venuti, Chapter 23.

79 Feminist Translation: Contexts Practices and Theories, Luise Von Flotov, www.erudit.org, 1991.

Sherry Simon, Barbara Godard, Susanne de Lotbiniere എന്നിവരും ഫെമിനിസ്റ്റ് വിവർത്തന ചിന്തകരിൽ പ്രധാനികളാണ്.[80] ഷെറി സൈമണിന്റെ[81] Gender in Translation: Cultural Identity and the Politics of Transmission എന്നതിലൂടെ[82] വിവർത്തനത്തിലെ ഫെമിനിസ്റ്റ് കാഴ്ചപ്പാടുകൾക്ക് കൂടുതൽ അംഗീകാരം കിട്ടി. ഫെമിനിസ്റ്റ് വിവർത്തനത്തിന് പുതിയ സാംസ്കാരികാർത്ഥങ്ങൾ നിർമ്മിക്കാനും സാമൂഹിക മാറ്റങ്ങൾക്ക് കാരണമാകാനും കഴിയും.

മിഖായേൽ ബക്തിൻ

വിവർത്തനം എന്നത് ഭാഷയെക്കുറിച്ചോ പാഠത്തെക്കുറിച്ചോ മാത്രമുള്ളതല്ല, അധികാരം, സ്വത്വം, സാംസ്കാരിക ഇടങ്ങൾ, ആഗോള മുതലാളിത്തം തുടങ്ങി നിരവധി ആശയങ്ങളുമായി ചേർന്നാണ് നിൽക്കുന്നത്.[83] The Cambridge Handbook of Translation[84] -ന്റെ പതിനാലാം അധ്യായം വിവർത്തനവും ലൈംഗികതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ്.[85] The Routledge Handbook of Translation and Sexuality[86] വിവർത്തന പഠനങ്ങളും ക്വീർ പഠനങ്ങളും ചേരുന്ന ഇന്റർ ഡിസിപ്ലിനറി സമീപനങ്ങൾ ചർച്ചചെയ്യുന്നതോടൊപ്പം ലൈംഗികതയെക്കുറിച്ചുള്ള സാംസ്കാരികാശയങ്ങൾ ലോകഭാഷകളിലുടനീളം വിവർത്തനം ചെയ്യുന്നതിന്റെ രീതികളും അന്വേഷിക്കുന്നു. ഗായത്രി ചക്രവർത്തി സ്പിവാക് സൂചിപ്പിക്കുന്ന 'ഉത്തരവാദിത്ത വിവർത്തന'മെന്ന (responsible translation) ആശയം ടാഗോറിന്റെ കൃതികൾ ഉദാഹരണമാക്കി വിശദീകരിക്കുന്ന 'A Manifesto for Postcolonial Queer Translation Studies' (Rahul K. Gairola), ആഗോളാനന്തര കാലത്തിലെ വിവർത്തനങ്ങളിൽ LGBT പോലുള്ള വ്യത്യസ്തമായ അന്തർസ്വത്വങ്ങൾ വെളിപ്പെടുത്തേണ്ടതിന്റെ പ്രസക്തി വിശദമാക്കുന്ന 'Displacing LGBT: Global Englishes Activism and Translated Sexualities' (Serena Bassi) എന്നീ ലേഖനങ്ങൾ ഉൾപ്പെടുന്ന Feminist Translationl Studies: Local and Transnational Perspectives (2017)[87] എന്നീ ലിംഗഭേദവുമായി ബന്ധപ്പെടുന്ന പുതിയ പുസ്തകങ്ങളെല്ലാംതന്നെ ലൈംഗിക സ്വത്വങ്ങളെയും ഉൾപ്പെടുത്തുന്ന ചർച്ചകൾ നടത്തുന്നുണ്ട്.

പോസ്റ്റ് സ്ട്രക്ചറലിസം പാഠത്തിനുള്ള ബഹുത്വം (multiplicity), ശിഥില രൂപം (fragmentation) തുടങ്ങിയവ വെളിപ്പെടുത്തിയത് വിവർത്തന പഠനത്തിലും

80 സ്ത്രീപക്ഷവിവർത്തന ചിന്തകളുടെ കനേഡിയൻ സ്കൂൾ എന്ന് ഇത് അറിയപ്പെടുന്നു
81 കനേഡിയൻ വിവർത്തന പണ്ഡിതയും ഫ്രഞ്ച് പഠനത്തിലെ പ്രൊഫസറുമാണ്.
82 Routledge, 1996. https://sayahna.net/58pb4wun
83 ക്വീർ പ്രവർത്തനമായി വിവർത്തനം മാറുന്നതിനെക്കുറിച്ച് കേംബ്രിഡ്ജ് ഹാൻഡ്ബുക്കിലെഴുതിയ Brian James Baer-ന്റെ 'Queer Theory and Translation Studies: Language, Politics, Desire' എന്ന ലേഖനം വിശദീകരിക്കുന്നുണ്ട്.
84 Ed. by, Kirsten Malmkaer, Cambridge University Press, 2022.
85 'Translation, Gender and Sexuality', By Brian James Baer, pp. 277–297.
86 Routledge, 2024.
87 Ed. By Olga Castro and Emek Ergun, Routledge, 2017.

പ്രധാനമായി. എല്ലാ പാഠങ്ങളും സങ്കീർണ്ണമാണ്. ഏകശിലാരൂപമല്ല അതിനുള്ളത്. വിവിധതരം ശബ്ദങ്ങളും ഘടകങ്ങളും ചേർന്നതാണ് ഓരോ പാഠവും. ഒന്നിലധികം സാധുവായ വ്യാഖ്യാനങ്ങളും ശരികളുമാണ് ഓരോ പാഠത്തിലുമുള്ളത്. ഈ സങ്കീർണ്ണതയിലും ബഹുത്വത്തിലുമാണ് വിവർത്തകർ ഇടപെടുന്നത്. വിവർത്തകർ നടത്തുന്ന പൊളിച്ചെഴുത്തുകളുടെ ചരിത്രം ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളെ മുൻനിർത്തി കെ. എം. ഷെറീഫ് വിശദമാക്കുന്നത് ശ്രദ്ധേയമാണ്.[88] ഒരു വാക്യത്തിൽ ഒന്നിലധികം ശബ്ദങ്ങളുടെയും വ്യവഹാരങ്ങളുടെയും സാന്നിധ്യവും പരസ്പരബന്ധവും ഉണ്ടെന്ന് മിഖായേൽ ബക്തിനാണ് ബഹുസ്വരത (polyphony) എന്ന സങ്കല്പനത്തിലൂടെ വ്യക്തമാക്കിയത്. ദസ്തയേവ്സ്കിയുടെ നോവലുകളുടെ പഠനത്തിലാണ് ബഹുസ്വരതയെക്കുറിച്ചുള്ള ആശയം വികസിപ്പിച്ചത്. സ്വതന്ത്രവും പരസ്പരബന്ധമില്ലാത്തതുമായ ഒന്നിലധികം ശബ്ദങ്ങളും ബോധങ്ങളും ദസ്തയേവ്സ്കി കൃതികളിൽ സഹവർത്തിത്വത്തോടെ വർത്തിക്കുന്നത് അദ്ദേഹം കാണിച്ചു. വാക്യത്തിനുള്ളിലെ ബഹുസ്വരത സംരംക്ഷിക്കുന്നതിനാണ് സർഗ്ഗാത്മക കൃതികളുടെ വിവർത്തകർ പരിഗണന നൽകേണ്ടത്. സ്രോത പാഠത്തിലെ വ്യത്യസ്ത ശബ്ദങ്ങളും വീക്ഷണങ്ങളും ലക്ഷ്യ പാഠത്തിലും പരിപാലിക്കേണ്ടതുണ്ട്. രചയിതാവിന്റെ സ്വരം, ആഖ്യാതാവിന്റെ സ്വരം, വിവിധ കഥാപാത്രങ്ങളുടെ തനതു സംഭാഷണരീതികൾ, ഭാഷാഭേദങ്ങൾ, വ്യതിരിക്തതകൾ തുടങ്ങിയ ഭാഷാവൈവിധ്യം എന്നിങ്ങനെ വ്യത്യസ്ത ആഖ്യാന സ്വരങ്ങൾ വിവർത്തനത്തിലും നിലനിർത്തേണ്ടതുണ്ട്. പാഠത്തിൽ ഉൾച്ചേർന്ന സാംസ്കാരിക സൂക്ഷ്മശബ്ദങ്ങളും പ്രധാനമാണ്. ലക്ഷ്യ ഭാഷയുടെ ഭാഷാപരവും ശൈലീപരവുമായ സവിശേഷതകൾ ചേർത്തുവെച്ചാണ് സ്രോത ഭാഷാ പാഠം പുനർനിർമ്മിക്കേണ്ടത്. ധാർമ്മികവും പ്രത്യയശാസ്ത്രപരവുമായ പരിഗണനകൾക്ക് മുൻഗണന നൽകി സ്രോത പാഠ സമഗ്രത വിവർത്തനത്തിലെത്തിക്കാനാണ് ശ്രമിക്കേണ്ടത്. ഇവിടെ വാക്യത്തിന്റെ ബഹുസ്വരതയും മൂലഗ്രന്ഥത്തിന്റെ സാംസ്കാരിക സമ്പന്നതയും ഒഴിവാക്കുന്ന വിവർത്തന പ്രക്രിയയിലെ തദ്ദേശവൽക്കരണ (domestication) പരിപാടി അത്ര വിജയിക്കില്ല.

88 'വിവർത്തനം മലയാളത്തിൽ', കെ. എം. ഷെറീഫ്, വിവർത്തന താരതമ്യ പഠനത്തിലെ നൂതന പ്രവണതകൾ, എഡി. മുഹമ്മദ് റാഫി എൻ വി, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പ്രസിദ്ധീകരണം, പു. 110–131.

1.17 കോളനിയനന്തര വിവർത്തന പഠനങ്ങൾ

ഗായത്രി സ്പിവാക്

ഘടനാവാദാനന്തര ചിന്തകളാണ് വിവർത്തന പ്രക്രിയയുടെ പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കാൻ ഇടയാക്കിയത്.[89] പാഠത്തിന്റെ സാംസ്കാരികവും സാന്ദർഭികവുമായ സംവേദനക്ഷമതയുടെ പ്രാധാന്യം, വിവർത്തനത്തിന് ഇടയാക്കിയ സാഹചര്യം (context), സംസ്കാരം, അധികാര ബന്ധങ്ങൾ തുടങ്ങിയവ വിവർത്തന പ്രക്രിയയിൽ ഇടപെടുന്നുണ്ട്. മലയാളത്തിലേക്ക് രാമചരിതവും അധ്യാത്മ രാമായണവും നമ്പ്യാർകൃതികളും വന്നത് ഓരോരോ സാംസ്കാരിക സാഹചര്യത്തിലാണ്. സ്രോതപാഠത്തിന്റെ അർത്ഥത്തെ സ്വാധീനിക്കുന്ന സാംസ്കാരിക സൂചനകളും പരിസരങ്ങളും മനസ്സിലാക്കുന്നതു പോലെ ലക്ഷ്യ സംസ്കാരത്തിന്റെ സന്ദർഭം വിവർത്തന തിരഞ്ഞെടുപ്പുകളെ എങ്ങനെ ബാധിക്കുന്നുവെന്നതും പ്രധാനമാണ്. ഇന്ത്യൻ പ്രാചീന രചനകളുടെയും ഇന്ദുലേഖയുടെയും മഹാശ്വേതാദേവിയുടെ 'സ്തനദായിനി' യുടെയും മറ്റും കൊളോണിയൽ കാലത്തെ ഇംഗ്ലീഷ് വിവർത്തനങ്ങൾ തെളിവാണ്.[90] കൊളോണിയൽ ആധിപത്യത്തെ നിലനിർത്തുന്നതിനും ചെറുക്കുന്നതിനും അട്ടിമറിക്കുന്നതിനുമുള്ള ഉപകരണമായി വിവർത്തനം വർത്തിക്കുന്നത് ഇത്തരത്തിലാണ്. പാഠത്തിന്റെ സങ്കരസ്വഭാവം (hybridity) എങ്ങനെ വിവർത്തനത്തിൽ ഉപയോഗിക്കുന്നു എന്നതാണ് ശ്രദ്ധിക്കേണ്ടത്. എപ്പിക്യൂറിയനിസം എന്ന ആശയത്തിൽ ആത്മീയ ദർശനമുള്ള ഒമർഖയാമിന്റെ റുബയ്യാത്തിന് ഇംഗ്ലീഷ് വിവർത്തനം നടത്തിയതിന് പിന്നിൽ അധികാര ഘടനയിൽ വിവർത്തകർ എടുത്ത സ്വാതന്ത്ര്യമാണ്. വിട്ടുകളയണോ വിളക്കിച്ചേർക്കണോ മാറ്റിഎഴുതണോ എന്ന സ്വാതന്ത്ര്യം വിവർത്തകർക്ക് നൽകുന്നത് നിലവിലുള്ള അധികാരഘടനയാണ്. വില്യം ജോൺസ് ചെയ്ത അഭിജ്ഞാന ശാകുന്തളത്തിന്റെ വിവർത്തനം കോളണിയധികാരത്തിൽ നടത്തിയ തദ്ദേശവൽക്കരണത്തിന് മറ്റൊരുദാഹരണമാണ്.[91] വിവർത്തനവും രാഷ്ട്രീയവും തമ്മിലുള്ള ബന്ധമാണ് പ്രധാനം. ഘടനാവാദാനന്തര, കോളോണിയനന്തര, ഫെമിനിസ്റ്റ് സൈദ്ധാന്തിക, പ്രായോഗിക ചട്ടക്കൂ

89 വിവർത്തന പഠനങ്ങൾ (ഡോ. പി. സോമനാഥൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014) എന്നത് ഘടനാവാദനന്തര വിവർത്തന ചിന്തകൾ, ബഹുവ്യവസ്ഥാ സിദ്ധാന്തം, കോളനിയനന്തര വിവർത്തന സിദ്ധാന്തങ്ങൾ എന്നിവ വിവരിക്കുന്ന പുസ്തകമാണ്.

90 മഹാശ്വേതാദേവിയുടെ 'സ്തനദായിനി' എന്ന കഥയ്ക്ക് നൽകിയ wet nurse തർജ്ജമയ്ക്ക് breast giver എന്ന് നൽകി. രണ്ടിന്റെയും കൊളോണിയൽ ആശയപരമായ വ്യത്യസ്തതകൾ ഗായത്രി ചക്രവർത്തി സ്പിവാക് വിവരിക്കുന്നുണ്ട്. Devi, Mahasweta. Breast Stories, Translated by Gayatri Chakravorty Spivak, Seagull Books, 1995.

91 അദ്ദേഹം ശാകുന്തളത്തിന്റെ ബംഗാളി പരിഭാഷ വായിച്ച് ലാറ്റിനിലേക്ക് തർജ്ജമ ചെയ്തു. പിന്നീട് അതിനെ ഇംഗ്ലീഷിലേക്ക് Sacontala or The Fatal Ring എന്ന പേരിൽ ഗദ്യത്തിൽ പുനർവിവർത്തനം ചെയ്തു. പിന്നീട് ഈ വിവർത്തനത്തിൽ നിന്നും Monier Williams Sakoontala or The Lost Ring: An Indian Drama by Kalidasa എന്ന പേരിൽ 1855-ൽ നാടകമാക്കി മാറ്റി. ഈ വിവർത്തനങ്ങളുടെ ഓറിയന്റലിസ്റ്റ് കാഴ്ചപ്പാടും വിക്ടോറിയൻ ധാർമ്മികതയും ചർച്ചചെയ്ത് വിധേയമായി. Sakunthala: Texts, Readings, Histories, Romila Thapar, Penguin, 2010. ആറും ഏഴും അധ്യായങ്ങൾ വിവർത്തനങ്ങളെക്കുറിച്ചാണ്.

ടുകൾ[92] ഉപയോഗിച്ചാണ് വിവർത്തനങ്ങളുടെ നൈതികവും രാഷ്ട്രീയവുമായ തലങ്ങൾ പഠന വിധേയമാക്കുകയാണ് The Politics of Translation (1993) എന്ന പുസ്തകത്തിൽ ഗായത്രി ചക്രവർത്തി സ്പിവാക്ക് ചെയ്യുന്നത്.

ഭാഷ അധികാരത്തിന്റെയും പോരാട്ടത്തിന്റെയും നിർമ്മിതിയാണ്. അധികാരം, സാംസ്കാരിക വ്യത്യാസം, പ്രാതിനിധ്യം തുടങ്ങിയ ആശയങ്ങളാണ് സ്പിവാക്കിന്റെ ചിന്തകളിൽ മുഴങ്ങിക്കേട്ടത്. ഭാഷാപരമായ ഒന്ന് എന്നതിൽക്കവിഞ്ഞ് സ്രോത പാഠത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ സന്ദർഭങ്ങളെ ബഹുമാനിക്കുന്ന ധാർമ്മിക പ്രവർത്തിയാണ് വിവർത്തനം. ഒരു കൊളോണിയൽ ഉല്പന്നമാണ് വിവർത്തനമെന്ന് അവർ ഓർമ്മിപ്പിക്കുന്നു. കോളനി ജനതയുടെ മേൽ കൊളോണിയൽ ഭാഷകളും സംസ്കാരങ്ങളും അടിച്ചേല്പിക്കാനും തദ്ദേശിയ ഭാഷകളും സംസ്കാരങ്ങളും ഇല്ലാതാക്കാനുമാണ് വിവർത്തനങ്ങൾ ശ്രമിച്ചത്. അടിച്ചമർത്തലിന്റെ മാത്രമല്ല, ശാക്തീകരണത്തിന്റെ ഉപകരണമാകാനും വിവർത്തനത്തിന് കഴിയും. ചിത്ര പണിക്കർ താൻ ചെയ്ത യുലീസസ് വിവർത്തന പ്രക്രിയ എങ്ങനെ പോസ്റ്റ് കൊളോണിയൽ വിവർത്തനമായി മാറുന്നു എന്ന് 'യുലീസസിന് മലയാളത്തിൽ ഒരു മൊഴിമാറ്റം: വിവർത്തന പ്രക്രിയയിൽ സൈദ്ധാന്തീകരണത്തിനുള്ള സ്ഥാനം' എന്ന ലേഖനത്തിൽ വിവരിക്കുന്നത് കോളനിയനന്തര വിവർത്തനത്തിന്റെ ഭാഗമായാണ്.[93] ആധിപത്യത്തെ ചെറുക്കുന്നതും പാർശ്വവല്കൃതർക്ക് ശബ്ദം കൊടുക്കുന്നതുമായ പ്രത്യധീശത്വ (counter—hegemonic) വിവർത്തനങ്ങളാണ് ആവശ്യം. സ്രോത പാഠത്തിൽ അന്തർലീനമായ അധികാര ഘടനകളെയും സാംസ്കാരിക മാനങ്ങളെയും വെളിപ്പെടുത്തുന്ന അപനിർമ്മാണ സമീപനമാണ് ആവശ്യം. ലക്ഷ്യ ഭാഷാ സംസ്കാരത്തിലെ പ്രബലാഖ്യാനങ്ങളിൽ വെല്ലുവിളി ഉയർത്താനും സാമൂഹിക നീതി പ്രത്സാഹിപ്പിക്കാനും കഴിയുന്ന ആക്ടിവിസമാണ് വിവർത്തനമെന്നാണ് സ്പിവാക്ക് വാദിക്കുന്നത്. കൊളോണിയൽ പാഠങ്ങളും കീഴാളപാഠങ്ങളും വിവർത്തനം ചെയ്യുന്നത് സാംസ്കാരിക സാമ്രാജ്യത്തിനെതിരായ ചെറുത്തുനില്പാണ്. പാഠത്തിന്റെ ലിംഗപരത ഉയർത്തിപ്പിടിക്കുകയും ലക്ഷ്യപാഠത്തിൽ സംരക്ഷിക്കുകയും ചെയ്യേണ്ടത് സ്പിവാക്ക് ഓർമ്മിപ്പിച്ചു...

92 ഹോമി കെ. ഭാഭ, ഗായത്രി സ്പിവാക് തുടങ്ങിയവരുടെ സിദ്ധാന്തങ്ങളിലൂടെ തർജമയെന്ന സാമൂഹിക പ്രവർത്തിയെ വിശദീകരിക്കുക, തർജമക്കാരുടെ കർതൃത്വം, അറിവ്, അധികാര ബന്ധങ്ങൾ തുടങ്ങിയവ വിവർത്തനങ്ങളുടെ പഠനത്തിൽ കടന്നുവരേണ്ടതിന്റെ പ്രാധാന്യം വെളിപ്പെടുത്തി. വിവർത്തന പഠനത്തിലെ പോസ്റ്റ് കൊളോണിയൽ, ഫെമിനിസ്റ്റ് വിവർത്തന സിദ്ധാന്തങ്ങളെ മലയാളത്തിൽ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ മാർഗനിർദ്ദേശത്തിൽ നടന്ന ബംഗാളി നോവലുകൾ മലയാളത്തിൽ വിവർത്തന പഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും (ജയാ സുകുമാരൻ) എന്ന ഗവേഷണപ്രബന്ധം വിവർത്തന പഠനത്തിൽ അന്നോളമുണ്ടായ സൈദ്ധാന്തികവും പ്രായോഗികവുമായ വികാസങ്ങൾ വിവരിച്ചു.

93 സംഘടിത (അന്വേഷി പ്രസിദ്ധീകരണം, കോഴിക്കോട്ട്) മാസികയുടെ 'സ്ത്രീയും വിവർത്തനവും' എന്ന സവിശേഷ ലക്കം, 2015 ജൂലൈ, പു. 16–19).

1.18 അനുവർത്തനപഠനങ്ങൾ

മനുഷ്യരാശിയുടെ തുടക്കം മുതലുള്ള ആഖ്യാനങ്ങളോടു ചേർന്നുനിൽക്കുന്ന വലിയൊരു ശൃംഖലയ്ക്കുള്ളിലാണ് എല്ലാ സാഹിത്യ സൃഷ്ടികളും എന്ന് തിരിച്ചറിയുന്ന അനുവർത്തന പഠനങ്ങൾ (adaptation studies)[94] എന്ന ജ്ഞാനശാഖയിലേക്ക് വിവർത്തനമുൾപ്പെടുള്ള ആവിഷ്കാര രൂപങ്ങൾ മാറുന്നത് സമീപകാലത്താണ്. ചലച്ചിത്ര, സ്ക്രീൻ പഠനങ്ങൾ, സാഹിത്യ നിരൂപണം, ദൃശ്യപ്രകടന കലകൾ, നവമാധ്യമങ്ങൾ, ട്രാൻസ്മീഡിയ കഥപറച്ചിൽ എന്നിങ്ങനെ പരിമിതപ്പെടുത്താനാവാത്തവിധം വിഷയങ്ങളെ ഈ മേഖല ഉൾക്കൊള്ളുന്നു. സിനിമയും നോവലും അരങ്ങും പോലെയുള്ള പരിചിത രൂപങ്ങൾ ഇന്റർഡിസിപ്ലിനറി സ്വഭാവമുള്ള റീമേക്കുകൾ, ഫാൻ ഫിക്ഷൻ, തീം അനുഭവങ്ങൾ തുടങ്ങി ഡിജിറ്റൽ മാനവികതയുടെ എണ്ണിയാലൊതുങ്ങാത്ത വരാനിരിക്കുന്ന ഉള്ളടക്കങ്ങളെല്ലാം ഉൾക്കൊള്ളാൻ തക്കവിധം രീതിശാസ്ത്ര ഭദ്രതയുള്ളതാണ് അഡാപ്റ്റേഷൻ പഠനങ്ങൾ.[95]

പെരുമ്പടവം ശ്രീധരൻ

നേർവിവർത്തനങ്ങൾക്ക് പുറമേ ഒരേ ഭാഷയ്ക്കകത്ത് നടക്കുന്ന പലതരം പരാവർത്തനങ്ങളെയും (നോവലിൽ നിന്നും നാടകം, കവിതയിൽ നിന്നും മിനിക്കഥ, കുട്ടികൾക്ക് വേണ്ടിയുള്ള പുനരാഖ്യാനങ്ങൾ തുടങ്ങി പുറന്താൾക്കുറിപ്പ് വരെ) വിവിധങ്ങളായ മാധ്യമാന്തര പുനർരചനകളെയും (നോവൽ റേഡിയോ നാടകമോ സിനിമയോ ചിത്രകഥയോ ടി വി സീരിയലോ ആകുന്നത്, പുരാവൃത്തം ഓപ്പറയാകുന്നത് തുടങ്ങി) അവർ വിശകലനം ചെയ്തു... യക്കോബ്സൻ എല്ലാ പുനർരചനകളെയും വിവർത്തനം എന്നു വിളിച്ചതിൽ സംജ്ഞാപരമായ പ്രശ്നം ഉണ്ടായിരുന്നു. വിവർത്തനത്തെ പുനർരചനാ രൂപങ്ങളിൽ ഒന്നായിക്കാണുമ്പോഴാണ് ഈ പ്രശ്നം പരിഹരിക്കുന്നത്. വിവർത്തനത്തെ മറ്റു പുനർരചനാ രൂപങ്ങളോടൊപ്പം ഒരു കുടക്കീഴിൽ കൊണ്ടുവന്ന... ആന്ദ്രേ ലെഫ

---

94 വിവിധ വ്യവഹാരങ്ങളിലെ അനുവർത്തനങ്ങളെയും അവയെക്കുറിച്ച് നടന്ന ചർച്ചകളെയും ക്രോഡീകരിച്ച് പുതിയ പഠനമേഖയുടെ ആവിർഭാവം അറിയിച്ചത് ജോൺ മിൽറ്റനാണ് (‘Translation Studies and Adaptation Studies’ എന്ന 2006-ൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ). അതേ വർഷം പുറത്തിറങ്ങിയ ജൂലി സാൻഡേഴ്സിന്റെ (Julie Sanders) Adaptation and Appropriation എന്ന പുസ്തകത്തിലാണ് അനുവർത്തനത്തിന്റെ സൈദ്ധാന്തിക പരിസരം കൃത്യമായി ചർച്ചചെയ്യുന്നത്. 2006-ൽ പുറത്തിറങ്ങിയ ലിൻഡ ഹാച്ചിയന്റെ A Theory of Adaptation എന്ന പുസ്തകത്തിൽ കൃതികളെ അനുവർത്തനവുമായി ബന്ധപ്പെടുത്തി പുതിയ രീതിയിൽ വർഗ്ഗീകരിക്കാൻ ശ്രമിക്കുന്നുണ്ട്. 1999-ൽ പുറത്തിറങ്ങിയ ഡേവിഡ് ബോൾട്ടർ (David J. Bolter) റിച്ചഡ് ഗ്രൂസിൻ (Rechard Grusin) എന്നിവർ ചേർന്ന് എഴുതിയ Remediations: Understanding New Media എന്ന പുസ്തകത്തിൽ അനുവർത്തന സങ്കല്പനങ്ങൾ രൂപപ്പെട്ടുവരുന്നതിനു മുമ്പുതന്നെ ഇന്റർനെറ്റിലും അതുവഴി പ്രക്ഷേപിക്കപ്പെടുന്ന കൃതികളുടെ വിനിമയത്തിലും നടക്കുന്ന അനുവർത്തനത്തിന്റെ സ്വഭാവത്തെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. ‘അനുവർത്തന പഠനം മലയാളത്തിൽ’—ഒരാമുഖം, ഡോ. കെ. എം. ഷെരീഫ്, സംസ്കാരപഠനത്തിന്റെ പുതുവഴികൾ, (എഡി.) ഡോ. ഷീബ എം. കുര്യൻ, പ്രകാശനവിഭാഗം, കേരള സർവകലാശാല പു. 206–207.

95 The Oxford Handbook of Adaptation Studies, Ed. Thomas Laitch, OUP, 2017.ഓക്സ്ഫോർഡ് സർവകലാശാലയുടെ Journal of Adaptation Studies എന്നിവ നോക്കുക.

വർ ആകട്ടെ സാഹിത്യ വിമർശനത്തെപ്പോലും വിവർത്തനം പോലെ പുനർരചനാ രൂപമായിട്ടാണ് കണ്ടത്... കഥകളും മറ്റും ഉപയോഗിച്ച തയ്യാറാക്കുന്ന വീഡിയോ ഗെയിമുകളെപ്പോലും adaptaion എന്ന് ലിൻഡ ഹച്ചിയൻ (Linda Hutcheon) വിളിച്ചു.[96]

ഇതിഹാസ കാവ്യങ്ങൾ മാത്രമല്ല, പാശ്ചാത്യ സാഹിത്യ കൃതികളും സ്വതന്ത്ര മായി പുനർരചിച്ച ചരിത്രം മലയാള സാഹിത്യത്തിനുണ്ട്. ഓസ്കാർ വൈൽഡിന്റെ Lady Windermere's Fan നാലപ്പാട്ട് നാരായണമേനോൻ വേശ്യവമ്മയുടെ വിശ റിഎന്ന പേരിൽ സ്വതന്ത്രമായി വിവർത്തനം ചെയ്യുകയായിരുന്നു... പെരുമ്പടവം ശ്രീധരന്റെ ഒരു സങ്കീർത്തനം പോലെ ദസ്തോവ്സ്കിയുടെ പല കൃതികളെയും അദ്ദേ ഹത്തിന്റെ കാമുകി അന്നയുടെ ആത്മകഥയെയും ഉപജീവിക്കുന്ന ഒരു ബഹുപാഠാ ന്തര ആഖ്യായികയാണ്.[97] എന്നുതുടങ്ങി, കഥകളിയും ചവിട്ടുനാടകവും സിനിമ, നാ ടകങ്ങൾ, ബാലസാഹിത്യം, ചിത്രകഥകൾ, തുടങ്ങി സീരിയലുകൾ, ഇന്റർനെറ്റ് വ്യ വഹാരങ്ങൾ വരെ വ്യാപിച്ചു കിടക്കുന്ന അനുവർത്തനങ്ങളെക്കുറിച്ച് കെ. എം. ഷെ രീഫ് വിശദീകരിക്കുന്നുണ്ട്.

ഇത്തരത്തിൽ മലയാളത്തിലെ വിവർത്തന വിമർശനത്തിന്റെ ചരിത്രവും രീ തിശാസ്ത്രവും അന്വേഷിച്ചാൽ വിവർത്തന ചിന്തകൾ വരുന്നതിനു മുമ്പുനടന്ന പഠ നങ്ങളിൽ നിന്നു തുടങ്ങി സംസ്കാര പഠനത്തിന്റെ പുതിയ സാഹചര്യത്തിൽ നട ത്തിയ പഠനങ്ങൾ വരെയുണ്ട്. മൂലകൃതിയുമായി ചേർത്തുവെച്ച് താരതമ്യപഠനത്തി ന്റെ സൈദ്ധാന്തിക പരിസരങ്ങൾ ഉപയോഗപ്പെടുത്തിയാണ് ആദ്യകാലങ്ങളിൽ അന്വേഷണങ്ങൾ നടന്നത്. വിവർത്തന പ്രക്രിയയുടെ പ്രായോഗികവും ഭാഷാശാ സ്ത്രപരവുമായ സിദ്ധാന്തങ്ങളും പ്രയോഗങ്ങളും വിവരിക്കുന്ന പുസ്തകങ്ങളും ചിന്തകളും കടന്നുവന്ന രണ്ടാംഘട്ടത്തിൽ (1970–2000) നിരവധി പഠനങ്ങളുണ്ടായി. അന്വേ ഷണത്തിന്റെ കേന്ദ്രം മൂലകൃതിയിൽ നിന്നും വിവർത്തന പാഠങ്ങളിലേക്ക് മാറിവ ന്നു. വിവർത്തനത്തിന്റെ വർത്തമാനകാലം ആഗോളവൽക്കരണവും സാങ്കേതിക വിദ്യയും കൊണ്ടുവന്ന കമ്പ്യൂട്ടർ-ഡിജിറ്റൽ സാധ്യതകളുടേതാണ്. ലോകഭാഷക ളെല്ലാം യൂനിക്കോഡിലെത്തി, ഡിജിറ്റലൈസേഷൻ നടത്തി വിവർത്തന പ്രക്രിയ സോഫ്റ്റ്‌വെയറുകൾ ഏറ്റെടുത്ത് വേഗത്തിലാക്കിയ കാലമാണ് ഇന്നുള്ളത്. കേ രളത്തിന്റെ വ്യാവഹാരിക മണ്ഡലത്തിൽ വിവർത്തന സാഹിത്യം വരുത്തിയ ഇട പെടലുകളെക്കുറിച്ചുള്ള അന്വേഷണങ്ങൾ ഇനിയും നടക്കേണ്ടിയിരിക്കുന്നു. മലയാള ത്തിൽ വിവർത്തന കൃതികൾ പഠന വിധേയമാകുന്നതുതന്നെ വിരളമാണ്. ധാരാളം വിവർത്തകരും വിവർത്തനങ്ങളും വിമർശനത്തിന്റെയോ സാഹിത്യചരിത്രത്തിന്റെ

[96] 'അനുവർത്തന പഠനം മലയാളത്തിൽ'—ഒരാമുഖം, ഡോ. കെ. എം. ഷെരീഫ്, സംസ്കാരപഠനത്തി ന്റെ പുതുവഴികൾ, (എഡി.) ഡോ. ഷീബ എം. കുര്യൻ, പ്രകാശനവിഭാഗം, കേരള സർവകലാശാല പു. 204–205.

[97] അതിൽത്തന്നെ പു. 210.

യോ ഭാഗമാകാതെ പോകുന്നു. വിവർത്തന പ്രക്രിയയുടെ സർഗ്ഗാത്മകതയും[98] സാംസ്കാരിക, സംവേദന പ്രാധാന്യവും തിരിച്ചറിഞ്ഞ് അവയെ സാഹിത്യചരിത്രത്തിന്റെ ഭാഗമായി വിശകലനം ചെയ്യേണ്ടതുണ്ട്. വിവർത്തകരും വിവർത്തനവും സർഗ്ഗരചനയിലെ രണ്ടാംതരക്കാരല്ല. അവരും അവരുടെ രചനകളും സാമൂഹിക വ്യവഹാരമണ്ഡലത്തിൽ ചലനങ്ങളുണ്ടാക്കുന്നുണ്ട്. ആ ഇടപെടലുകളും സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കേണ്ടതുണ്ട്. ഏറ്റവും പുതിയ സംവേദന പഠനങ്ങൾ[99] വരെ ഉപയോഗിച്ച് മലയാളത്തിലെ വിവർത്തന പഠനങ്ങൾക്ക് ദിശാബോധം നൽകിയ പ്രൊഫ. സ്കറിയ സക്കറിയയുടെ ലേഖനങ്ങൾ വഴികാട്ടിയാണ്.

98 ഇക്കാലത്ത് Translation and Creativity (Kristen Malmkjaer,Routledge, 2020) എന്നിങ്ങനെ പുസ്തകങ്ങൾ തന്നെ പുറത്തുവരുന്നുണ്ട് Immanual Kant -ന്റെ Critique of Pure Reason (1787), Critique of Judgement (1790) എന്നീ പുസ്തകങ്ങളെ അടിസ്ഥാനമാക്കി സർഗ്ഗാത്മഭാവനയ്ക്ക് (creative imagination) ആധാരമായ

1. Creativity is one thing,
2. Creativity is a special talent or gift,
3. Creativity is an attribute of individulas,
4. Creativity is an attribute of artists,
5. Originality is a prerequisite of creativity
6. Creativity cannot be taught
7. there is no rules of creativity
8. Creativity produces fine art
9. Creativity occurs spontaneously
10. Creativity is innate

എന്നീ പത്തു സവിശേഷതകളുടെ പശ്ചാത്തലത്തിലാണ് വിവർത്തനത്തിന്റെ സർഗ്ഗാത്മകത ഉറപ്പിക്കുന്നത്.

99 'സംവേദനവും മലയാളവും', പ്രൊഫ. സ്കറിയ സക്കറിയ, വിവർത്തന താരതമ്യ പഠനത്തിലെ നൂതന പ്രവണതകൾ, എഡി. മുഹമ്മദ് റാഫി എൻ. വി., തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പ്രസിദ്ധീകരണം, പു 52–62.

— 2 —

വിവർത്തനവും വിവർത്തകരും

മധ്യകാല യൂറോപ്യൻ സംസ്കാരത്തിന്റെ ഉദാത്ത മാതൃകയായി[1] എക്കാലത്തും പ്രകീർത്തിക്കപ്പെടുന്ന കാവ്യരചനയാണ് ദാന്തെ (Dante Alighieri 1265–1321)യുടെ ഡിവൈൻ കോമഡി (Divine Comedy). പതിനാലാം നൂറ്റാണ്ടിന്റെ പിറവിക്ക് തൊട്ടുമുമ്പും ശേഷവുമുള്ള യൂറോപ്പ്, മതാധിപത്യ-ഫ്യൂഡലിസ്റ്റ് ഇറ്റലി, പ്രാഗ്മുതലാളിത്ത ഫ്ളോറൻസ് തുടങ്ങിയവ ഡിവൈൻ കോമഡിയുടെ സ്ഥലകാല നിർമ്മിതിയിലൂടെ യാഥാർത്ഥ്യങ്ങളെന്ന നിലയിൽ പിൽക്കാലത്ത് ചർച്ച ചെയ്യുകയും അത് യൂറോപ്യൻ ചരിത്രത്തിന്റെ ഭാഗമായി മാറുകയും ചെയ്തു. രൂപഭാവതലങ്ങളിൽ ഈ കലാശില്പം ആധുനിക സംവേദനക്ഷമതയ്ക്ക് നല്കിയ ആഘാതം ചെറുതല്ല. കാവ്യരചനയുടെ പരമ്പരാഗത രീതി/ഘടനയിൽ നിന്ന് മാറി ദാന്തെ ആവിഷ്കരിച്ച പുതുരീതി ഇറ്റാലിയൻ സാഹിത്യത്തിൽ മാത്രമല്ല, യൂറോപ്യൻ സാഹിത്യത്തിലാകെ വിപ്ലവകരമായ തരംഗങ്ങളാണുണ്ടാക്കിയത്. പാശ്ചാത്യ/മധ്യകാല യൂറോപ്യൻ സംസ്കാരത്തിലെ ശരിതെറ്റുകളെ മാനുഷിക യുക്തിയുടെയും തത്ത്വചിന്തയുടെയും ശാസ്ത്രീയതയുടെയും ദൈവിക നീതിയുടെയും വെളിച്ചത്തിൽ നിരൂപണം ചെയ്യുന്ന ഡിവൈൻ കോമഡിയെ സാർവ്വലൗകികമാക്കിയതിൽ ഒരു ഘടകം അതിലെ ബൈബിളിനു സമാനമായ ഭാഷയും സംസ്കാരവുമാണ്. സാഹിത്യ പഠനത്തിലെ സൈദ്ധാന്തികവും രീതിശാസ്ത്രപരവുമായ പുതിയ പ്രവണതകൾക്ക് വഴങ്ങുന്ന കാവ്യഘടനയും അർത്ഥ സമ്പന്നതയുമാണ് ഈ കലാസൃഷ്ടിയെ ഇന്നും ശ്രദ്ധേയമാക്കുന്നത്.

---

[1] യൂറോപ്യൻ നവോത്ഥാന കാലത്തിന്റെയും സാംസ്കാരിക ബോധനിർമ്മിതിയുടെയും പുതുമാനവികതയുടെയും തുടക്കത്തെക്കുറിച്ചുള്ള തിരിച്ചറിവുകൾ നല്കുന്ന ഡിവൈൻ കോമഡിക്ക് ഇതിനകമുണ്ടായ നിരവധി വായനകളും ലോകമെമ്പാടുമുണ്ടായ വിവർത്തനങ്ങളും 'ദാന്തെപഠനങ്ങൾ' (Dante Studies) എന്ന പഠനമേഖലയ്ക്ക് തന്നെ രൂപം കൊടുത്തു. 'Dante and Medieval Culture' by Bruno Nardi, DANTE A Collection of Critical Essays, (Ed.), John Freccero, A Spectrum book, Prentice-Hall, U.S.A.,1965, pp. 39–42.

2.1 കിളിമാനൂർ രമാകാന്തന്റെ ഡിവൈൻ കോമഡി

ഇന്ത്യയിലെ പ്രാദേശിക ഭാഷകളിലുണ്ടായ ആദ്യവിവർത്തനം എന്ന നിലയിൽ ഈ കാവ്യവിസ്മയം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലാണ് മലയാളത്തിലെത്തിയത്. കവി കൂടിയായ ശ്രീ. കിളിമാനൂർ രമാകാന്തൻ ഡിവൈൻ കോമഡി എന്ന പേരിൽത്തന്നെ ചെയ്ത സമ്പൂർണ്ണവിവർത്തനം[2] കേന്ദ്ര സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചത് 2001-ലാണ്. ഇന്ത്യയിൽ കോളനീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും ജ്ഞാനോദയ പ്രക്രിയയുടെയും പിന്നീട് ആധുനികീകരണത്തിന്റെയും ഭാഗമായി യൂറോപ്യൻ കൃതികളുടെ വിവർത്തനങ്ങൾ ധാരാളം നടത്തിയിരുന്നു. സ്വാതന്ത്ര്യാനന്തരം കേന്ദ്ര സാഹിത്യ അക്കാദമി, നാഷണൽ ബുക്ക് ട്രസ്റ്റ് (NBT) തുടങ്ങിയ ഔദ്യോഗിക (വിവർത്തന) പ്രസിദ്ധീകരണ സ്ഥാപനങ്ങളും നൂറുകണക്കിനു വരുന്ന സ്വകാര്യ പ്രസിദ്ധീകരണ സ്ഥാപനങ്ങളും വിവർത്തന പ്രക്രിയയ്ക്ക് ആക്കം നല്കുന്ന മറ്റ് പ്രവർത്തനങ്ങളുമൊക്കെ ഇന്ത്യയിൽ നിലവിലുണ്ടായിരുന്നു. എന്നിട്ടും അതുല്യമായ ഈ വിശ്വസാഹിത്യ സൃഷ്ടി പൂർണ്ണരൂപത്തിൽ വിവർത്തനത്തിന് തെരഞ്ഞെടുത്തത് ആറുനൂറ്റാണ്ടിനു ശേഷമാണ്. അറിഞ്ഞോ അറിയാതെയോ ഉള്ള ഈ നിരസനത്തിന്റെ നീണ്ട കാലയളവിന് കാരണമെന്ത് എന്ന ചോദ്യത്തിലാണ് മലയാള വിവർത്തനത്തിന്റെ സാഹിതീയവും രാഷ്ട്രീയവും സാംസ്കാരികവുമായ പ്രസക്തി കുടികൊള്ളുന്നത്. ഇന്ത്യൻ പ്രാദേശിക ഭാഷകളിൽ നവോത്ഥാനത്തിനും ജ്ഞാനോദയത്തിനും കാരണമായ അല്ലെങ്കിൽ അതിനുശേഷം വിവർത്തനം ചെയ്ത/ചെയ്യാത്ത വിദേശഭാഷാ രചനകളുടെ ചരിത്രമെടുത്തു പരിശോധിച്ചാൽ ഈ ജ്ഞാനനിർമ്മിതിയിൽ ഇടപെടുന്ന രാഷ്ട്രീയ/അധികാര തലങ്ങൾ വെളിപ്പെടുന്നു. ശ്രീ. കിളിമാനൂർ രമാകാന്തൻ നടത്തിയ ഡിവൈൻ കോമഡിയുടെ മലയാള വിവർത്തനവും അത് മുന്നോട്ടു വെയ്ക്കുന്ന സാധ്യതകളുമാണ് വിവർത്തനത്തിന്റെ രാഷ്ട്രീയം വെളിപ്പെടുത്തുന്നത്.

2.2 വിവർത്തനങ്ങളുടെ പ്രത്യയശാസ്ത്ര പരിസരം

സമൂഹചരിത്രവും സാങ്കേതിക വികാസവുമായി ബന്ധപ്പെടുത്തിയാണ് സാഹിത്യവും വിവർത്തനവുമടക്കമുള്ള സാംസ്കാരിക രൂപങ്ങളെ ആധുനിക കാലത്ത് വിലയിരുത്താൻ കഴിയുക. പ്രാചീനകാലം മുതൽ ഇന്ത്യയിൽ ധാരാളം വിവർത്തനങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ആധുനിക വിദ്യാഭ്യാസ പ്രക്രിയയും പിൽക്കാല വിവർത്തന ചരിത്രവും തമ്മിലുള്ള ബന്ധം അവഗണിക്കാവുന്നതല്ല. ആര്യസംസ്കാരത്തോടും ക്ലാസ്സിക്കൽ ഭാഷയായ സംസ്കൃതത്തോടുമുള്ള ചായ്‌വ്, കൊളോണിയൽ ആധിപത്യം,

---

2 നരകകാണ്ഡം (Inferno-Hell), ശുദ്ധീകരണകാണ്ഡം (Purgatory), സ്വർഗ്ഗകാണ്ഡം (Paradise) എന്നിങ്ങനെ മൂന്നുഭാഗങ്ങളുള്ള ഡിവൈൻ കോമഡിയ്ക്ക് കിളിമാനൂർ രമാകാന്തൻ ചെയ്ത വിവർത്തനത്തിന്റെ നരകകാണ്ഡം 1979-ലും ശുദ്ധീകരണകാണ്ഡം 1990-ലും മലയാളത്തിൽ പ്രസിദ്ധീകരിച്ചു. മഹാകവി ദാന്തെ എന്ന പേരിൽ പി. ജി. പുരുഷോത്തമൻപിള്ള എഴുതിയ ജീവചരിത്ര ഗ്രന്ഥത്തിൽ ഡിവൈൻ കോമഡിയുടെ ലഘുസംഗ്രഹം നല്കിയിട്ടുണ്ട്. (എസ്സ്. ബി. പ്രസ്സ് & ബുക്ക്ഡിപ്പോ, തിരുവനന്തപുരം, 1968).

ഇന്ത്യൻ ദേശീയത, കമ്മ്യൂണിസമടക്കമുള്ള ആശയങ്ങളുടെ കടന്നുവരവ് എന്നിങ്ങനെ ഓരോകാലത്തും പ്രബലമായിരുന്ന രാഷ്ട്രീയം, മതം, വിദ്യാഭ്യാസം, മാധ്യമങ്ങൾ തുടങ്ങിയ അധികാര കേന്ദ്രങ്ങൾ ഇന്ത്യയിൽ വിവർത്തന ചരിത്രത്തെ സ്വാധീനിച്ചതായി തിരിച്ചറിഞ്ഞിട്ടുണ്ട്.[3] കടലാസിന്റെ കണ്ടുപിടുത്തം, അച്ചടിയുടെ ആവിർഭാവം, സാമൂഹിക മുന്നേറ്റം, ഉയർന്ന സാക്ഷരതാ നിരക്ക്, സംസാര ഭാഷയുടെ വരമൊഴി രൂപ (ഗദ്യ) നിർമ്മിതി, വ്യാപകമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങി പരിവർത്തന പ്രക്രിയയുടെ വിശാല ഭൂമികയിലാണ് വിവർത്തനങ്ങളുടെ ആധുനിക ചരിത്രവും നിലകൊള്ളുന്നത്. കൊളോണിയൽ ഭരണത്തിൻ കീഴിൽ നടന്ന മിഷണറി പ്രവർത്തനങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസവുമാണ് ഇന്ത്യയിലെ/കേരളത്തിലെ വിവർത്തന പ്രക്രിയയ്ക്ക് കാരണമായത്. കൊളോണിയൽ ആധിപത്യത്തിന്റെയും ക്രിസ്തീയ മതനവീകരണ പ്രസ്ഥാനത്തിന്റെയും ഉല്പന്നം എന്ന നിലയിൽ ഈ വിവർത്തനങ്ങൾക്ക് സാംസ്കാരിക നിർമ്മിതിയിൽ കൃത്യമായ പ്രത്യയശാസ്ത്ര നിലപാടുകൾ നടപ്പിലാക്കാനുണ്ടായിരുന്നു എന്നത് ഇന്നു നാം തിരിച്ചറിയുന്ന വസ്തുതയാണ്. എല്ലാ വ്യവഹാരങ്ങൾക്കും ഇത്തരത്തിൽ സാമൂഹിക സത്തകളെ രൂപപ്പെടുത്താനും നിർമ്മിക്കാനുമായി എന്തെങ്കിലും സംഭാവന നല്കാനുണ്ടാകും. സാഹിത്യചരിത്രത്തിൽ വിവർത്തനങ്ങളുടെ സ്ഥാനത്തെക്കുറിച്ചും പങ്കിനെക്കുറിച്ചുമുള്ള നിർവ്വചനങ്ങളോ പഠനങ്ങളോ അധികമുണ്ടായിട്ടില്ല.[4] അധീശത്വപരവും മതപരവുമായ പ്രശ്നങ്ങളെ മാറ്റി നിർത്തിയാൽ ഇന്ത്യയിലെ പ്രാദേശികഭാഷകളെ രൂപപ്പെടുത്തുന്നതിലും സാഹിത്യചരിത്രത്തെ മാറ്റിമറിക്കുന്നതിലും മാത്രമല്ല, സാഹിത്യത്തിന്റെ ആധുനികീകരണത്തിലും സാഹിത്യ സമ്പത്തിന്റെ വിപുലീകരണത്തിലും വിവർത്തനങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. അതു സമ്മതിച്ചുതന്നെ വേണം ഏതു സാഹചര്യത്തിലാണ് ഒരു കൃതി വിവർത്തനം ചെയ്യുന്നത്, എന്തു ഉപയോഗമാണ്/ധർമ്മമാണ് അതിനു നിർവഹിക്കാനുള്ളത് എന്ന് അന്വേഷിക്കേണ്ടത്. രാഷ്ട്രീയം അഥവാ അധികാരവും ഭാഷയും തമ്മിലുള്ള ഗാഢബന്ധം നിരന്തരം ഓർക്കേണ്ടതുമുണ്ട്.

കൊളോണിയൽ അധികാര രൂപമായ ഇംഗ്ലീഷ് ഭാഷാകൃതികൾ കോളണി ഭരണത്തിൽ മാത്രമല്ല, വർത്തമാന കാലത്തും വിശുദ്ധ/മഹത്ഗ്രന്ഥങ്ങൾ എന്ന നിലയിൽ സ്വീകരിക്കപ്പെടുന്നത് ഇന്ത്യൻ ഭാഷകളുടെ വിവർത്തന ചരിത്രത്തിലെ പ്രധാന അധ്യായമാണ്. ആശയങ്ങൾ രൂപീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യാൻ പര്യാപ്തമായ സാംസ്കാരിക രൂപം എന്ന നിലയിൽ ഓരോ വിവർത്തന ശ്രമവും അധികാരി വർഗ്ഗത്തിന് കീഴ്പ്പെട്ടു നില്ക്കുന്നവയാണ്. അവ പരോക്ഷമായി, ചിലപ്പോൾ

---

3 The making of Modern Malayalam Prose and Fiction: Translaions in Europian Languages into Malayalam in the first half of the twentieth century', by K. M. Sherrif, History of Translation in India, Ed. Tariq Khan, National Translation Mission, Central Institute of Indian Languages, Mysuru, September 2017, p 161–167.

4 Translation and Literary History: An Indian View എന്ന ലേഖനത്തിൽ Ganesh Devy ഇക്കാര്യം ചർച്ച ചെയ്യുന്നുണ്ട്. Post-Colonial Translation Theory and Practice (Eds.) Susan Badsnett and Harish Trivedi, Routledge, London and New York, 1999, pp. 182–188.

പ്രത്യക്ഷമായും, അധികാരത്തിന്റെ രഹസ്യ തന്ത്രങ്ങൾ നിക്ഷേപിക്കപ്പെട്ട രേഖക ളെന്ന നിലയിൽ പ്രവർത്തിക്കുന്നവയുമാണ്. അതായത് തികച്ചും നിഷ്കളങ്കമായ ഒന്ന് എന്ന നിലയിലല്ല സാഹിത്യകൃതിയുടെ വിവർത്തനത്തെ കാണേണ്ടത്; മറി ച്ച്, അധികാര ശ്രേണീകരണത്തിന്റെയും പ്രത്യയശാസ്ത്ര പ്രതിബദ്ധതയുടെയും പ്ര വർത്തനങ്ങൾ അവയിലുണ്ട്. വിവർത്തനമെന്ന സർഗ്ഗാത്മക ദൗത്യത്തോടു നീതി പുലർത്താൻ ആശയ/അധികാരപരമായ സമ്പൂർണ്ണ അടിമത്തത്തിൽ നിന്ന് വ്യത്യ സ്തമായ സാമൂഹിക ഇടം കൈവശമുള്ള വിവർത്തകനു മാത്രമേ കഴിയൂ.

ഏത് കൃതിയാണ് വിവർത്തനം ചെയ്യേണ്ടതു? ഏത് കൃതിയാണ് വിവർത്ത നം ചെയ്തത്? ആരാണത് തീരുമാനിച്ചത്? എന്നതിലാണ് വിവർത്തന പാഠത്തി ന്റെ രാഷ്ട്രീയ വിശകലനം തുടങ്ങേണ്ടതു്.[5] 18, 19 നൂറ്റാണ്ടുകളിൽ ഷേയ്ക്സ്പിയർ യൂ റോപ്പും കടന്ന് വിവർത്തനം ചെയ്യപ്പെട്ടതിന്റെ രാഷ്ട്രീയമാനം കോളണിയനന്തര കാലത്ത് ഏറെ ചർച്ചചെയ്ത കഴിഞ്ഞതാണ്. ഈ സാഹചര്യത്തിലാണ് ദാന്തെ എന്ന വിശ്വമഹാകവിയും യൂറോപ്യൻ സാഹിത്യത്തെയും സംസ്കാരത്തെയും ഏറെ സ്വാധീനിച്ച ഡിവൈൻ കോമഡിയും എന്തുകൊണ്ട് ഇക്കാലമത്രയും ഇന്ത്യൻ ഭാ ഷകൾക്ക് അന്യമായി എന്നത് പ്രസക്തമാകുന്നത്. സർഗ്ഗാത്മകതയുടെ പൂർത്തീ കരണമെന്ന നിലയിൽ മാത്രം മലയാളത്തിലേക്ക് അതു വിവർത്തനം ചെയ്ത ശ്രീ. രമാകാന്തനും ഇതേ പ്രസക്തിയുണ്ട്. സാഹിതീയമായ ഒരധികാരസ്ഥാനം വിവർ ത്തകൻ പ്രതീക്ഷിച്ചിരിക്കാം എന്നതിലപ്പുറം സ്രോതകൃതിയുടെ തെരഞ്ഞെടുപ്പിനു പിന്നിലും മൂന്നു പതിറ്റാണ്ടു നീണ്ടുനിന്ന വിവർത്തന പ്രക്രിയയിലും ആസൂത്രിതമായ ഒന്നും കണ്ടെത്താനാവില്ല.[6] നിലവിലുള്ള സാഹിത്യാഭിരുചിക്കിണങ്ങിയതോ വിപു ലമായ വായനാ സമൂഹത്തെ മുൻകൂട്ടി കണ്ടോ ചെയ്ത പ്രക്രിയ അല്ല ഇത്. സാഹിത്യ സംസ്കാരത്തിൽ വരുത്തേണ്ട മാറ്റത്തിനു വേണ്ടിയുള്ള സമ്മർദ്ദമോ മറ്റ് സ്ഥാപിത, പ്രത്യയശാസ്ത്ര താല്പര്യങ്ങളോ[7] ഡിവൈൻ കോമഡിയുടെ വിവർത്തനത്തിനു കാര ണമാകുന്നില്ല. മറിച്ച്, വിവർത്തകന്റെ നിശ്ചയവും സോദ്ദേശ്യവുമാണിവിടെ പ്രവർ ത്തിച്ചത്.

കേരളത്തിലെ പ്രസാധന രംഗത്ത് മത്സര സ്വഭാവത്തിൽ തന്നെ യുദ്ധകാ ലാടിസ്ഥാനത്തിൽ കമ്മീഷൻ ചെയ്തെത്തുന്ന വിവർത്തനങ്ങൾ ചരക്കുവത്കരിക്ക പ്പെടുന്ന കാലത്താണിത് സംഭവിക്കുന്നത്. നോബൽജേതാവായ പൗലോ കൊ

5 വിവർത്തന സൈദ്ധാന്തികനായ Andre Lefevere തന്റെ Translation: Its Genealogy in the West എന്ന ലേഖനത്തിൽ വിവർത്തന ചരിത്രത്തിൽ പരിഗണിക്കേണ്ട അടിസ്ഥാന വിഭാഗങ്ങ ളിൽ പ്രഥമസ്ഥാനം Authority-ക്കാണ് നല്കിയത്. Translation, History, Culture (Eds.) Susan Badsnett and Andre Lefevere, Pinter Publishers, London and New York, 1990, p.15.

6 ഡിവൈൻ കോമഡി വിവർത്തനം ചെയ്യുന്നതിൽ തന്നെ നിരന്തരമായി ഉത്സാഹിപ്പിച്ചത് ഭാര്യയും മകനുമാണെന്ന് സമ്പൂർണ്ണ വിവർത്തനത്തിന്റെ ആമുഖത്തിൽ വിവർത്തകൻ പരാമർശിക്കുന്നുണ്ട്.

7 Ref. 'A Comprehensive Model of Translation Criticism' by Sunil R. Sawant, Studies in Translation, Mohit K. Ray, Atlantic Publishers, New Delhi, 2002. Pp. 72-85.

യ്ലോയുടെ പന്ത്രണ്ട് പുസ്തകങ്ങൾ ഒരു ലക്ഷത്തിലധികം കോപ്പി വിറ്റഴിച്ചതു പോലുള്ള വിവർത്തന ആഘോഷമാണ് മലയാളത്തിലുള്ളത്. മുമ്പ് സൂചിപ്പിച്ചതുപോലെ ഏതു കൃതി, ആര്, ആരെ, ഏതു രൂപത്തിൽ വിവർത്തനം ചെയ്യാനേല്പിക്കുന്നു, ആരാണത് പ്രസിദ്ധീകരിക്കുന്നത്, അവകാശം ആർക്ക് തുടങ്ങി തികച്ചും രാഷ്ട്രീയമായ ചോദ്യങ്ങൾ ആശയ സംവേദന ശേഷിയുള്ള ഈ വിവർത്തനങ്ങൾക്കു മേൽ പതിയേണ്ടതുണ്ട്. പുതിയ സാംസ്കാരിക, സൗന്ദര്യാത്മക, രാഷ്ട്രീയ മൂല്യങ്ങളും മാതൃകകളും മുന്നോട്ടുവെച്ച് ഓരോ പ്രാദേശിക സമൂഹത്തിലും ഭാഷയിലും സാഹിതീയ പ്രക്രിയയിലും നിരവധി പ്രതിഫലനങ്ങൾക്ക് കാരണമായ ചരിത്രമാണ് വിവർത്തനങ്ങൾക്കും പറയാനുള്ളത്. സമൂഹത്തെയും ഭാഷയെയും സാഹിത്യ സാംസ്കാരിക ഘടനയെയും സ്വാധീനിക്കാൻ കഴിവുള്ളവയാണ് വിവർത്തനങ്ങൾ എന്നതിന് പാവങ്ങൾ (വിക്ടർ ഹ്യൂഗോ, വിവ. നാലപ്പാട്ട് നാരായണമേനോൻ) അടക്കമുള്ള വിവർത്തനകൃതികൾ തെളിവു നല്കുന്നുമുണ്ട്. പൗലോ കൊയ്ലോ പോലുള്ളവരുടെ (സത്) കീർത്തിയെ ഉപയോഗപ്പെടുത്തുക എന്നതിനപ്പുറം വിവർത്തനവും എന്തു ദൗത്യമാണ് മലയാള നോവൽ സാഹിത്യത്തിലും സമൂഹത്തിലും നിർവ്വഹിക്കുന്നത് എന്ന അന്വേഷണം പ്രധാനമാണ്.[8] വിവിധ മാധ്യമ പ്രചാരണത്തിലൂടെ ഏതുല്പന്നവും വിറ്റഴിക്കാനാവുന്ന ഇക്കാലത്ത് മലയാളത്തിലെ ഏതെങ്കിലുമൊരു മികച്ച രചനയ്ക്ക് ഇത്രമാത്രം പരസ്യം ലഭിക്കുന്നുണ്ടോ, അത് വായനക്കാരിലെത്തുന്നുണ്ടോ എന്നതും അന്വേഷിക്കേണ്ടതാണ്. പതിറ്റാണ്ടുകളുടെ പരിശ്രമഫലമായ ഡിവൈൻ കോമഡിയുടെ വിവർത്തനവും വിവർത്തകനും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോകുന്നത് ഇങ്ങനെ വിപണിയിലൂന്നിയ സാംസ്കാരിക ഘടനയിലേക്കു തരംതാണ ഏതൊരു സമൂഹത്തിന്റെയും ദുരവസ്ഥയാണ്.

2.3 എന്തുകൊണ്ട് ദാന്തെ, എന്തുകൊണ്ട് ഡിവൈൻ കോമഡി

സർഗ്ഗധനനായ ഒരു വിവർത്തകനെ സംബന്ധിച്ച് കലാപരമായ രൂപം എന്നത് ഒരു മധ്യവർത്തി മാത്രമാണ്. ഭൂതകാല സംസ്കാരത്തിന്റെ വിശിഷ്ടവും പ്രബലവുമായിരുന്ന അവശിഷ്ടങ്ങളുടെ അടയാളങ്ങൾ പിന്തുടർന്ന്, പദപരിച്ഛേദം നടത്തി, അവയുമായി സംവദിക്കുകയും ബാഹ്യരേഖ ചമയ്ക്കുകയുമാണ് ഓരോ വിവർത്തകനും/വിവർത്തനവും ചെയ്യുന്നത്. കഴിഞ്ഞ കാലത്തെയും നിലവിലുള്ള യാഥാർത്ഥ്യത്തെയും ചോദ്യം ചെയ്ത് മനുഷ്യ മനസ്സിൽ ബൗദ്ധികമായി ഇടപെടുക എന്നതാണ് കലാരൂപങ്ങളുടെ കർത്തവ്യം. ഇത്തരത്തിൽ ഡിവൈൻ കോമഡി മുന്നോട്ടുവെയ്ക്കുന്ന ചോദ്യങ്ങളും ചിന്തകളും ഇന്നും പ്രസക്തമാണ് എന്ന തിരിച്ചറിവാണ് വിവർത്തനത്തിനു പ്രേരിപ്പിക്കുന്ന ഘടകങ്ങളിലൊന്ന്. കവിപ്രതിഭയുള്ള വിവർത്തകന് ഡിവൈൻ കോമഡി പകർന്നു നല്കിയ അനുഭൂതിയെ വൈകാരികാനുഭൂതിയായി മാറ്റി

---

[8] മലയാളത്തിൽ ഒരു വിവർത്തന ചരിത്ര നിർമ്മിതിയുടെ പ്രാധാന്യത്തിലേക്കും ഇത് സൂചനകൾ നല്കുന്നുണ്ട്.

ആത്മീയ സ്വഭാവമുള്ള ഒരുതരം പ്രചോദനമായി രൂപപ്പെടുത്താൻ കഴിഞ്ഞു. 1970-കളിൽ തുടങ്ങിയ ഈ ബൃഹത്സംരംഭം 2001 വരെ നീണ്ടുനിന്നു എന്നത് ഈ പ്രചോദനം അല്പകാലത്തേക്കുള്ളതായിരുന്നില്ല എന്നതിനു തെളിവാണ്. പ്രകാശിതമാകാൻ വെമ്പുന്ന കലാരൂപത്തിനുവേണ്ടിയുള്ള സംഘർഷം തന്നെയാണ് വിവർത്തകനെയും നിയന്ത്രിക്കുന്നത്. മനുഷ്യ ജീവിതത്തെ വെളിപ്പെടുത്താൻ തക്കവിധം സമ്പന്നവും പ്രവർത്തന നിരതവും ശക്തവുമായ സർഗ്ഗാത്മകത തന്നെയാണ് മികച്ച വിവർത്തന നിർമ്മിതിക്കും കാരണം. പ്രചോദനത്തിലൂടെ ലഭിക്കുന്ന ആന്തരികമായ പൊരുത്തം സ്വന്തം മാനസികാവസ്ഥയുടെ സഹായത്തോടെ മൂലകലാശില്പം ഉടച്ചുവാർക്കാൻ/പൊളിച്ചെഴുതാൻ വിവർത്തകനെ പ്രേരിപ്പിക്കുന്നു. മനുഷ്യന്റെ വേദനകളും സഹനങ്ങളും ഉദാത്തമായി ചിത്രീകരിക്കുന്ന ഡിവൈൻ കോമഡി മലയാള ഭാഷയിൽ എത്തിക്കുന്നതിലൂടെ വിശ്വസാഹിത്യത്തിൽ ഒന്നാമതായി വാഴ്ത്തപ്പെടുന്ന കവിയെയും കലാശില്പത്തെയും മലയാള സാഹിത്യത്തിന് പരിചയപ്പെടുത്തുക കൂടിയാണ്. ഇതു വഴി മലയാള സാഹിത്യ ചരിത്രത്തിലും ഒരുതരം ശുദ്ധീകരണ/നവീകരണ പ്രക്രിയ നടക്കുന്നുണ്ട്. ലോകത്തെയും പ്രകൃതിയെയും കുറിച്ചുള്ള ദാന്തെയുടെ മാന്ത്രികമായ തിരിച്ചറിവ് ഏതൊരു മനുഷ്യ സമൂഹത്തെയും ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. ദാന്തെ നല്കുന്ന ഈ അധികോർജ്ജം മലയാളി സമൂഹത്തിലും എത്തിക്കുക എന്നതാണ് ശ്രീ. രമാകാന്തന്റെ വിവർത്തന ദൗത്യം.

ബൈബിൾ പരാമർശങ്ങളുടെ ആധിക്യം കൊണ്ട് മഹത്തായ ക്രിസ്ത്യൻ കാവ്യം എന്ന് വിശേഷിപ്പിക്കപ്പെട്ട ഡിവൈൻ കോമഡി ഒരേസമയം ക്ലാസിക്കും പ്രാദേശിക സ്വഭാവം ഉൾച്ചേർന്നതുമാണ്. ഇറ്റലിയിലെ പൗര/രാഷ്ട്രീയ സമൂഹത്തിലെ സാംസ്കാരിക സൂചനകളും മൂല്യബോധവും ഇടകലർത്തി മധ്യകാല യൂറോപ്പിന്റെ ചരിത്രവും ജീവിതവും സംസ്കാരവും പ്രതിപാദിക്കുകയാണ് ദാന്തെ ചെയ്യുന്നത്. ഫ്ളോറൻസിന്റെ പ്രാദേശിക ചരിത്രവും ധീരയോദ്ധാക്കളും മതപുരോഹിതന്മാരും എഴുത്തുകാരും ബന്ധുമിത്രാദികളും വൈയക്തികമായി കടന്നുവരുന്ന ഡിവൈൻ കോമഡി മനുഷ്യ ജീവിതത്തിന്റെ ശരി-തെറ്റുകളെ വിചാരണ ചെയ്യുന്നു. ബൈബിൾ സംബന്ധിയായ പരാമർശങ്ങൾ, ഇറ്റലിയുടെ ചരിത്രവും സാംസ്കാരിക സൂചനകളും, വൈയക്തിക പരാമർശങ്ങൾ എന്നിവ കൂടാതെ അക്കാലത്ത് യൂറോപ്പിൽ നിലവിലുണ്ടായിരുന്ന പ്രപഞ്ച ഘടനാ വിജ്ഞാനവും ഭൗതിക ശാസ്ത്രവും കാവ്യഘടനയുടെ ഭാഗമാണ്. കാവ്യത്തിനുള്ളിൽ തന്നെ ഇത്തരം പരാമർശങ്ങൾ തികച്ചും നാടകീയമായും അർത്ഥവത്തായും കാവ്യാത്മകമായും ഉൾക്കൊള്ളിക്കുന്നിടത്താണ് ദാന്തെയുടെ മഹത്വവും സാർവ്വകാലികതയും കുടികൊള്ളുന്നത്. ഒന്നാം സർഗ്ഗം (canto) മുതൽ കാട്ട്, കുന്ന്, പുലി, സിംഹം, പെൺചെന്നായ് തുടങ്ങി നിരവധി പ്രതീകങ്ങളും ബിംബങ്ങളും കാവ്യത്തിന്റെ അന്യാപദേശ (allegory) ഘടന വെളിപ്പെടുത്തുന്നു. അതുല്യമായ ദൃശ്യഭാവനയാണ് ദാന്തെയുടേത്. പദങ്ങളിലൂടെ തെളിയുന്ന നിശ്ചിതമായ അർത്ഥങ്ങളല്ല; മറിച്ച് പ്രതീകങ്ങളും ബിംബങ്ങളും വൈകാരിക

ചലനങ്ങളും ഗതകാല സ്മരണകളും വൈയക്തികാനുഭൂതികളും അതിനെ നാടകീയതയും തീക്ഷ്ണതയും പ്രകാശിപ്പിക്കുന്ന സൂചകങ്ങളായി മാറ്റുകയാണ് ചെയ്യുന്നത്. ഓരോ അന്യാപദേശ വിശകലനവും അർത്ഥത്തെ കൂടുതൽ അഗാധതയിലേക്കു നയിക്കുന്നു.[9] ഇത്തരം മധ്യകാല കാവ്യഘടനയും രീതിയുമാണ് എഴുനൂറു വർഷത്തിനു ശേഷവും ദാന്തെ കൈയെത്താ ദൂരത്താണ് എന്ന തോന്നലുളവാക്കുന്നത്.

2.4 ഭാവനയുടെ മകുടം

മനുഷ്യജീവിതത്തിന്റെ ആന്തരികതയെ സ്ഥലകാലങ്ങൾ, വ്യത്യസ്തരായ കഥാപാത്രങ്ങൾ എന്നിവയുടെ അതുല്യമായ കാവ്യഭാവന കൊണ്ടും കാവ്യഘടന കൊണ്ടും ആവിഷ്കരിക്കുന്ന 'അകംകവിത' കളുടെ ഗണത്തിലാണ് ഡിവൈൻ കോമഡിയുടെ സ്ഥാനം. ഇഹലോക ജീവിതത്തിൽ നിന്നു ഭിന്നമായി നരക കാണ്ഡം (Inferno—Hell), ശുദ്ധീകരണ കാണ്ഡം (Purgatory), സ്വർഗ്ഗ കാണ്ഡം (Paradise) എന്നിങ്ങനെ മൂന്നിടങ്ങളായി അപര ലോകങ്ങളെ വിഭജിച്ച്[10] മനുഷ്യ ജീവിതത്തിന്റെ യഥാർത്ഥവും അയഥാർത്ഥവുമായ എല്ലാത്തരം പാപ്പരത്തത്തെയും സഹനങ്ങളെയും ശരിതെറ്റുകളെയും നന്മതിന്മകളെയും സമകാലികമായി അവതരിപ്പിക്കുകയാണ് ദാന്തെ ചെയ്യുന്നത്. ദാന്തെയുടെ സമകാലികർ, സുഹൃത്തുക്കൾ, ശത്രുക്കൾ, ചരിത്രകാരന്മാർ, ഇതിഹാസ തുല്യർ തുടങ്ങിയവരെല്ലാം കഥാപാത്രങ്ങളായി കടന്നുവരുന്നു. മതപരവും രാഷ്ട്രീയവും ധാർമ്മികവുമായി സ്വദേശത്ത് കവി നേരിടേണ്ടിവന്ന പ്രശ്നങ്ങൾ, അധികാര കേന്ദ്രങ്ങളെന്ന നിലയിൽ മതവും രാഷ്ട്രവും നല്കിയ അനുഭവങ്ങൾ, അധികാരത്താൽ നയിക്കപ്പെടുന്ന മനുഷ്യന്റെ ചെയ്തികൾ, വൈകാരികമായും ധാർമ്മികമായും സാധാരണ മനുഷ്യനെന്ന നിലയിൽ നേടിയ തിരിച്ചറിവുകൾ തുടങ്ങി തന്റെ ആത്മാവിനെ സ്വാധീനിച്ചതും മാറ്റിമറിച്ചതും കാവ്യഭാവനയെ ചിട്ടപ്പെടുത്തിയതുമായ നിരവധി സംഗതികൾ പ്രതീകങ്ങളായും ബിംബങ്ങളായും സ്വപ്നങ്ങളായും ദർശനങ്ങളായും ജീവിതചിത്രങ്ങളായും അന്യാപദേശ കഥകളായും ഡിവൈൻ കോമഡിയിൽ നിറഞ്ഞിരിക്കുന്നു. ഇവയൊക്കെത്തന്നെയും ഇറ്റലിയിലെ പ്രാദേശിക സംസ്കാരത്തിന്റെ സൂചനകൾ കലർന്നതാണെങ്കിലും അത് പൊതുവായ യൂറോപ്യൻ സംസ്കാരമായും സാർവ്വലൗകികമായ ഒന്നായും മാറ്റാൻ ദാന്തെയുടെ കാവ്യഭാവനയ്ക്ക് കഴിഞ്ഞു. ഈവിധ ഭൗതിക സൂചനകളെ വിട്ടുകളയാതെ മനുഷ്യൻ ഭൂമിയിൽ സന്തോഷം കണ്ടെത്താൻ ശ്രമിക്കുന്നത്, അതിനു തുണയായി മാറുന്ന നൈതികവും ബൗദ്ധികവുമായ മൂല്യബോധം, ഭൂമിയിലെ സന്തോഷമല്ല നിത്യതയിലെ സന്തോ

[9] ഡിവൈൻ കോമഡിയുടെ വായനയെ കുറിച്ച് T. S. Eliot, ശുദ്ധീകരണ കാണ്ഡം വായിച്ചതിനു ശേഷം വീണ്ടും നരക കാണ്ഡം വായിച്ചാൽ അതിന്റെ ഓരോ നിമിഷവും ഞെട്ടിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്ന ഭീകരത ഈ ജീവിത കാലത്ത് മറക്കില്ല എന്ന് സൂചിപ്പിക്കുന്നുണ്ട്. Dante, Faber And Faber, 24 Russell Square, London, 1929, p. 29.

[10] നരകം, ശുദ്ധീകരണ സ്ഥലം, സ്വർഗ്ഗം എന്നീ കാവ്യവിഭജനത്തിലും പ്രപഞ്ചോല്പത്തി ശാസ്ത്രവും പദാർത്ഥ വിജ്ഞാനീയവുമാണ് സ്വാധീനിച്ചത് എന്ന് വ്യാഖ്യാതാക്കൾ നിരീക്ഷിച്ചിട്ടുണ്ട്.

ഷം, മനുഷ്യ ജീവിതത്തിന്റെ ആഗ്രഹങ്ങൾ, ആവേശങ്ങൾ, വൈരുദ്ധ്യങ്ങൾ, സംഘർഷങ്ങൾ, പൂർണ്ണതയിലേക്കുള്ള വഴിയെന്ന നിലയിൽ സ്വയംതിരിച്ചറിവ് തുടങ്ങി മനുഷ്യ ജീവിതത്തെക്കുറിച്ചുള്ള ഇതിഹാസമാണ് ഡിവൈൻ കോമഡി. ഈ മനുഷ്യ ചരിതമാണ് ഈ കൃതിയെ ഉദാത്തമാക്കുന്നതും. അഗാധവും ശാന്തവുമായ ഒന്നിലേക്ക് ലയിക്കുന്നതും നിരന്തരം അത്ഭുതപ്പെടുത്തുന്നതും ഞെട്ടിക്കുന്നതുമായ കാവ്യാനുഭവത്തിന്റെ ഭീകരത ഓരോ നിമിഷവും ആഴത്തിലും സമഗ്രതയിലും അനുഭവിച്ചതിന്റെ പ്രതിബദ്ധതയാണ് ശ്രീ. രമാകാന്തനെ മൊഴിമാറ്റ പ്രക്രിയയിലേക്ക് നയിച്ചത്.

Robert Hollander

സാഹിതീയമായ സ്ഥലകാല രൂപനിർമ്മിതിയുടെ അത്യുത്തമ ഉദാഹരണമാണ് ഡിവൈൻ കോമഡി. കാലത്തെ രൂപപ്പെടുത്തുന്നതിൽ ദാന്തെ കാണിക്കുന്ന അനന്യവും മാതൃകാപരവുമായ കൈയടക്കം കവി കൂടിയായ വിവർത്തകനിൽ താല്പര്യമുണർത്തും വിധമാണ്. ഡിവൈൻ കോമഡിയുടെ വ്യാഖ്യാനങ്ങൾക്ക്[11] പ്രധാനമായും മൂന്നുതരം വീക്ഷണങ്ങളാണുള്ളത്. ഒന്നാമത്തേത്, അതിന്റെ ശാസ്ത്രീയതയിൽ ഊന്നിയുള്ളവയാണ്. പതിനാലാം നൂറ്റാണ്ടിൽ യൂറോപ്പിൽ നിലവിലുണ്ടായിരുന്ന ശാസ്ത്രാവബോധത്തെ ഈ കൃതി പ്രതിനിധാനം ചെയ്യുന്നു. ഉദാഹരണമായി അക്കാലത്തെ ഭൗതിക ശാസ്ത്രത്തിന്റെ കാഴ്ചപ്പാടിലാണ് നരകം, ശുദ്ധീകരണ സ്ഥലം, സ്വർഗ്ഗം എന്നീ മൂന്നു മണ്ഡലങ്ങൾ ദാന്തെ സൃഷ്ടിച്ചത്. അതായത് അന്നു നിലവിലുണ്ടായിരുന്ന ശാസ്ത്രീയ അറിവുകൾ ഈ സാങ്കല്പിക ലോകങ്ങൾക്ക് സാഹിതീയ ഇടം ഒരുക്കുന്നതിൽ ദാന്തെയെ സഹായിച്ചു. ഡിവൈൻ കോമഡിയിൽ ജറുശലേമിന്റെ അടിവശത്ത് നരകവും സമുദ്രത്തിന്റെ മധ്യഭാഗത്ത് ഭൂമധ്യരേഖയുടെ അടിയിലായി ശുദ്ധീകരണസ്ഥലവും സ്ഥാനപ്പെടുത്തിയിരിക്കുന്നു. പാഠത്തിൽ നിന്ന് വേർതിരിച്ചെടുക്കാവുന്ന ശാസ്ത്രീയ അറിവുകൾ—നക്ഷത്രങ്ങളും സൂര്യനും ജ്യോതിർശാസ്ത്രപരമായ മറ്റ് ചിഹ്നങ്ങളും—മനുഷ്യ വംശത്തിന്റെ/യൂറോപ്പിന്റെ അറിവിന്റെ ചരിത്രം കൂടിയാണ്. സ്വർഗ്ഗമണ്ഡലത്തിൽ ചൊവ്വ (Mars), വ്യാഴം (Jupiter) എന്നീ സ്വർഗ്ഗീയ ഘടകങ്ങളുടെ ഭ്രമണപഥങ്ങളെ കുറിച്ചുള്ള വ്യക്തമായ സൂചനകളുമുണ്ട്. ഭൂമിയുടെ വലയത്തിൽ അവ രേഖപ്പെടുത്തിയത് പതിനാലാം നൂറ്റാണ്ടിലെ ശാസ്ത്രീയ വിശ്വാസത്തിന്റെ തെളിവാണ്. ശുദ്ധീകരണ കാണ്ഡത്തിലെ നിരവധി സർഗ്ഗങ്ങളിലും മധ്യകാല യൂറോപ്പിന്റെ ശാസ്ത്രീയ അറിവുകൾ ചേർത്തുവെച്ചിട്ടുണ്ട്. ഇരുപത്തിയേഴാം സർഗ്ഗം ആരംഭിക്കുന്നത് നോക്കുക:

> തൻ ചോര, സൃഷ്ടിച്ചവൻ ചൊരിക്കുമിടം തന്നിൽ
> തന്നാദികിരണങ്ങളെയുകയായീ സൂര്യൻ
> ഉന്നതതുലാം താരാതതിതൻ കീഴായ് സ്പെയിൻ
> ഗംഗാതരംഗങ്ങളും ചൂടാർന്നു മധ്യാഹ്നത്താൽ[12]

[11] Dante and his commentators' എന്ന ലേഖനത്തിൽ Robert Hollander ഡിവൈൻ കോമഡിക്കുണ്ടായ വ്യാഖ്യാനങ്ങൾ വിവരിക്കുന്നുണ്ട്. The Cambridge Companion to Dante (Ed.), Rachel Jacoff, CUP, 1993, pp.226-236.

[12] ശ്രീ. കിളിമാനൂർ രമാകാന്തൻ വിവർത്തനം ചെയ്ത ഡിവൈൻ കോമഡിയിൽ നിന്നുള്ള ഉദ്ധരണിക

ജറുശലേമിൽ സൂര്യോദയ സമയം, സ്പെയിനിൽ അർദ്ധരാത്രി, ഇന്ത്യയിൽ നട്ടുച്ച എന്ന ശാസ്ത്രീയമായ കാലമാണ് ദാന്തെ അവതരിപ്പിക്കുന്നത്.

രണ്ടാമതായി, ഈ മൂന്നുമണ്ഡലങ്ങളുടെ ഭൗതിക സ്ഥലനിർണ്ണയവും സ്ഥാന നിർണ്ണയവും ക്രിസ്തീയ വിശ്വാസത്തിലൂന്നിയും വായിച്ചെടുക്കാം. ക്രിസ്തീയ വിശ്വാസത്തിനുള്ളിൽ നിന്ന് ഭൗതികമായ നിരവധി ചോദ്യങ്ങൾ ദാന്തെ ഉന്നയിക്കുന്നു. ഉദാഹരണമായി, മനുഷ്യശരീരത്തിനും ആത്മാവിനും മരണശേഷം എന്തു സംഭവിക്കുന്നു? ദൈവമാണ് മനുഷ്യരെ സൃഷ്ടിച്ചതെങ്കിൽ ശാരീരികമായി അവർ ഭിന്നരായിരിക്കുന്നതെന്തുകൊണ്ട്? മനുഷ്യൻ പാപം ചെയ്യുന്നതെന്തു കൊണ്ടാണ്? ചുരുക്കത്തിൽ ഭൗതിക ശാസ്ത്രത്തിലെ പുത്തനറിവുകൾ മനുഷ്യന്റെ മാനസിക ഘടനയിൽ സ്വാധീനം ചെലുത്തിത്തുടങ്ങിയിരിക്കുന്നതിന്റെ സാംസ്കാരികമായ അടയാളമാണ് ഡിവൈൻ കോമഡി. ഇറ്റലിയിൽ രാജ്യാധികാരവും പോപ്പിന്റെ മതാധികാരവും സംബന്ധിച്ച സംഘർഷത്തിന്റെ നിരവധി സൂചനകൾ നല്കി യൂറോപ്പിന്റെ രാഷ്ട്രീയതലത്തിലുണ്ടായ പരിവർത്തന ദശയെ ഡിവൈൻ കോമഡി അടയാളപ്പെടുത്തുന്നു. പിൽക്കാലത്ത് ഇറ്റലിയുടെ വിഭജനത്തിനുവരെ കാരണമായ, അധികാരവുമായി ബന്ധപ്പെട്ട നിരവധി സമരങ്ങളിലും സംഘർഷങ്ങളിലും നേരിട്ടിടപെട്ട ദാന്തെയ്ക്ക് നാടുകടത്തൽ ശിക്ഷ ലഭിച്ചപ്പോഴാണ് ഡിവൈൻ കോമഡി രചിച്ചത്. ദാന്തെയ്ക്കു പരിചയമുള്ള/കേട്ടിട്ടുള്ള ആളുകളെല്ലാം ഈ മൂന്നു മണ്ഡലത്തിലുമായി കടന്നുവരുന്നു. അങ്ങനെ ഡിവൈൻ കോമഡി ഇറ്റലിയുടെ പ്രാദേശിക ചരിത്രം കൂടിയായി മാറുന്നു. രാജാവും രാജകുടുംബാംഗങ്ങളും, പ്രശസ്തവും അപ്രശസ്തവുമായ കുടുംബങ്ങൾ, കൊല്ലപ്പെട്ടവരും കൊലപാതകികളും, നിയമപാലകർ, പുരോഹിതർ, റോമാക്കാരും ഗ്രീക്കുകാരുമായ കവികളും കലാകാരന്മാരും, നർത്തകർ, ശില്പികൾ, ചിത്രകാരന്മാർ, അക്കാലത്തും ചരിത്രത്തിലും നടന്ന യുദ്ധങ്ങൾ, സുന്ദരികളും കുലീനകളുമായ സ്ത്രീകൾ, കപ്പിത്താൻമാർ, കുന്നുകളും നദികളും, ഗ്രീക്ക് ഇതിഹാസങ്ങൾ, നരക-ശുദ്ധീകരണ കാണ്ഡങ്ങളിൽ ദാന്തെയും വെർജിലും (Virgil) കിഴക്കു നിന്ന് പടിഞ്ഞാറോട്ട് നീങ്ങുന്നതിന്റെ ചലനങ്ങൾ, മൃഗങ്ങൾ, ഫലവൃക്ഷങ്ങൾ, കൃഷിത്തോപ്പുകൾ, ഗ്രീക്ക് മിത്തോളജിയിലെ നിരവധി കഥാപാത്രങ്ങൾ, കാലാകാലങ്ങളായി ക്രിസ്തുമതം നേരിട്ട അക്രമങ്ങൾ, ഫ്ളോറൻസിലെ സ്ത്രീ-പുരുഷന്മാരുടെ സ്വഭാവങ്ങൾ, അവരുടെ വ്യക്തിപരമായ പ്രത്യേകതകൾ, ഓരോ സർഗ്ഗത്തിലും കടന്നുവരുന്ന നിരവധിയായ ബൈബിൾ പരാമർശങ്ങൾ. ഇവയത്രയും ഇറ്റലിയുടെ യഥാർത്ഥ ചരിത്രം തന്നെയായിരുന്നു എതാണ് പ്രധാനം. അക്കാലത്തെ ഇറ്റാലിയൻ സമൂഹത്തിന്റെ സാംസ്കാരിക ചരിത്രം—ജീവിത നിലവാരം, തൊഴിൽ, നൈതികത, വൈകാരിക ജീവിതം—മുഴുവൻ ഡിവൈൻ കോമഡി വെളിപ്പെടുത്തുന്നു.

ളാണ് ഈ ലേഖനത്തിലുള്ളത്. കിളിമാനൂർ രമാകാന്തൻ, ഡിവൈൻ കോമഡി, കേന്ദ്ര സാഹിത്യ അക്കാദമി, ന്യൂഡെൽഹി, 2001, പു. 509.

ഫ്ളോറൻസിനെയും ഇറ്റലിയെയും അതുവഴി നൈതികവും സാമൂഹികവും രാഷ്ട്രീയവുമായ ലോകത്തെ മുഴുവൻ അത് പ്രതിനിധാനം ചെയ്യുന്നു. ഒരു സാംസ്കാരിക രൂപമെന്ന നിലയിൽ പതിനാലാം നൂറ്റാണ്ടിലെ ലോകചരിത്രത്തെയാണത് വെളിപ്പെടുത്തുന്നത്.

ക്രിസ്തീയ രാജത്വത്തെക്കുറിച്ചുള്ള ആത്മീയ ചിന്തകളും വിശ്വാസവും ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലാണ് ദാന്തെ എഴുതിയത്. തന്റെ രാഷ്ട്രീയ വിശ്വാസം വളരെ വ്യക്തമായിത്തന്നെ കവി അവതരിപ്പിക്കുന്നു. അഴിമതിക്കാരും മതപുരോഹിതരുമായ രാഷ്ട്രീയ എതിരാളികളെ നരക കാണ്ഡത്തിലാക്കി തന്റെ സുഹൃത്തുക്കളെ മഹത്വവത്കരിക്കുന്ന ഡിവൈൻ കോമഡി ദാന്തെയുടെ നൈതിക ജീവിതത്തിന്റെ ആത്മീയ രേഖയാണ്. തനിക്കു ചുറ്റും കണ്ട പാപം നിറഞ്ഞ ജീവിതവഴികളും സാമൂഹിക ജീവിതത്തിൽ വളർന്നുവരുന്ന അഴിമതിയുമാണ് അദ്ദേഹത്തിന്റെ വിഷയം. സ്വർഗ്ഗ കാണ്ഡത്തിൽ തന്റെ നൈതിക ദർശനം ദാന്തെ വ്യക്തമാക്കുന്നുമുണ്ട്. ദയ, നീതി, സത്യം എന്നിവയുടെ ശരിയായ പാത തിരഞ്ഞെടുക്കാനുള്ള തിരിച്ചറിവും ആഹ്വാനവുമാണ് ഈ കൃതി. തനിക്കു ലഭിച്ച ബൈബിൾ പഠനത്തിന്റെ വെളിച്ചത്തിൽ ശിക്ഷാവിധികളും സ്വർഗ്ഗീയ പ്രതിഫലങ്ങളും ചിത്രീകരിക്കുന്നതിലൂടെ ജൈവികവും ആത്മീയവുമായ നിരവധി സംശയങ്ങൾക്ക് ഉത്തരം കണ്ടെത്താനും കഴിയും. പാപത്തിൽ നിന്ന് ശുദ്ധീകരണം നേടാൻ പ്രാർത്ഥന എങ്ങനെ സഹായിക്കുന്നു എന്നും മാമോദീസാ മുങ്ങിയ ക്രിസ്ത്യാനികൾ പോലും സ്വർഗ്ഗത്തിലെത്താൻ കഴിയാതെ ആയിരക്കണക്കിനു വർഷം ശുദ്ധീകരണ സ്ഥലത്ത് കിടക്കേണ്ടി വരുന്നതും ഉയർന്ന ഇടമായ സ്വർഗ്ഗത്തിലെത്തിച്ചേരാനുള്ള തടസ്സങ്ങളും ശുദ്ധീകരണ കാണ്ഡത്തിലെ വിഷയമാണ്. മനുഷ്യ ജീവിതത്തിൽ അവരവരുടെ ആത്മീയ ചുമതലകൾ നിർവ്വഹിക്കാതിരിക്കുന്നതാണ് ദാന്തെയുടെ നിശിത വിമർശനത്തിടയാക്കുന്നത്. മനുഷ്യൻ, വ്യക്തി എന്ന നിലയിൽ സമൂഹത്തോടു ചെയ്യേണ്ട ഉത്തരവാദിത്തങ്ങളെ കുറിച്ചാണ് കാവ്യം ഓർമ്മിപ്പിക്കുന്നത്. ഡിവൈൻ കോമഡി മറ്റെന്തിലുമുപരി ഒരു ഇതിഹാസമായി മാറുന്നത് ഈ ചിന്തകൾ കൊണ്ടുകൂടിയാണ്. ക്രിസ്ത്യൻ മതവിശ്വാസമനുസരിച്ച് നരക-സ്വർഗ്ഗങ്ങളിലേക്കുള്ള ഒരു യാത്ര എന്നതിനപ്പുറം മനുഷ്യനെക്കുറിച്ചാണത് സംസാരിക്കുന്നത്.

2.5 ദാന്തെയുടെ കലാജീവിതം

പ്രണയത്തെ അനശ്വരവും അനിർവ്വചനീയവുമായ മാനുഷികഗുണമെന്ന നിലയിൽ ആദർശവത്കരിച്ച് ഉദാത്തകാവ്യമാതൃകയായി മാറിയ ഡിവൈൻ കോമഡി ഉൾപ്പെടെയുള്ള കലാശില്പങ്ങളുടെ കേന്ദ്രബിന്ദു ദാന്തെയ്ക്ക് ഒമ്പതു വയസ്സുള്ളപ്പോൾ ബിയാട്രിസ് എന്ന പെൺകുട്ടിയോട് ആദ്യദർശനത്തിൽ തോന്നിയ അന്ധമായ പ്രണയമാണ്. തീവ്രവും നിരസിക്കപ്പെട്ടതുമായ ആ പ്രണയവും ബിയാട്രിസിന്റെ മരണവുമാണ് ദാന്തെയുടെ എല്ലാ സൈദ്ധാന്തിക പ്രായോഗികപ്രവർത്തനങ്ങളുടെയും അടിസ്ഥാനം. എന്നാൽ, വെറുമൊരു പ്രണയസാഹിത്യമല്ല ദാന്തെ രചിച്ചത്.

സാംസ്കാരികവും തത്വചിന്താപരവുമായ പുതിയ ചിന്തകളും അന്വേഷണങ്ങളുമാണ് മനുഷ്യജീവിതത്തെക്കുറിച്ച് അദ്ദേഹം ഉയർത്തിയത്. അതിനടിസ്ഥാനമായി ഈ പ്രണയം നിലകൊള്ളുന്നു എന്നുമാത്രം. ഇറ്റലിയിലെ മത-രാഷ്ട്രീയ ചിന്തകരും പ്രസ്ഥാനങ്ങളുമായി അടുപ്പം പുലർത്തിയ ദാന്തെ ആത്മകഥാപരമായ വസ്തുതകളെ എല്ലായ്പ്പോഴും സംസ്കാരവുമായി ബന്ധപ്പെടുത്തിയാണ് പ്രതിപാദിച്ചത്. The vita nuova അഥവാ New Life എന്ന ആദ്യ കൃതിയിൽ, തന്നെ പ്രചോദിപ്പിക്കുന്ന കാവ്യദേവത എന്ന മട്ടിൽ ബിയാട്രിസ് പ്രത്യക്ഷപ്പെടുന്നുണ്ട്. സുന്ദരിയായ ഒരു സ്ത്രീയെന്ന യാഥാർത്ഥ്യത്തോടെയാണ് ബിയാട്രിസിന്റെ ചിത്രീകരണം. അതിന് മായിക പരിവേഷം നല്കി അമൂർത്തമാക്കാൻ ദാന്തെ തുനിയുന്നില്ല. തന്നെ തീവ്രപ്രണയത്തിലേക്കും കാവ്യപ്രചോദനത്തിലേക്കും നയിച്ചതാണ് ആ സ്ത്രൈണ സൗന്ദര്യം. ശുദ്ധീകരണ കാണ്ഡത്തിൽ ബിയാട്രിസ്സിനെ കണ്ടുമുട്ടുന്ന രംഗം ദാന്തെയുടെ അനുരാഗത്തിന്റെ തീവ്രതയാണ് വ്യക്തമാക്കുന്നത്.

> വെള്ളയാം വെളിയിടയ്ക്കുടിയിലൊളിവിന്റെ
> നല്ലിലകിരീടവുമണഞ്ഞു കാണപ്പെട്ടു
> സുന്ദരിയാമൊരു നാരി പച്ചപ്പട്ടിനു താഴെ
> കത്തുന്ന തീജ്ജ്വാല പോലുള്ളതാം വേഷം ചാർത്തി
> അത്തവ്വിലെൻ മുന്നിൽ വന്നങ്ങനെ നിലകൊണ്ടു
> സാന്നിദ്ധ്യമുണ്ടാക്കുന്ന വിറയൽ കൂടാതെയെ-
> ന്നാത്മാവുനേരം നീക്കി വ്യക്തമായി ദർശിക്കാതെ
> അവളെ നിഗൂഢമാമവൾതൻ സ്വാധീനത്താൽ
> പഴയ രാഗത്തിന്റെ ശക്തിയെന്നുള്ളിൽ തോന്നി
> ശൈശവം തീരും മുമ്പേയെയുള്ളുതുളച്ചതാ-
> മാ, മഹാഗുണമെന്റെ കൺകളിൽ പതിക്കവേ
> ഭയന്നോ മുറിവേറ്റോ അമ്മയെത്തേടുന്നോരു
> ശിശുവിന്നൊപ്പം ഞാനുമിടത്തു വശത്തേക്കായ്
> തിരിഞ്ഞു മനം തന്നിൽ നിറയും മോഹത്തോടെ
> ഗുരുവോടീമട്ടിലായ് പറയാനപ്പോൾത്തന്നെ
> "എന്റെ ചോരയിലോരോ തുള്ളിയുമിളകുന്ന
> പണ്ടത്തെ രാഗത്തിന്റെ മുദ്രകൾ കാണുന്നു ഞാൻ"[13]

ദാന്തെയ്ക്ക് ബിയാട്രിസ്സും അർത്ഥവത്തായ ഒരു പ്രതീകമാണ്. എന്താണ് പ്രണയമെന്നും മനുഷ്യന് ഔന്നത്യം നല്കുന്ന വിധത്തിൽ അത് പ്രവർത്തിക്കുന്നതെങ്ങനെയെന്നും സ്ത്രീ-പുരുഷ പ്രണയത്തിന്റെ ഉദാത്തതയെന്തെന്നുമുള്ള ചിന്തകൾ കാവ്യകേന്ദ്രത്തിൽ നിന്ന് മാറിപ്പോകാതെ നിലനിർത്തുന്നതാണ് ഡിവൈൻ കോമഡിയുടെ വിജയം. അതുല്യമായ രൂപഘടനയോടൊപ്പം അനന്യമായ പ്രണയത്തിന്റെ

[13] അതിൽത്തന്നെ, പു. 544–545.

ഭാവതലത്തെ ചേർത്തുവച്ചാണ് അതു സാധ്യമാക്കിയത്. ആത്മീയവും സാംസ്കാരികവുമായ പക്വത വെളിപ്പെടുത്തുന്ന ദാന്തെയുടെ കലാസൃഷ്ടികൾ ആത്യന്തികമായി മനുഷ്യന്റെ നന്മയാണ് കേന്ദ്രമാക്കുന്നത്. നന്മ വ്യക്തിയുടെ പാരമ്പര്യവുമായോ സാമ്പത്തികശേഷിയുമായോ ബന്ധിപ്പിക്കേണ്ടതല്ല; മറിച്ച് ബൗദ്ധികവും നൈതികവും തികച്ചും പ്രകൃതിദത്തവുമാണ്. ഇത്തരത്തിൽ മാനുഷികതയെ കുറിച്ചുള്ള വിധിന്യായങ്ങളാണ് ഡിവൈൻ കോമഡിയുടെ കാതൽ. മനുഷ്യ ജീവിതത്തിന്റെ കടമകളും കർത്തവ്യങ്ങളും അത് ഓർമ്മിപ്പിക്കുന്നു. ദുഃഖങ്ങളും പ്രതീക്ഷകളും നിറഞ്ഞ മനുഷ്യജീവിതത്തിന്റെ കാവ്യാത്മകമായ 'ദാന്തെചിന്തകൾ' മലയാളത്തിലെത്തിക്കുകയാണ് ശ്രീ. കിളിമാനൂർ രമാകാന്തൻ ചെയ്തത്.

ഡിവൈൻ കോമഡിയുടെ ഇതിവൃത്ത ഘടന വളരെ ലളിതമാണ്. പരിത്രാണത്തിലേക്കുള്ള ദാന്തെയുടെ തീർത്ഥാടനമാണത്. ആയിരത്തി മുന്നൂറാമാണ്ട് ദാന്തെയുടെ മുപ്പതാം വയസ്സിൽ ദുഃഖവെള്ളിയാഴ്ച ദിവസം രാത്രി, ഒരു ഇരുണ്ട വനത്തിൽ ഭയത്തിന്റെ മുൾമുനയിൽ സ്വയം നഷ്ടപ്പെടുന്നതിൽ നിന്നാണ് കാവ്യത്തിന്റെ തുടക്കം. പ്രതീകങ്ങളുടെയും ബിംബങ്ങളുടെയും പെരുമഴയാണ് പിന്നീട്. തന്റെ മുൻഗാമിയായ ഇറ്റാലിയൻ കവി വെർജിലിനൊപ്പം യാത്രയാരംഭിക്കുന്ന ദാന്തെ മൂന്നു ലോകങ്ങളിലൂടെയും കടന്നുപോകുന്നു. നരകത്തിലും ശുദ്ധീകരണ കാണ്ഡത്തിലും നയിക്കുന്നത് വെർജിലാണ്[14], സ്വർഗ്ഗത്തിൽ പ്രണയ ഭാജനമായിരുന്ന ബിയാട്രിസ്സും. ശരിതെറ്റുകളെ നിയന്ത്രിക്കുന്ന നിരവധി നിയമങ്ങൾ, വിശ്വാസങ്ങൾ, മതങ്ങൾ എന്നിവ തിരിച്ചറിഞ്ഞും ചോദ്യംചെയ്തും നരകത്തിലെ ഒമ്പതു വലയങ്ങളിലൂടെ ദാന്തെ സഞ്ചരിക്കുന്നു. ഡിവൈൻ കോമഡിയിലെ ഏറ്റവും മികച്ചതും താല്പര്യ ജനകവുമായ ഭാഗമാണിത്. ഇവിടെ ദൈവം പൂർണ്ണമായും അദൃശ്യനാണ് എന്ന പ്രത്യേകതയുമുണ്ട്. വൈവിധ്യമാർന്ന ജീവിത ചിത്രങ്ങളും ആശയങ്ങളും പ്രതീകങ്ങളും കൊണ്ട് സമ്പന്നമാണ് നരക കാണ്ഡം. പ്രകൃതിദത്തമായ അവകാശങ്ങളുംബുദ്ധിശക്തിയും ഉത്തരവാദിത്തങ്ങളും ഉള്ള സ്വതന്ത്രവ്യക്തിയാണ് മനുഷ്യരെല്ലാം. ഓരോരുത്തർക്കും വ്യക്തിപരമായ നിലനില്പുണ്ടെങ്കിലും വിശാല മാനവിക പാരമ്പര്യത്തിന്റെ ഭാഗം കൂടിയാണത്. ജ്ഞാനോദയത്തിന്റെ സങ്കേതങ്ങളായ ഉദാരമാനവികതയുടെ (Liberal Humanism) ആശയങ്ങളാണ് ഡിവൈൻ കോമഡിയെ നിയന്ത്രിക്കുന്നത്.[15] ദാന്തെയുടെ നല്ല സുഹൃത്തും ഫ്ളോറൻസിലെ സംഗീതജ്ഞനുമായിരുന്ന കാസെല്ലയെ ശുദ്ധീകരണ സ്ഥലത്ത് കണ്ടുമുട്ടുന്നത് നോക്കുക:

> എന്റെ മോഹത്തെശ്ശാന്തമാക്കിയ പ്രേമോജ്ജ്വല-
> സുന്ദരഗാനാലാപ കലയും നിന്നോർമ്മയും
> നിന്നെവിട്ടെങ്ങോപോയി മറഞ്ഞിട്ടില്ലെന്നാകിൽ
> എന്നുടെയാത്മാവിനെയാശ്വസിപ്പിക്കു പാട്ടാൽ

---

14 Virgil അഥവാ Vergil അഗസ്റ്റൻ കാലഘട്ടത്തിലെ റോമൻ കവി. Publius Vergilus Maro എന്ന Vergil റോമൻ സാഹിത്യത്തിലെ മൂന്നു പ്രധാന കാവ്യങ്ങളുടെ—Ecligues, Georgics, ഇതിഹാസമായ Aeneid—രചയിതാവാണ്.

15 Tony Davies, Humanism, Routledge, London and New York, 2009, p. 21–22.

ഇങ്ങു വന്നതുമൂലം എന്നുടെ ശരീരവും
എന്റെയാത്മാവും ഏറെത്തളർന്നു കഴിയുന്നു[16]

പാപം ഏറ്റുപറഞ്ഞവരും പശ്ചാത്തപിച്ചവരുമാണ് ശുദ്ധീകരണ സ്ഥലത്തുള്ള ത്. ശിക്ഷാകാലാവധി കഴിഞ്ഞ് സ്വർഗ്ഗത്തിലേക്ക് നിത്യമായി രക്ഷപ്പെടാനുള്ള വരാണവർ. ശുദ്ധീകരണ സ്ഥലത്ത് ശിക്ഷാവിധിക്കർഹമായ ഏഴുതരം പാപങ്ങ ളെ ദാന്തെ ശ്രേണീകരിക്കുന്നു. അഹന്ത, അസൂയ, വിദ്വേഷം, അലസത, ദുരാഗ്രഹം (അവയുടെ വിപരീത/മറു വശങ്ങളും)[17], ഭോഗേച്ഛ, അത്യാർത്തി തുടങ്ങിയ ഗൗരവ മാർന്ന പാപങ്ങൾ ചെയ്തവർ ഏറ്റവും താഴെയും ലഘുപാപങ്ങൾ ചെയ്തവർ നിത്യര ക്ഷയുടെ സമീപത്ത് കൊടുമുടിയുടെ ഉന്നത ശൃംഗങ്ങളിലും. കൊടുമുടിയുടെ ഏഴാമ ത്തെ തലം വരെ വെർജിൽ ദാന്തെയെ നയിക്കുന്നു. മാനവിക യുക്തിയുടെ പ്രതീക മായി ഡിവൈൻ കോമഡിയിൽ അവതരിപ്പിക്കുന്ന വെർജിലിന് പക്ഷേ, സ്വർഗ്ഗം ലഭിക്കുന്നില്ല.[18] മാനുഷികമായ യുക്തിചിന്ത സ്വർഗ്ഗലബ്ധിക്കർഹമായ ഒന്നല്ല എന്നാ ണ് ദാന്തെയുടെ മതം. അതിന് മാമോദീസ മുങ്ങണം. സ്വർഗ്ഗ കാണ്ഡത്തിൽ ഒമ്പ തു വലയങ്ങളാണുള്ളത്. ഓരോ ആകാശവും ഓരോ കൂട്ടം ആളുകളെ പ്രതിനിധാ നം ചെയ്യുന്നു. ഉദാഹരണമായി അഞ്ചാം മണ്ഡലത്തിൽ രക്തസാക്ഷികളും ആറിൽ നീതിമാന്മാരുമാണ്. കാവ്യാവസാനത്തിൽ ദൈവത്തെ കാണാനുള്ള ദാന്തെയുടെ ആഗ്രഹം അസ്പഷ്ടമായ ഒരു തേജസ്സിന്റെ രൂപത്തിൽ സഫലമാകുന്നുമുണ്ട്. ത്രിത്വ ത്തെക്കുറിച്ചുള്ള ദൈവശാസ്ത്രപരമായ വ്യാഖ്യാനങ്ങളോട് ചേർന്നു പോകുന്നതു കൂ ടിയാണത്. മനുഷ്യ ഭാവനയുടെ മകുടമെന്ന് വിശേഷിപ്പിക്കാവുന്ന ഈ രചന മാനു ഷികമായ മറ്റു സ്വർഗ്ഗ-നരകങ്ങളെ നിർമ്മിക്കുന്നു. അമൂർത്തമായതിനെ മൂർത്തമാ യി ആവിഷ്കരിക്കുകയാണ് ദാന്തെ ചെയ്യുന്നത്. ശരിതെറ്റുകളെ നിർണ്ണയിച്ച് ജീവി തത്തെ നിയന്ത്രിക്കാനും നിർണ്ണയിക്കാനും അത് പ്രേരണ നല്കുന്നു. മനുഷ്യ സമൂഹ ത്തിൽ തന്റെ ഇടത്തെക്കുറിച്ചുള്ള തിരിച്ചറിവിനും ഡിവൈൻ കോമഡി കാരണമാ കുന്നുണ്ട്. നിരന്തര വൈഷമ്യങ്ങളും പ്രതികൂലാവസ്ഥയും നിറഞ്ഞ മനുഷ്യ ജീവിതം ഐശ്വര്യത്തിലേക്കു കടക്കുന്നതിന്റെ—എല്ലാ ദുഃഖവെള്ളിയാഴ്ചയ്ക്കു് ശേഷവും ഉയർ പ്പ് ഞായർ വരുന്നുണ്ട് എന്നതിന്റെ—അന്യാപദേശാവിഷ്കാരമാണത്.

16 ശുദ്ധീകരണ കാണ്ഡം, രണ്ടാം സർഗ്ഗം, പു. 257.

17 അടിസ്ഥാനപാപങ്ങൾ എന്ന് ക്രിസ്തുമതം പഠിപ്പിക്കുന്നതും ഇവയാണ്.

18 ക്രിസ്തുവിന് മുമ്പ് ജീവിച്ചയാളും വിജാതീയനുമായ വെർജിൽ ദാന്തെയ്ക്കൊപ്പം ശുദ്ധീകരണ സ്ഥലം വരെ അനുഗമിക്കുന്നു എന്നത് ദാന്തെ മുന്നോട്ടു വെയ്ക്കുന്ന വിശാലമാനവികതയ്ക്ക് ദൃഷ്ടാന്തമാണ്. എങ്കിലും സ്വർഗ്ഗപ്രാപ്തിക്ക് അർഹനാക്കിയില്ല എന്നത് ദാന്തെയുടെ ക്രൈസ്തവ വിശ്വാസത്തിനു തെളിവാണ്. മാനുഷിക യുക്തി മത വിശ്വാസത്തിന്റെ പരിധിക്കുള്ളിലല്ല നിലകൊള്ളുന്നത്.

2.6 ദാന്തെയുടെ 'കോമഡി'

ട്രാജഡിയെയും കോമഡിയെയും വിഭജിക്കുന്നത് അരിസ്റ്റോട്ടിലിന്റെ സാഹിത്യ സിദ്ധാന്തങ്ങളാണ്.[19] മാനുഷികയുക്തിയാൽ മറികടക്കാൻ കഴിയുന്ന വിലകുറഞ്ഞ മാനുഷിക വികാരങ്ങൾ ദ്യോതിപ്പിക്കുന്ന നാടകങ്ങളെയാണ് കോമഡിയെന്ന് അരിസ്റ്റോട്ടിൽ വിശേഷിപ്പിക്കുന്നത്. തനി ഗ്രാമ്യമായത് ('a rustic song') എന്നാണ് ദാന്തെയുടെ നിർവചനം. തന്റെ സുഹൃത്തായ കാൻ ഗ്രാൻഡെക്കെഴുതിയ (Can Grande) കത്തിൽ കോമഡി എന്ന പേരിട്ടതിന് ദാന്തെ ന്യായീകരണം നല്കുന്നുമുണ്ട്. അത്ര ഉന്നതമായ കാവ്യരീതിയിലൊന്നുമല്ല താനെഴുതിയതെന്നും അത് തികച്ചും സുചിന്തിതമായ പഠന പ്രക്രിയയ്ക്ക് പുറത്തുള്ളതാണെന്നും ('an unstudied and low style') അദ്ദേഹം വിവരിക്കുന്നു.[20] അരിസ്റ്റോട്ടിലിന്റെ ക്ലാസ്സിക്കൽ കാലഘട്ടത്തിൽ നിന്ന് ദാന്തെയുടെ മധ്യകാലഘട്ടത്തിലെത്തുമ്പോൾ സംഭവിച്ച മാറ്റമാണിതു വ്യക്തമാക്കുന്നത്. ജ്ഞാനോദയത്തിന്റെയും നവോത്ഥാനത്തിന്റെയും തുടക്കത്തിൽ യൂറോപ്യൻ സാഹിത്യത്തിൽ സംഭവിച്ച സാംസ്കാരിക മാറ്റ/ഭാവുകത്വവ്യതിയാനത്തെ പ്രതിനിധീകരിക്കുന്ന കൃതി കൂടിയാണ് ഡിവൈൻ കോമഡി. നാടക രൂപമായിരുന്ന കോമഡി ഗദ്യപദ്യങ്ങളിൽ പുതുരൂപങ്ങളന്വേഷിക്കുന്നു. ക്ലാസ്സിക്കൽ സ്വാധീനങ്ങളിൽ നിന്ന് കുതറിമാറി പുതിയ അനുഭവ മേഖലകളിലേക്ക് സാഹിത്യം കടന്നു. ഗൗരവം/ഗൗരവേതരം എന്നിങ്ങനെ ശുദ്ധസാഹിത്യ രൂപങ്ങളുടെ അതിർവരമ്പുകൾ നഷ്ടപ്പെട്ട കോമഡി നാടക രൂപത്തിൽ നിന്ന് മാറി കൂടുതൽ ആഖ്യാനപരമായി തീർന്നു. സാഹിത്യ രൂപങ്ങളിലെ അരിസ്റ്റോട്ടലിയൻ മാനദണ്ഡങ്ങളെ യൂറോപ്യൻ സാഹിത്യ രൂപങ്ങൾ പുനർനിർണ്ണയം ചെയ്യുന്നതിനെയും ഡിവൈൻ കോമഡി പ്രതിനിധീകരിക്കുന്നുണ്ട്. ഗ്രീക്ക്, ഇംഗ്ലീഷ് ഭാഷകളിലെ മികച്ച ട്രാജഡികൾ വിവർത്തനത്തിലൂടെ മലയാളത്തിന് പരിചിതമാണെങ്കിലും ഒരു യൂറോപ്യൻ കോമഡി സാഹിത്യ രൂപം പരിചയപ്പെടുത്തുക എന്നതാണ് മലയാള വിവർത്തനത്തിന്റെ മറ്റൊരു ദൗത്യം.

2.7 വിവർത്തകരുടെ പാരമ്പര്യ മൂല്യങ്ങൾ

ഋജുവും വ്യക്തവും ശക്തിമത്തും സമാന്തരവുമായ കഥപറച്ചിൽ രീതിയാണ് ദാന്തെയുടേത്. വിവർത്തനത്തിന് ഏറ്റവും വഴങ്ങുന്ന രീതിയെന്നാണ് പൊതുവെ പറയപ്പെടുന്നത്, മലയാളത്തിൽ പൂർണ്ണമായൊരു വിവർത്തനമുണ്ടായത് മുൻസൂചിപ്പിച്ചതുപോലെ 2001-ലാണെന്നു മാത്രം. എന്നാൽ, അറുന്നൂറു വർഷങ്ങൾക്കു ശേഷ

[19] "Comedy is an imitation of inferior people—not, however, with the respect to every kind of defect; the laughable is a species of what is disgraceful. The laughable is an error or disgrace that does not involve pain or distruction: for example, a comic mask is ugly and distorted, but does involve pain" Aristotle, Poetics, trans. Malcom Heath, Harmonsworth: Penguin, 1996, p. 9.

[20] Andru Stott, Comedy, Routledge, London and New York 2007, p. 4 and 22.

വും യൂറോപ്പിൽ ഡിവൈൻ കോമഡിയുടെ വിവർത്തനങ്ങൾക്കും അനുകരണങ്ങൾക്കും സന്ദർഭ സ്വീകരണങ്ങൾക്കും കുറവൊന്നുമില്ല.[21] വ്യത്യസ്ത വായനകളും പുനരെഴുത്തുകളും ട്രാൻസ് മീഡിയ ആവിഷ്കരണങ്ങളും ധാരാളം പുറത്തു വരുന്നു. വർത്തമാന കാലത്ത് ദാന്തെ വിവർത്തനത്തിന്റെയും സ്വാധീനത്തിന്റെയും ചരിത്രം കുറച്ചൊന്നു പരിശോധിച്ചാൽ ഡിവൈൻ കോമഡി നിർമ്മിച്ച തുടർചലനങ്ങളുടെ ആഴവും പരപ്പും വ്യക്തമാകും. സിനിമ, ആനിമേഷൻസ്, കോമിക്സ്, ആർകിടെക്ചർ, ഗ്രാഫിക് നോവൽ, കമ്പ്യൂട്ടർ ഗെയിംസ് തുടങ്ങി അത്യന്താധുനിക സാംസ്കാരിക രൂപങ്ങളെപ്പോലും പ്രചോദിപ്പിച്ച രചനയാണത്. നിരവധി കമ്പ്യൂട്ടർ ഗെയിമുകളുടെ രൂപനിർമ്മിതി 'ഇൻഫേർണോ'യിലെ നരക ചിത്രീകരണത്തിന്റെ മാതൃകയുൾക്കൊണ്ടാണ്. വിജയപരാജയങ്ങളുടെ ആകുലതകളുണർത്തി പടിപടിയായി വിജയത്തിലെത്തുന്ന ഏത് വീഡിയോ ഗെയിമും ഡിവൈൻ കോമഡിയോട് കടപ്പെട്ടതാണ്. 'ഇൻഫേർണോ' എന്ന പേരിൽ ഒരു സൗജന്യ ഓപ്പറേറ്റിങ് സിസ്റ്റം പോലുമുണ്ടത്രേ. ചോസർ, ജോൺ മിൽട്ടൻ തുടങ്ങി ബോർഹസ് വരെയുള്ള എഴുത്തുകാരിൽ ദാന്തെ ചെലുത്തിയ സ്വാധീനം ഇംഗ്ലീഷ് സാഹിത്യത്തിൽ പഠന വിധേയമായിട്ടുണ്ട്. 1911-ൽ ഇൻഫേർണോ എന്ന നിശ്ശബ്ദ സിനിമയിൽ തുടങ്ങി 3ഡി ആക്ഷൻ സിനിമയിൽ വരെ യൂറോപ്പിൽ ഇന്നും ഡിവൈൻ കോമഡി ജീവിക്കുന്നു. ലോകപ്രശസ്ത ശില്പങ്ങൾ, കെട്ടിട നിർമ്മിതികൾ, ഇല്ലസ്ട്രേഷൻസ്, പെയിന്റിങ്സ് തുടങ്ങി ദൃശ്യസംസ്കാരത്തിലും നിരവധി മ്യൂസിക് ആൽബങ്ങളിലും ദാന്തെയുടെ സ്വാധീനമുണ്ട്. ഇങ്ങനെ ഒരു ക്ലാസ്സിക്കൽ കൃതി സമകാലിക ജനപ്രിയ സംസ്കാരത്തിലെ കലാരൂപങ്ങളിൽ ഇടപെടുന്ന രീതിയും അതിന്റെ ആശയ രൂപീകരണവും കൂടുതൽ പഠനാർഹമാണ്. കൊളോണിയൽ സാഹിത്യ അവബോധവും അടിമത്തവും സൃഷ്ടിച്ച വിവർത്തന പാരമ്പര്യത്തിന്റെ ഫലമാവാം ഡിവൈൻ കോമഡിയുടെ വിവർത്തനം മലയാളത്തിൽ ഇത്രയും വൈകാൻ കാരണമായത്. ആധിപത്യസ്വഭാവമുള്ള കൊളോണിയൽ ഭാഷയിൽ നിന്നും വിവർത്തനത്തിലൂടെ മലയാളത്തിലെത്തിയ ഷേക്സ്പിയർ കൃതികൾക്ക് മലയാള സാഹിത്യത്തിലും ജീവിതത്തിലും സിനിമയടക്കമുള്ള ജനപ്രിയ കലകളിലും ഇന്നുമുള്ള ശക്തമായ സ്വാധീനം കാണാതിരിക്കാനാവില്ല. ഈ മാനസികാടിമത്തത്തിന്റെ അതിർത്തികൾ ഭേദിച്ച് മാതൃഭാഷയോടുള്ള ധാർമ്മികോത്തരവാദിത്തം നിറവേറ്റുകയാണ് വിവർത്തകൻ ചെയ്യുന്നത്.

ശ്രീ. കിളിമാനൂർ രമാകാന്തൻ

ലക്ഷ്യ ഭാഷയുടെ സംസ്കാരത്തിനനുസരിച്ച്, ചിരപരിചിതമായ കാവ്യശൈലി ഉപയോഗപ്പെടുത്തി നടത്തിയ വിവർത്തനമാണ് ശ്രീ. കിളിമാനൂർ രമാകാന്തന്റേത്. നരക കാണ്ഡം, ശുദ്ധീകരണ കാണ്ഡം, സ്വർഗ്ഗ കാണ്ഡം എന്ന വിഭജനം, 'സർഗ്ഗ'ങ്ങളായി (ആകെ നൂറു സർഗ്ഗങ്ങൾ) തിരിച്ചത്, വെർജിലിനു

[21] 'Dante in English' by David Wallace, The Cambridge Companion to Dante, (Ed.), Rachel Jacoff, CUP, 1993, pp. 237–258.

നല്കുന്ന ഗുരുനാഥൻ എന്ന സംബോധന തുടങ്ങിയവ ഇന്ത്യൻ കാവ്യപാരമ്പര്യത്തിനുള്ള പ്രത്യക്ഷ ഉദാഹരണങ്ങളാണ്. മലയാളിക്ക് സുപരിചിതമായ ദ്രാവിഡ വൃത്തത്തിൽ പരമാവധി ലളിത പദാവലികൾ വിന്യസിപ്പിച്ച് പദ്യരൂപത്തിൽ തയ്യാറാക്കിയ മലയാള വിവർത്തനം ഏറെ പ്രശംസാർഹമാണ്.

> അവരെ നയിപ്പതും സ്നേഹമെന്നറിയുക
> അവരോടതേസ്നേഹമാർന്നു നീയർത്ഥിക്കുക[22]
> ദുഃഖകാലത്തിൽ സുഖവേളയെയോർക്കും പോലെ
> മർത്ത്യർക്കു മന്നിൽ മറ്റൊന്നില്ല ദുസ്സഹമായി![23]
> കൊള്ളാത്ത കൊടുക്കലും കൊള്ളാത്ത കരുതലും
> സുന്ദരഭൂവിൽനിന്നും വീഴ്ത്തിയീ,യാത്മാക്കളെ
> ഇവരെപ്പോരാട്ടത്തിലിങ്ങനെ പതിക്കയായ്
> ഇതിനെയെൻ വാക്കുകൾ വർണ്ണിക്കാനൊരുങ്ങില്ല
> അറിയും മകനേ നീ ഭാഗ്യത്തിന്നധീനമാം
> ധനസഞ്ചയത്തിന്റെ ക്ഷണിക വികൃതികൾ
> ആ ധനം നേടാനല്ലോ മണ്ണിലെ മനുഷ്യന്മാർ
> ഘോരഘോരമായ് തമ്മിൽ മല്ലടിപ്പതുമോർത്താൽ[24]

തുടങ്ങിയ വിവർത്തന വായനയിലെവിടെയും പതിമൂന്നാം നൂറ്റാണ്ടിൽ ഇറ്റലിയിൽ രചിച്ച ഒരു വൈദേശിക രചന എന്ന ബോധം അനുഭവപ്പെടുന്നില്ല. ഈ വായനാനുഭവം ഗ്രന്ഥാവസാനം വരെ നിലനിർത്താൻ കഴിയുന്നുമുണ്ട്. സമ്പന്നമായ സാംസ്കാരിക ഭൂതകാലവും കവിപ്രതിഭയും സർവ്വോപരി ഈ ഉൽകൃഷ്ട രചന സ്വഭാഷയിൽ പരിചയപ്പെടുത്തണം എന്ന ശാഠ്യവും വിവർത്തനത്തെ സ്വാഭാവികമാക്കുന്നു. വിപണിയുടെയോ വില്പനയുടെയോ സമ്മർദ്ദമില്ലാത്തതിനാൽ സ്വതന്ത്രമായ വിവർത്തന ശൈലി സ്വീകരിച്ചതിലൂടെ മലയാള സാഹിത്യപാരമ്പര്യത്തിന് മൂല്യവത്തായ സംഭാവന നല്കാൻ വിവർത്തകന് കഴിഞ്ഞു. സ്വന്തം ഭാഷയെ വളരെ സ്വതന്ത്രമായി മൂലകൃതിക്കുമേൽ പ്രകാശിക്കാൻ അനുവദിക്കുന്നതു പോലെയാണ് വായനാനുഭവം. വിവർത്തന കൃതി ഇന്ത്യൻ സംസ്കാരത്തോടും വായനാ രീതിയോടും ചേർന്നു നില്ക്കുന്നത് അതുകൊണ്ടാണ്.[25] മധ്യകാല മലയാള സാഹിത്യത്തിന്റെ സാഹിത്യ സ്വഭാവത്തെ ഓർമ്മിപ്പിക്കുന്ന ഭാഷാവൃത്ത ഘടനയിലുള്ള രചന കൂടാതെ വിവർത്തന പാഠത്തിലെ പദഘടന പരിശോധിച്ചാൽ നാട്ടുഭാഷയുടെ തനിമയാണ് വെളിപ്പെടുക.

---

[22] നരകകാണ്ഡം, അഞ്ചാം സർഗ്ഗം, പു. 33.
[23] നരകകാണ്ഡം, അഞ്ചാം സർഗ്ഗം, പു. 35.
[24] നരക കാണ്ഡം, അഞ്ചാം സർഗ്ഗം, പു. 46.
[25] Lawrence Venuti എഡിറ്റ് ചെയ്ത The Translation Reader-ൽ വിവർത്തനത്തിന്റെ ഇത്തരം തദ്ദേശീയ/ഗ്രാമ്യവത്കരണത്തെക്കുറിച്ച് (domesticating translation) നിരവധി പരാമർശങ്ങൾ കണ്ടെത്താം. Second edition, Routledge, London and New York, 2004.

വായനക്കാരാ ശൈലഭൂമിയിൽ പുകമഞ്ഞിൽ
നീയകപ്പെട്ടിട്ടുണ്ടോ അവിടെയകപ്പെട്ടാൽ
മറുക് തൊലിയിലൂടെന്നപോൽ നോക്കുംനിങ്ങൾ
പുകമഞ്ഞൊരിത്തിരിക്കുറയാൻ തുടങ്ങുമ്പോൾ
അതിനുള്ളിലായ് സൂര്യമണ്ഡലം ദർശിച്ചീടാം.[26]
നേർന്നുവന്നൊരുകോവിൽ കണ്ടോനാം തീർത്ഥാടകൻ
ആർന്ന നൂതന ജീവൻ കണ്ടതു വീട്ടിൽ ചെന്നി-
ട്ടെങ്ങനെ വർണ്ണിച്ചീടാമാക്കാഴ്ച്ചയെന്നോർക്കും പോൽ
അങ്ങനെ സജീവമാം പ്രകാശമതിലെന്റെ
കണ്ണുകളയച്ചു ഞാൻ വരികൾ തോറും ചില
വേളയിൽ നോക്കി മേലേ ഭാഗത്തിൽ ചില പോതിൽ
താഴെയും നോക്കി ചുറ്റും കണ്ണുകളയയ്ക്കയായ്[27]

സ്വസമൂഹത്തിന്റെ സഹസ്രാബ്ദശേഖരിതമായ പാരമ്പര്യ മൂല്യങ്ങളിൽ നിന്നു മാത്രമേ എഴുത്ത് എന്ന പ്രക്രിയ സാധ്യമാകു. ഇന്ത്യയിലെ എഴുത്തുകാരുടെ പാരമ്പര്യമെന്നത് ഇന്ത്യൻ ഭൂതകാലത്തിന്റെ അതീതാവസ്ഥയും വർത്തമാന സാന്നിധ്യവും മാത്രമല്ല; അത് നവോത്ഥാന കാലത്ത് ഇന്ത്യൻ സാഹിത്യ പാരമ്പര്യത്തെയാകെ സ്വാധീനിച്ച ഹോമറിന്റെ കാലം മുതലുള്ള യൂറോപ്യൻ സാഹിത്യവും മൂല്യബോധവും കൂടിയാണെന്ന തിരിച്ചറിവാണ് ഈ വിവർത്തന രീതിക്കു പിന്നിലുള്ളത്. ഡിവൈൻ കോമഡി വിവർത്തനം ചെയ്യണമെന്ന തീരുമാനത്തിനു പിന്നിൽ പ്രവർത്തിച്ച ഒരു കാരണവും ഇതാകണം. വിശ്വസാഹിത്യം മുഴുവൻ സ്വായത്തമാകുന്ന അല്ലെങ്കിൽ സ്വചരിത്രമായി മാറുന്ന സാംസ്കാരികാവസ്ഥയിലേക്ക് മലയാളി എഴുത്തുകാരും വായനക്കാരും ഇതിനകം മാറിയിരുന്നു. ഈ ചരിത്ര/പാരമ്പര്യ ബോധമാണ് ഡിവൈൻ കോമഡി വിവർത്തനത്തെ നയിക്കുന്നത്. മലയാളത്തിനു ലഭിച്ച ഈ വിവർത്തനം മലയാള സാഹിത്യ പാരമ്പര്യത്തിന്റെ ഉറപ്പുള്ള തുടർക്കണ്ണിയായി വർത്തിക്കുന്നതും അതുകൊണ്ടാണ്.

തനിക്കു ലഭിച്ച കാവ്യാനുഭവ പൂർത്തീകരണത്തിനു വേണ്ടി ദാന്തെ ഉപയോഗിച്ചത് ഇറ്റലിയിലെ സാധാരണഭാഷയാണ്.[28] കാവ്യാനുഭവത്തിന്റെ ഈ പൂർണ്ണതയ്ക്കു വേണ്ടിയാണ് ശ്രീ. രമാകാന്തനും സ്വഭാഷയിൽ ശ്രമിക്കുന്നത്. നരക കാണ്ഡത്തിൽ നരക നദിയുടെ വർണ്ണനയുടെ ചിലഭാഗങ്ങൾ നോക്കുക. നഗ്നരായ ആത്മാക്കളുടെ ദൃശ്യങ്ങൾ...

കരത്താൽ, ശീർഷത്തിനാൽ നെഞ്ചിനാൽ പാദങ്ങളാൽ

---

[26] പു. 403.

[27] പു. 911.

[28] ഗ്രീക്ക്, ലാറ്റിൻ തുടങ്ങിയ ക്ലാസ്സിക് ഭാഷകളിൽ എഴുതേണ്ട കാവ്യം പ്രാദേശിക ഭാഷയായ ഇറ്റാലിയനിൽ എഴുതിയതാണ് ഡിവൈൻ കോമഡിയുടെ മറ്റൊരു സവിശേഷത. സംസാര ഭാഷയിൽ സാഹിത്യമെഴുതുക എന്ന രീതിക്ക് തുടക്കം കുറിക്കുകയാണ് ദാന്തെ ചെയ്തത്.

അടിച്ചുകടിച്ചടലിഞ്ചിഞ്ചായ് കീറുന്നവർ...
വെള്ളത്തിൽ മുങ്ങിപ്പോയോർ തേങ്ങുന്നു കരയുന്നു
പൊങ്ങുന്നു കുമിളകളതിന്റെ മുകൾത്തട്ടിൽ
എങ്ങോട്ടു തിരിഞ്ഞാലും നിൻമിഴി പറയും പോൽ
ഇങ്ങിവർ ചെളിത്തട്ടിൽ പുതഞ്ഞുകഴിയുന്നു[29]

മഹത്തായ കാവ്യരചനയ്ക്ക് മഹത്തായ പദസഞ്ചയം ആവശ്യമാണെന്നാണ് ദാന്തെയും വിവർത്തനായ കവിയും സാധൂകരിക്കുന്നത്. കാവ്യം വിവർത്തനം ചെയ്യേണ്ടത് കവി തന്നെയാണ് എന്ന കാല്പനിക വിശ്വാസത്തെ ഉറപ്പിക്കുന്ന നിരവധി വരികൾ വിവർത്തനത്തിൽ നിന്ന് കണ്ടെടുക്കാൻ കഴിയും. 'താഴ്‌വരക്കുന്നിൽ കാൽക്കൽ വീഴുന്ന രംഗം തന്നിൽ' (പു. 1, ബൈബിളിലെ ദേവഗിരി), 'കാരുണ്യപൂർവ്വം കാണും നാരി' (പു. 12, കന്യകാമറിയം), 'അന്നേരമനന്ത കാലങ്ങളിൽ' (പു. 42, അന്ത്യവിധി) എന്നിങ്ങനെ ബൈബിൾ പ്രതീകങ്ങളെപ്പോലും തിരിച്ചറിയാനാകാത്തവിധം മലയാളീകരിച്ചിരിക്കുന്നു.[30] ഡിവൈൻ കോമഡി പോലൊരു വിവർത്തന പാഠത്തിന് അത്യന്താപേക്ഷിതമായ അടിക്കുറിപ്പുകളിലൂടെയാണവ തിരിച്ചറിയുന്നത്. അതുപോലെ, പതിനൊന്നാം സർഗ്ഗം മുഴുവൻ നരകത്തിന്റെ പ്രതീകമാണ്. (ലൈംഗിക കാര്യങ്ങളിലും മറ്റും) ആത്മനിയന്ത്രണമില്ലാത്ത അവസ്ഥ (Incontinence), അക്രമാസക്തമായ പെരുമാറ്റം (Violence), ചതി അഥവാ കരുതിക്കൂട്ടിയുള്ള ദ്രോഹചിന്ത (Fraud) എന്നീ മൂന്നുതരം പാപങ്ങളും അവയ്ക്കുള്ള ശിക്ഷാവിധികളുമാണ് പതിനൊന്നാം സർഗ്ഗത്തിൽ വിവരിക്കുന്നത്. ക്രിസ്ത്യൻ മൂല്യബോധത്തിന്റെയും പാപബോധത്തിന്റെയും ഉൾബോധത്തിൽ നിന്ന് രൂപപ്പെടുന്ന ഈ നരക ദർശനം മലയാള വിവർത്തനത്തിൽ തികച്ചും പരിചിതമെന്ന നിലയിലാവുന്നത് വിവർത്തകന്റെ കൈയടക്കം കൊണ്ടാണ്.

ചതിയായ്; ചതി നമ്മൾ കണ്ടു മർത്ത്യരിൽമാത്ര-
മതിനാ,ലതു ദൈവമേറ്റവും വെറുക്കുന്നു
വിശ്വാസം ലംഘിക്കുവോരടിയറ്റത്തിൽ ചെന്നു
പറ്റുന്നു ദുഃഖാധിക്യമവർ താനറിയുന്നു[31]

നരകത്തിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് ദാന്തെ നടത്തുന്ന യാത്രയുടെ അനുയാത്രികനായി മാറിയ വിവർത്തകൻ മാനവികതയുടെ ആത്മീയവും ഭൗതികവുമായ പുതുക്കൽ പ്രക്രിയയിൽ മലയാളിയെയും പങ്കാളിയാക്കുന്നു. വിവർത്തന പ്രക്രിയ സർഗ്ഗാത്മകമായി തീരുന്നത് ഇവിടെയാണ്. അഥവാ സാഹിത്യ വിവർത്തനത്തെ സം

---

29 പു. 48–49.

30 'ദാന്തെയെ വായിക്കാൻ വേദശാസ്ത്രം (Theology/Bible) അറിയേണ്ടതില്ല' എന്നത് പൊതുവായ ചൊല്ലാണ്. ആ അറിവ് ഡിവൈൻ കോമഡിക്ക് പുതിയൊരു ആശയവും തിരിച്ചറിവും ആശയവ്യക്തതയും നല്കും എന്നത് പരമാർത്ഥവുമാണ്.

31 പതിനൊന്നാം സർഗ്ഗം, പു. 72.

ബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള സർഗ്ഗാത്മക വിവർത്തനം മാത്രമാണ് സാധ്യമായത്.

2.8 പരോക്ഷ വിവർത്തനത്തിന്റെ സാധ്യതകൾ

ഒരു കാവ്യരൂപം വിവർത്തനം ചെയ്യാനൊരുങ്ങുമ്പോൾ ഏതു വീക്ഷണതലത്തിൽ/ ഏതുതരം വായനക്കാരെ ലക്ഷ്യംവെച്ചുകൊണ്ട് എന്നത് മുൻകൂട്ടി തീരുമാനിക്കേണ്ടതുണ്ട്. അത് മൂലകൃതിയിൽ താല്പര്യമുണർത്തുകയും മറ്റു വിവർത്തനങ്ങളിലേക്കും വ്യാഖ്യാനങ്ങളിലേക്കും നയിക്കുകയും ചെയ്യുന്നു. ഡിവൈൻ കോമഡിക്ക് ഗദ്യവിവർത്തനമൊരുക്കിയ H. R. Huse എന്ന ഇംഗ്ലീഷ് വിവർത്തകൻ താളവും വൃത്തവും നഷ്ടപ്പെടുത്തിയതിനെ ന്യായീകരിക്കുന്നത് 'ഭൂരിഭാഗം ആധുനിക വായനക്കാരും ശ്രദ്ധിക്കുന്നത് ധർമ്മോപദേശപരവും താത്വികവും ആഖ്യാനപരവുമായ അംശത്തെയാണ്' എന്ന പരാമർശിച്ചാണ്. എങ്കിലും താനൊരുക്കിയ ഗദ്യവിവർത്തനത്തിന് നിശ്ചിത രൂപവും താളവും നല്കാനുള്ള വിവർത്തകന്റെ ശ്രമത്തിൽ നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള വ്യാകുലത തന്നെയാണുള്ളത്.[32] ഹ്യൂസിന്റെ ഇംഗ്ലീഷ് ഗദ്യപരിഭാഷയാണ് മലയാള പദ്യവിവർത്തനത്തിന് ഏറ്റവും പ്രയോജനപ്പെട്ടത് എന്ന് ശ്രീ. രമാകാന്തൻ എഴുതിയിട്ടുണ്ട്.[33] തനിക്കു ലഭിച്ച ഇംഗ്ലീഷ് വിവർത്തനങ്ങളെല്ലാം[34] ഉപയോഗപ്പെടുത്തിയ വിവർത്തകൻ സങ്കീർണ്ണമായ പ്രതീകങ്ങൾക്കും ചരിത്രസൂചനകൾക്കും എഴുത്തുകാരുടെയും മതപുരോഹിതന്മാരുടെയും മറ്റും പരാമർശങ്ങൾക്കും ആവശ്യമായ ലഘുവിശദീകരണങ്ങൾ ഓരോ സർഗ്ഗത്തിലും നല്കിയാണ് മലയാള വിവർത്തനം നിർവഹിച്ചത്. ഉത്കൃഷ്ട രചനകൾ ഒരിക്കലും ആശയം പൂർത്തിയാകാത്ത വിധത്തിൽ നിരവധി വായനകൾക്കും വ്യാഖ്യാനങ്ങൾക്കും വഴങ്ങുകയും വിധേയമാകുകയും ചെയ്യും. അതിൽ ഏത് വ്യാഖ്യാനമാണ് വിവർത്തനത്തിന് സ്വീകരിക്കേണ്ടതെന്ന തീരുമാനമാണ് വിവർത്തനത്തെ നിർണ്ണയിക്കുന്ന മറ്റൊരു പ്രധാന ഘടകം. ഇറ്റലിയുടെ ചരിത്രം, ബൈബിൾ പരാമർശങ്ങൾ, ബിംബങ്ങളുടെ അനന്തമായ അർത്ഥസാധ്യതകൾ തുടങ്ങിയ സങ്കീർണ്ണഘടകങ്ങൾക്ക് അമിതപ്രാധാന്യം നല്കാതെ ദാന്തെ ഉയർത്തിപ്പിടിച്ച മാനവികതയ്ക്കും മനുഷ്യ മഹത്വത്തിനും ഊന്നൽ നല്കുകയാണ് ശ്രീ. രമാകാന്തൻ ചെയ്തത്. മലയാള വിവർത്തകൻ ലക്ഷ്യമാക്കിയ വായനാസമൂഹവും വ്യത്യസ്തമാണ്. പൊതുവെ ഡിവൈൻ കോമഡിയുടെ വായന സങ്കീർണ്ണമാണ്. പ്രതിഭാധനനായ എഴുത്തുകാരന് വാക്കുകൾ അടയാളങ്ങൾ മാത്രമാണ്.

---

32 H. R. Huse, The Divine Comedy, Rinehart and Winston, New York, 1967, p. xiii. 22.

33 ആമുഖം, കിളിമാനൂർ രമാകാന്തൻ, ഡിവൈൻ കോമഡി, കേന്ദ്ര സാഹിത്യ അക്കാദമി, ന്യൂഡെൽഹി, 2001.

34 ഡിവൈൻ കോമഡി ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തവരിൽ Cary, H. W. (1814), Lord Byron (1820), Longfellow, H. W. (1867), Charles Eliot Norton (1941), Dorothy Sayers (1949), Sisson (1980), Durling (1996) എന്നിവർ പ്രാധാന്യമർഹിക്കുന്നു. ഇവരിൽ Cary, H. F. (1814), Dorothy Sayers (1949) എന്നിവരുടെ പാഠങ്ങൾ തന്റെ വിവർത്തനത്തിൽ സഹായിച്ചതായി ആമുഖത്തിൽ ശ്രീ. രമാകാന്തൻ പരാമർശിച്ചിട്ടുണ്ട്.

കവിയുടെ അനുഭവങ്ങളും ആലോചനകളും സാമൂഹിക ചിഹ്നങ്ങളും അന്തർസംഘർഷങ്ങളും ഉൾക്കൊള്ളുന്ന ഈ അടയാളങ്ങൾ വിവർത്തനത്തിനു വഴങ്ങുന്നതല്ല. ഇത് തിരിച്ചറിയുന്ന വിവർത്തകൻ മൂലകൃതിയുടെ പ്രസക്തി തിരിച്ചറിയുകയും വിവർത്തനം ലക്ഷ്യ ഭാഷയിൽ സൃഷ്ടിക്കുന്ന സാംസ്കാരിക നവീകരണ ദൗത്യത്തിന് മുൻതൂക്കം നല്കുകയും ചെയ്യുന്നു. വിവർത്തന പ്രക്രിയയിൽ ഏറെ ദുഷ്കരമായനുഭവപ്പെടുന്ന ഡിവൈൻ കോമഡിയുടെ നാനാർത്ഥ സമ്പന്നത പൂർണ്ണമാക്കാൻ വിവർത്തകൻ ആയാസപ്പെടുന്നില്ല. ഓരോ സർഗ്ഗത്തിലും ഹ്യൂസ് നല്കിയതു പോലെ, പ്രധാന ഇമേജുകളുടെ ഒന്നിലധികം അർത്ഥങ്ങൾ നല്കിപ്പോലും വായനയിൽ തടസ്സമുണ്ടാക്കാൻ വിവർത്തകൻ തയ്യാറായില്ല. തന്റെ വിവർത്തനത്തിന്റെ രീതിശാസ്ത്രം മുൻകൂട്ടി തീരുമാനിക്കുന്ന വിവർത്തകന് മൂലകൃതിയുടെ വിവർത്തന ക്ഷമതയെ നിയന്ത്രിക്കാൻ കഴിയും. വിവർത്തനത്തിന്റെ ആശയ വിനിമയ ക്ഷമത ബന്ധപ്പെട്ടിരിക്കുന്നത് ഈ വീക്ഷണ ഗതിയുമായാണ്. ദാന്തെയുടെ മധ്യകാല രീതിയെ അനുസ്മരിപ്പിക്കുന്ന ഈ പരോക്ഷ പരിഭാഷ (indirect translation) ഡിവൈൻ കോമഡിയിലെ ബാഹ്യസൂചനകൾ അഥവാ വാക്കുകളും പ്രസ്താവങ്ങളും പകർന്നു നല്കുന്ന സന്ദേശത്തെ അർത്ഥപരമായി മലയാള ഭാഷയിലേക്ക് വിനിമയം ചെയ്യുന്നുണ്ട്. ഓരോ വിവർത്തനവും സ്രോത ഭാഷാ കൃതിയെ പുനർസൃഷ്ടിക്കുകയും അതിന് പുനർജീവിതം നല്കുകയുമാണ് ചെയ്യുന്നത്. മൂലകൃതിയിലേക്കുള്ള തിരിച്ചുപോക്കാണ് ഓരോ വിവർത്തനവും സാധ്യമാക്കുന്നത്. വിവർത്തന പ്രക്രിയയുടെ വിജയം കൂടിയാണത്.

2.9 സ്ത്രീ വിവർത്തകരുടെ സാന്നിധ്യം

എസ്. ശാരദക്കുട്ടി

മലയാള ഭാഷയിൽ വിവർത്തനങ്ങളും വിവർത്തകരും വർദ്ധിച്ചു വരുന്ന കാലമാണിത്. വളരെയധികം അന്യഭാഷാ രചനകൾ പ്രസാധകരിലൂടെ മലയാളത്തിലെത്തുന്നുണ്ട്. മലയാളത്തിലേക്ക് സാഹിത്യ സംബന്ധിയായ രചനകൾ വിവർത്തനം ചെയ്തവരുടെ പേരുകൾ ശേഖരിച്ചാൽ സ്ത്രീ നാമധേയങ്ങൾ ധാരാളം കണ്ടെത്താൻ കഴിയും.[35] അമ്പാടി ഇക്കാവമ്മ, ലീലാ സർക്കാർ, ഗീത, ആർ. കെ. ജയശ്രീ, എം. പി. സലില, ഡോ. പാർവ്വതി ജി. എയ്യൽ, റസീന കെ. കെ., റീത്ത

35 'സ്ത്രീ പക്ഷ വിവർത്തനം ഒരു മുഖവുര' എന്ന ലേഖനത്തിൽ 56 സ്ത്രീവിവർത്തകരുടെ പേരുകളും പ്രവർത്തനമേഖലയും ചേർത്തിട്ടുണ്ട്. ജയാസുകുമാരൻ, 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, (എഡിറ്റേഴ്സ്) വി. ജെ. വർഗീസ്, ഡോ. എൻ. വിജയമോഹനൻ പിള്ള, താരതമ്യ പഠന സംഘം, ചങ്ങനാശ്ശേരി, 2001. പു. 285–294. മലയാള രചനകളുടെ അന്യഭാഷാ വിവർത്തനവും കുറവല്ല. ഇംഗ്ലീഷിലേക്ക് 'ഇന്ദുലേഖ' വിവർത്തനം ചെയ്ത അനിതാ ദേവസ്യയും 'ഐതിഹ്യമാല' വിവർത്തനം ചെയ്ത ശ്രീകുമാരി രാമചന്ദ്രനും 'കൊച്ചരേത്തി' വിവർത്തനം ചെയ്ത കാതറിൻ തങ്കമ്മയും 'ആരാച്ചാർ' വിവർത്തനം ചെയ്ത ദേവികയും പ്രാധാന്യമർഹിക്കുന്നു. ഇവരിൽ പലരും വിവർത്തനത്തിന്റെ രാഷ്ട്രീയം തിരിച്ചറിഞ്ഞവരാണെന്ന് അവരുടെ പുസ്തകങ്ങളിൽ വിശദമായി നല്കിയ Translator's Note തെളിവാണ്. മലയാളത്തിലിറങ്ങുന്ന വിവർത്തനങ്ങളിൽ വിവർത്തന പ്രക്രിയയെ കുറിച്ച് അപൂർവ്വം മാത്രമേ എഴുതിയിട്ടുള്ളൂ.

എ., എം. ദിവ്യ, റോഷ്നി സ്വപ്ന, കെ. പി. പ്രമീള, പ്രഭാ ആർ. ചാറ്റർജി, പ്രഭാ സക്കറിയാസ്, രമാ മേനോൻ, ശ്രീലതാ നെല്ലുളി, സാജിത എം., പി. സീമ, പി. ഉഷാദേവി, അനാമിക, റിൻസി എബ്രഹാം, ശശികല ആർ. മേനോൻ, കമലാദേവി, സ്വാതി എച്ച്. പത്മനാഭൻ, പത്മാ കൃഷ്ണമൂർത്തി, ആശാലത, മഞ്ജുളമാല, രോഹിണി നായർ, മിനി മേനോൻ, ഡോ. സുധാ ബാലകൃഷ്ണൻ, ഡോ. ഫാത്തിമ ജിം, കെ. പി. സുമതി, എം. പി. ശ്രീജ, ജാനകി, സുഭദ്രാ പരമേശ്വരൻ, മുത്തുലക്ഷ്മി, ജ്യോതിബായ് പരിയാടത്ത്, ചന്ദ്രമതി, ഇന്ദുമേനോൻ, അനിത എം. പി., ഡോ. പി. കെ. രാധാമണി, എസ്. ശാരദക്കുട്ടി, മഞ്ജുളവാര്യർ, ഓമന, അഞ്ജന ശശി, സ്മിത മീനാക്ഷി, ജോളി വർഗീസ്, ജെനി ആൻഡ്രൂസ്, ബി. എം. സുഹ്റ, ശ്രീദേവി എസ്. കർത്ത, ഉഷാ നമ്പൂതിരിപ്പാട്, നിലീനാ എബ്രഹാം, ടി. ആർ. ജയശ്രീ, മിസ്സ് മേരി ജോർജ്, ആൻസി ഈപ്പൻ, സുഭദ്രമ്മ, കൃഷ്ണവേണി, സി. കബനി, ഷീബ ഇ. കെ., എം. കെ. ഗൗരി, ശൈലജാ രവീന്ദ്രൻ, അഞ്ജനാ ശങ്കർ, എ. കാമാക്ഷിക്കുട്ടിയമ്മ, പ്രിയ എ. എസ്., സുനീത ബി., വത്സാ വർഗീസ്, ശ്രീദേവി കെ. നായർ, മിസിസ്സ് തങ്കം നായർ, രാധിക സി. നായർ, ജയശ്രീ രാമകൃഷ്ണൻ, സുധാ ഗോപാലകൃഷ്ണൻ പ്രസന്ന കെ. വർമ്മ,... ഈ പേരുകളിൽ ചിലതെല്ലാം മറ്റ് സാഹിത്യമേഖലയിൽ സുപരിചിതമാണ്. സ്ത്രീവിവർത്തകരുടെ ഈ നീണ്ടനിര നല്കുന്ന പ്രാഥമികമായ അറിവ് മാതൃഭാഷയ്ക്കപ്പുറം മറ്റൊരു ഭാഷയിൽ കൂടി ഗാഢജ്ഞാനം നേടിയ, ഭാഷാപ്രയോഗത്തിൽ അന്തർദൃഷ്ടിയുള്ള നിരവധി സ്ത്രീകൾ കേരളത്തിലുണ്ട് എന്നതാണ്. ഉഭയഭാഷാ ജ്ഞാനം അഥവാ സ്രോത ഭാഷയിലും (source language) ലക്ഷ്യ ഭാഷയിലുമുള്ള (target language) അറിവാണ് വിവർത്തകർക്കു വേണ്ട അടിസ്ഥാന യോഗ്യത. സാഹിത്യ വിവർത്തനത്തെ സംബന്ധിച്ച് അത് ഇരുഭാഷകളിലുമുള്ള സംസ്കാരം, ചരിത്രം, പ്രാദേശിക ഭേദങ്ങൾ, സാഹിത്യ ചരിത്രം തുടങ്ങി സൂക്ഷ്മവും വ്യത്യസ്തവുമായ നിരവധി അറിവുകൾ ചേർന്നതാണ്. ഇരുസംസ്കാരത്തിന്റെയും ഭാഷയുടെയും മധ്യസ്ഥത വഹിച്ചുകൊണ്ടു മാത്രമേ സാഹിത്യ വിവർത്തനം സാധ്യമാകൂ.

2.10 സ്ത്രീ വിവർത്തകരുടെ കൂട്ടം

മീന കന്ദസ്വാമി

രബീന്ദ്രനാഥ ടാഗോറിനെയും ടോൾസ്റ്റോയി യെയും ഡോ. ബി. ആർ. അംബേദ്ക്കറെയും ഹെലൻ കെല്ലറെയും മലയാളത്തിലെത്തിച്ചവരിൽ സ്ത്രീവിവർത്തകരാണ് കൂടുതൽ. ചെക്കോവും ജലാലുദ്ദീൻ റൂമിയും ആൽബേർ കാമു വും സാർത്രും കാരെൻ ആംസ്ട്രോങും മീന കന്ദസ്വാമിയും മലയാളത്തിലെത്തിയത് സ്ത്രീകളുടെ കൈവഴക്കത്തിലാണ്. ഗിരീഷ് കർനാഡിന്റെ നാടകങ്ങളും ഹോമറിന്റെ ഇലിയഡും ഡി. എച്ച്. ലോറൻസിന്റെ രചനകളും മാക്സിം ഗോർക്കിയുടെ അമ്മയും മലയാളികൾ വായിച്ചത് സ്ത്രീ വിവർത്തകരുടെ ഭാഷാ നിപുണതയിലാണ്. 'ഒരച്ഛൻ മകൾക്കയച്ച

കത്തുക'ളും ഷേയ്ക്സ്പിയർ നാടകങ്ങളും ഷെർലക്ക് ഹോംസിന്റെ കുറ്റാന്വേഷണകഥകളും തിരുക്കുറലും ചരക പൈതൃകവും സ്ത്രീയുടെ വിവർത്തന പാടവത്തിൽ മലയാളി വായിച്ചു. പൗലോ കൊയ്ലോയും ഒർഹാൻ പാമുക്കും തസ്ലീമ നസ്രീനും മിലൻ കുന്ദേരയും ശിവാജി സാവന്തും ചിന്നപ്പഭാരതിയും അമൃതാ പ്രീതവും മലയാളിയുടെ അനുഭവമായത് സ്ത്രീകളുടെ വിവർത്തന ശേഷിയിലാണ്.[36] അതുകൊണ്ടുതന്നെ മലയാള സാഹിത്യത്തിന്റെയും ഭാവുകത്വത്തിന്റെയും സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികാസത്തിനും സഹായകരമായ വിവർത്തനങ്ങൾ എന്ന നിലയിൽ സാഹിത്യ ചരിത്രത്തിനും ഇവരെ കണ്ടില്ലെന്ന് നടിക്കാനാവില്ല. അധ്യാപകർ, ഗവേഷകർ, ശാസ്ത്രജ്ഞർ, എഴുത്തുകാർ, ഡോക്ടർമാർ, പത്രപ്രവർത്തകർ, രാഷ്ട്രീയനേതാക്കൾ തുടങ്ങി വിവിധ മേഖലകളിൽ പ്രാമുഖ്യം നേടിയ കേരളീയ സ്ത്രീകളുടെ ചരിത്രത്തിലേക്ക് വിവർത്തകരുടെ ഈ വലിയ കൂട്ടം ഉൾപ്പെടുത്തേണ്ടതുണ്ട്.

കാരൻ ആംസ്ട്രോങ്

ഇത്രയധികം സ്ത്രീകൾ വിവർത്തനം എന്ന മേഖലയിൽ ഇടപെടുന്നത് കേരളത്തിലെ സ്ത്രീ മുന്നേറ്റ ചരിത്രത്തിനും അവഗണിക്കാനാവില്ല. എന്നാൽ വിവർത്തകർ ലിംഗഭേദമില്ലാതെ ലോകമെമ്പാടും നേരിടുന്ന അവഗണന മലയാളത്തിലുമുണ്ട്. അന്യഭാഷാ രചന മലയാളികൾക്ക് പരിചയപ്പെടുത്തിയ വിവർത്തകരെന്ന നിലയിൽ സാഹിത്യ ചരിത്ര ചർച്ചകളിലോ, മറ്റ് സംവാദങ്ങളിലോ പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെ കാറ്റലോഗുകളിലോ പോലും കടന്നുവരുന്നില്ല.[37] അതേസമ

---

36 രബീന്ദ്രനാഥ ടാഗോർ (മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ കഥകൾ, പരിഭാഷ: ആശാലത) ടോൾസ്റ്റോയ് (ടോൾസ്റ്റോയ് കഥകൾ, പരിഭാഷ: എം. ദിവ്യ, എന്റെ കൗമാരം, പരിഭാഷ: ശ്രീലത നെല്ലുളി, അന്ന കരിനീന, പരിഭാഷ: മിനി മേനോൻ, പൂച്ചക്കുട്ടി, വിവ. അഞ്ജന ശശി) ഡോ. ബി. ആർ. അംബേദ്ക്കറും (ഡോ. അംബേദ്ക്കർ സമ്പൂർണ്ണകൃതികൾ, വാല്യം 39. വിവ. ശശികല ആർ. മേനോൻ (കെ. ഗോപാലപിള്ളയോടൊപ്പം)) ഹെലൻകെല്ലർ (എന്റെ ജീവിതകഥ, പരിഭാഷ: സാജിത എം.), ആത്മാവിന്റെ പൂമ്പാറ്റച്ചിറകുകൾ പരിഭാഷ: അനാമിക), ഹെലൻ കെല്ലർ, പരിഭാഷ: മിനി മേനോൻ) ആന്റൺ ചെക്കോവ് (അരുവിത്താഴ്വരയിലെ ഗ്രാമത്തിൽ പരിഭാഷ: റിൻസി എബ്രഹാം) ജലാലുദ്ദീൻ റൂമി (റൂമിയുടെ 101 പ്രണയഗീതങ്ങൾ, വിവ. എം. പി. സലില) ആൽബേർ കാമു (പതനം, വിവ. പ്രഭാ ആർ. ചാറ്റർജി) കാരെൻ ആംസ്ട്രോംങ് (പിരിയൻ ഗോവണി പരിഭാഷ: രമാ മേനോൻ) മീന കന്ദസ്വാമി (സ്പർശം, പരിഭാഷ: വി. എസ്. ബിന്ദു) ഗിരീഷ് കർനാഡ് (ഹയവദന, നാഗമണ്ഡല വിവ. കമലാദേവി) ഹോമറിന്റെ ഇലിയഡ് (പരിഭാഷ: മിനി മേനോൻ) ഡി. എച്ച്. ലോറൻസ് (ജിപ്സികളുടെ പ്രണയം, പരിഭാഷ: എം. പി. ശ്രീജ) മാക്സിം ഗോർക്കി (അമ്മ, പരിഭാഷ: കെ. പി. സുമതി) ഒരച്ഛൻ മകൾക്കയച്ച കത്തുകൾ (വിവ. അമ്പാടി ഇക്കാവമ്മ) ഷേയ്ക്സ്പിയർ നാടകങ്ങളും ഷെർലക്ക് ഹോംസിന്റെ കുറ്റാന്വേഷണകഥകൾ (പരിഭാഷ:) തിരുക്കുറൽ (വിവ. ശൈലജാ രവീന്ദ്രൻ) ശുശ്രുത പൈതൃകം, ചരക പൈതൃകം (മുത്തുലക്ഷ്മി) പൗലോ കൊയ്ലോ (ആൽകെമിസ്റ്റ്, ഫിഫ്ത്ത് മൗണ്ടൻ, ചെകുത്താനും ഒരു പെൺകിടാവും, വിവ. രമാ മേനോൻ, വിജയി ഏകനാണ് വിവ. ആർ. കെ. ജയശ്രീ, പീദ്ര നദിയോരത്തിരുന്ന് ഞാൻ തേങ്ങി, വിവ. സി. കബനി) ഒർഹാൻ പാമുക്ക് (മഞ്ഞ്, വിവ. ജോളി വർഗീസ്, വൈറ്റ് കാസിൽ, വിവ. ജെനി ആൻഡ്രൂസ്) തസ്ലീമ നസ്രീൻ (ഫ്രഞ്ച് ലവർ, വിവ. ലീലാ സർക്കാർ) മിലാൻ കുന്ദേര (ഉയിരടയാളങ്ങൾ, വിവ. ശ്രീദേവി എസ്. കർത്ത) ശിവാജി സാവന്ത് (കർണ്ണൻ, ഡോ. ടി. ആർ. ജയശ്രീ (ഡോ. പികെ ചന്ദ്രനോടൊപ്പം)) ചിന്നപ്പഭാരതി (കൽക്കരി, പരിഭാഷ: സ്വാതി എച്ച്. പത്മനാഭൻ) അമൃതാ പ്രീതം (റവന്യൂ സ്റ്റാമ്പ്, വിവ. കൃഷ്ണവേണി).

37 അത് സ്ത്രീ വിവർത്തകരുടെ മാത്രം പ്രശ്നമല്ല. വിവർത്തകരെക്കാൾ മൂലഗ്രന്ഥരചയിതാവിന്റെ പേരി

യം, സാംസ്കാരിക രംഗത്ത് ഈ വിവർത്തന ശ്രമങ്ങൾ മുന്നോട്ടുവെയ്ക്കുന്ന ഇടപെടലുകൾ നിസ്സാരമല്ല താനും. മലയാളത്തിലെ വിവർത്തന രംഗത്ത് സ്ത്രീകൾ കടന്നു വന്നതിന്റെ സാഹചര്യങ്ങളും സാധ്യതകളും സ്ത്രീ രചന എന്നനിലയിൽ വിവർത്തനങ്ങളുടെ രാഷ്ട്രീയവും അത് സ്ത്രീ സ്വത്വനിർമ്മിതിയിൽ ഇടപെടുന്ന രീതിയും പ്രധാനമാണ്. വിവർത്തന പഠനത്തിലെ സാംസ്കാരികമായ വഴിത്തിരിവോടെ വിവർത്തകർ എന്ന വിഭാഗത്തിന് പ്രാധാന്യം കൈവന്നു. വിവർത്തകർ എന്ന സ്വത്വത്തിനു (identity) പുറമെ സ്ത്രീകൾ എന്ന് സമൂഹം പ്രതിഷ്ഠിച്ച ആശയങ്ങളിൽ (അശക്ത, വീട്ടുകാര്യങ്ങൾ ചെയ്യേണ്ടവർ, പരാശ്രയർ തുടങ്ങി) നിന്നു ഭിന്നമായി സ്വയം ദൃശ്യരാകാൻ ഈ തൊഴിൽ സഹായിക്കുന്നു. ലോക ഭാഷകളിലെല്ലാം ഉള്ളടങ്ങിയ പുരുഷാധിപത്യ സ്വഭാവം ഇല്ലാതാക്കാനുള്ള വഴിയായും അറിഞ്ഞോ അറിയാതെയോ സ്ത്രീകളുടെ വിവർത്തന പ്രക്രിയ മാറ്റുന്നുണ്ട്.

2.11 വിവർത്തനം എന്ന തൊഴിൽ

ആൽബേർ കാമു

വിവർത്തനം കലയും നൈപുണ്യവും എന്നതിനൊപ്പം തൊഴിലാണ് എന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. വർത്തമാനകാലത്തെ പുതിയ തൊഴിലിടങ്ങളിലൊന്നാണ് വിവർത്തനത്തിന്റേത്. ഈ തൊഴിലിടത്തിന്റെ സ്വഭാവം സവിശേഷ പ്രാധാന്യമർഹിക്കുന്നു. ആഗോളവത്കരണത്തിന്റെ ഭാഗമായി നടക്കുന്ന അറിവിന്റെ വിതരണത്തിൽ പങ്കാളിയാകുക എന്നതാണ് വിവർത്തകരുടെ കടമ. അങ്ങനെ ലോകമെമ്പാടും വിവർത്തനം എന്ന പുതിയ തൊഴിലും വിവർത്തകരെന്ന പുതിയ തൊഴിലാളികളും രൂപം കൊണ്ടു. ഇക്കാലത്തിനുമുമ്പും വിവർത്തനങ്ങളും വിവർത്തകരും ധാരാളമുണ്ടായിരുന്നെങ്കിലും ചരക്കിന്റെയും തൊഴിലിന്റെയും സ്വഭാവം അതിനില്ലായിരുന്നു. ആഗോള പുസ്തക പ്രസാധന രംഗത്തെ ചരക്കുവത്കരണത്തിന്റെ ഭാഗമാണ് ഇന്ന് പുറത്തിറങ്ങുന്ന വിവർത്തനങ്ങളധികവും. രാമചരിതകാരൻ, എഴുത്തച്ഛൻ, കുഞ്ചൻന

ലാണ് ലോകത്തെങ്ങും വിവർത്തനങ്ങളിറങ്ങുന്നത്. വിവർത്തനമെന്നത് ഒരു രണ്ടാംകിട ഏർപ്പാടാണെന്ന അഭിപ്രായത്തിന് മാറ്റം വരുത്താൻ വിവർത്തന പഠനങ്ങൾ (Translation Studies) ഇനിയും ശക്തി നേടേണ്ടതുണ്ട്. വിവർത്തന പഠന രംഗത്ത് സൈദ്ധാന്തികമായി ഏറെ ചർച്ച ചെയ്തിട്ടുള്ളതും ചലനങ്ങൾ സൃഷ്ടിച്ചതുമായ മേഖലയാണ് സ്ത്രീ വിവർത്തകരും സ്ത്രീപക്ഷ വിവർത്തനങ്ങളും. വിവർത്തനമെന്നത് മൂലകൃതിയുടെ പകർപ്പാണെന്ന ധാരണ, വിവർത്തനത്തിലെ വിശ്വസ്തത (fidility), വിവർത്തന പ്രക്രിയയിലെ കന്യകാത്വ നഷ്ടം എന്നൊക്കെയുള്ള പിതൃകേന്ദ്രിതാശയങ്ങൾക്കെതിരെ സ്ത്രീപക്ഷ വിവർത്തനവുമായി ബന്ധപ്പെട്ട സൈദ്ധാന്തികർ കലാപമുണ്ടാക്കി. വിവർത്തകരെ അംഗീകരിക്കുന്നതിൽ ഇക്കാലത്ത് ചെറിയ തോതിൽ മാറ്റം വന്നിരിക്കുന്നു. വിവർത്തകരും വിവർത്തനങ്ങളും അന്തർദ്ദേശീയ തലത്തിൽ തന്നെ അംഗീകരിക്കപ്പെടുന്നു. ജെ. സി. ബി പുരസ്കാരങ്ങൾ മലയാള കൃതികളുടെ വിവർത്തനങ്ങൾക്കും വിവർത്തകർക്കും ലഭിക്കുന്നു. സാഹിത്യലോകം,വൈജ്ഞാനികം, വിജ്ഞാന കൈരളി, മാധ്യമം സമകാലിക മലയാളം ഭാഷാപോഷിണി, മാതൃഭൂമി തുടങ്ങി നിരവധി ആനുകാലികങ്ങൾ ഇന്ന് സ്പെഷൽ പതിപ്പായും മുഖചിത്രമായും ലേഖനങ്ങളായും വിവർത്തനവും സ്ത്രീവിവർത്തകരെയും പരിഗണിക്കാറുണ്ട്.

മ്പ്യാർ തുടങ്ങി നാലപ്പാടനും കിളിമാനൂർ രമാകാന്തനും വരെയുള്ളവരെപ്പോലെ താല്പര്യം തോന്നിയ രചനകൾ മാതൃഭാഷയിലേക്കോ അന്യഭാഷയിലേക്കോ മൊഴിമാറ്റുക/പുനരാവിഷ്കരിക്കുക എന്നതിനപ്പുറം—അവർക്ക് മുൻകൂട്ടി തീരുമാനിച്ച് പ്രസാധകർക്കുവേണ്ടി ചെയ്യുന്ന ഒരു തൊഴിൽ അല്ലായിരുന്നു വിവർത്തനം—ഇന്ന് സാമ്പത്തിക പ്രവർത്തന സ്വഭാവമുള്ള ഒരു തൊഴിലാണ് വിവർത്തനം.[38] പ്രസാധകരാണ് രചയിതാവിനും വിവർത്തകർക്കും ഇടയിൽ പ്രവർത്തിക്കുന്നത്. ആഗോളവൽക്കരണത്തിനു[39] ശേഷം വലിയ മൂലധനമാണ് ലോകമാസകലമുള്ള പുസ്തക വിതരണശൃംഖലകളിൽ വിവർത്തനങ്ങൾക്ക് വേണ്ടി നിക്ഷേപിച്ചിരിക്കുന്നത്. അതിന്റെ ലാഭ/മൂലധനത്തിൽ പങ്കാളിയാകുകയും കണ്ണിചേരുകയുമാണ് ഇക്കാലത്ത് വിവർത്തകരുടെ ദൗത്യം. ഈ മൂലധന വിപണിയിൽ വിവിധ ഭാഷകളിലേക്ക് മൊഴിമാറ്റം നടത്താനുള്ള അധികാര പത്രങ്ങളാണ് ദിനംതോറും രൂപമെടുക്കുന്നത്. അതിലെ ഏറ്റവും ചെറിയ തൊഴിലാണ് വിവർത്തകർ ചെയ്യുന്നത്. ഏത് പുസ്തകമാണ് വിവർത്തനം ചെയ്യേണ്ടത്, വിവർത്തന പ്രക്രിയയിൽ എത്രത്തോളം സ്വാതന്ത്ര്യമെടുക്കാം, എത്ര സമയമെടുക്കാം എന്നെല്ലാം തീരുമാനിക്കുന്നത് പ്രസാധന രംഗത്തെ ഇടപാടുകാരാണ്. ഇവിടെ നിശ്ചിത സമയത്തിനുള്ളിൽ നിശ്ചിത പണത്തിന് തീർത്തു കൊടുക്കുന്ന ഉല്പന്നമായി വിവർത്തനം മാറുന്നു. വിവർത്തനമെന്നത് കാനേഷുമാരി നിർവചനംപോലെ ഓരോ വാക്കിനും/പേജിനും നിശ്ചിത വരുമാനമുള്ള ഒരു തൊഴിലും, വമ്പിച്ച ലാഭം ലക്ഷ്യമിടുന്ന ചരക്കും മൂലധന വിപണിയിലെ പങ്കാളിത്തവുമായി മാറുന്നു.

2.12 മനുഷ്യ വിഭവശേഷിയും സ്ത്രീ പങ്കാളിത്തവും

മനുഷ്യ വിഭവശേഷിയുടെ (human resources)[40] ഫലപ്രദമായ ഉപയോഗത്തിലൂടെയാണ് വേഗതയാർന്ന സാമൂഹിക മാറ്റങ്ങൾ ഉണ്ടാകുന്നത്. ഓരോ സമൂഹത്തിന്റെയും ഭൗതികവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ വളർച്ചയ്ക്ക്

---

38 ഉദാഹരണമായി Renaissance translatons 2010-ൽ രൂപീകരിച്ച അന്താരാഷ്ട്ര സ്ഥാപനമാണ്. പതിനായിരത്തിലധികം വിവർത്തകർ ഇവിടെ ഇന്ന് ജോലി ചെയ്യുന്നു. സാഹിത്യ, അക്കാദമിക് വിവർത്തനങ്ങൾക്ക് പുറമെ വാണിജ്യ, സാമ്പത്തിക രംഗത്തെ വിവർത്തനങ്ങൾ, ഗവൺമെന്റ് തലത്തിൽ ആവശ്യമായ കാര്യങ്ങൾ, ലോക്കലൈസേഷൻ, പ്രൂഫ്റീഡിങ്, വീഡിയോ സബ്ടൈട്ടിലിങ് തുടങ്ങി വിവിധ സേവനങ്ങൾ, ആരോഗ്യം, ഇൻഫർമേഷൻ ടെക്നോളജി, നിയമം, പരസ്യം, ശാസ്ത്രം, വിനോദസഞ്ചാരം തുടങ്ങി വിവിധ മേഖലകളിൽ വിവർത്തനം കമ്പനി വാഗ്ദാനം ചെയ്യുന്നു. https://renaissance-translations.com/about-us/

39 ആഗോളവൽക്കരണം ഭാഷാവൈവിധ്യത്തെ മറികടന്ന് ലോകമാസകലം വേരുകളുറപ്പിക്കാൻ ശ്രമിച്ചു. Globalisation-ന്റെ കൂടെയാണ് localisation പ്രക്രിയയും നടന്നത്. ആഗോളീകരണത്തിന്റെ പ്രധാന ആവശ്യമായിരുന്നു അത്. വിവർത്തന പ്രക്രിയയാണ് ഓരോ ഉല്പന്നത്തിന്റെയും ആഗോള വിപണിയുടെ സാധ്യത വർദ്ധിപ്പിച്ചത്.

40 Man Power എന്ന പദമാണ് അടുത്തകാലം വരെ മനുഷ്യ വിഭവശേഷിക്കു സമാനമായി ഉപയോഗിച്ചിരുന്നത്. എന്നാൽ സാമ്പത്തിക സാമൂഹിക വികസനത്തിന് സ്ത്രീകളുൾപ്പെടെയുള്ള മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ വിഭവശേഷി ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ ആ പദം അപ്രസക്തമായി.

എല്ലാവിഭാഗം ജനങ്ങളുടെയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. വ്യക്തികളുടെ ബുദ്ധിവൈഭവവും കഴിവുകളും വൈദഗ്ദ്ധ്യവും ചേർത്തുവെച്ച് വലിയൊരു തൊഴിൽ

ഗിരീഷ് കർനാഡ്

ശക്തിയാക്കി മാറ്റിയാണ് ഇത്തരം മനുഷ്യ മൂലധനം (human capital) സ്വരൂപിക്കുന്നത്. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യ അവകാശവും തങ്ങളുടെ കഴിവുകൾ വിനിയോഗിക്കാനുള്ള അവസരവുമുണ്ടെങ്കിൽ മാത്രമേ അത് സാധ്യമാകൂ. ഈ സാഹചര്യത്തിൽ ആധുനിക സമൂഹത്തിലെ പുതിയസാമൂഹിക മൂല്യങ്ങളോടൊപ്പം കടന്നുവന്ന ആശയമാണ് ലിംഗസമത്വമെന്നത് (gender equality)[41] സമൂഹത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തിൽ പങ്കാളിയാകാനും അതിന്റെ ഫലമനുഭവിക്കാനും സ്ത്രീ-പുരുഷ ഭേദമെന്യേ എല്ലാവർക്കും അവകാശമുണ്ട്. തങ്ങളുടെ കഴിവുകൾ വിനിയോഗിക്കാൻ തുല്യസാഹചര്യവും അന്തസ്സും അനുഭവ സിദ്ധമാകേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു മനുഷ്യാവകാശ (human rights) പ്രശ്നം കൂടിയാണ് ലിംഗസമത്വം. ജനാധിപത്യത്തിന്റെ മൗലിക തത്വമാണത്.[42]

ഡി. എച്ച്. ലോറൻസ്

മാനവ വിഭവശേഷി ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായാണ് സാർവ്വത്രിക വിദ്യാഭ്യാസം ആരംഭിച്ചത്. ലിംഗസമത്വത്തിന് ആക്കം കൂട്ടാനും അതു സഹായകരമായി. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ലിംഗ സമത്വത്തെ കുറിച്ച് അറിവു നല്കുന്ന പാഠഭാഗങ്ങൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായത് അങ്ങനെയാണ്. സാമ്പത്തിക വികസനത്തിൽ സ്ത്രീപങ്കാളിത്തം കൂടി ഉറപ്പിക്കുന്നത് വമ്പിച്ച സാമൂഹിക പരിവർത്തനത്തിലേക്ക് നയിക്കുമെന്ന തിരിച്ചറിവ് ഇന്ന് ലോകരാഷ്ട്രങ്ങൾക്കുണ്ട്. സുപ്രധാന/നയപരമായ തീരുമാനങ്ങളെടുക്കുന്ന പദവികൾ കൈയാളുന്ന വിദ്യാസമ്പന്നരായ സ്ത്രീകൾ ഇന്ന് വികസിത രാജ്യങ്ങളിൽ ധാരാളമുണ്ട്. ലിംഗസമത്വത്തിന് വിദ്യാഭ്യാസ ലബ്ധി വഹിക്കുന്ന പങ്ക് വിശദമാക്കുന്ന നിരവധി പ്രഖ്യാപനങ്ങൾ യുനസ്കോ പോലുള്ള സംഘടനകളു

---

41 ജൈവിക വ്യത്യാസങ്ങൾക്കപ്പുറം സമൂഹം ആണിനും പെണ്ണിനും നിശ്ചയിക്കുന്ന പ്രത്യേക കടമകളും ഉത്തരവാദിത്തങ്ങളും കൊണ്ട് അനുഭവപ്പെടുന്ന/നിർമ്മിക്കുന്ന വിവേചനമാണ് സമൂഹത്തിന്റെ മൂലധന നിർമ്മിതിയിൽ സ്ത്രീയുടെ കഴിവുകൾ അഥവാ അധ്വാനം പരിഗണിക്കാതെ പോകുന്നതിനുള്ള പ്രധാന കാരണം. സമൂഹത്തിൽ സ്ത്രീക്കനുഭവപ്പെടുന്ന സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ പരാധീനതകൾക്കുള്ള പ്രധാന കാരണവും ഈ ലിംഗപദവി (gender) തന്നെ. മതം, വർഗ്ഗം, വംശം, ദേശം തുടങ്ങിയവയനുസരിച്ച് ഈ പരാധീനതകൾ വ്യത്യസ്തമാണ്. ഓരോ സമൂഹത്തിനും ഓരോ തരത്തിൽ, തീരുമാനങ്ങളിലും സ്വഭാവത്തിലും മനസ്ഥിതിയിലും അഭിപ്രായത്തിലും നിലപാടിലും പെരുമാറ്റത്തിലും ഇരുപ്പിലും മട്ടിലുമെല്ലാം ഇത് പ്രതിഫലിക്കും.

42 The achievement of democracy presupposes the existence of genuine partnership between men and women in the conduct of business of which they work in equality and complementarity, drawing mutual enrichment from their differences' (Art 4 Universal Declaration on Democracy, Cairo 16 September, 1997).

ടേതായിട്ടുണ്ട്.[43] ഏതായാലും മത, ദേശ, വർഗ്ഗ, വംശ ഘടകങ്ങൾ രൂപീകരിച്ച പാരമ്പര്യ ലിംഗ പദവിയിൽ നിന്ന് ഭിന്നമായ സാമൂഹിക ഉടമ്പടിയാണ് വിദ്യാസമ്പന്നരായ സമൂഹത്തിനുള്ളിലുള്ളതെന്ന് അംഗീകരിക്കേണ്ടതുണ്ട്. ലിംഗ പദവിയുടെ പാരമ്പര്യ ഘടകങ്ങളിൽ വിള്ളലുണ്ടാക്കാൻ വിദ്യാഭ്യാസ പ്രക്രിയയ്ക്ക് കഴിഞ്ഞു എന്നർത്ഥം. ഇങ്ങനെ സ്വകാര്യ-പൊതു മണ്ഡലങ്ങളിൽ ജനാധിപത്യ രൂപത്തിലുള്ള ഫലപ്രദവും പ്രവർത്തന നിരതവുമായ ലിംഗ സമത്വത്തിലൂന്നിയ ബന്ധം വിദ്യാഭ്യാസ പ്രക്രിയയിലൂടെ രൂപമെടുത്തെങ്കിലും പലതരത്തിലുള്ള അസന്തുലിതാവസ്ഥ ഇന്നും നിലവിലുണ്ട്. പൊതു, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, പ്രാദേശിക, ദേശീയ തലങ്ങളിൽ സാമൂഹിക മാറ്റത്തിനു വേണ്ടിയുള്ള സ്ത്രീയുടെ ഇടപെടൽ, അത് സാഹചര്യങ്ങളിലുണ്ടാക്കുന്ന സമ്മർദ്ദങ്ങൾ, വിവർത്തനമെന്ന സവിശേഷവും അനൗപചാരികമെന്ന വിശേഷിപ്പിക്കാവുന്നതുമായ തൊഴിലിൽ ഏർപ്പെട്ട സ്ത്രീകളുടെ അനുഭവങ്ങൾ തുടങ്ങിയവയുടെ അന്വേഷണം പ്രധാനമാണ്.

2.13 വിദ്യാഭ്യാസവും തൊഴിൽപങ്കാളിത്തവും

മേരി വൂൾസ്റ്റൻ ക്രാഫ്റ്റ്

ഉഭയ ഭാഷാ പാണ്ഡിത്യം ആവശ്യമുള്ള തൊഴിലെന്ന നിലയിൽ വിദ്യാഭ്യാസം വിവർത്തന പ്രക്രിയയിലെ സർവ്വപ്രധാനമായ വസ്തുതയാണ്. സ്ത്രീയും വിദ്യാഭ്യാസ പ്രക്രിയയും എന്ന വിഷയം അന്വേഷിച്ചാൽ സ്ത്രീയെഴുത്തിന്റെ ചരിത്രാരംഭത്തിലേക്കു തന്നെയാണ് എത്തുക. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം മേരി വൂൾസ്റ്റൻ ക്രാഫ്റ്റ് (Mary Wollstonecraft, 1759–1797) എന്ന ബ്രിട്ടീഷ് ചിന്തകയുടെ പ്രശസ്തമായ സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള ന്യായംനിരത്തലുകൾ (A Vindication of the Rights of Women, 1792)[44] എന്ന പുസ്തകത്തിലാണ് സ്ത്രീ വിദ്യാഭ്യാസത്തെ കുറിച്ചുള്ള വാദങ്ങൾ ലോകത്ത് ആദ്യമായി ഉയർന്നത്. സ്ത്രീകൾ മനുഷ്യരിലുൾപ്പെട്ടതാണെന്നും ആണിനുള്ളതുപോലെ തുല്യ അവകാശങ്ങൾക്ക് അർഹരാണെന്നും അവർ വാദിച്ചു. വിദ്യാഭ്യാസം വഴി മാത്രമേ സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്താൻ കഴിയൂ. അത് രാജ്യത്തിനാവശ്യമാണ്; കാരണം അവർ മക്കൾക്ക് നല്ല വിദ്യാഭ്യാസം നല്കും; ഭർത്താക്കന്മാരോട് സുഹൃത്തുക്കളെന്ന നിലയിൽ പെരുമാറുകയും ചെയ്യും. അറിവ് നേടുകയെന്നത് ജന്മാവകാശമാണ്; മനസ്സിന്റെയും ശരീരത്തിന്റെയും ശക്തിയിലൂടെ മാത്രമേ മനുഷ്യന് സന്തോഷം നിലനിർത്താനാവൂ എന്നിങ്ങനെയുള്ള വൂൾസ്റ്റൻ ക്രാഫ്റ്റിന്റെ ന്യായങ്ങൾ അക്കാലത്ത് വളരെ വിപ്ലവകരമായിരുന്നു. നിരവധി വിമർശന

43 World Declaration on Higher Education for the Twenty first Century, Vision and Action. UNESCO, Paris, 1998, p. 9–12.

44 ജ്ഞാനോദയത്തിലെ തത്വചിന്തകയായ വൂൾസ്റ്റൻ ക്രാഫ്റ്റ് ഫ്രഞ്ച് തത്വചിന്തകനായ റൂസ്സോയുടെ (Jean Jacquas Rousseae) Emilie (1962) എന്ന പുസ്തകത്തിന് മറുപടിയായാണ് ഇത് എഴുതിയത്.

ങ്ങളുയർന്നുവെങ്കിലും[45] വൂൾസ്റ്റൻ ക്രാഫ്റ്റിൽ നിന്നു തുടങ്ങുന്ന സ്ത്രീചരിത്രം സമൂഹത്തിലെ മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിൽ വഹിച്ച പങ്ക് ചെറുതല്ല. അതുവരെ പരമ്പരാഗതവും അടിച്ചേല്പിക്കപ്പെട്ടതും പ്രതിഫലമില്ലാത്തതുമായ അകംതൊഴിലുകളിലേർപ്പെട്ടിരുന്ന് പൊതുമണ്ഡലത്തിൽ 'നിഷ്ക്രിയ'രായിരുന്ന പകുതിയിലധികം വരുന്ന സ്ത്രീ സമൂഹത്തെ ഉണർത്താനുള്ള ശ്രമങ്ങളാരംഭിച്ചത് ഇതേത്തുടർന്നാണ്. വിദ്യാഭ്യാസവും ആത്മാഭിമാനവും വർദ്ധിപ്പിച്ച് കർത്തവ്യങ്ങളെക്കുറിച്ചും സ്വന്തം കഴിവുകളെക്കുറിച്ചും ആത്മവിശ്വാസമുയർത്തി സാമൂഹിക വികസനത്തിൽ നേർപങ്കാളിത്തം ഉറപ്പാക്കുന്നതിനാണ് സ്ത്രീ സ്വാതന്ത്ര്യ വാദികൾ ശ്രമിച്ചത്. സ്ത്രീ പഠനങ്ങളും രചനകളും വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായി വന്നത് സ്ത്രീ ചരിത്രം, സാമൂഹിക പദവി, ലിംഗ പദവിയുടെ രാഷ്ട്രീയ പ്രത്യയശാസ്ത്ര തലങ്ങൾ, മനുഷ്യ ബന്ധങ്ങളിലെ അസമത്വങ്ങൾ തുടങ്ങിയവ മനസ്സിലാക്കാൻ സഹായകരമായി.


റൂസ്സോ

സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തിയുള്ള സാമൂഹിക പുരോഗതിയാണ് ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ ഇന്ന് ലക്ഷ്യമിടുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (International Labour Organization—ILO) കണക്കുകൾ പ്രകാരം 2004-നും 2011-നുമിടയ്ക്കുള്ള ഇന്ത്യയുടെ വളർച്ചാനിരക്ക് 7% ആണെങ്കിലും സ്ത്രീ തൊഴിൽ പങ്കാളിത്തം 35%-ൽ നിന്ന് 25% ആയി കുറയുകയാണുണ്ടായത്. അയൽ രാജ്യമായ ബംഗ്ലാദേശിൽ 43% സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട്. അതേസമയം വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്ത്യൻ സ്ത്രീകൾ മുന്നിലാണ് താനും. ഈ കണക്കുകളിലൊന്നും സ്ത്രീകളുടെ പകലന്തിയോളം പണിയെടുത്താലും തീരാത്ത വീട്ടകങ്ങളിലെ പരമ്പരാഗത 'നിർബന്ധിത' തൊഴിലുകൾ ഉൾപ്പെടുന്നില്ല. അതിന് സാമ്പത്തികമായ അടിസ്ഥാനവുമില്ല. അതിൽ നിന്നുണ്ടാകുന്ന ഉല്പന്നം വില്പന സാധ്യതയുള്ള ചരക്കുമല്ല. പിതൃകേന്ദ്രിത വ്യവസ്ഥിതിയിലെ പഴകിയ ലിംഗപദവി നിയമങ്ങൾ സ്ത്രീക്ക് നൽകിയ കുടുംബത്തിലെ അകംജോലികൾ—പാചകം, വീടും പരിസരവും വൃത്തിയാക്കൽ, കുട്ടികളുടെയും മാതാപിതാക്കളുടെയും പരിപാലനം, വളർത്തുമൃഗങ്ങളുടെ പരിപാലനം, അടുക്കളക്കൃഷി തുടങ്ങി ചെയ്തുതീർക്കാനാവാത്ത അനവധി തൊഴിലുകൾ—സ്ത്രീയുടെ ഉത്തരവാദിത്തമാണ്. അവയൊന്നും 'തൊഴിലു'കളല്ല.[46] ഇവ ചെയ്തുതീർക്കാതെ പുറംജോലിക്കു പോകുന്നത് പിതൃകേന്ദ്രിത കുടുംബ വ്യവസ്ഥ അനുകൂലിക്കുന്നതല്ല. മുൻസൂചിപ്പിച്ച കണക്കനുസരിച്ച് ഇന്ത്യയിലെ

45 ദൈനംദിന ജീവിതത്തിലെ സ്ത്രീയുടെ കടമകളുടെ പ്രാധാന്യം ഉയർത്തിപ്പിടിച്ചും അതിശയോക്തികലർത്തിയുമാണ് വൂൾസ്റ്റൻ ക്രാഫ്റ്റിന്റെ രചനയെന്ന് പില്ക്കാലത്ത് ഫെമിനിസ്റ്റ് സൈദ്ധാന്തികയായ ആൻ കപ്ലാൻ (Ann Kaplan) പരാമർശിക്കുന്നുണ്ട്. സമത്വത്തെക്കുറിച്ച് പരാമർശിക്കുമ്പോഴും വൂൾസ്റ്റൻ ക്രാഫ്റ്റിന്റെ വാക്കുകളിൽ പൗരുഷത്തിന്റെ പ്രബലതയാണ് നിറഞ്ഞുനില്ക്കുന്നത് എന്നാണവരുടെ വിമർശനം.

46 ഇന്ത്യൻ കാനേഷുമാരിയിൽ തൊഴിലിന്റെ നിർവ്വചനം സാമ്പത്തികവുമായി ബന്ധപ്പെട്ടാണ്. സാമ്പത്തികാടിസ്ഥാനമുള്ള ഒരു ഉല്പന്നത്തിന്റെ നിർമ്മിതിയിൽ പങ്കാളിയാകുക എന്നതാണ്. തൊഴിൽ ഒരു സാമ്പത്തിക പ്രവർത്തനമാണ്. അത് ശാരീരികമോ ബൗദ്ധികമോ ആകാം. നേതൃത്വം

60% സ്ത്രീകളും കൂലിയില്ലാത്ത അകംജോലികൾ മാത്രം ചെയ്ത് രാജ്യത്തിന്റെ ശാക്തീകരണമേഖലയ്ക്ക് 'പുറത്താ'ണ് നില്ക്കുന്നത്. ജനസംഖ്യാ നിരക്കിൽ 48.5% വരുന്ന സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കൂടി ഓരോ സമൂഹവും അതിന്റെ വളർച്ചാനിരക്കിൽ ഉറപ്പു വരുത്തേണ്ടതുണ്ട്.[47] 2010-ൽ UNDP പ്രസിദ്ധപ്പെടുത്തിയ 155 രാജ്യങ്ങളുടെ Gender Inequality Index (GII)-ൽ 130-ാമത് മാത്രമാണ് ഇന്ത്യയുടെ സ്ഥാനം. 2014-ൽ 127, 2022-ൽ 108, 2023-ൽ 127 എന്നിങ്ങനെയാണ് സമകാലിക കണക്കുകൾ.[48]

2.14 മനുഷ്യവിഭവശേഷിയുടെ കേരളമാതൃക

തസ്ലീമ നസ്രീൻ

സാർവ്വത്രിക വിദ്യാഭ്യാസം, മെച്ചപ്പെട്ട ആരോഗ്യം, ജനനനിരക്ക്, ശിശുപരിപാലനം തുടങ്ങിയ രംഗങ്ങളിൽ സാമൂഹിക പുരോഗതി നേടിയ ഇടമെന്ന നിലയിൽ പ്രശസ്തമാണ് കേരളം. മാനവവികസന സൂചികയിൽ വികസിത രാജ്യങ്ങളോടൊപ്പമാണ് ഇക്കാര്യങ്ങളിൽ കേരളത്തിന്റെ സ്ഥാനം.[49] വിദ്യാഭ്യാസം വഴി ഒട്ടേറെപ്പേർ സാമൂഹികപുരോഗതി നേടിയ സംസ്ഥാനമാണിത്. അതുകൊണ്ടാണല്ലോ ഒരുകാലത്ത് ഇന്ത്യയിലെ ഏറ്റവും ദരിദ്രരായിരുന്ന ജനത ഇന്ന് രാജ്യത്തെ ഉയർന്ന ജീവിത നിലവാരത്തിൽ എത്തിനില്ക്കുന്നത്. വിദ്യാഭ്യാസം വഴി ലഭിച്ച അവസര സമത്വത്തിലൂടെ നേടിയെടുത്തതാണ് ഈ നേട്ടങ്ങൾ.[50] എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന്റെയും രാഷ്ട്രീയ രംഗത്തേക്കുള്ള കടന്നുവരവിന്റെയും കണക്കുകളിൽ കേരളത്തിന്റെ നില തുച്ഛമാണ്. സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കിൽ (Female work participation rate—FWPR) 1991-ലെ കാനേഷുമാരി അനുസരിച്ച് ഇന്ത്യയിൽ സ്ത്രീപങ്കാളിത്തം ഏറ്റവും കുറഞ്ഞ ഇടം കേരളമാണ്.[51] 'കാനേഷുമാരി കണക്കുകൾ സൂചിപ്പിക്കുന്നത് 1991-ൽ 15.9%

കൊടുക്കുകയോ ഉപദേശം നല്കുകയോ ആകാം. ഭാഗികമായ സേവനമോ കൂലിവാങ്ങാതെയുള്ള സേവനമോ തുടങ്ങി ഏതുതരം സാമ്പത്തിക പ്രവർത്തനവും ആകാം (Census of India, 2002) Female Labour Force Participation in Kerala: Problems and Prospects, p. 4.

47 Quick Take: Women in the Labour Force in India (New York:, 2015.) എന്ന പുസ്തകം നോക്കുക.

48 https://pib.gov.in/PressReleasePage.aspx?PRID=2014513

49 പോസിറ്റീവ് സെക്സ് റേഷ്യോ ഉള്ള ഇടമാണ് കേരളം. സ്ത്രീകളുടെ ജനസംഖ്യ 52% ആണ്. കേരളത്തെ കുറിച്ച് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ പഠനം ശ്രദ്ധേയമാണ്. കേരള പഠനം, ഡോ. കെ. പി. അരവിന്ദൻ (എഡി.), കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, മൂന്നാം പതിപ്പ്, 2006. 2011-ലെ സെൻസസ് അനുസരിച്ച് 92% സ്ത്രീ സാക്ഷരത കേരളത്തിലുണ്ട് (പുരുഷന്മാരുടേത് 96%), https://www.ceicdata.com/en/india/literacy-rate/literacy-rate-kerala, https://www.statista.com/statistics/1220131/global-adult-literacy-rate-by-gender/.

50 കേരള പഠനം, ഡോ. കെ. പി. അരവിന്ദൻ (എഡി), കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, മൂന്നാം പതിപ്പ്, 2006, പു. 95.

51 Female Labour Force Participation in Kerala: Problems and Prospects, Sumit Mazunmdar & M. Guruswamy, Paper to be presented at the forthcoming 2006

ആയിരുന്ന സ്ത്രീപങ്കാളിത്തം 2001-ൽ 15.3% ആയി കുറഞ്ഞിരിക്കുന്നു എന്നാണ്.[52] 2021-22-ൽ കേരളത്തിൽ 25.6 ശതമാനവും ഇന്ത്യയിൽ 37 ശതമാനവുമാണ്. വികസിത രാജ്യങ്ങളിലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ ഈ അന്തരം വളരെ ഉയർന്നതാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വികസിത രാജ്യങ്ങളിൽ 15-നും 64-നുമിടയിൽ പ്രായമുള്ള തൊഴിലെടുക്കുന്ന സ്ത്രീകളുടെ ശതമാനം ഏറ്റവും കുറവ് ഇറ്റലിയും (45%) കൂടുതൽ ഡെൻമാർക്കുമാണ് (72%).[53] 2011 കാനേഷുമാരിയിൽ തൊഴിൽ പങ്കാളിത്ത തോതിൽ (Labour Participation Rate (LPR)) കേരളത്തിന്റെ സ്ഥിതി അല്പം കൂടി മെച്ചപ്പെട്ടിട്ടുണ്ട്; 24.8%. പുരുഷന്മാരുടേത് 57.8% വും. 1995–2015 കാലയളവിൽ ലോകമാസകലമുള്ള സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് 52.4%ൽ നിന്നും 49.6% ആയി കുറയുകയാണ് ചെയ്തത്. പുരുഷന്മാരുടേത് 79.9%ൽ നിന്നും 76.1% ആയും. ലിംഗപരമായ വിടവ് 27% ആണ്. 2030 ആകുമ്പോഴേക്കും തൊഴിലവസരങ്ങളുടെ തുല്യത എന്ന വലിയ ലക്ഷ്യമാണ് ഐക്യരാഷ്ട്ര സഭ ലക്ഷ്യം വെയ്ക്കുന്നത്.[54]

2.15 പുതിയ തൊഴിലിടങ്ങൾ

ലിംഗപദവി, വിദ്യാഭ്യാസം, മാനവവിഭവ ശേഷി തുടങ്ങിയവയെക്കുറിച്ചുള്ള ചിന്തകൾ ഇത്തരത്തിൽ സങ്കീർണ്ണവും പരസ്പര ബന്ധിതവുമായി നിലനില്ക്കെയാണ് കേരളത്തിൽ വിവർത്തനം എന്ന തൊഴിലെടുക്കുന്ന സ്ത്രീകളുടെ അനുഭവങ്ങളും തൊഴിൽ സാഹചര്യവും വിശകലനം ചെയ്യുന്നത്.[55] അത് കേരളീയസ്ത്രീയുടെ തൊഴിൽപങ്കാളിത്തത്തിന്റെ പരിസരവും വിവർത്തനമെന്ന തൊഴിലിന്റെ സവിശേഷ സ്വഭാവവും സ്ത്രീ വിവർത്തനത്തിന്റെ സർഗ്ഗ, സൈദ്ധാന്തിക പ്രവർത്തനങ്ങളും തിരിച്ചറിയാൻ സഹായിക്കും. ഇരുഭാഷകളിലുമുള്ള അറിവും സാഹിത്യ സംബന്ധിയായ അന്തർജ്ഞാനവും ഉള്ളതിനാൽ താനേറെ ഇഷ്ടപ്പെടുന്ന ഒരു സർഗ്ഗാത്മക രചന വിവർത്തനം ചെയ്ത് മാതൃഭാഷയ്ക്ക് നല്കാം എന്ന വിചാരം കൊണ്ടോ തനിക്കു മാത്രമേ ഇത് വിവർത്തനം ചെയ്യാനാകൂ എന്ന ഉൾവിളികൊണ്ടോ അല്ല മുൻസൂചിപ്പിച്ച നൂറോളം വരുന്ന സ്ത്രീ വിവർത്തകരിൽ വലിയൊരു വിഭാഗം വിവർത്തന പ്രക്രിയയിലേർപ്പെട്ടത്. 1990-കൾക്ക് ശേഷം അത് ആഗോളീകരണത്തിന്റെയും ആഗോള

Annual Meeting Program Population Association of America Westin Bonaventure, Los Angeles, California. www.iipsindia.org

52 32-ാമതാണ് 2001-ൽ കേരളത്തിന്റെ സ്ഥാനം. 2011-ൽ അത് 25-ാമതായി മെച്ചപ്പെടുത്തിയിട്ടുണ്ട്. 2021–22-ൽ 25.6 ശതമാനമാണ് കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്തം. https://iwwage.org/wp-content/uploads/2023/01/KERALA_Factsheet_9_jan.pdf

53 12.2015-ലെ Human Development Report അനുസരിച്ച് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തതോത് 60 ശതമാനത്തിലധികമുള്ള 10 രാജ്യങ്ങളാണുള്ളത്.

54 Women at Work Trends 2016, International Labour Office, Geneva,ILO, 2016, PXI.

55 സംഘടിത, 9 ജൂലൈ 2015, അന്വേഷി പ്രസിദ്ധീകരണം, കോഴിക്കോട്, (മലയാളത്തിലെ 32 സ്ത്രീവിവർത്തകരുടെ വിവർത്തനാനുഭവങ്ങളോടെ പ്രസിദ്ധീകരിച്ച പ്രത്യേകപതിപ്പ്).

പുസ്തക വിപണിയുടെയും മുതലാളിത്ത സ്വഭാവത്തിന്റെ ഫലമായി രൂപംകൊണ്ട പുസ്തക പ്രസാധന രംഗത്തെ ചരക്കുവല്ക്കരണത്തിന്റെയും ഉല്പന്നങ്ങളാണ് എന്നു പറയേണ്ടിവരും. കമ്പോളത്തിന്റെ ആവശ്യത്തിനനുസരിച്ച് വിവർത്തകർ ഓരോ ഭാഷയിലും ആവശ്യമായി വന്നതാണ് ഭാഷാ പാണ്ഡിത്യമുള്ള സ്ത്രീകളെ തേടി അവസരങ്ങൾ വന്നതിനുള്ള പ്രധാനകാരണം. ഈ കൃതി വിവർത്തനം ചെയ്യാൻ ചുമതലപ്പെടുത്തിയത് ആര്? ആരാണ് പ്രതിഫലം നല്കുന്നത്? സ്രോത ഭാഷാ രചനയുടെ കർത്താവ് ആരാണ്? ചുമതലപ്പെടുത്തിയതും സൃഷ്ടികർത്താവും ഒരാളാണോ? ആരുമായിട്ടാണ് വിവർത്തകരുടെ ഇടപാട് എന്നതനുസരിച്ചാണ് ആരോടാണ് ഉത്തരവാദിത്തം എന്നത് തീരുമാനിക്കാൻ സാധിക്കുക. അതായത്, മുന്നസ്തിത്വമുള്ള (pre-exit) ലക്ഷ്യങ്ങളാണ് വിവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. വിവർത്തകർ മറ്റൊരാൾക്കുവേണ്ടി ജോലിചെയ്യാൻ അധികാരപത്രം കൈയിലുള്ളയാൾ (commissioned translator) മാത്രമാണ്. മറ്റൊരാളുടെ പ്രേരണയിൽ വേറൊരാളുടെ പാഠം വിവർത്തനം ചെയ്യുന്നതാണ് ഇത്തരം വിവർത്തനങ്ങൾ.[56] ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മലയാളത്തിൽ പുറത്തിറങ്ങിയ വിവർത്തനങ്ങളുടെയും അവ തയ്യാറാക്കിയ വിവർത്തകരുടെയും കണക്കെടുത്താൽ ഇത് വ്യക്തമാകും. വിവർത്തന പ്രക്രിയയിൽ എത്രത്തോളം സ്വാതന്ത്ര്യമെടുക്കാം, എത്ര സമയമെടുക്കാം എന്നൊക്കെയുള്ള തീരുമാനങ്ങളുണ്ടാകുന്നത് വിവർത്തകരും ഇടപാടുകാരും തമ്മിലാണ്. എഴുതിയത് സമൂഹത്തിലെത്തിക്കുക എന്നത് എഴുത്തുകാരുടെയും പ്രാഥമികമായ ആവശ്യമാണ്. പ്രസാധകർ നേരിട്ടേല്പിക്കുമ്പോൾ അച്ചടി ഒരു പ്രശ്നമല്ല. വിശ്വസിച്ചേല്പിച്ച ജോലിയ്ക്ക് തക്ക പ്രതിഫലവും ലഭിക്കും.


മിലൻ കന്ദേര

ഈ തൊഴിലിൽ ഏർപ്പെടുന്നവർ ആരാണ്? ഉഭയ ഭാഷാ പാണ്ഡിത്യം, വിഷയ ഗ്രാഹ്യത, പുനഃസൃഷ്ടിക്കുള്ള കഴിവ് എന്നിവയാണ് അതിനു വേണ്ട അടിസ്ഥാന യോഗ്യത. അതായത് ഉന്നത വിദ്യാഭ്യാസം നേടിയവരാണ് ഇതിനു പരിഗണിക്കപ്പെടുന്നത്. സാഹിത്യ വിവർത്തനങ്ങളെ മാത്രം പഠന വിധേയമാക്കിയാൽ തൊഴിലാളിക്ക് സർഗ്ഗാത്മകമായ പുനഃസൃഷ്ടിക്കുള്ള കഴിവുകൂടി വേണം. ഈ യോഗ്യതകളെല്ലാം തികഞ്ഞ നിരവധി വിവർത്തകർ കേരളത്തിലെ പ്രസാധന ശാലകളുമായി ചേർന്ന് ജോലി ചെയ്യുന്നുണ്ട്. അക്കൂട്ടത്തിൽ ധാരാളം സ്ത്രീ നാമധേയങ്ങൾ രണ്ടായിരത്തിനുശേഷം മലയാളത്തിലിറങ്ങിയ വിവർത്തന പുസ്തകങ്ങൾ പരിശോധിച്ചാൽ കണ്ടെത്താൻ കഴിയും. എന്തുകൊണ്ടാണ് സ്ത്രീകൾ കൂടുതലായി വിവർത്തനം എന്ന തൊഴിലിലേക്ക് കടന്നുവരുന്നത്? കമ്മീഷൻ

---

[56] Hans J Vermeer-ന്റെ Skopos and Commission in Translation Study എന്ന ലേഖനത്തിൽ '... a commission as the instruction given by oneself or by someone else, to carry out a given action here... to translate', Translation Studies Reader (Ed.) Lawrence Venuti, Routledge, New York, 2nd Edition, 2005, p-235.

ചെയ്യപ്പെടുന്ന വിവർത്തനങ്ങളുടെ കാലത്ത് അറിവും കഴിവും പാണ്ഡിത്യവുമുള്ളവരെ പ്രസാധകർ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഈ തെരഞ്ഞെടുപ്പിൽ സ്ത്രീകൾ കടന്നുകൂടാനുള്ള പ്രാഥമികകാരണം കേരളത്തിൽ സാർവ്വത്രിക വിദ്യാഭ്യാസം നടപ്പിലായതിനു ശേഷം ലിംഗപദവി ഭേദമില്ലാതെ ഉന്നത വിദ്യാഭ്യാസം നേടാനുള്ള സാഹചര്യം രൂപമെടുത്തതാണ്. വിദ്യാഭ്യാസത്തിലൂടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താമെന്ന കേരളീയരുടെ പൊതുബോധം, ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സാഹചര്യങ്ങൾ വിവർത്തനം എന്ന തൊഴിലിൽ സ്ത്രീകൾക്ക് പ്രാധാന്യം ലഭിക്കാൻ കാരണമായി.

2.16 വിവർത്തന രംഗത്തെ ലിംഗസമത്വം

ഇന്ദുമേനോൻ

2015–16ൽ ബിരുദാനന്തര ബിരുദത്തിനു ചേർന്ന കേരളത്തിലെ പെൺകുട്ടികൾ 72.61% ആണ്. കേരള പഠനം കണ്ടെത്തിയ കണക്കിലും ബിരുദ-ബിരുദാനന്തര യോഗ്യതകൾ നേടിയവരിൽ സ്ത്രീകളാണ് കൂടുതൽ (ബിരുദം–സ്ത്രീകൾ 9.1%, പുരുഷന്മാർ 8.9%, ബിരുദാനന്തരബിരുദം–സ്ത്രീകൾ 2.1%, പുരുഷന്മാർ 1.7%.)[57] മാത്രവുമല്ല, സെൻസസ് രേഖപ്പെടുത്തുന്നതനുസരിച്ച് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിൽ ഏറ്റവുമധികം സ്ത്രീകൾ സേവന മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. ഡോക്ടർ (25%), കോളേജ്/ഹയർ സെക്കന്ററി അധ്യാപകർ (39.4%), സ്കൂൾ ടീച്ചർ (66.9%), ഓഫീസ് ഗുമസ്തർ (31.5%), മറ്റ് അധ്യാപകർ (53.1%), പാരലൽ കോളേജ് അധ്യാപകർ (60%), അങ്കൺ വാടി/നഴ്സറി ടീച്ചർ (100%), നഴ്സറി സഹായി (100%).[58] ഇതിൽ അധ്യാപകരുടേതിനു തുല്യമായ ശേഷിയാണ് (ഭാഷാപ്രയോഗം) വിവർത്തനമെന്ന തൊഴിലിന്റെയും നിലനില്പ്. അതുകൊണ്ട്, അധ്യാപന ജോലി പോലെ ലിംഗസമത്വമുള്ള ഇടമാണ് വിവർത്തന രംഗവും എന്ന് പ്രാഥമിക നിഗമനത്തിൽ എത്താം. (കൃത്യമായ കണക്കെടുപ്പ് നടന്നിട്ടില്ലെങ്കിലും വിവർത്തന മേഖലയിൽ ഇന്ന് പകുതിയിലധികവും സ്ത്രീകളാണ് പ്രവർത്തിക്കുന്നത്.) വിവർത്തന രംഗത്തെ ലിംഗസമത്വം പിതൃകേന്ദ്രിത വ്യവസ്ഥയെ പൊളിച്ചെടുത്ത് നേടിയെടുത്തതല്ലെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പിതൃകേന്ദ്രിത വ്യവസ്ഥ സ്ത്രീകൾക്കായി അംഗീകരിച്ച/മാറ്റിവെച്ച 'സുരക്ഷിത'മായ തൊഴിലുകളാണ് അധ്യാപനവും മറ്റും. നഴ്സിങ് പോലുള്ള ആതുര ശുശ്രൂഷാ ജോലികളും സ്ത്രീകളാണ് ചേരുക. വീട്ടുജോലി, അലക്ക് തുടങ്ങി ചില തൊഴിലുകൾ സ്ത്രീകളുടേതു മാത്രമാണ്. വീട്ടുജോലിയിൽ പ്രധാന ഇനമാണ് രോഗീശുശ്രൂഷ. നിലവിലുള്ള വ്യവസ്ഥയുടെ അംഗീകാരത്തോടും സമ്മതത്തോടും എല്ലാവിധ വിധേയത്വത്തോടുമാണ് സ്ത്രീകൾ ഇത്തരം തൊഴിലുകളിൽ പങ്കാളിയാകുന്നത്. വിവർത്തന രംഗവും ഇതിൽനിന്നും വ്യത്യസ്തമല്ല.

57 കേരളപഠനം, പു. 117.

58 അതിൽതന്നെ, പു. 118.

2.17 വിവർത്തനവും തൊഴിലിടവും

ഒർഹാൻ പാമുക്ക്

സവിശേഷമായ ഒരു തൊഴിലാണ് വിവർത്തകർ ചെയ്യുന്നത്. അതിന് പ്രത്യേക തൊഴിലിടങ്ങൾ ആവശ്യമില്ല. സമയത്തിന്റെ പരിധികളില്ല. എവിടെയിരുന്നു വേണമെങ്കിലും ആ ജോലി ചെയ്യാം, വീട്ടിലിരുന്നോ യാത്രചെയ്യുമ്പോഴോ പ്രത്യേക മുറിയിൽ മേശപ്പുറത്തുവെച്ചോ മടിയിൽവെച്ചോ അത് ചെയ്യാം; കടലാസിലോ കമ്പ്യൂട്ടറിലോ മൊബൈൽ ഫോണിലോ മൂലകൃതി അന്യഭാഷയിലേക്ക് പകർത്താം. അതിനെ കുറിച്ചുള്ള ആലോചനകളും ചർച്ചകളും നടത്താനും പ്രത്യേക സമയമോ സന്ദർഭമോ പരിസരമോ ആവശ്യമില്ല. ഓരോരുത്തർക്കും ഇഷ്ടമുള്ള ഇടത്തുവെച്ച് (അടുക്കളയുമാകാം!), ഇഷ്ടമുള്ള സമയത്ത്. നിശ്ചിത സമയത്തിനുള്ളിൽ അത് പൂർത്തിയാക്കണം എന്നു മാത്രം. മറ്റു ജോലിയോടൊപ്പമോ ഒരു ഹോബി പോലെയോ വിവർത്തനം ചെയ്യാം. ഇത്തരത്തിൽ സവിശേഷവും അനൗപചാരികവുമായ തൊഴിലാണ് വിവർത്തനമെന്നത്.

അമ്പാടി ഇക്കാവമ്മ

പിതൃമേധാവിത്ത സമൂഹത്തിൽ സ്ത്രീയുടെ തൊഴിലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അലിഖിതമായ സാംസ്കാരിക നിയമങ്ങളിൽ ഈ തൊഴിലിടം തടസ്സമായി നില്ക്കുന്നതേയില്ല. ഭാര്യയും അമ്മയും മകളുമായ സ്ത്രീ പുറംജോലിക്കു പോകുന്നത് ഇന്ത്യൻ സംസ്കാരത്തിൽ പല കുടംബത്തിന്റെയും അഭിമാന പ്രശ്നമാണ്. കുടുംബത്തിനുള്ളിൽ നിരവധി ജോലികളിൽ സ്ത്രീകൾ വ്യാപൃതരാണ്. ഭാര്യ, അമ്മ, മകൾ എന്നീ മൂന്നുത്തരവാദിത്തങ്ങളിൽ ചെയ്തുതീർക്കാൻ നിരവധി കടമകൾ അഥവാ തൊഴിലുകൾ കുടുംബത്തിനുള്ളിൽ തന്നെയുണ്ട്. മാതാപിതാക്കളുടെയും ഭർത്താവിന്റെയും ശുശ്രൂഷ, കുഞ്ഞുങ്ങളുടെ പരിപാലനം, ഭക്ഷണം തുടങ്ങി കൃഷിയും മൃഗപരിപാലനവും വരെ അതിൽ ഉൾപ്പെടുന്നു. മുമ്പുസൂചിപ്പിച്ചതുപോലെ വേതനമില്ലാത്ത തൊഴിലുകൾ. സമൂഹത്തിന്റെ അടിസ്ഥാനമായി കരുതുന്ന കുടുംബത്തിലെ ഇത്തരം ജോലികളുടെ വിതരണത്തിലെ ലിംഗപരമായ അസമത്വമാണ് സ്ത്രീയുടെ തൊഴിൽ പങ്കാളിത്ത സൂചിക താഴാനുള്ള പ്രധാന കാരണമായത്. വികസിത രാജ്യങ്ങളിൽ ഇത് മറികടക്കുന്നതിന് സ്ത്രീകൾ സമയബന്ധിത ജോലികളിൽ (പാർട്ട് ടൈം ജോലികൾ) ഏർപ്പെട്ട് തൊഴിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. ഉദ്യോഗസ്ഥരായ സ്ത്രീകളിൽ മൂന്നിലൊന്നു പേരുടെ തൊഴിൽ സമയം ആഴ്ചയിൽ 35 മണിക്കൂറിൽ താഴെ മാത്രമാണ്.[59] വിവർത്തനവുമായി ബന്ധപ്പെട്ട സമയ ക്രമവും ഇത്തരത്തിൽ പരിധികളില്ലാത്ത, അയവുള്ള ഒന്നാണ്. അതുകൊണ്ടു കൂടിയാവാം ഇത്രയധികം സ്ത്രീകൾ ഈ രംഗത്തേക്ക് കടന്നുവരാനിടയായത്. 18നും-60നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത

59 Women at Work Trends,2016, P.X.V.

ത്തെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് പൊതുവെ സർവെകളിൽ നടത്താറ്. പതിനെട്ടു വയസ്സിൽ വിവാഹം കഴിയുന്ന പെൺകുട്ടിക്ക് മക്കൾ പക്വതയിലെത്തുംവരെ അഥവാ നാല്പതു വയസ്സുവരെയെങ്കിലും പ്രാരാബ്ധങ്ങളുടെ കാലമാണ്. വിവാഹം താമസിക്കുന്തോറും പ്രാരാബ്ധകാലവും ദീർഘിക്കുന്നു. മക്കളുടെ പരിപാലനത്തിനായി ജോലി വേണ്ടെന്നുവെയ്ക്കുന്ന സ്ത്രീകളുടെ എണ്ണം വളരെക്കൂടുതലാണ്.[60] മാതാപിതാക്കന്മാരുടെ ഉത്തരവാദിത്തവും സ്ത്രീകൾക്കാണ്.

2.18 ആരാണ് മാറ്റം ആഗ്രഹിക്കാത്തതു?

വിവർത്തന രംഗത്തിലേക്ക് വരുന്ന ഓരോരുത്തർക്കും ഈ തൊഴിൽ ഏറ്റെടുക്കുന്നതിനു പിന്നിൽ ഓരോ കാരണവും ലക്ഷ്യവുമാണുള്ളത്. കേരളീയരിൽ യുദ്ധവിരുദ്ധ മനോഭാവം വളർത്തുന്നതിൽ വലിയ പങ്കുവഹിച്ച പതിനഞ്ചോളം റഷ്യൻ, ജർമ്മൻ നോവലുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത സുഭദ്രാ പരമേശ്വരന്റെ (1920–1967) അനുഭവം നോക്കുക:

സാമ്പത്തിക വൈഷമ്യം പിടിമുറുക്കിയതോടെ റഷ്യൻ നോവലുകൾ മലയാളത്തിലേക്ക് അമ്മ വിവർത്തനം ചെയ്യാൻ തുടങ്ങി. റഷ്യൻ സാഹിത്യ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്താൽ സോവിയറ്റ് എംബസി ധനസഹായം നല്കുമായിരുന്നു.[61]

സ്വന്തം വിഭവശേഷിയുടെ വിനിയോഗത്തിനായി സ്ത്രീ നടത്തുന്ന നിശ്ശബ്ദ വിപ്ലവമായാണ് വിവർത്തനം പോലുള്ള തൊഴിൽ രംഗത്തെ കാണേണ്ടതു. ഗർഭകാലമെന്നോ വയസ്സുകാലമെന്നോ ഭേദമില്ലാതെ ആവേശപൂർവ്വം ആ വിപ്ലവത്തിൽ ഓരോരുത്തരും പങ്കാളിയാകുന്നതാണ് മലയാളത്തിലെ സമകാലിക വിവർത്തന രംഗത്ത് കാണാൻ കഴിയുന്നതു. വിവർത്തനം പോലെ പാർട് ടൈം തൊഴിലുകളാണെങ്കിലും ക്രിയാത്മകമായി എന്തെങ്കിലും ചെയ്യാൻ കഴിയുന്നു എന്നതാണ് സ്ത്രീയ്ക്ക് ലഭിക്കുന്ന ആഹ്ലാദം. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും തിരിച്ചും നിരവധി വിവർത്തനങ്ങൾ നടത്തിയ എം. കെ. ഗൗരി എഴുതുന്നതു പോലെ, "മറ്റ് ചിന്തകളൊന്നും അലട്ടാനനുവദിക്കാതെ ലോകത്തിന്റെ, കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത കോണുകളിലേക്ക്, അനുഭൂതികളിലേക്ക്, കൂട്ടിക്കൊണ്ടുപോകുന്ന വിവർത്തന പ്രക്രിയയിൽ അഭിരമിക്കുകയാണ്"[62] സ്ത്രീ വിവർത്തകർ ചെയ്യുന്നതു. ഏതെങ്കിലും തൊഴിലിൽ പങ്കാളിയാകാനുള്ള സ്ത്രീയുടെ കനത്ത ആഗ്രഹത്തിന്റെ പ്രതികരണങ്ങളായി ഇവയെ കാ

---

60 ഡൽഹിയിൽ ജോലിയുള്ളവരും വിവാഹിതരുമായ 1000 സ്ത്രീകളിൽ നടത്തിയ സർവെയിൽ കുഞ്ഞ് ജനിച്ചതിനുശേഷം ജോലി തുടർന്നവർ 18–34 ശതമാനം പേർ മാത്രമാണ് എന്ന് മന്ദാകിനി ദേവേഷർ ഷൂരി 'Where are India's working women?' എന്ന ലേഖനത്തിൽ പരാമർശിക്കുന്നു. പുതിയ കണക്കുകൾക്ക് നോക്കുക: https://thehindu.com/opinion/op-ed/the-measure-of-the-working-woman/article67435724.ece.

61 സി. ഐ. സി. സി. ജയചന്ദ്രൻ വ്യക്തിപരം, അച്ഛന്റെ നിഴലിൽ, കേരളശബ്ദം, ആഗസ്റ്റ് 10, 2014, പു. 10.

62 'പരിഭാഷ നല്കുന്ന സംതൃപ്തി', സംഘടിത, 9 ജൂലൈ 2015, പു. 27.

ണാവുന്നതാണ്. കുടുംബത്തിലെ നിരന്തരമായ, ആവർത്തന വിരസമായ, നിർബന്ധിത സേവനം പോലെ ചെയ്യുന്ന ജോലികളിൽ നിന്ന് ഒരു മാറ്റം ഏത് സ്ത്രീയാണ് ആഗ്രഹിക്കാത്തത്? (ആറുമാസത്തെ താല്കാലിക ജോലി ലഭിച്ച് സർക്കാരാഫീസുകളിലെത്തുന്ന വീട്ടമ്മമാരുടെ ആഹ്ലാദം ശ്രദ്ധിച്ചാൽ ഇത് മനസ്സിലാക്കാൻ സാധിക്കും). വിവർത്തന പ്രക്രിയയുടെ സ്വത്വാവിഷ്കരണ സ്വഭാവവും തൊഴിലെന്ന നിലയിൽ ലഭിക്കുന്ന സംതൃപ്തിയും തിരിച്ചറിയുമ്പോഴാണ് ഒരാൾ തന്റെ പ്രവർത്തന മണ്ഡലമായി അതിനെ മാറ്റുന്നത്. സ്ത്രീകൾക്കെല്ലാം ഈ ഇച്ഛാശക്തിയാണാവശ്യം. വ്യവസ്ഥയുടെ നിയന്ത്രണങ്ങൾക്കിടയിലും ജീവിതത്തിന്റെ ഗതി നിർണ്ണയിക്കാനുള്ള വ്യക്തിയുടെ അവകാശമാണിത്.

പൗലോ കൊയ്‌ലോയുടെ കൃതികൾ വിവർത്തനം ചെയ്ത് മലയാളത്തിൽ ശ്രദ്ധേയയായ വിവർത്തക രമാ മേനോൻ കുടുംബത്തിന്റെയും മക്കളുടെയും അധ്യാപന ജോലിയുടെയും ഉത്തരവാദിത്തങ്ങളെല്ലാം കഴിഞ്ഞ് മകന്റെ പ്രേരണയാലാണ് ആൽക്കെമിസ്റ്റ് മലയാള വിവർത്തനം ചെയ്തത്.[63] ഉദ്യോഗവും മക്കളുടെ പരിപാലനവും കൊണ്ട് അമ്മയുടെ കഴിവ് തിരിച്ചറിയുന്ന സന്ദർഭങ്ങൾ വേറെയുമുണ്ട്. മകന്റെ നിർബന്ധം കൊണ്ടാണ് ആദ്യവിവർത്തന ശ്രമമായ ഐതിഹ്യമാല (കൊട്ടാരത്തിൽ ശങ്കുണ്ണി) ഇംഗ്ലീഷിലേക്കാക്കിയതെന്ന് കഥാകാരി കൂടിയായ ശ്രീകുമാരി രാമചന്ദ്രനും എഴുതുന്നു.[64]

ജോലി ലഭിച്ച ഇടവുമായി ബന്ധപ്പെട്ട സുരക്ഷിത പ്രശ്നങ്ങളാണ് സ്ത്രീയെ തൊഴിലിൽ നിന്ന് അകറ്റി നിർത്തുന്ന മറ്റൊരു ഘടകം. ഇരുട്ടും മുമ്പെ വീട്ടിലെത്തണം തുടങ്ങി നിരവധി യാഥാർത്ഥ്യങ്ങൾ സ്ത്രീ നേരിടുന്നു. നിർഭയ, സൗമ്യ തുടങ്ങിയ അനുഭവങ്ങൾ ഭയജനകം തന്നെ. തൊഴിൽ ചെയ്ത് സമൂഹത്തിന്റെ സാമ്പത്തിക വികസനത്തിൽ പങ്കാളിയാകാൻ സ്ത്രീക്ക് തടസ്സം നില്ക്കുന്ന ഘടകങ്ങളാണിവയെല്ലാം. ഈ തടസ്സങ്ങൾ മറികടക്കാനുതകുന്ന തൊഴിലിടമാണ് വിവർത്തനത്തിന്റേത്. സ്ത്രീസൗഹൃദപരമായ ഇത്തരം തൊഴിലിടങ്ങൾ കോവിഡ് കാലത്ത് രൂപപ്പെട്ടിട്ടുണ്ട്. സോഫ്റ്റ്‌വെയർ മേഖലയിലെ തൊഴിലുകൾ അത് ഇപ്പോഴും തുടരുന്നതായും കാണുന്നു. എന്നാൽ പിതൃമേധാവിത്വ ഘടനയിലെ ഉത്തരവാദിത്തങ്ങളെല്ലാം നിർവഹിച്ചുകൊണ്ട് ചെയ്യുന്ന ഈ ഇരട്ട ജോലിഭാരത്തെക്കുറിച്ചുള്ള ചർച്ചകൾ ഉയർന്നുവരുന്നുണ്ട്. റിട്ടയർ ചെയ്തതിനു ശേഷം വിവർത്തന രംഗത്തെത്തിയവരും മലയാളത്തിലെ സ്ത്രീ വിവർത്തകരിലുണ്ട് (ഉദാ. രമാമേനോൻ). വിശ്രമമില്ലാതെ തൊഴിൽചെയ്തു ശീലിച്ച സ്ത്രീകൾ തനിക്കിഷ്ടപ്പെട്ട, തന്റെ അധ്വാനം ചരിത്രം മാനിക്കുമെന്ന് ഉറപ്പുള്ള രംഗം തിരിച്ചറിഞ്ഞതാണ് കാരണം. മാത്രവുമല്ല, സർഗ്ഗപ്രക്രിയയുടെ ഹരം ഒരിക്കൽ അനുഭവിച്ചുകഴിഞ്ഞാൽ വീണ്ടും വീണ്ടും അതിനായി ആഗ്രഹിച്ചുകൊണ്ടേയിരിക്കും.

63 'പരിഭാഷയുടെ വഴിയിൽ (ലേഖനം), സംഘടിത, 9 ജൂലൈ 2015, പു. 11.

64 'ട്രാൻസ്ലേഷനല്ല, ട്രാൻസ്ക്രിയേഷൻ' (ലേഖനം), അതിൽത്തന്നെ പു. 22.

2.19 'നിഷ്ക്രിയ'മായ സ്ത്രീവിഭവശേഷി

തൊഴിലിന്റെയും തൊഴിലിടത്തിന്റെയും അനൗപചാരികത, പ്രസിദ്ധീകരണത്തിലൂടെ ലഭിക്കുന്ന അംഗീകാരം, സാമ്പത്തികലബ്ധി തുടങ്ങി വിവർത്തനരംഗത്ത് ഇന്ന് നിലനില്ക്കുന്ന സാഹചര്യങ്ങളാണ് വിദ്യാസമ്പന്നരായ സ്ത്രീവിവർത്തകർ പ്രയോജനപ്പെടുത്തുന്നത്. അവരുടെ പ്രയത്ന ശീലവുമായി ചേർത്തുവേണം ഇത് കാണേണ്ടത്. അതിനിടയിലെവിടെയും പിതൃകേന്ദ്രിത വ്യവസ്ഥ നിഷ്കർഷിക്കുന്ന കടമകളൊന്നും മാറ്റിവെയ്ക്കുന്നില്ല, മറക്കുന്നുമില്ല. പ്രശസ്ത നോവലെഴുത്തുകാരി കൂടിയായ ബി. എം. സുഹ്റ വിവർത്തനത്തിലേക്ക് കടന്നുവന്നത് വിവരിക്കുന്നത് നോക്കുക:

> 'സ്വന്തമായി എന്തെങ്കിലും ചെയ്യണമെന്നത് ചെറുപ്പത്തിലേയുള്ള സ്വപ്നമായിരുന്നു. എന്റെ വീട്ടിൽ മുമ്പ് സ്ത്രീകളാരും തന്നെ കോളേജിൽ പോയി പഠിക്കുന്നതോ ജോലിക്കു പോകുന്നതോ ഞാൻ കണ്ടിട്ടില്ല. എന്നിട്ടും പഠിച്ച് സ്വന്തം കാലിൽ നില്ക്കണമെന്ന ഒരാശ എന്റെ ഉള്ളിൽ നാമ്പിട്ടു. തലതിരിഞ്ഞ ആലോചനയാണെന്നു പറഞ്ഞ് എന്റെ ഉമ്മ അത് ചെറുപ്പത്തിലേ നുള്ളിക്കളയാൻ കഠിനമായി ശ്രമിച്ചു. പതിനെട്ടാം വയസ്സിൽ പഠനം പൂർത്തിയാക്കാതെ വിവാഹിതയാകുന്നതുവരെ ഞാനെന്റെ മോഹം ഉള്ളിൽ കൊണ്ടുനടന്നു. വിവാഹിതയായി കുടുംബ പ്രാരാബ്ധം തലയിലായതോടെ എന്റെ സ്വപ്നവും പൊലിഞ്ഞു. എന്റെ രണ്ടു മക്കളെ വളർത്തുന്നതിൽ മാത്രമായി പിന്നീടെന്റെ ശ്രദ്ധ. അവർ മുതിർന്ന് പഠിക്കാനും ജോലിക്കുമൊക്കെയായി വീടുവിട്ടപ്പോൾ ഏകാന്തത വല്ലാതെ അലട്ടി. അതിൽ നിന്നൊരു മോചനത്തിനായി വീണ്ടും വായന ശീലമാക്കി. സമയം പോക്കാൻ മാത്രമായിട്ടാണ് ആദ്യകാലത്ത് എനിക്കിഷ്ടപ്പെട്ട ചില കഥകൾ ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തു തുടങ്ങിയത്.'[65]

സ്ത്രീയുടെ കടമകളെക്കുറിച്ച സമൂഹം പുലർത്തുന്ന സ്റ്റീരിയോ ടൈപ്പ് ചിന്തകളോട് സ്ത്രീയുടെ ആഗ്രഹങ്ങളും കഴിവുകളും സംഘർഷത്തിലാകുന്നത് ഇവിടെ വ്യക്തമാണ്. ഇത്തരത്തിൽ വൈയക്തിക തലത്തിൽ നിരാശയും പ്രവർത്തന രാഹിത്യവും അനുഭവിക്കുന്നവരാണ് സ്ത്രീകളിൽ ഭൂരിഭാഗവും. ആ അലട്ടലിൽ നിന്നാണ് എന്തെങ്കിലും ചെയ്തേ പറ്റൂ എന്ന നിലയിലേക്ക് സ്ത്രീ എത്തിപ്പെടുന്നത്. പുതുതലമുറയിലെ കവി കൂടിയായ ജെനി ആൻഡ്രൂസിന്റെ സാഹചര്യം നോക്കുക:

> "പത്രപ്രവർത്തനത്തിന്റെ മണ്ഡലത്തിൽ ആവേശത്തോടെ പ്രവേശിച്ചുവെങ്കിലും വൈകാതെതന്നെ നീണ്ട അവധിയിൽ അവിടം വിട്ട്

65 'പരിഭാഷ എന്റെ കാഴ്ചപ്പാടിൽ (ലേഖനം), അതിൽത്തന്നെ, പു. 21.

> വീണ്ടും എട്ടുവർഷത്തോളം വായനയോ എഴുത്തോ ഒട്ടുമില്ലാതെ നില്ലെയാണ് വിവർത്തനമെന്ന സാധ്യത മുന്നിലെത്തിയത്. കുഞ്ഞുങ്ങളുടെയും വീടിന്റെയും കാര്യങ്ങൾ ക്രമീകരിച്ചുകൊണ്ട് വീട്ടിലിരുന്നുതന്നെ ചെയ്യാനൊക്കുന്ന ജോലി. ഗാന്ധിജി ചർക്കയിൽ നൂൽനൂറ്റിരുന്നപോലെ, മഠങ്ങളിൽ കന്യസ്ത്രീകൾ പൂക്കൾ തുന്നുംപോലെ, അൾത്താര വസ്ത്രക്കളൊരുക്കും പോലെ, നിത്യവും ഞാൻ തുടർന്നു പോരുന്ന സാധനയായിരിക്കുന്നു അത്. നിർബന്ധിത സ്വഭാവമില്ലാതെ അയവുള്ള നേരങ്ങൾ നോക്കി ചെയ്യാനൊക്കുന്ന കർമ്മം.”[66]

എഴുത്ത് എന്ന വിഭവശേഷി സ്ത്രീ സാമൂഹികോന്നമനത്തിനായി ഉപയോഗിക്കുന്നതിനു പിന്നിലനുഭവിക്കുന്ന പരാധീനതകളാണ് ഈ വിവരണങ്ങളിലുള്ളത്. ഇഷ്ടപ്പെട്ട തൊഴിലിനോട്ട്, അത് തരുന്ന സന്തുഷ്ടിയോടുള്ള മനോഭാവം കൂടി ഇവിടെ വ്യക്തമാണ്. ഇഷ്ടപ്പെട്ട ജോലി ചെയ്യാനായി വ്യവസ്ഥയ്ക്കുള്ളിൽ നിന്നുതന്നെ സമയം കണ്ടെത്താൻ കഴിഞ്ഞവരാണ് സ്ത്രീ വിവർത്തകരെല്ലാം. ആത്മാഭിമാനത്തോടെ ജോലിചെയ്യുന്ന ഇവർ ജീവിത വിജയം നേടിയ സ്ത്രീകളെന്ന നിലയിൽ എല്ലാവർക്കും മാതൃകയാകേണ്ടവരാണ്. അവരുടെ ജീവിതചര്യയിലെ ചില അനുഭവങ്ങൾ നോക്കുക:

> കുഞ്ഞുങ്ങൾ ഓടിക്കളിക്കുന്ന വീട്. അമ്മ സദാ വീട്ടിൽ തന്നെയുണ്ടെങ്കിലും കടലാസുകൾക്കിടയിൽ പൂഴ്ന്നങ്ങനെ ഇരിക്കുന്നത് അവർക്ക് മടുപ്പിക്കുന്ന കാഴ്ചയാകാതിരിക്കുവാൻ കഴിവതും ശ്രദ്ധിച്ചു. അവർ സ്കൂളുകളിലേക്ക് പോകുന്ന നേരം മാത്രം വിവർത്തനത്തിനു നീക്കിവെച്ചു. എങ്കിലും കുഞ്ഞുങ്ങളും അവരുടെ അപ്പായും മടങ്ങിയെത്തുന്ന വൈകുന്നേരത്തും മനസ്സ് വാക്കുകളുടേയും വാക്യങ്ങളുടേയും ചേർച്ച നോക്കലിൽ നിന്ന് പിരിയാൻ മടിച്ചു നിന്നിട്ടുള്ള നേരങ്ങളും പലപ്പോഴുമുണ്ടാകാറുണ്ട്. ഒരു കനത്ത കുഴയൽ. മനസ്സിനെ വേഗം അതിൽനിന്ന് പിടിവിടുവിച്ച് വീണ്ടും ഞാൻ പരിചരണപ്പാതയിലേക്ക്.[67]

തൊഴിലിനും കുടുംബ ജീവിതത്തിനും ഇടയ്ക്കുള്ള നേർത്ത അതിർത്തികളിലെ കയറ്റിറക്കങ്ങൾ. സ്ത്രീ ഏതു തൊഴിലും ചെയ്യുന്നത് ഇത്തരം സംഘർഷങ്ങളിൽ നിന്നു കൊണ്ടാണ്. കടമകളും ഉത്തരവാദിത്തങ്ങളും സദാ അലട്ടിക്കൊണ്ടിരിക്കും. ഇരുഭാഗവും—തൊഴിലും കുടുംബാന്തരീക്ഷവും—സമതുലിതമാകേണ്ടതുണ്ട്. ലിംഗസമത്വത്തിലൂടെയാണത് സാധ്യമാക്കേണ്ടത്. ഭാര്യയുടെയും അമ്മയുടെയും കടമകൾ

66 ‘താളുകൾക്കിടയിലെ പ്രപഞ്ചം’ (ലേഖനം), അതിൽത്തന്നെ, പു. 28.

67 അതിൽത്തന്നെ പു. 28–29.

നിർവഹിച്ചുകൊണ്ടുതന്നെ ഒഴിവുസമയങ്ങൾ ഫലഭരിതമാക്കാൻ പ്രയത്നിച്ച് തന്റേതായൊരു ചരിത്രം സൃഷ്ടിക്കാനാണ് വിവർത്തന രംഗത്തെ സ്ത്രീ ശ്രമിക്കുന്നത്. ടോണി മോറിസന്റെ നോവലും മറ്റും മലയാളത്തിലെത്തിച്ച പ്രഭാ സക്കറിയാസ് എഴുതുന്നത് അർത്ഥപുഷ്ടമായ ഗർഭകാലത്തെ കുറിച്ചാണ്.

> ഈ പുസ്തകം വിവർത്തനം ചെയ്ത കാലത്ത് ഞാനും എന്റേതായ ഒരു തടവറയിലായിരുന്നു. മാസം തികയാതെ പ്രസവിക്കാതിരിക്കാനായി ഏഴാംമാസം മുതൽ കട്ടിലിന്റെ കാൽഭാഗം ഉയർത്തിവെച്ച് അക്ഷരാർത്ഥത്തിൽ തലകീഴായി കിടന്ന ഒരു മൂന്നു മാസകാലത്താണ് ഈ വിവർത്തനത്തിന്റെ ഏറിയ പങ്കും നടന്നത്.[68] '

ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും തന്റേതായ ഇടം കണ്ടെത്താൻ സ്ത്രീ ശ്രമിക്കുന്നതിന്റെ അടയാളങ്ങളായി വേണം ഈ തുറന്നെഴുത്തുകളെ കാണേണ്ടത്. ജീവിതത്തിന്റെ സ്വാഭാവികതകളെ അതായി കാണുകയും സ്വജീവിത വിജയത്തിനു വേണ്ടി ഓരോ നിമിഷവും പ്രയത്നിക്കുന്ന വ്യക്തിസത്തയായി സ്ത്രീ ഇവിടെ വളരുകയും ചെയ്യുന്നു. ഇങ്ങനെ വിവർത്തന പ്രക്രിയയിൽ പങ്കാളിയാകുന്ന സ്ത്രീവിവർത്തകരുടെ തികച്ചും വ്യത്യസ്തമായ ഭൗതിക സാഹചര്യങ്ങൾ സ്ത്രീ വിവർത്തനത്തിന്റെ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്നു.

2.20 വിവർത്തനം ഒരു രാഷ്ട്രീയ പ്രക്രിയ

ലിംഗഭേദത്തിലൂന്നിയുള്ള സ്ത്രീ പഠനങ്ങളിൽ ഈ സാഹചര്യങ്ങൾ ഏറെ പ്രധാനമാണ്. അതുപോലെയാണ് വിവർത്തന പ്രക്രിയയ്ക്ക് ആവശ്യമായ സമയം ജീവിതത്തിൽ നിന്ന് മാറ്റിവെയ്ക്കുക എന്നതും. ഏറ്റവുമടുത്ത സമമൂല്യപദം പ്രയോജനപ്പെടുത്താനുള്ള സാവകാശം വിവർത്തനത്തിന് ലഭിക്കണം. അതിനുള്ള സമയം വ്യക്തിജീവിതത്തിൽ ബാക്കി വെയ്ക്കേണ്ടത് സ്ത്രീ വിവർത്തകരുടെ ആവശ്യമായി വരുന്നു. പ്രസാധകരുടെ സമയം പാലിക്കാൻ ഗവൺമെന്റ് ജോലി ഉപേക്ഷിച്ചാലോ എന്നാലോചിക്കുന്നവരും ജോലിയിൽ നിന്ന് വിരമിച്ചതിനു ശേഷം സജീവ വിവർത്തകരായവരും സ്ത്രീ വിവർത്തരുടെ കൂട്ടത്തിലുണ്ട്. അവർക്ക് രേഖപ്പെടാതെ പോകുന്ന സ്വജീവിതത്തെക്കാൾ വിലമതിക്കുന്നതാണ് വിവർത്തനം എന്ന സാഹിതീയ പ്രക്രിയ.

മുൻനിര പ്രസാധന ശാലകൾ വിവർത്തനം ചെയ്യാനായി തെരഞ്ഞെടുക്കുക എന്നത് ഒരു വ്യക്തിയുടെ കഴിവിനും അറിവിനും ലഭിക്കുന്ന ബഹുമതിയായാണ് കാണേണ്ടത്. 'ഇതൊന്ന് വിവർത്തനം ചെയ്ത് തരുമോ' എന്നതാണ് വിവർത്തകർക്ക് ലഭിക്കുന്ന ആദ്യ അഭ്യർത്ഥന. വിവർത്തനത്തിനു വേണ്ട പാണ്ഡിത്യവും അറിവും കഴിവും നേടിയ ഒരു കൂട്ടം സ്ത്രീകളെ തേടി ഈ അഭ്യർത്ഥന എത്തുന്നു എന്നതാണ് ഇവിടെ പ്രധാനം. അറിവിന്റെയും കഴിവിന്റെയും ഈ രംഗത്ത് പുരുഷനു

---

68 പ്രഭാ സക്കറിയാസ്, 'വിവർത്തനത്തിന്റെ വിവർത്തനത്തെ വിവർത്തനം ചെയ്യുമ്പോൾ', കറന്റ് ബുക്സ് ബുള്ളറ്റിൻ, സെപ്റ്റംബർ 2014.

തുല്യമായി സ്ത്രീ പ്രവർത്തിക്കുന്നു/പരിഗണിക്കുന്നു എന്നത് ലിംഗപദവിയിലെ സമത്വത്തിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. പക്ഷപാതമില്ലാത്തതും സമതുലിതവുമായ ഒരു പൊതുമണ്ഡലത്തിലാണ് സ്വതന്ത്രമായ ചിന്തകളും പ്രവർത്തനങ്ങളും ഇടപെടലുകളും സാധ്യമാകുന്നത്. (പ്രസാധകരുടെ മുന്നിൽ ചിലവുകുറഞ്ഞ വിവർത്തകരായി മാറുന്നുണ്ടോ എന്നത് സൂക്ഷിക്കേണ്ട സംഗതിയാണ്).

കാലങ്ങൾ നീണ്ടുനില്ക്കുന്ന വായനക്കാരിലേക്കാണ് ഓരോ പുസ്തകവും പിറന്നുവീഴുന്നത്. സാഹിത്യ വിവർത്തനത്തെ സംബന്ധിച്ചിടത്തോളം സ്രോത പാഠത്തിന്റെ ഉദ്ദേശ്യം, പ്രയോജനം, ലക്ഷ്യം എന്നിവ അറിയുന്നത് മൂലഗ്രന്ഥത്തോടും ലക്ഷ്യ ഭാഷാ വായനക്കാരോടുമുള്ള ഉത്തരവാദിത്തം നിറവേറ്റാൻ വിവർത്തകരെ സഹായിക്കും. നിരവധി കോപ്പികൾ വിറ്റഴിക്കുക എന്ന ലക്ഷ്യത്തോടെ കമ്മീഷൻ വ്യവസ്ഥയിലെത്തുന്ന വിവർത്തനങ്ങൾ ലക്ഷ്യപാഠത്തിന്റെ ഉല്പാദനവും വിതരണവും ഉറപ്പുവരുത്തുന്നു. ആഗോള സമ്പദ് വ്യവസ്ഥയുടെയും വിവര സാങ്കേതിക വിദ്യയുടെയും വളർച്ച അറിവിന്റെയും സർഗ്ഗ പ്രവർത്തനങ്ങളുടെയും ഉല്പാദന-വിതരണ ക്രമങ്ങളിൽ മാറ്റം വരുത്തിയത് വിവർത്തന രംഗത്തും പ്രകടമാണ്.[69] വിവർത്തനം തുടങ്ങുന്നതിനു മുമ്പുതന്നെ ഇവിടെ വായനക്കാരെ ഉറപ്പുവരുത്തുന്നുണ്ട്. സ്രോത പാഠത്തിനു പുറത്തുള്ള വായനക്കാരെയാണ് ഓരോ വിവർത്തന പാഠവും സംബോധന ചെയ്യുന്നത്. നോബൽ പ്രൈസ് പോലുള്ള അംഗീകാരത്തിന്റെയോ വിവാദങ്ങളുടെയോ ചരിത്ര പരാമർശങ്ങളുടെയോ ബോധപൂർവ്വമുണ്ടാക്കുന്ന പ്രചാരണത്തിന്റെയോ പിൻബലത്തിലാണ് വർത്തമാന കാലത്ത് വിവർത്തന ഗ്രന്ഥം വായനക്കാരിലെത്തിക്കുന്നത്. അതിനിടയിൽ സ്ത്രീ വിവർത്തകരുടെ ഭാഷാ നിപുണത മധ്യസ്ഥം വഹിക്കുന്നു എന്നേയുള്ളൂ.

2.21 സ്ത്രീ വിവർത്തകരുടെ തൊഴിലും ജീവിതവും

വിവർത്തനം ചെയ്യുന്നത് സ്ത്രീയാകുമ്പോൾ വിവർത്തന പ്രക്രിയയെന്നത് വെറും ഭാഷാവ്യാപാരമല്ല; അതായത്, സ്രോത ഭാഷയിൽ നിന്ന് ലക്ഷ്യ ഭാഷയിലേക്കുള്ള അപഗ്രഥന ഉത്ഗ്രഥനങ്ങൾ മാത്രമല്ല അത്. ആത്മീയവും ഭൗതികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ എല്ലാ പ്രതിസന്ധികളും മറി കടക്കാനുതകുന്ന പ്രക്രിയയാണെന്ന് വിവർത്തകരുടെ അനുഭവങ്ങൾ തെളിയിക്കുന്നു. 'ഫലത്തെക്കാൾ കർമ്മത്തെ സ്നേഹിക്കാനിടയാകുന്ന കർമ്മം' എന്ന് വിശേഷിപ്പിക്കുന്ന ജെനി ആൻഡ്രൂസ് ആ ആത്മീയ പ്രക്രിയ വിവരിക്കാൻ ശ്രമിക്കുന്നത് ഇങ്ങനെയാണ്:

പുസ്തകങ്ങളിലെ കഥാപാത്രങ്ങൾ എന്നോടിണങ്ങി, ഇഷ്ടം കൂടി, ചിലപ്പോൾ അവർ വിമുഖതയോടെ ദീർഘനേരം പിടി തരാതെ നിന്നു, എന്നെ തിരുത്തി. ചിലപ്പോൾ പരകായ പ്രവേശം നടത്തി എന്നിലേക്കവർ കുടിയേറി. മനോഹരമായ അനുഭവം. ഗ്രന്ഥകാരനോടൊപ്പം, ഗ്രന്ഥകാരിക്കൊപ്പം ആഴങ്ങളിലേക്കാണ്ടിറങ്ങുവാൻ,

[69] വിജ്ഞാന സമ്പദ് വ്യവസ്ഥ (knowledge economy), സർഗ്ഗാത്മകസമ്പദ് വ്യവസ്ഥ (creative economy) തുടങ്ങിയ പദങ്ങൾ രൂപപ്പെടുന്നത് ഈ സാഹചര്യത്തിലാണ്.

അവർ സഞ്ചരിച്ച വഴികളിലൂടെ ചുറ്റിത്തിരിയുവാൻ പരിഭാഷ അവസരം തന്നു. ഹൃദയവും മനസ്സും പരിസരങ്ങളെ വിട്ട് അവർക്കൊപ്പം അലയുകയും, വീണ്ടും പരിസരങ്ങളിലേക്കു തിരിച്ചെത്തുകയും ചെയ്തു. ഫലത്തിൽ പരിഭാഷ എനിക്ക് ഒരു ആത്മീയ സാധനയാണ്[70]

ജീവിതത്തിലെ തകർച്ചകളിൽ നിന്നു കരകേറാനുള്ള ഔഷധമായി ഈ സർഗ്ഗപ്രക്രിയ അനുഭവിച്ചവരുമുണ്ട്.

ഇസഡോറാ ഡങ്കൻ

> ഏറെ താമസിയാതെ ജീവിതത്തിന്റെ വഴികൾ എന്നെ സംബന്ധിച്ചിടത്തോളം ദുർഘടവും സങ്കീർണ്ണവും ആവുകയും നീണ്ട വർഷങ്ങൾ പുസ്തകങ്ങളിൽ നിന്നും അകലം പാലിച്ച് ജീവിക്കേണ്ടി വരികയും ചെയ്തു. പിന്നീട് ഞാനതിൽ നിന്നൊക്കെ പുറത്തുകടന്നു. ഒറ്റപ്പെട്ടുപോയ ജീവിതാവസ്ഥയിൽ അക്ഷരങ്ങളാണ് എനിക്കു കൂട്ടായതും എന്നെ ആശ്വസിപ്പിച്ചതും. ഇസഡോറാ ഡങ്കന്റെ 'മൈ ലൈഫ് ' എനിക്ക് ജീവിക്കാനുള്ള ഊർജ്ജം പകർന്നു.[71]

എന്ന് കൃഷ്ണവേണിയും

> വ്യക്തി ജീവിതത്തിന്റെ തകർച്ചകളിൽ നിന്നു കരകയറാനുഴറിയ എന്നെ റൂമി കണ്ടെത്തുകയായിരുന്നു. റൂമിയുടെ ഭാവഗീതങ്ങൾ എന്റെ മനസ്സിലുണ്ടാക്കിയ അനുരണനങ്ങളായിരുന്നു എന്റെ മൊഴിമാറ്റം. വിവർത്തനം ഒരു കാവ്യസപര്യയല്ല, ആയുധമെടുത്തുള്ള പോരാട്ടമാണ്.[72]

എന്ന് ഡോ. ഐറിസും എഴുതിയത് അതിനാലാണ്. ഇഷ്ടത്തോടെ ചെയ്യുന്ന ഏതു കർമ്മവും ഫലപ്രദമായ ഒരു ദിവ്യൗഷധം തന്നെ. വിഭവശേഷി സ്വയം തിരിച്ചറിഞ്ഞ് പ്രയോഗിക്കാനവസരം കിട്ടിയ സ്ത്രീ താനേറെ ഇഷ്ടപ്പെടുന്നതു ചെയ്യാനായി സ്ഥിര ജോലി വേണ്ടെന്നുവെയ്ക്കാൻ കൂടി ധൈര്യപ്പെട്ടു. സുനീത ബാലകൃഷ്ണൻ, ഗൗരി എം. കെ. എന്നീ വിവർത്തകർ ഉദാഹരണമാണ്. അതേസമയം ഇഷ്ടപ്പെടുന്ന ഈ തൊഴിൽ മറ്റു ജോലിക്കൊപ്പം കൊണ്ടുപോകാൻ ശ്രമിക്കുന്നവരാണ് സ്ത്രീ വിവർത്തകരിലേറെയും. പിതൃകേന്ദ്രിത വ്യവസ്ഥയുടെ അദൃശ്യ അലിഖിത നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ കേരളത്തിലെ വിദ്യാസമ്പന്നരായ സ്ത്രീകൾ വിവർത്തനം എന്ന തൊഴിലിടം നിലനിർത്തുന്നു; വിവർത്തകരെന്ന ദൃശ്യത നേടുന്നു.

---

70 'താളുകൾക്കിടയിലെ പ്രപഞ്ചം' (ലേഖനം), അതിൽത്തന്നെ, പു. 28.

71 'വിവർത്തനം എന്ന സർഗ്ഗക്രിയ' (ലേഖനം), അതിൽത്തന്നെ, പു. 26.

72 'വിവർത്തനം ഒരു ഉൾവിളിയാണ്' (ലേഖനം), അതിൽത്തന്നെ, പു. 53.

സർഗ്ഗാത്മക സൃഷ്ടികളുടെ ദുർബലവും തരംതാണതുമായ പാഠഭേദം എന്ന പദവിയാണ് ചരിത്രത്തിലുടനീളം വിവർത്തനത്തിനു ലഭിച്ചിട്ടുള്ളതെങ്കിലും സ്ത്രീകൾ ആദ്യകാലം മുതലേ ഇതിനെ ശക്തമായ ആത്മപ്രകാശന മാർഗ്ഗമായി തിരഞ്ഞെടുത്തതായി കാണാം. അക്ഷര ലോകത്തേക്കുള്ള കിളിവാതിലായും സമകാലിക ബൗദ്ധിക, രാഷ്ട്രീയ രംഗത്തേക്ക് സംഭാവന നല്കാനുള്ള വഴിയായും വിവർത്തനം സ്ത്രീകളെ സഹായിച്ചിട്ടുണ്ട്.[73] എന്ന സമകാലിക വിവർത്തകയായ സി. കബനിയുടെ നിരീക്ഷണം പ്രധാനമാണ്.

2.22 വിവർത്തനം നൽകുന്ന സ്ത്രീ സ്വാതന്ത്ര്യങ്ങൾ

സത്യത്തിനും കെട്ടുകഥകൾക്കും ഇടയ്ക്കുനിർത്തി സ്ത്രീയുടെ സർഗ്ഗാത്മക രചനകൾക്കു മേൽ പിതൃകേന്ദ്രിത വ്യവസ്ഥയുടെ ചോദ്യങ്ങളുയർന്നപ്പോഴും[74] വിപ്ലവകരമായ ആശയങ്ങൾ വിനിമയം ചെയ്യുന്ന വിവർത്തനങ്ങൾ മൂല ഗ്രന്ഥകർത്താവിന്റെ നിഴലിലായതിനാൽ പരിധിക്കപ്പുറമുള്ള കുറ്റപ്പെടുത്തലുകൾ അവിടെ എത്തിയില്ല. ഈ സാഹചര്യങ്ങൾ കൂടി സ്ത്രീവിവർത്തകർക്ക് അവരുടെ തൊഴിൽ തുടരുന്നതിന് സഹായകരമായിട്ടുണ്ട്. നിലവിലുള്ള സാമൂഹിക വ്യവസ്ഥയിൽ വിള്ളലുകളുണ്ടാക്കാൻ ശ്രമിക്കുമ്പോഴൊക്കെ അതിനുള്ള എതിർപ്പുകളും രൂപപ്പെടുക സ്വാഭാവികമാണ്. സ്ത്രീജീവിതാനുഭവങ്ങൾ സാംസ്കാരിക പ്രതിനിധാനങ്ങളാക്കി മാറിയപ്പോഴെല്ലാം എതിർപ്പുകളും രൂപപ്പെട്ടിട്ടുണ്ട്. സ്ത്രീ എഴുതുന്നതിലെ 'ഞാൻ' എന്ന പ്രഥമ പുരുഷ ആഖ്യാതാവ് പിതൃകേന്ദ്രിത വ്യവസ്ഥ ഉറ്റുനോക്കുന്ന ഒന്നാണ്. ആ ഒളിഞ്ഞുനോട്ടങ്ങളിൽ നിന്നും ചുഴിഞ്ഞു നോട്ടങ്ങളിൽ നിന്നും വിവർത്തനം സുരക്ഷിതമാണ്.


അമൃതാ പ്രീതം

വിവർത്തക എന്ന സ്വത്വപ്രതിനിധാനത്തിൽ 'ഞാൻ' വേണ്ടാ എന്നത് സ്ത്രീ വിവർത്തകർ ആഘോഷമാക്കി മാറ്റി. സ്ത്രീയുടെ സ്വതന്ത്ര രചനകൾ സത്യത്തിനും കെട്ടുകഥയ്ക്കും ഇടയിൽ നിർത്തി പിതൃകേന്ദ്രിത അധികാരം ചോദ്യം ചെയ്യുന്നത് ഇവിടെയില്ല. സ്ത്രീ എന്ന വിവർത്തക മറ്റൊരാളുടെ നിഴലിലാണല്ലോ നില്ക്കുന്നത്! വിവർത്തനത്തിൽ ഒരാളുടെ സ്വത്വത്തിന്റെ ഭാഗമായ ഒന്നിൽ നിന്ന് മറ്റൊരാൾ ഉല്പാദനം നടത്തുകയാണ് ചെയ്യുന്നത്.[75] സ്ത്രീ ജീവിതാനുഭവവും പ്രതിനിധാനവും തമ്മിൽ വേർതിരിവുണ്ടെന്ന ധാരണ സൃഷ്ടിക്കാൻ സ്ത്രീ നടത്തുന്ന വിവർത്തനങ്ങൾക്ക് കഴിയുന്നുണ്ട്.

73 'വിവർത്തനം സ്ത്രീ' (ലേഖനം), അതിൽത്തന്നെ, പു. 34.

74 മാധവിക്കുട്ടി എന്റെ കഥ പ്രസിദ്ധീകരിച്ചപ്പോൾ കേരളത്തിലുണ്ടായ പ്രതികരണങ്ങൾ ഓർക്കുക

75 "... one's identity as one produce expository prose is to work at someone else's title, as one works with a language that belongs to many others. It is simple miming of the responsibility to the trace of the other in the self" Gayatry Chakravorty Spivak, The Politics of Translation', Translation Studies Reader (Ed.) Lawrence Venuti, Routledge, New York, 2nd Edition 2005, p–369.

അതേസമയം വിവർത്തനങ്ങളിലൂടെ പുതിയ പ്രതിനിധാന/പ്രകടന രൂപങ്ങൾ തേടുകയാണ് സ്ത്രീ ചെയ്യുന്നത്. സ്വയം പുനർനിർണ്ണയിക്കുകയും പുനർനിർവ്വചിക്കുകയും ചെയ്യുന്നതും സ്ത്രീ-പുരുഷഭേദമില്ലാത്തതുമായ പുതിയ പ്രകടന രൂപങ്ങളിലൊന്നാണ് വിവർത്തനവും. സർഗ്ഗപ്രക്രിയയുടെയും പ്രതിനിധാനത്തിന്റെയും ഇത്തരം പുതുരൂപങ്ങൾ പരോക്ഷമായി സ്ത്രീസമൂഹത്തെ ശാക്തീകരിക്കുകയും സ്ത്രീപക്ഷ രാഷ്ട്രീയം ത്വരിതപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

പഠിച്ചും അനുഭവിച്ചും സ്വായത്തമാക്കിയ ഭാഷ പ്രയോഗിക്കാനവസരം ലഭിച്ചതിന്റെ ആഹ്ലാദം, വാക്കുകൾക്കു മറുഭാഷ കണ്ടെത്താൻ ലഭിക്കുന്ന സർവ്വസ്വാതന്ത്ര്യം, അനന്തമായ പ്രശ്നപരിഹാര പ്രക്രിയ, ആശയ പൂർണ്ണതയ്ക്കു വേണ്ടിയുള്ള നിരന്തര ശ്രമം, ഒടുവിൽ പൂർത്തിയാകുമ്പോൾ, അത് പ്രസിദ്ധീകരിക്കുമ്പോഴൊക്കെയുള്ള ആത്മാഭിമാനം, സാമ്പത്തികമായ സ്വാശ്രയത്വം തുടങ്ങി പലതും ഒരു വിവർത്തനം പൂർത്തിയാക്കിയാലും വീണ്ടും വീണ്ടും ഈ തൊഴിലിലേക്കുതന്നെ മടങ്ങാൻ പ്രേരണ നല്കുന്ന ഘടകങ്ങളാണ്. അതുകൊണ്ടുതന്നെ ജീവിതത്തിൽ നിന്ന് വിവർത്തകയെന്ന സ്വത്വത്തിന്റെ നിലനിൽപിന് ആവശ്യമായ സമയം അവർ കണ്ടെത്തുന്നു. രമാമേനോൻ തന്റെ അനുഭവക്കുറിപ്പിൽ പറയുന്നത് നോക്കുക:

സാധാരണ ഒരു വീട്ടമ്മയുടെ വളരെ സാധാരണമായ ലോകം, അനുഭവങ്ങൾ. എന്നാൽ വിവർത്തനത്തിൽ ചെന്നുപെട്ടതോടെ... എന്റെ ലോകം വിശാലമായി... അതിനു തക്കവണ്ണം കാഴ്ചകൾ വളർന്നു. ഏതെല്ലാം തരത്തിലുള്ള പുസ്തകങ്ങൾ, പ്രമേയങ്ങൾ, ഭാഷാശൈലികൾ... ഓരോ പുസ്തകവും ഓരോ പ്രവാഹമായി... അതിലൂടെ എന്റെ മനസ്സും സ്വച്ഛന്ദം തുഴഞ്ഞുനീങ്ങി.[76]



സേതു

ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേക്കു മാറ്റുന്ന ജാലവിദ്യയിൽ രസിക്കുന്നതു കൊണ്ടാണ് വിവർത്തന ശ്രമങ്ങൾ തുടരുന്നതെന്നാണ് കെ. ജി. ശങ്കരപിള്ള, സേതു, സി. വി. രാമൻ പിള്ള തുടങ്ങിയവരുടെ രചനകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത പ്രേമ ജയകുമാർ അഭിപ്രായപ്പെടുന്നത്.[77] ഏതായാലും മലയാളത്തിൽ ഇന്ന് മറ്റ് സർഗ്ഗാത്മകമേഖലകളിൽ കഥ, കവിത, നോവൽ, നാടകം തുടങ്ങിയവയിലെ എഴുത്തുകാരുടെ എണ്ണത്തിൽ നിന്ന് വളരെ മുന്നിലാണ് സ്ത്രീവിവർത്തകർ എന്ന് ഒറ്റനോട്ടത്തിൽ തന്നെ വ്യക്തമാകും. പ്രസാധകരുടെ കൂടി പിന്തുണയിൽ വിവർത്തന രംഗത്ത് ഇത്രയധികം സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ടെങ്കിൽ അത് അറിവിന്റെയും കഴിവിന്റെയും അംഗീകാരം കൂടിയാണ്. ഭാഷാപാണ്ഡിത്യം അഥവാ ഭാഷാ പ്രയോഗത്തിന്റെ സർഗ്ഗാത്മക ശേഷിയിൽ തുല്യപദവി നേടാൻ കേരളത്തിലെ വിദ്യാസമ്പന്നരായ സ്ത്രീകൾക്ക് കഴിഞ്ഞു എന്നർത്ഥം.

76 'പരിഭാഷയുടെ വഴിയിൽ (ലേഖനം), സംഘടിത, 9 ജൂലൈ 2015.

77 'എന്തിന് വിവർത്തനം ചെയ്യുന്നു?', (ലേഖനം), അതിൽത്തന്നെ, പു. 15.

2.23 സ്ത്രീപക്ഷമാകുന്ന സ്ത്രീവിവർത്തനങ്ങൾ

സ്ത്രീപക്ഷ രചനകളോടും അവയുടെ വിവർത്തനങ്ങളോടും പുലർത്തുന്ന നിലപാടുകളും വിവർത്തനത്തിനെടുക്കുന്ന രചനകളും ശ്രദ്ധിച്ചാൽ ഇവർ പുലർത്തുന്ന സ്ത്രീപക്ഷ മനോഭാവം വ്യക്തമാകും.

സ്ത്രീകൾ എഴുതിയതോ അവരോട് തെളിഞ്ഞ മനസ്സോടെ അനുഭാവമുള്ളവർ എഴുതിയതോ ആയ പുസ്തകങ്ങൾ ഞാൻ സന്തോഷത്തോടെ വിവർത്തനത്തിനായി തിരഞ്ഞെടുത്തു. ഇത് ഞാൻ എന്നോടുതന്നെ പുലർത്തു സത്യത്തിന്റെ ഭാഗമാണ്.[78]

സരോജിനി സാഹു

തലമുതിർന്ന വിവർത്തകയായ വാസന്തി ശങ്കരനാരായണന്റെ വാക്കുകൾ അത് തെളിയിക്കുന്നുമുണ്ട്. ഇത്രയധികം സ്ത്രീകൾ വിവർത്തനരംഗത്ത് കടന്നുവരുമ്പോൾ സമൂഹത്തിലെ സ്ത്രീസ്വത്വഘടനയിൽ പല പരിവർത്തനങ്ങളും സംഭവിക്കുന്നുണ്ട്. പ്രാഥമികമായി ദേശം, വർഗ്ഗം, ലിംഗം എന്നിവ നിർമ്മിക്കുന്ന സ്വത്വത്തിൽ എഴുത്തുപോലുള്ള പ്രതിനിധാന പ്രക്രിയകൾക്ക് ചില കൂട്ടിച്ചേർക്കലുകൾ നടത്താൻ കഴിയും. ഒരു പുസ്തകമെഴുതുക എന്നത് വ്യക്തിയുടെ അകംപുറം സ്വത്വത്തിൽ വലിയ പരിവർത്തനങ്ങളാണുണ്ടാക്കുന്നത്. മറ്റുള്ളവരാൽ തിരിച്ചറിയപ്പെടുന്നതാണ് ഓരോ വ്യക്തിയുടെയും സ്വത്വം. ഒരു സാംസ്കാരിക ബൗദ്ധിക പ്രവർത്തനമെന്ന നിലയിൽ സാമൂഹികാംഗീകാരമുള്ള വിവർത്തക എന്ന് സമൂഹം തിരിച്ചറിയുന്നത് പ്രധാനമാണ്. മകൾ, ഭാര്യ, അമ്മ, അധ്യാപിക, ബാങ്ക് ഉദ്യോഗസ്ഥ തുടങ്ങി നിലവിലുള്ള സ്വത്വത്തിൽ സ്ത്രീ കഠിനാധ്വാനത്തിലൂടെ നേടിയെടുക്കുന്ന ഒരു കൂട്ടിച്ചേർക്കലാണത്. വ്യക്തിയുടെ അസ്തിത്വ നിർണ്ണയത്തിലും ഇത് പ്രധാനപ്പെട്ടതാണ്. ആത്മീയവും ഭൗതികവുമായ പല സാമൂഹിക പ്രതിസന്ധികളും മറികടക്കാൻ ഈ പുതിയ മേൽവിലാസം സ്ത്രീയ്ക്ക് സഹായകമാകുന്നുണ്ട്. അതുകൊണ്ട്, വിവർത്തന പ്രക്രിയയിൽ സ്ത്രീ ഉപയോഗിക്കുന്ന ഭാഷാ നൈപുണി എന്നത് സ്ത്രീ എഴുത്തിന്റെ മറ്റൊരു രൂപം തന്നെയാണ്. സ്വതന്ത്ര രചന നേരിടുന്ന പ്രസാധനത്തിന്റെ വെല്ലുവിളികളൊന്നുമില്ലാതെ സമൂഹത്തിൽ സ്വയം അടയാളപ്പെടുത്താൻ വിവർത്തനം സ്ത്രീ എഴുത്തുകാരെ സഹായിക്കുന്നു. സ്വജീവിതം വിവർത്തന പ്രക്രിയയിൽ രേഖപ്പെടുന്നുണ്ട് എന്ന തിരിച്ചറിവാണ് വിവർത്തനത്തിനു വേണ്ട സമയം ജീവിതത്തിൽ ബാക്കിവെയ്ക്കുന്നതിന് വിദ്യാസമ്പന്നരായ സ്ത്രീകൾക്കു പ്രേരണയാകുന്നത്.

78 'വിവർത്തനം ഒരാവശ്യമോ അതോ കലയോ', (ലേഖനം), അതിൽത്തന്നെ, പു. 9.

2.24 നിശ്ശബ്ദ വിപ്ലവം

അരുന്ധതി റോയി

ഇത്തരത്തിൽ, ഒരു പിതൃകേന്ദ്രിത സമൂഹത്തിൽ സ്ത്രീയ്ക്ക് നിലവിലുള്ളതിൽ നിന്ന് ഭിന്നമായി പുതിയ മേൽവിലാസം സൃഷ്ടിക്കുന്ന എല്ലാ പ്രതിനിധാനങ്ങളും ഒരുതരം രാഷ്ട്രീയ പ്രക്രിയ തന്നെയാണ്. ഒരു പ്രവർത്തനത്തിൽ പുരുഷന്റെ സ്ഥാനത്ത് സ്ത്രീയെ പരിഗണിക്കുന്നു എന്നതു മുതൽ വിവർത്തനത്തിൽ സൃഷ്ടിക്കുന്നതും പുനർസൃഷ്ടിക്കുന്നതുമായ എല്ലാ ഭാഷാപ്രയോഗങ്ങളും ജീവിതാനുഭവങ്ങളും സാമൂഹികാനുഭവങ്ങളും രാഷ്ട്രീയമെന്ന നിലയിൽ പ്രവർത്തിക്കുന്നു. സ്ത്രീരചനകളാൽ സമ്പന്നമാണ് സമകാലിക മലയാള സാഹിത്യം. സ്വതന്ത്ര സ്ത്രീ രചനകളിലുള്ള സൂക്ഷ്മ രാഷ്ട്രീയം സ്ത്രീ വിവർത്തനത്തിലും വിവർത്തന ദൗത്യമേറ്റെടുക്കുന്നതിലും കണ്ടെത്താനാവും. ജയശ്രീ മിശ്രയുടെ രചനകൾ പ്രിയ എ. എസും (ജന്മാന്തര വാഗ്ദാനങ്ങൾ), സാജിതയും (രഹസ്യങ്ങളും നുണകളും), സുനീതയും (റാണി), ജോളി വർഗീസും (ശേഷം), അരുന്ധതി റോയിയുടെ നോവൽ പ്രിയ എ. എസും (കുഞ്ഞുകാര്യങ്ങളുടെ ഒടേതമ്പുരാൻ), കെ. ആർ. മീരയുടെ ആരാച്ചാർ ജെ. ദേവികയും (Hang Woman), അനിതാ നായരുടെ ഇദ്രിസ് സ്മിത മീനാക്ഷിയും, മറവിയുടെ പാഠങ്ങൾ ജോളിവർഗീസും, ബെറ്റർമാൻ പ്രമീളാദേവിയും, സരോജിനി സാഹവിന്റെ പെണ്ണകം പ്രമീള കെ. പി.യും, അമൃതാ പ്രീതത്തിന്റെ റവന്യൂ സ്റ്റാമ്പ് കൃഷ്ണവേണിയും, മീന കന്ദസ്വാമിയുടെ സ്പർശം വി. എസ്. ബിന്ദു വും, ഊരും പേരും ഇല്ലാത്തവർ കെ. പി. പ്രമീളയും, മഹാശ്വതാദേവിയുടെ മുകുന്ദന്റെ താളിയോലകൾ ലീലാസർക്കാരും, തമിഴ് പെൺകഥകൾ പി. ഉഷാദേവിയും, വിവർത്തനം ചെയ്യുമ്പോൾ വിവർത്തനം പൂർണ്ണമായും സ്ത്രീപക്ഷമാകുന്നു. ഒരു സ്ത്രീ അഥവാ സ്ത്രീപക്ഷവിവർത്തനം തന്നെയാവണം എന്ന നിർബന്ധത്തോടെ ബോധപൂർവ്വം നടക്കുന്ന തിരഞ്ഞെടുപ്പ് ഇവയിൽ ചിലതിനെങ്കിലും ഉണ്ട്. അത് സ്ത്രീയനുഭവങ്ങളുടെ ഭാഷാന്തരീകരണത്തിൽ അർത്ഥവ്യത്യാസം വരാൻ പാടില്ല എന്ന 'വിശ്വസ്തത' യാണ് ലക്ഷ്യം വെയ്ക്കുന്നത്. സ്ത്രീയുടെ രചനകൾ സ്ത്രീതന്നെ വിവർത്തനം ചെയ്യണമെന്നത് സ്ത്രീപക്ഷവിവർത്തന(Feminist Translation)ത്തിന്റെ അജണ്ടയാണ്.[79] സ്ത്രീരചനകളുടെ വിവർത്തനത്തിൽ ഇത്രയധികം സ്ത്രീകൾ ഇടപെടുമ്പോൾ സ്ത്രീവിവർത്തന പ്രക്രിയ ബോധപൂർവ്വമായ രാഷ്ട്രീയഇടപെടലായി മാറുന്നു. പ്രതിനിധാനപ്രക്രിയകളിൽ വളരെ സൂക്ഷ്മമായി ഇടപെടുന്ന മലയാളത്തിലെ സ്ത്രീഎഴുത്തുകാരാണ് ഈ നിശബ്ദവിപ്ലവത്തിനു പുറകിൽ പ്രവർത്തിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

---

79 സ്ത്രീസ്വതന്ത്ര്യവാദികളുടെ ബൈബിളായി വെർജീനിയ വൂൾഫിന്റെ A Room of Ones's Own മാറണമെങ്കിൽ മലയാളത്തിൽ അതിന് ഒരു സ്ത്രീ(പക്ഷ)വിവർത്തനം കൂടി വരേണ്ടിയിരിക്കുന്നു. നിലവിൽ മലയാള വിവർത്തനമുണ്ട്. വെർജീനിയ വൂൾഫ്, എഴുത്തുകാരിയുടെ മുറി, വിവ. എൻ. മൂസക്കുട്ടി, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2004.

2.25 സുഭദ്രാ പരമേശ്വരൻ എന്ന മാതൃക

സുഭദ്രാ പരമേശ്വരൻ

വിവർത്തകരുടെ പേര് വളരെ ചെറിയ ഫോണ്ടിലും ജീവചരിത്രക്കുറിപ്പ് രണ്ടോ മൂന്നോ വരികളിലും ഒതുക്കുകയാണ് വിവർത്തന പുസ്തകങ്ങളിലെ പൊതുരീതി. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കു വേണ്ടി വിവർത്തനം തുടങ്ങിയ മിസിസ്സ് സുഭദ്രാ പരമേശ്വരൻ (1920–1967)[80] കേരള സർവകലാശാല മലയാള വിഭാഗം ലൈബ്രറിയിൽ നിന്നു ലഭിച്ച ചെന്നായ്ക്കൾക്കിടയിൽ[81] എന്ന വിവർത്തന നോവലിന്റെ രണ്ടാം പതിപ്പ് വിവർത്തന പുസ്തകങ്ങളുടെ പൊതുവായ രൂപകല്പനയിൽ നിന്നും വേറിട്ടുനില്ക്കുന്നു. വിവർത്തകയുടെ പേര് നോവലിന്റെ പേരിനോടൊപ്പം വലിയ അക്ഷരത്തിൽ പുറം പേജിൽ തന്നെ നല്കി. സ്വന്തം പ്രസ് എന്ന ആനുകൂല്യമുണ്ടെങ്കിലും മലയാളത്തിൽ മാത്രമല്ല, പുസ്തക പ്രസാധനത്തിന്റെ ചരിത്രത്തിൽതന്നെ അപൂർവ്വമാണ് ഈ രീതി. മൂലകർത്താവിന്റെ പേരും (Bruno Aptz) പുസ്തകത്തിന്റെ യഥാർത്ഥ ജർമ്മൻ പേരും (Nacket Under Wolfen) ഒന്നാം പുറത്തിലാണ് നല്കിയത്. Bruno Aptz നെക്കുറിച്ചുള്ള ചെറുവിവരണം അഞ്ചാം പുറത്തും. 'ബ്യൂച്ചൻവാൾഡ് തടങ്കൽപാളയത്തിലെ സമര സഖാക്കളുടെ ബഹുമാനാർത്ഥം ഞാൻ ഈ നോവലിലെ മിക്കകഥാപാത്രങ്ങൾക്കും അവരുടെ പേരുകൾ തന്നെ നല്കിയിരിക്കുകയാണ്' എന്ന അഭിവാദ്യം പുറം ആറിലും നല്കിയിട്ടുണ്ട്. നാലാം പുറത്തിൽ നല്കിയ വിവർത്തകയുടെ മറ്റ് കൃതികളുടെ വിവരങ്ങളും മൂലഗ്രന്ഥകർത്താക്കളെ കേന്ദ്രീകരിച്ചുകൊണ്ടല്ല. ബൾഗേറിയൻ നോവൽ, ജർമ്മൻ നോവൽ, റഷ്യൻ നോവൽ എന്നിങ്ങനെയുള്ള വിലാസത്തിലാണ് അവ. ഈ ഭാഷകളിൽനിന്ന് ഇംഗ്ലീഷിൽ വന്നവയാണ് സുഭദ്രാ പരമേശ്വരൻ മലയാളത്തിലെത്തിച്ചത്. അതായത് മൂലഗ്രന്ഥത്തിന്റെ പരോക്ഷ വിവർത്തനമാണ് അവർ ചെയ്തത്. ഇംഗ്ലീഷിതര ഭാഷാ രചനകൾ അധികവും പരോക്ഷ വിവർത്തനം വഴിയാണ് മലയാളത്തിലെത്തുന്നത്. നാലാം പുറത്തിൽ നല്കിയ വിവർത്തകയുടെ ചിത്രമാണ് പുസ്തകത്തിന്റെ മറ്റൊരു സവിശേഷത. വിവർത്തനമാണ് പ്രധാനം. വിവർത്തനം

---

80 ഇരിങ്ങാലക്കുടയിൽ ജനിച്ച സുഭദ്ര പരമേശ്വരൻ മദ്രാസ് ലോ കോളേജിൽ നിന്നും ബിഎൽ ബിരുദമെടുത്തു. ഇരിങ്ങാലക്കുടയിലെ പ്രഥമ വനിതാ മുൻസിപ്പൽ കൗൺസിലറും ആദ്യത്തെ വനിതാ അഭിഭാഷകയുമായിരുന്നു. ഒരു വർഷത്തോളം സബ് രജിസ്ട്രാറായും പ്രവർത്തിച്ചു. ഒരു യഥാർത്ഥ മനുഷ്യന്റെ കഥ, വിപ്ലവത്തിന്റെ തീച്ചൂളയിൽ, മരുമകൻ (റഷ്യൻ നോവലുകൾ), അവന്റെ തലയ്ക്കൊരു സമ്മാനം, ചെന്നായ്ക്കൾക്കിടയിൽ (ജർമ്മൻ നോവലുകൾ), ഓപ്പറേഷൻ തിയേറ്റർ, മണിമുഴക്കം, രണ്ടു കാമുകന്മാർ, ആദ്യപ്രേമം (റഷ്യൻ നാടകങ്ങൾ), ഹോട്ടോ ബീച്ച് കഥകൾ (റഷ്യൻ ബാലസാഹിത്യം), ബൾഗേറിയൻ നാടോടിക്കഥകൾ എന്നീ വിവർത്തനങ്ങൾ കൂടാതെ ഭാരതീയ വനിത, വനിതാ ലോകം എന്നീ ലേഖന സമാഹാരങ്ങളും പ്രസിദ്ധീകരിച്ചു.

81 സുഭദ്രാ പരമേശ്വരൻ ബി. എ., ബി. എൽ., ചെന്നായ്ക്കൾക്കിടയിൽ, രണ്ടാം പതിപ്പ്, 1979, സി. ഐ. സി. സി. ബുക്ക്, കൊച്ചിൻ, 2-ാമത് എഡിഷൻ, നവംബർ, 1979. സുഭദ്രാ പരമേശ്വരന്റെ പുസ്തകങ്ങളുടെ വിപണന കേന്ദ്രം എന്ന നിലയിൽ വി. ആർ. കൃഷ്ണയ്യർ, സുബ്രഹ്മണ്യൻ പോറ്റി, വി. പരമേശ്വരൻ എന്നിവർ ചേർന്നാണ് സി. ഐ. സി. സി. (സെന്റർ ഫോർ ഇന്ത്യൻ കൾച്ചർ ആന്റ് കോ-ഓപ്പറേഷൻ) 1962 ജൂൺ നാലിന് ആരംഭിച്ചത്. സുഭദ്രാ പരമേശ്വരൻ വിവർത്തനം ചെയ്ത ഒരു യഥാർത്ഥ മനുഷ്യന്റെ കഥയാണ് ആദ്യ പുസ്തകം.

മൂലകൃതിയല്ല എന്നും അവിടെ ലക്ഷ്യ ഭാഷയ്ക്ക് വേണ്ടിയുള്ള പുനരെഴുത്താണ് നടക്കുന്നതെന്നും ലക്ഷ്യ ഭാഷാ സാഹിത്യത്തിന്റെ ഭാഗമാണതെന്നും ലക്ഷ്യ ഭാഷാസാഹിത്യം രൂപീകരിക്കുന്നതിലും ഭാവുകത്വം നിർണയിക്കുന്നതിനും വിവർത്തനത്തിന് പങ്കുവഹിക്കാനുണ്ടെന്നുമൊക്കെ ഈ പുസ്തക രൂപകല്പന വിളിച്ചുപറയുന്നുണ്ട്. മൂലകൃതിക്കോ മൂല ഗ്രന്ഥകാരനോ അല്ല പ്രാധാന്യം നല്കേണ്ടതെന്ന് വിവർത്തകയുടെ ചിത്രം സഹിതമുള്ള പുസ്തകം വാദിക്കുന്നു. തന്റെ പ്രവൃത്തിയോടുള്ള അഭിമാനം, നിലപാട്, ഉയർന്ന ആത്മശിക്ഷണം, ആത്മബോധം, കാര്യപ്രാപ്തി തുടങ്ങിയവയുടെ തെളിവായിക്കൂടി ഇത് പരിഗണിക്കാം. വിവർത്തകരുടെ ആത്മാഭിമാനം ഉയർത്തുന്നതാണ് ഈ രൂപകല്പന എന്ന് പറയാതെ വയ്യ. വിവർത്തന രചനകൾ ലക്ഷ്യ ഭാഷയിൽ പുറത്തിറങ്ങുന്ന സ്വതന്ത്ര സാഹിത്യ രചനകളിൽ നിന്ന് വേർതിരിക്കേണ്ടതില്ല. സാധാരണയായി, വിവർത്തനങ്ങൾ പുറത്തിറങ്ങുമ്പോൾ വിവർത്തകർക്ക് പുസ്തക രൂപകല്പനയിലോ ഇത്തരത്തിലുള്ള കൈകടത്തലിനോ ഇടമില്ല. അക്കാലത്ത്, ഒരു പരിഭാഷകക്കുറിപ്പ് പോലും അനുവദിക്കുന്നത് മലയാളത്തിൽ ചുരുക്കമാണ്.[82] 2011-ൽ ചിന്താപബ്ലിഷേഴ്സ് പുറത്തിറക്കിയ പുസ്തകം നോക്കൂ. സുഭദ്രാ പരമേശ്വരന്റെ സാഹചര്യവും ചങ്കുറ്റവുമില്ലെങ്കിലും തീർച്ചയും നിരന്തരം തീരുമാനങ്ങളെടുക്കേണ്ട ഒരു സർഗ്ഗാത്മകക്രിയ എന്ന നിലയിൽ വിവർത്തനം വ്യക്തിസത്തയിൽ കാര്യപ്രാപ്തിയും ആത്മവിശ്വാസവും ഉണ്ടാക്കുന്നുണ്ട്.

2.26 വിവർത്തനം എന്ന സ്വത്വനിർമ്മാണ പ്രക്രിയ

സർഗ്ഗസാഹിത്യത്തിൽ മാത്രമല്ല, വിവർത്തകരുടെ വ്യക്തിസത്തയിലും വിവർത്തന പ്രക്രിയ പരിവർത്തനം വരുത്തുന്നുണ്ട്. അത് വിപുലമായ ഒരു പ്രവർത്തനമാണ്. സർഗ്ഗ പ്രക്രിയയുടെ ഹരം തന്നെയാണ് വിവർത്തന പ്രക്രിയയിലും അടങ്ങിയിട്ടുള്ളത്. പുനഃസൃഷ്ടിയെന്ന നിലയിലല്ല സൃഷ്ടികർമ്മം തന്നെയായാണ് അവർ അത് നിർവ്വഹിക്കുന്നത്. സർഗ്ഗാത്മക രംഗത്ത് സജീവ സാന്നിധ്യമറിയിച്ച എഴുത്തുകാരും മറ്റുള്ളവരും വിവർത്തന രംഗത്തേക്ക് കടന്നുവരിക എന്നാൽ വിവർത്തനത്തിന്റെ പ്രതിനിധാന പ്രക്രിയയിൽ ഒരു ഇടം നേടുക അഥവാ അതിന് സാംസ്കാരിക മൂല്യം ഉണ്ട് എന്നാണ്. ഇരുഭാഷയിലുമുള്ള അറിവ്, സർഗ്ഗ രചനയ്ക്കുള്ള താല്പര്യം എന്നിവ മാത്രമല്ല, സ്രോത പാഠത്തിൽ നിന്ന് വ്യത്യാസമില്ലാതെ, കുറവോ കൂടുതലോ ഇല്ലാതെ, നിശ്ചിത രൂപത്തിലും ശൈലിയിലും രൂപകല്പന ചെയ്ത് പാഠം പ്രസാധകരിലെത്തിക്കുന്നതു വരെ എഴുത്തുകാർ അനുഭവിക്കുന്ന ആകാംക്ഷയും സംഘർഷങ്ങളും വിവർത്തകരിലുമുണ്ട്. ആദ്യന്തം സങ്കീർണ്ണമായ ഈ പ്രക്രിയവഴി ലഭിക്കുന്ന ആത്മ

---

[82] സുഭദ്രാപരമേശ്വരന്റെ പുസ്തകങ്ങൾ പിന്നീട് ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ചപ്പോൾ ഈ രൂപകല്പന മൂലഗ്രന്ഥകാരന് പ്രാധാന്യം നല്കുന്ന രീതിയിലായി മാറി. മൂലഗ്രന്ഥകാരന്റെ ചിത്രമടക്കം പുസ്തകത്തിലുണ്ട്. വിപ്ലവത്തിന്റെ തീച്ചൂളയിൽ, ചിന്ത പബ്ലിഷേഴ്സ്, 2009. ഒരു യഥാർത്ഥ മനുഷ്യന്റെ കഥ, ചിന്ത പബ്ലിഷേഴ്സ് 2011, അവന്റെ തലയ്ക്കൊരു സമ്മാനം, ചിന്ത പബ്ലിഷേഴ്സ് 2009.

സന്തുഷ്ടി ഒരിക്കൽ ലഭിച്ചുകഴിഞ്ഞാൽ വീണ്ടും വീണ്ടും അതിനുവേണ്ടി ആഗ്രഹിക്കും. ഇവിടെ വിവർത്തനം ഒരു അസ്തിത്വ പ്രശ്നമായി മാറുന്നു.



വ്യക്തിസത്തയിൽ നിരവധി മാറ്റങ്ങൾക്ക് വിവർത്തന പ്രക്രിയ കാരണമാകുന്നുണ്ട്. ഗാഢവായനയാണ് വിവർത്തന പ്രക്രിയയിൽ നടക്കുന്നത്.[83] വ്യക്തിസത്ത മുഴുവൻ വിവർത്തന പ്രക്രിയിൽ മുഴുകുകയും വാക്കുകൾ നല്കുന്ന പുതിയ ആശയങ്ങളും നവാനുഭവങ്ങളും വ്യക്തിസത്തയെ തന്നെ പുതുക്കി പണിയുകയും ചെയ്യുന്നു. ഭാഷ പ്രയോഗിക്കാനുള്ള ശേഷി വർദ്ധിക്കുന്നു എന്നതാണ് പ്രധാനം. വ്യാഖ്യാതാക്കളെക്കാൾ കൂടുതൽ പ്രായോഗികമായി ഭാഷ ഉപയോഗിക്കുന്നത് വിവർത്തകരാണ്. വായിക്കാനുള്ള കഴിവ്, എഴുതാനുള്ള കഴിവ്, പുനർരചിക്കാനുള്ള കഴിവ് തുടങ്ങി ഭാഷയുടെ പ്രയോഗ ശേഷി കൈമുതലായുണ്ടാകുക എന്നത് അന്തർദ്ദർശനത്തിന്റെയും അവബോധത്തിന്റെയും പരിശീലനം കൂടിയായി വിവർത്തനത്തെ മാറ്റുന്നു. ആശയ വിനിമയത്തിന് യോഗ്യമായതും കൂടുതൽ സമമൂല്യവുമായ പദത്തിനു വേണ്ടി കഠിനമായി അധ്വാനിക്കുകയും ഒടുവിൽ സംശയ രഹിതമായി ഒരു പദം തീർച്ചപ്പെടുത്തുകയും ചെയ്യുന്ന വിവർത്തന പ്രക്രിയ ഉറച്ചതും നിശ്ചിതവുമായ ഒരു നിലപാടെടുക്കാനുള്ള മനഃസ്ഥിതി രൂപപ്പെടാൻ പ്രാപ്തമാണ്. ചഞ്ചല ചിത്തരും അബലകളുമെന്ന് പിതൃകേന്ദ്രിത സമൂഹം വിശേഷിപ്പിക്കുന്ന സ്ത്രീകളിൽ മാറ്റങ്ങളുണ്ടാക്കാൻ വിവർത്തന പ്രക്രിയയിൽ നിരന്തരം നടക്കുന്ന ഓരോ തീരുമാനത്തിനും കഴിയുന്നു. വിവിധ സംസ്കാരങ്ങളെ കുറിച്ച് സൂക്ഷ്മമായ അറിവ് നേടുന്നതും അത് ലക്ഷ്യ ഭാഷയിലേക്ക് രൂപം മാറ്റുന്നതിനായി തങ്ങളുടെ കൈകളിൽ/നിയന്ത്രണത്തിൽ അല്പസമയം അതോ ഇതോ, വേണോ വേണ്ടയോ എന്നമട്ടിൽ നിലകൊള്ളുന്നതും തങ്ങളുടെ ചായ്‌വിനനുസരിച്ച് തെരഞ്ഞെടുക്കുന്നതും വ്യക്തിസത്തയിൽ അധികാര പ്രയോഗത്തിന്റെ സുഖം അവശേഷിപ്പിക്കുന്നു. ഈ തെരഞ്ഞെടുപ്പിനുള്ള അധികാരം സ്ത്രീയുടെ ജീവിതത്തിൽ പിതൃകേന്ദ്രിത സംസ്കാരം നിഷേധിച്ചതാണെന്ന് മറക്കരുത്. അത്യധികം ശ്രദ്ധിച്ചുചെയ്യേണ്ട വിവർത്തനമെന്ന ജോലി വ്യക്തിസത്തയെ ഒരു പ്രത്യേകവൈദഗ്ധ്യത്തിലേക്ക്

83 "Translation is the most intimate act of reading, I surrender to the text when I translate" Gayatry Chakravorty Spivak, 'The Politics of Translation', Translation Studies Reader (Ed.) Lawrence Venuti, Routledge, New York, 2nd Edition, 2005, p-370.

എത്തിക്കുകയും പ്രയത്നമെന്നത് ഒരു ശീലമായി മാറുകയും പൂർണ്ണതയ്ക്ക് വേണ്ടിയുള്ള അന്വേഷണം വിവർത്തനത്തിൽ മാത്രമല്ല, ജീവിതത്തിൽ മുഴുവൻ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യും. പ്രഖ്യാപിതമായ ഒരു ലക്ഷ്യമുണ്ടാകുകയും അത് മുറപ്രകാരവും നിയമ വിധേയവുമായി ലക്ഷ്യപ്രാപ്തിലെത്തുകയും ചെയ്യുമ്പോൾ അവിടെ ഒരുതരം പ്രശ്ന പരിഹാര പ്രക്രിയയാണ് നടക്കുന്നത്. ഈ പ്രശ്ന പരിഹാര പ്രക്രിയ ദൈനംദിന പ്രവർത്തനങ്ങളിലേക്കും നീളും. കേരളത്തിന്റെ സാംസ്കാരിക സാഹചര്യത്തിൽ പുരോഗമന, നവോത്ഥാന ചിന്തകളും ഫെമിനിസമടക്കമുള്ള ആധുനികാശയ ധാരകളും ഉണർത്തിയ കേരളീയ സ്ത്രീ സ്വത്വത്തിന് വിവർത്തന പ്രക്രിയയിലൂടെ ലഭിക്കുന്ന ആത്മശിക്ഷണം സ്വാശ്രയ ബോധത്തിന്റെയും ആത്മാവബോധത്തിന്റെയും പുതിയ ഊർജ്ജമാണ്.



സ്ത്രീയെന്ന നിലയിൽ വിവർത്തനത്തെക്കുറിച്ചുള്ള പരമ്പരാഗത സമീപനത്തിൽ നിന്നു മാറി പുരുഷ നിർമ്മിത ഭാഷയിലും പുസ്തകങ്ങളിലും ആശയങ്ങളിലും നൂതനമായ വിവർത്തന പ്രക്രിയകളും രചനാരീതികളും അനുകരിക്കാനും ആവിഷ്കരിക്കാനും അവർ ശ്രമിക്കുന്നു. വിവർത്തനത്തിലെ രചനാസ്വാതന്ത്ര്യം അനുഭവിക്കുന്ന സ്ത്രീ വിവർത്തകർ ഭാഷയും ലിംഗപദവിയും തമ്മിലുള്ള ബന്ധത്തിൽ വിടവുകളുണ്ടാക്കുന്നു. ഭാഷ അവിടെ ആയുധമായി മാറുന്നു.[84] സ്ത്രീക്ക് സംസാരിക്കാനുള്ള ഭാഷ രൂപമെടുക്കുന്നു. അശക്തയിൽ നിന്നും ബൗദ്ധിക പ്രവർത്തനങ്ങളിലേർപ്പെടാൻ ശക്തി നേടി സ്വതന്ത്രയാകുകയും ചെയ്യുന്നു. വിവർത്തനത്തിനും സ്ത്രീക്കുമുള്ള അധമ മനോഭാവത്തിൽ നിന്നും ഉയർത്തുവരികയും ചെയ്യുന്നു. അതിനാൽ തന്നെ വിവർത്തനം ഒരു രാഷ്ട്രീയ പ്രക്രിയയാണ്. ഏതെങ്കിലും തരത്തിൽ തന്റെ സ്വത്വത്തിന്റെ ഒപ്പു ചാർത്തിയാണ് വിവർത്തനം പ്രസിദ്ധീകരിക്കുന്നത്.

---

[84] "Language combains a functions of a mirror, a tool, a weapon;... [it] reflects society... humanbeings used with to interact with one another... [and] language can be [used] by groups that enjoy the previlages of power to legitimize their own value system by labelling others 'deviant' or 'inferior' Language Gender and Professional writing, by Francine Wattman Frank, Paula A Treichler, Modern Language Association 1989, p 108.

2.27 'ഫെമിനിസ്റ്റ്' വിവർത്തനങ്ങൾ

ജെ. ദേവിക

വിവർത്തന പ്രക്രിയ രൂപപ്പെടുത്തുന്ന ഈ സ്ത്രീസ്വത്വം എന്നത് ഒന്നല്ല, ഒരു കൂട്ടമാണ് എന്നതാണ് പ്രധാനം. ഓരോ വ്യക്തിയിലും നിരവധി സത്തകൾ പ്രവർത്തിക്കുന്നുണ്ട്. ദേശം, മതം, ലിംഗം, വർഗ്ഗം, ഭാഷ, തൊഴിൽ, രാഷ്ട്രീയ വിശ്വാസങ്ങൾ തുടങ്ങി പലതരത്തിലുള്ള അംഗത്വ/പൗരത്വങ്ങളാണിവയെല്ലാം. ഒരേ വ്യക്തി തന്നെ ആറിഞ്ച് ഉയരക്കാരുടെ കൂട്ടത്തിലും മാർച്ച് മാസത്തിൽ ജനിച്ചവരുടെ കൂട്ടത്തിലും ഇന്ന കോളേജിൽ പഠിച്ചവരുടെ കൂട്ടത്തിലും സ്വത്വം നേടുന്നുണ്ട്. പല സാഹചര്യങ്ങളാലും പ്രവർത്തനങ്ങളാലും വ്യത്യസ്ത നിലപാടുകളും അഭിപ്രായങ്ങളുമുള്ള കൂട്ടങ്ങളാണ് ഇവയെല്ലാം. ചില മുൻഗണനകളും താല്പര്യങ്ങളും ആവശ്യകതകളും അനിവാര്യതകളും ഓരോ കൂട്ടങ്ങളിൽ ഉൾപ്പെടാൻ വ്യക്തിയെ പ്രേരിപ്പിക്കുന്നു. ഇത്തരം കൂട്ടങ്ങൾ നിർണ്ണയിക്കുന്ന സാംസ്കാരിക പരിസരമാണ് വ്യക്തിയുടെ പെരുമാറ്റത്തെയും ചിന്തയെയും സ്വാധീനിക്കുന്നത്. എല്ലാതരം മാറ്റങ്ങളെ കുറിച്ചുമുള്ള വ്യക്തിയുടെ മനസ്സിലാക്കലുകൾ ഈ കൂട്ടങ്ങളുമായി ബന്ധപ്പെട്ടതാണ്. സമൂഹത്തിലെ അംഗങ്ങളെ മനസ്സിലാക്കുന്നത് ഈ സാംസ്കാരിക പരിസരത്തിലാണ്. പിതൃകേന്ദ്രിത സമൂഹത്തിന്റെ അസമത്വ നിലപാടിൽ മാറ്റം വരുത്താൻ വ്യത്യസ്ത സാംസ്കാരിക സ്വത്വങ്ങൾ സ്ത്രീയ്ക്ക് സ്വീകരിക്കേണ്ടിവരുന്നു. ഫെമിനിസം അത്തരം ഒരു കൂട്ടായ്മയാണ്. അത് സ്ത്രീക്ക് നല്കുന്ന സ്വത്വബോധവും ആത്മവിശ്വാസവും വളരെ വലുതാണെന്താനും. ഫെമിനിസ്റ്റ് കൂട്ടത്തിന്റെ രാഷ്ട്രീയമെന്നത് ലിംഗപരമായ അസമത്വത്തിനും അടിച്ചമർത്തലിനുമെതിരെയുള്ളതാണ്. വേർതിരിവിനെതിരെ കൂട്ടായെങ്ങനെ സമരം ചെയ്യാം എന്ന് അതാലോചിക്കുന്നു. ഫെമിനിസം നിർമ്മിക്കുന്ന സ്വത്വം തിരിച്ചറിയുന്നുണ്ടെങ്കിലും കേരളീയ പൊതുസമൂഹത്തിൽ അത് സ്വീകരിക്കാൻ സ്ത്രീ മടിക്കുന്നത് സാധാരണമാണ്.[85] ഒരു കൂട്ടത്തോടൊപ്പം നില്ക്കുമ്പോൾ കൂട്ടത്തിന്റെ രാഷ്ട്രീയത്തിനൊപ്പമാണ് നില്ക്കുന്നത്. വിവർത്തനത്തിനായി തെരഞ്ഞെടുക്കപ്പെടുമ്പോഴും വിവർത്തനം നടത്തുമ്പോഴും ഓരോ സ്ത്രീയും അറിയാതെതന്നെ വിവർത്തകരുടെ വലിയ കൂട്ടത്തിൽ അംഗമാകുകയാണ് ചെയ്യുന്നത്. മുഖ്യധാരാസ്ത്രീ എഴുത്തുകാരുൾപ്പെടുന്ന ഈ സംഘം ഒരു ഫെമിനിസ്റ്റ് കൂട്ടമല്ല എന്നാണയിട്ടാൽ പോലും അവിടെ പൊതുരംഗത്തേക്ക് സ്ത്രീ ഇറങ്ങുകയാണ്; കൂട്ടത്തിന്റെ സാധ്യതകൾ സമൂഹത്തിന് സംഭാവന ചെയ്യുകയാണ്; ഒരു സ്ത്രീ കൂട്ടായ്മ രൂപമെടുക്കുകയാണ് ചെയ്യുന്നത്. ഫെമിനിസ്റ്റ് ആശയങ്ങളുടെ പ്രത്യക്ഷ പിൻബലമില്ലാതെ നടത്തുന്ന നിശ്ശബ്ദ വിപ്ലവമാണത്. ജനാധിപത്യ വ്യവസ്ഥയിൽ പഠിക്കാനും ചിന്തിക്കാനും എഴുതാനും ലഭിച്ച സ്വാതന്ത്ര്യം ഉപയോഗിച്ച്, സാധ്യമായ ഒരു ലോകം

---

[85] മലയാളത്തിലെ സ്ത്രീ എഴുത്തുകാരിൽ പലരും ഞാനൊരു ഫെമിനിസ്റ്റല്ല എന്ന് പ്രഖ്യാപിച്ചിട്ടുള്ളവരാണ്. 'ഞാനൊരു ഫെമിനിസ്റ്റാണ്, എന്നാൽ... ' എന്ന അനുഭവത്തിൽ നിന്ന് വ്യത്യസ്തമാണത്. സ്ത്രീജീവിതത്തിൽ സ്വാഭാവികമെന്നോണം (conditioned) ആയിത്തീർന്ന അസമത്വത്തിന്റെ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞാലേ രണ്ടാമത് പറഞ്ഞതു പോലെയെങ്കിലും ചിന്തിക്കാനാവൂ.

കെട്ടിപ്പടുക്കുകയാണ് സ്ത്രീ വിവർത്തകർ ചെയ്യുന്നത്. ആഗോളീകരണത്തിന്റെയും ജനാധിപത്യത്തിന്റെയും ശബ്ദങ്ങളും സ്വാതന്ത്ര്യവുമാണ് ലിംഗവും ലിംഗപദവിയും പ്രശ്നമാകാത്ത ഇത്തരം തെരഞ്ഞെടുപ്പുകൾ നടത്താൻ സ്ത്രീയെ സഹായിക്കുന്നത്.

അനിതാ നായർ

കലയും നൈപുണിയുമാണ് വിവർത്തനമെന്നത് ആദ്യകാലം മുതലുള്ള നിർവ്വചനമാണ്. ഈ കലയോട്ട് അഭിരുചിയും കഴിവുമുള്ളവരാണ് തൊഴിലിലേക്ക് കടന്നുവരുന്നത്. സാമൂഹിക വികസനത്തിന് മുഴുവൻ മനുഷ്യ വിഭവശേഷിയുടെയും ഫലപ്രദമായ വിനിയോഗം അത്യന്താപേക്ഷിതമാണ്. സ്ത്രീ-പുരുഷ സമൂഹത്തിന്റെ കൂട്ടായ കൈമിടുക്കാണത് സാധ്യമാക്കുന്നത്. സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായി പരിഗണിക്കുന്ന കുടുംബത്തിന്റെ ഘടനയെ പഠിച്ചുകൊണ്ട് മാത്രമേ സ്ത്രീയുടെ തൊഴിൽ പങ്കാളിത്തത്തെക്കുറിച്ച് സംസാരിക്കാനാവൂ. ലിംഗസമത്വമാണ് മനുഷ്യ വിഭവശേഷിയുടെ ഉപയോഗത്തിൽ പകുതിയോളം വരുന്ന സ്ത്രീ സമൂഹത്തെ പങ്കുകൊള്ളിക്കാനുള്ള പ്രധാനവഴി. മാതൃത്വം,ശിശുപരിപാലനം, സ്ത്രീയെ മാത്രം ആശ്രയിച്ചുനില്ക്കുന്ന മറ്റ് ശുശ്രൂഷാ ജോലികൾ തുടങ്ങിയവയ്ക്കെല്ലാം പ്രത്യേക പരിഗണനയും പദവിയും സ്ത്രീ അർഹിക്കുന്നുണ്ട്. സമൂഹത്തിൽ സ്ത്രീകളുടെ കൂടി നേട്ടങ്ങളും ശേഷികളും ഉപയോഗപ്പെടുത്തി തൊഴിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് തൊഴിൽ മേഖലയും കുടുംബ നയങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുകയാണാവശ്യം.

—3—

ഡിജിറ്റൽകാലത്തെ വിവർത്തനങ്ങൾ

പ്രിയ എ. എസ്.

ഒരു മിനിറ്റിൽ കുറഞ്ഞ സമയം കൊണ്ട് നൂറിലധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്യാനുള്ള മൂന്നു വഴികൾ! ഇന്റർനെറ്റ് ഉള്ള സ്മാർട്ഫോൺ/കമ്പ്യൂട്ടറിൽ ഒരു ഓൺലൈൻ ട്രാൻസ്ലേറ്റിങ് ടൂൾ തുറക്കുക, വിവിധ ഭാഷകളുടെ ഓപ്ഷൻ സെലക്ട് ചെയ്യാം. ആവശ്യമുള്ള ഭാഷയിലേക്ക് കണ്ടന്റ് ഫയൽ വിവർത്തനം ചെയ്യാം. ഇതാണ് ഡിജിറ്റൽ കാലത്തെ വിവർത്തന രീതി. മനുഷ്യരുടെ ദൈനംദിന ജീവിതാവശ്യങ്ങളിൽ നൂറിലധികം ഭാഷകളുടെ ആവശ്യമുണ്ടാകില്ല. ലോകമാസകലമുള്ള ജനഹൃദയങ്ങളെ ആകർഷിക്കുന്ന സിനിമയെന്ന കലയുടെ കാര്യം അങ്ങനെയല്ല. ലോകമാസകലമുള്ള ഭാഷകളിലേക്ക് സബ്ടൈറ്റിൽ വിവർത്തനം ചെയ്യുന്നത് സിനിമയുടെ വിതരണത്തിൽ പ്രധാനമാണ്. സബ്ടൈറ്റിൽ വിവർത്തന പ്രക്രിയയും മേൽവിവരിച്ചതിനു സമാനമാണ്. create > create subtitles ക്ലിക് ചെയ്ത് വീഡിയോ അപ്‌ലോഡ് ചെയ്യാം. ഓട്ടോ സബ്ടൈറ്റിൽസ്, 'ആഡ് എ ന്യൂ ലാംഗ്വേജ്' ഓപ്ഷൻ ഉപയോഗിച്ച് പുതിയൊരു ഭാഷയിലേക്ക് വീണ്ടും മാറ്റാം. യുട്യൂബിൽ വീഡിയോ അപ്‌ലോഡ് ചെയ്യുമ്പോൾ അതിൽ തന്നെ സബ്ടൈറ്റിൽ ഓപ്ഷനുകൾ ഉണ്ട്. മലയാളത്തിലുള്ള ഒരാശയം നൂറിലധികം ഭാഷകളിലെ പ്രേക്ഷകരിലേക്ക് വിതരണം ചെയ്യാൻ അധികസമയം ആവശ്യമില്ല. അതായത് ഉല്പന്നത്തിന്റെ മെച്ചപ്പെട്ട വിതരണത്തിലൂടെ സാധ്യമാകുന്ന സാമ്പത്തിക നേട്ടമാണ് പ്രധാനം. ഡിജിറ്റൽ സാങ്കേതികതയുടെ പരിസരത്തിൽ സിനിമയുടെ സബ്ടൈറ്റിൽ വിവർത്തനങ്ങൾ സവിശേഷമായും വിവർത്തനത്തിന്റെ വാണിജ്യ താല്പര്യങ്ങൾ സാമാന്യമായും അന്വേഷിക്കുന്നതിൽ പ്രസക്തിയുണ്ട്.

3.1 വിവർത്തനവും സാങ്കേതിക വിദ്യയും

കെ. ആർ. മീര

മനുഷ്യഭാഷ സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവർത്തനം ചെയ്യുന്നതാണ് യന്ത്ര വിവർത്തനം (Machine Translation) എന്നറിയപ്പെടുന്നത്.[1] മനുഷ്യരുടെ കർത്തവ്യ നിർവഹണത്തിന് യന്ത്രസഹായം തേടിയതാണ് ഇതിന്റെ തുടക്കം. രണ്ടാം ലോകയുദ്ധാനന്തരം അമേരിക്കയും (US) റഷ്യയും (USSR) 1950-കളിൽ നടത്തിയ സംയുക്ത, സന്നദ്ധ പദ്ധതികളിൽ ഇംഗ്ലീഷ്-റഷ്യൻ, റഷ്യൻ-ഇംഗ്ലീഷ് യന്ത്ര വിവർത്തനങ്ങൾക്ക് ശ്രമം നടന്നു. 1954-ൽ വിയന്ന സർവകലാശാലയിൽ IBM കമ്പനിയുമായി ചേർന്ന് നടത്തിയ പ്രൊജക്ടിന്റെ ഭാഗമായി ഇംഗ്ലീഷ്-റഷ്യൻ ഭാഷകളിലെ ആറ് വാക്യങ്ങൾ കമ്പ്യൂട്ടറധിഷ്ഠിത യന്ത്രം വിവർത്തനം ചെയ്തു. ഇന്ത്യയിൽ അക്കാദമിക താല്പര്യങ്ങളുടെ ഫലമായി 1980-കളുടെ അവസാനവും 90-കളിലുമാണ് ബഹുഭാഷാ ദേശത്തിന്റെ തടസ്സങ്ങൾ മറികടക്കാനായി ശ്രമം IIT കാൺപൂരിൽ തുടങ്ങിയത്. 'ആംഗലഭാരതി' എന്ന സിസ്റ്റം ഇംഗ്ലീഷിൽ നിന്ന് ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യാനുള്ള ആപ്ലിക്കേഷനാണ്.[2] ഇന്ന് സാങ്കേതിക വിദ്യയുടെ ഈറ്റില്ലമായ അമേരിക്കയിലും 24 ഔദ്യോഗികഭാഷകളുള്ള യൂറോപ്യൻ യൂണിയനിലും മാത്രമല്ല ഇന്ത്യയിലെ പ്രാദേശിക ഭാഷകളിലും ആശയ വിനിമയത്തിൽ ഭാഷാ സാങ്കേതികത വികസിക്കുകയും യന്ത്രവിവർത്തനം സുസാധ്യമാകുകയും ചെയ്തിരിക്കുന്നു. ഇന്ത്യാ ഗവൺമെന്റ് രാജ്യത്തെ 121 ഭാഷകളുടെ വിവർത്തനത്തിനായി 'ഭാഷിണി'[3] എന്ന എഐ നിയന്ത്രിത ഭാഷാ വിവർത്തന സിസ്റ്റം ഉപയോഗിക്കുന്നുണ്ട്... ടെക്നിക്കൽ വിദ്യാഭ്യാസത്തിനു വേണ്ടി AICTE 'അനുവാദിനി' എന്ന വിവർത്തന ആപ്ലിക്കേഷനും നിർമ്മിച്ചു.[4] ഇന്റർനെറ്റിന്റെ വരവ് മനുഷ്യ വ്യവഹാരങ്ങളിൽ മാറ്റം വരുത്തി. കമ്പ്യൂട്ടറധിഷ്ഠിത യന്ത്രവൽക്കരണം പ്രാദേശിക ജീവിതത്തിലെ ആശയ വിനിമയ പ്രക്രിയകളിൽ പോലും ഇടപെട്ടു തുടങ്ങിയത് കഴിഞ്ഞ പത്തു വർഷത്തിനുള്ളിലാണ്. കമ്പ്യൂട്ടറിലും മൊബൈൽ ഫോണിലുമുള്ള ആപ്ലിക്കേഷനുകൾ മനുഷ്യാവിഷ്കാരങ്ങളും ജീവിത വ്യവഹാരങ്ങളും എളുപ്പമാക്കുന്നു. ഡിജിറ്റൽ യന്ത്രങ്ങളുടെ

---

1 'Machine Translation In India,' by Anil Thakur, History of Translation in India, Ed. Tariq Khan, National Translation Mission, Central Institute of Indian Languages, Mysuru, September 2017, p 446.

2 ആംഗലഹിന്ദി, ആംഗലബംഗ്ല, ആംഗലമലയാളം, ആംഗലഉറുദു, ആംഗലപഞ്ചാബി തുടങ്ങി നിരവധി സിസ്റ്റങ്ങൾ വികസിപ്പിക്കുകയുണ്ടായി. C-DAC തിരുവനന്തപുരമാണ് ആംഗലമലയാളം വികസിപ്പിച്ചത്. 'Machine Translation In India,' by Anil Thakur, History of Translation in India, Ed. Tariq Khan, National Translation Mission, Central Institute of Indian Languages, Mysuru, September 2017, p 450.

3 https://www.business-standard.com/technology/tech-news/bhashini-everything-you-need-to-know-about-ai-language-translation-tool-123121800769_1.html.

4 https://www.universityworldnews.com/post.php?story=20230831104124126.

സഹായത്താൽ ഭാഷാ വിവർത്തനം ഏതു സമയത്തും (24 x 7) സാധ്യമാണ്. വിവർത്തന യുഗം[5] എന്നുപോലും വിളിക്കത്തക്ക തരത്തിൽ മനുഷ്യഭാഷയും സംസ്കാരവും മാറിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ മാനവികതയുടെ കാലമാണിത്.[6]

കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി യന്ത്ര വിവർത്തനങ്ങളാണ് ഭൂരിപക്ഷവും നടക്കാറ്. സമയം, പണം, ഉല്പാദന ക്ഷമത ഇവയെല്ലാം ഇതിനു കാരണമാണ്. നിരവധി ടെക്സ്റ്റ് ടു ടെക്സ്റ്റ് വിവർത്തന യന്ത്രങ്ങൾ ഇന്ന് ഇന്റർനെറ്റ് വഴി പൊതുസമൂഹത്തിന് ലഭ്യമാണ്. ഗൂഗിൾ ട്രാൻസ്ലേറ്റ്, DeepL Translate, Microsoft Translator, Baidu translate തുടങ്ങിയവയെല്ലാം Neural Machine Translation (NMT) ആണ്. കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സും ആർട്ടിഫിഷ്യൽ ഇന്റലിജൻസും ചേർന്നാണ് ഇവ പ്രവർത്തിക്കുന്നത്. നിരവധി തലങ്ങളുള്ള പ്രോഗ്രാമുകളിലായി ദശലക്ഷക്കണക്കിന് ഉദാഹരണങ്ങളിലൂടെ പരിശീലനം ലഭിക്കുന്ന നിർമ്മിത ബുദ്ധിയാണ് ഇവയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്നത്. ലോകത്ത് ഒരു ദിവസം ഒരു ബില്യനിലധികം ആളുകളാണ് ബഹുഭാഷാ ന്യൂറൽ യന്ത്ര വിവർത്തന ആപ്ലിക്കേഷനായ ഗൂഗിൾ ട്രാൻസ്ലേറ്റ് (https://translate.google.com/) ഉപയോഗിക്കുന്നത്.[7] 2006-ൽ ലോഞ്ചു ചെയ്ത ഈ ആപ്ലിക്കേഷൻ 2016 ലാണ് ഇന്നത്തെ രൂപത്തിൽ ആയത്. കാരണം 2006-ലെ കമ്പ്യൂട്ടിനുണ്ടായിരുന്ന സ്പീഡല്ല ഇന്നുള്ളത്. (ടെർമിനേറ്ററും മാട്രിക്സും[8] ഭയപ്പെടുത്തിയ കാലത്ത് സ്പീഡ് അത്രത്തോളം വളർന്നിരുന്നില്ല.) 133 ഭാഷകൾ വിവർത്തനം ചെയ്യാവുന്ന ഗൂഗിൾ ട്രാൻസ്ലേറ്റ് ആപ്ലിക്കേഷൻ 2018 ആയപ്പോൾ തന്നെ 100 ബില്യനിലധികം വാക്കുകൾ വിവർത്തനംചെയ്തുകഴിഞ്ഞു. ഒരേസമയം 5000 വാക്കുകൾവരെ വിവർത്തനം ചെയ്യാം. വാക്കുകൾ മാത്രമല്ല, ശബ്ദം, ഫോട്ടോ, കൈയെഴുത്ത് തുടങ്ങി ഫോണിലെ ക്യാമറയിൽ കാണുന്ന ദൃശ്യങ്ങൾ വരെ വിനിമയം/വിവർത്തനം ചെയ്യാൻ കഴിയും. Translation Memory Tools, Neural Machine Translation, Speech to Text Technologies തുടങ്ങിയവ വിവർത്തനത്തിൽ അത്ഭുതാവഹമായ മാറ്റങ്ങളും അവസരങ്ങളുമാണ് തുറന്നിട്ടത്. സ്മാർട് ഫോണുകൾക്കായി രൂപപ്പെടുത്തിയ ഭാഷാധിഷ്ഠിതമായ നിരവധി ആപ്ലിക്കേഷനുകൾ, ഓട്ടോമാറ്റിക് ട്രാൻസ്ലേഷൻ ആപ്പുകൾ തുടങ്ങിയവ അന്യദേശത്തു പോയാലും ഭാഷ അറിയാതെ ഒറ്റപ്പെട്ടുപോകുന്ന അവസ്ഥ ഇല്ലാതാക്കി.

---

5 Translation in the Digital Age, Michael Cronin, Routledge, London & New York, 2013. ട്രാൻസ്ലേഷൻ യുഗം എന്ന സങ്കല്പനം ഈ പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്.

6 ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഓട്ടോമേഷൻ ടെക്നോളജിയും സാമ്പത്തിക ധ്രുവീകരണത്തിന്റെ ഉത്ഭവം'—ഡോ. ആർ രമ്യ, അക്ഷയ് പി., വിജ്ഞാന കൈരളി, നവംബർ 2023, പു. 65-73.

7 https://earthweb.com/how-many-people-use-google-translate/ 2006-ൽ ആരംഭിച്ച ഗൂഗിൾ ട്രാൻസ്ലേറ്റ് 2011-ൽ ആൻഡ്രോയ്ഡ് ഫോണുകളിൽ ലഭ്യമാക്കി. 2014-ലാണ് ദൃശ്യ, ശബ്ദ വിവർത്തനം കൂടി സാധ്യമാക്കിയത്.

8 അമേരിക്കൻ നിർമ്മിത സയൻസ് ഫിക്ഷൻ സിനിമകളാണ് ഇവ. ജെയിംസ് കാമറൂണിന്റെ ദ ടെർമിനേറ്റർ (1984), ടെർമിനേറ്റർ 2—ജഡ്ജ്മെന്റ് ഡെ (1991) തുടങ്ങിയ സിനിമകൾ സൈബർ കണ്ടെത്തലുകളെ ഭയത്തോടെ കണ്ടവയാണ്. 2019 വരെ 6 സിനിമകളാണ് ടെർമിനേറ്റർ തുടർച്ചയായി വന്നത്. ലോകത്തെ ഒരു കമ്പ്യൂട്ടർ പ്രോഗ്രാമായി കാണുന്ന ദ മാട്രിക്സ് (1999, Wachowskis) സിനിമകൾ (2003-ലും) സൈബർ ലോകത്തെ കുറിച്ചുള്ള ആശങ്കകളാണ് പങ്കുവെച്ചത്.

3.2 ഭാഷാ സാങ്കേതിക വിദ്യയുടെ അടിത്തറ

കമ്പ്യൂട്ടർ ടെക്നോളജിയുടെ തുടക്കം മുതൽ പരിശോധിച്ചാൽ 1960 മുതൽ 1980 വരെ യയുള്ള കാലഘട്ടം കമ്പ്യൂട്ടറിൽ ഇംഗ്ലീഷ് മാത്രമായിരുന്ന ടൈപ്പ് ചെയ്യാൻ കഴിഞ്ഞ ത്. 1961-ലാണ് 0,1 എന്നിവയുടെ 256 Character set ഉള്ള ASCII എൻകോഡിങ് ഉപയോഗിച്ചുതുടങ്ങിയത്. 1980-ഓടെ പല ലോകഭാഷകളും ടൈപ്പ് ചെയ്യാനുള്ള സോഫ്റ്റ്‌വെയറുകൾ ചിട്ടപ്പെടുത്തി. ഇന്ത്യയിൽ പൂനെ CDAC-ൽ നിന്നും ISCII ഫോ ണ്ടുകളും അത് മാനേജ് ചെയ്യാനുള്ള സോഫ്റ്റ്‌വെയറും രൂപപ്പെടുത്തി. 1991-ലാണ് ഹൈപ്പർടെക്സ്റ്റ്, ഹൈപ്പർ മീഡിയ സങ്കേതങ്ങൾ ഉൾപ്പെടുത്താൻ പര്യാപ്തമായ വേൾഡ് വൈഡ് വെബ് (WWW) Tim Berners Lee വികസിപ്പിച്ചത്. ഇന്ന് ലോകമാസലം വ്യാപകമായ കമ്പ്യൂട്ടർ, ടാബ്, മൊബൈൽ ഇന്റർ നെറ്റ് യുഗത്തി ന്റെ തുടക്കമിതാണ്.

1991-ൽ നടന്ന യൂണിക്കോഡ് കൺസോർഷ്യം[9] ആണ് ഭാഷാ കമ്പ്യൂട്ടിങ് പ്ര വർത്തനങ്ങളുടെ മൂലക്കല്ല്. കമ്പ്യൂട്ടർ കോർപ്പറേറ്റ് കമ്പനികൾ, സോഫ്റ്റ് വെയർ ഡാറ്റാബേസ് കച്ചവടക്കാർ, അന്താരാഷ്ട്ര ഏജൻസികൾ, വൻകിട ഉപഭോക്താ ക്കൾ തുടങ്ങി മുപ്പതിലധികം അംഗങ്ങളാണ് യൂണിക്കോഡ് നയങ്ങൾ തീരുമാനിച്ച ത്. ലോകത്തുള്ള ഭാഷകളെല്ലാം കമ്പ്യൂട്ടറിൽ ഉപയോഗിക്കാൻ കഴിയുന്ന എൻകോ ഡിങ് സിസ്റ്റം രൂപപ്പെടുത്തി. 256-ന് പകരം 65,536 ക്യാരക്ടർ സെറ്റ് സാധ്യമാക്കി. 2304 മുതൽ 3455 വരെയാണ് ഇന്ത്യൻഭാഷകൾ യൂണിക്കോഡിൽ എൻകോഡ് ചെയ്തത്. ലോകഭാഷകളിലെ അക്ഷരങ്ങൾക്കെല്ലാം ഇന്റർനാഷണൽ സ്റ്റാൻഡേർ ഡ് കോഡിങ് കൈവന്നു. അക്ഷരങ്ങൾക്ക് മാത്രമല്ല, ലോകത്തിന് പൊതുവായി ആശയവിനിമയം സാധ്യമാകുന്ന ഇമോജികളും എൻകോഡിങ് ചെയ്തവയിൽ ഉൾ പ്പെട്ടു.[10] കമ്പ്യൂട്ടറുകൾ തമ്മിൽ ആശയവിനിമയം സാധ്യമായി. പ്രാദേശിക ഉപഭോ ക്താക്കളെ ശാക്തീകരിക്കാനായി പ്രാദേശികവല്ക്കരണ (localization)[11] ത്തിന് തു ടക്കം കുറിച്ചു.[12]

ഉല്പന്നങ്ങൾ, സേവനങ്ങൾ, വെബ്സൈറ്റുകൾ, നിർദ്ദേശ മാനുവലുകൾ, പര സ്യങ്ങൾ, പ്രമോഷനുകൾ എന്നിവയിൽ ഉപയോഗിക്കുന്ന ടെക്സ്റ്റുകളും ഗ്രാഫി ക്സും ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേക്ക് വിവർത്തനം ചെയ്യുന്നതിനാണ് പ്രാ

---

9 Home.unicode.org.

10 ഓൺലൈനിൽ ആശയവിനിമയം നടത്തുന്ന 92 ശതമാനം പേരും ഈമോജികൾ ഉപയോഗിക്കു ന്നു.

11 ഉദാഹരണത്തിന്, ഫ്രാൻസിൽ നിർമ്മിച്ച ഉല്പന്നത്തിന്റെ യഥാർത്ഥ വിവരണവും ഗ്രാഫിക്സും ഫ്ര ഞ്ചിൽ നിന്നും ലോക്കലൈസർ ഇംഗ്ലീഷിലേക്കും സ്പാനിഷിലേക്കും ഇതരഭാഷകളിലേക്കും വിവർ ത്തനം ചെയ്താൽ മാത്രമേ നിർമ്മാതാവിന് ഉല്പന്നം ഈ പ്രദേശങ്ങളിലെല്ലാം വൻതോതിൽ വിൽ ക്കാൻ കഴിയൂ. അതിനായി ലോക്കലൈസർ തെഴിലെടുക്കുന്നു.

12 ഗ്നു/ലിനക്സിലെ പ്രധാനപ്പെട്ട ഡെസ്ക്ടോപ്പ് എൻവയോൺമെന്റ് ആയ ഗ്നോം, മൊസില ഫയർ ഫോക്സ് നെറ്റ് വെബ്ബ് ബ്രൌസർ എന്നിവയുടെ ലോക്കലൈസേഷൻ പ്രവർത്തനത്തിൽ കേരള സർവകലാശാല മലയാള വിഭാഗം 2016–18 ബാച്ചിലെ വിദ്യാർത്ഥികൾ പങ്കാളികളായിരുന്നു.

ദേശികവൽക്കരണം എന്ന് വിളിക്കുന്നത്. ലോക്കലൈസർ ഉല്പന്നങ്ങളുടെ വിവരണങ്ങളും പ്രവർത്തനങ്ങളും സങ്കേതങ്ങളും ഗ്രാഫിക്സും മറ്റും ഒരു രാജ്യത്ത് ഉത്ഭവിച്ചതുപോലെ ഇതരഭാഷയിൽ ദൃശ്യമാക്കാൻ ശ്രമിക്കുന്നു. കമ്പ്യൂട്ടർനിർമ്മിത ഉല്പന്നങ്ങളുടെയും സോഫ്റ്റ്വെയറുകളുടെയും പ്രാദേശികവൽക്കരണമെന്നത് വളരെവേഗം പൂർത്തിയാക്കിയ പ്രൊജക്റ്റ് ആയിരുന്നു.[13] ലോകഭാഷകളിലെല്ലാം ഇത്തരം പ്രാദേശികവല്ക്കരണ പ്രക്രിയകൾ നടന്നു. 1990-കളിൽ നടപ്പിലാക്കിയ ആഗോളീകരണ, ഉദാരവല്ക്കരണ പ്രക്രിയയുടെ തുടർച്ചയാണ് ഇതെല്ലാം. ഇന്റർനാഷണലൈസേഷനും വിവർത്തന വ്യവസായവുമെല്ലാം ഒത്തുചേർന്നാണ് പ്രവർത്തനങ്ങൾ സാധ്യമാക്കിയത്. യുണിക്കോഡ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങളും തുടർന്ന് കമ്പ്യൂട്ടറിന്റെയും സോഫ്റ്റ്വെയറിന്റെയും ലോകം തരുന്ന വൻ സാമ്പത്തിക സാധ്യതകളും മുന്നിൽകണ്ട് അതോടൊപ്പം വിവർത്തനവും വൻ വ്യവസായത്തിന്റെ ഭാഗമായി മാറി.[14] യുണിക്കോഡിൽ വന്നതോടെ ലോക ഭാഷകളുടെ സിംബോളിക് ഘടനയുടെ അടിസ്ഥാനമായ അക്ഷരങ്ങൾ കമ്പ്യൂട്ടറിന് ഡാറ്റയായി കിട്ടി. മലയാളത്തിന്റെ പുതിയതും പഴയതുമായ സർവഅക്ഷരങ്ങളും ഈ പ്രക്രിയയിലൂടെ കമ്പ്യൂട്ടറിന് ഡാറ്റയായി സംരക്ഷിക്കാൻ സാധിച്ചു. ലോക്കലൈസേഷൻ പ്രക്രിയകളും മലയാളം കോർപ്പസ് രൂപപ്പെടുത്താനുള്ള സോഫ്റ്റ്വെയർ എൻജിനീയർമാരുടെ ശ്രമങ്ങളും മലയാള വാക്കുകളും വാക്യ ഘടനയും ആശയങ്ങളും സൈബർ ലോകത്ത് എത്താൻ തുടങ്ങി. 2000–2009 കാലത്ത് വിവിധ ലോകഭാഷകളുടെ കോർപ്പസ് വന്നതോടെ കമ്പ്യൂട്ടറിൽ ഇംഗ്ലീഷിനുണ്ടായിരുന്ന അധീശത്വത്തിന് അയവ് വന്നിരിക്കുന്നു[15] എന്ന് കാണാം.

അറിഞ്ഞോ അറിയാതെയോ നെറ്റ്വർക്കുകളാൽ ചുറ്റപ്പെട്ട ഡാറ്റയുടെ ലോകത്താണ് നാം ജീവിക്കുന്നത്. ഡാറ്റ എന്നത് സാങ്കേതിക വിദ്യകൾ വഴി കൈമാറുന്ന വിവരങ്ങളുടെ പ്രാതിനിധ്യമാണ്. അത് വിവരം (information) ആയി മാറുന്നത് ആളുകൾ അർത്ഥമുണ്ടാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുമ്പോഴാണ്. വിവര സാങ്കേതിക വിദ്യയുടെ ഫലമായി സാമൂഹികവും സാമ്പത്തികവുമായ വലിയ മാറ്റങ്ങളാണ് ലോകത്തെമ്പാടും ഈ നൂറ്റാണ്ടിൽ ഉണ്ടായത്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം തന്നെ സ്കൂളുകളിലും ഉന്നതവിദ്യാഭ്യാസ ഇടങ്ങളിലും കമ്പ്യൂട്ടറിന് ഫണ്ട് അനുവദിച്ചതും പൊതുസേവനങ്ങൾ ഓൺലൈൻ വഴി ആക്കിയതുമെല്ലാം ഇൻഫർമേഷൻ സൊസൈറ്റി, നെറ്റ്വർക്ക് സൊസൈറ്റിയിലേക്ക് ഇന്ത്യൻസമൂഹത്തെയും എത്തിച്ചു. മൊബൈൽ ഫോണിന്റെ ഫീച്ചറിൽ എസ് എം എസ് ടെക്സ്റ്റ് മെസേജിംഗ് സൌകര്യം എന്നത് തുടക്കത്തിൽ തീരെ അപ്രധാനമായ ഒന്നായിരുന്നു.

---

13 കേരളത്തിൽ ആദ്യമെത്തിയ നോക്കിയ മൊബൈലിന്റെ ഒപ്പം അതിന്റെ പ്രവർത്തനരീതി മലയാളത്തിൽ വിശദീകരിക്കുന്ന ചെറിയ പുസ്തകം കൂടി ഉണ്ടായിരുന്നു.

14 'Translation as a multilingual activity in the digital era', Sonia Vandepitte & Els Lefever, Rev. Française de linguistique appliquée, 2018, XXIII-2 (59–71)

15 Translation in the Digital Age, Michael Cronin, Routledge, London & New York, 2013. പു. 58

ഫോണിന്റെ ചെറിയ സ്ക്രീനിലെ ഈ ചെറിയ ഫീച്ചർ ഉടമകൾ ഉപയോഗിക്കുമെന്ന ഒരു പ്രതീക്ഷയും നിർമ്മാതാക്കൾക്കുണ്ടായിരുന്നില്ല. എന്നാൽ ഇന്നോ! പുതിയ ഭാഷാരൂപത്തിനും (ടെക്സ്റ്റിങ്) ആശയ വിനിമയരീതിക്കും ജനപ്രിയ സംസ്കാരത്തിനും വ്യത്യസ്ത കലാനിർമ്മിതികൾക്കുമെല്ലാം ഇത് കാരണമായി. ഇത്തരത്തിൽ മൊബൈൽഫോണിൽ ഭാഷയുടെ ഉപയോഗം മനുഷ്യ സമൂഹം ആഘോഷമാക്കി മാറ്റി. പ്രാദേശിക ഭാഷകളുടെ ടെക്സ്റ്റായും ഓഡിയോ, വിഡിയോ രൂപത്തിലും ഡാറ്റ സംഭരിക്കാൻ ഇന്ന് ഓരോ വ്യക്തിയും സോഷ്യൽ മീഡിയ ആശയ വിനിമയത്തിലൂടെയും ഭാഷയുടെ കോർപ്പസ് നിർമ്മിക്കുന്നുണ്ട്. ഫോണിൽ സംസാരിക്കുകയും സന്ദേശങ്ങൾ അയയ്ക്കുകയും ചെയ്യുമ്പോൾ ഡാറ്റ സംഭരിക്കുകയും പ്രോസസ് ചെയ്യുകയും സ്വീകർത്താവിന് വാക്കുകളായി രൂപാന്തരപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഭാഷാസാങ്കേതിക വിദഗ്ധർ ബോധപൂർവ്വം കോർപ്പസ്സ് ചിട്ടപ്പെടുത്തിയതു കൂടാതെയാണ് ഇത്. വലിയ ഒരു കോർപ്പസ്സിൽ നിന്നു മാത്രമേ കൃത്യതയുള്ള വിവർത്തനം സാധ്യമാകുകയുള്ളൂ. സ്പീച്ച് ടു ടെക്സ്റ്റ് റെക്കഗ്നിഷൻ, ഹാൻഡ് റൈറ്റിങ് റെക്കഗ്നിഷൻ വരെ സാധ്യമാകുന്നതരത്തിലാണ് കോർപ്പസ് രൂപപ്പെടുന്നത്.[16] ഇന്റർനെറ്റ് നിർമ്മിത ഡിജിറ്റൽ ലോകത്ത് ഭാഷയെന്ന തടസ്സത്തെ മറികടക്കാൻ തക്ക സോഫ്റ്റ്‌വെയറുകളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്.[17] 22000 മനുഷ്യായുസ്സുകൊണ്ട് വായിച്ചാൽതീരുന്ന പുസ്തകങ്ങളുടെ കണ്ടന്റ് കൊണ്ടാണ് Chat GPT പോലുള്ള എഐ പ്രവർത്തിക്കുന്നത്[18] എന്ന് സന്തോഷ് തോട്ടുങ്കൽ ഒരു പ്രഭാഷണത്തിൽ വിശദീകരിക്കുന്നുണ്ട്. 0.00165 ശതമാനമാണ് മലയാളം കോർപ്പസ് നിലവിലുള്ളത്. 93 ശതമാനം കണ്ടന്റും ഇംഗ്ലീഷിലാണ് ഉള്ളത്.

3.3 വിനോദ വ്യവസായവും സിലിക്കൺ വാലിയും

ജെയിംസ് കാമറൂൺ

1996 ഫെബ്രുവരിയിൽ ലോസ് ഏഞ്ചൽസിൽ നടന്ന ഡിജിറ്റൽ ടെക്നോളജി സിമ്പോസിയമാണ് സോഫ്റ്റ്‌വെയറും സിനിമയും തമ്മിലുള്ള ബന്ധത്തിന് തുടക്കം കുറിച്ചത്. 1980–90-കളിൽ സോഫ്റ്റ്‌വെയർ ടെക്നോളജിയുടെ ഈറ്റില്ലമായ സിലിക്കൻ വാലിയും ഹോളിവുഡും ചേർന്നു പ്രവർത്തിച്ചതിന്റെ ഫലമായാണ് ഈ സിമ്പോസിയം നടന്നത്. ഭാവനയെ വെല്ലുന്ന ദൃശ്യങ്ങൾ നിർമ്മിക്കാൻ സോഫ്റ്റ്‌വെയർ രംഗത്തെ സഹായിച്ചത് വിനോദ വ്യവസായത്തിന്റെ മൂലധനമാണ്. 1994-ൽ സ്ക്രിപ്റ്റ് പൂർത്തിയാക്കിയതിനു ശേഷം തന്റെ ഭാവന ദൃശ്യത്തിലാക്കാൻ അനുയോജ്യമായ സാങ്കേതിക വിദ്യയ്ക്കു വേണ്ടി വർഷങ്ങൾ കാത്തിരുന്ന ജെയിംസ് കാമറൂൺ 2009-ലാണ് അവതാർ റിലീസ് ചെയ്തത്. കമ്പ്യൂ

---

16 Facebook, Amazon, Apple, Netflix, Google പോലുള്ള ഡിജിറ്റലായി നിലവിലുള്ള മിക്ക പ്ലാറ്റ്ഫോമുകളും അമേരിക്കൻ നിർമ്മിതമാണെന്ന് മറന്നുപോകരുത്.

17 https://clearwordstranslations.com/future-of-translation/

18 https://youtu.be/aE7o62zS_el.

ട്ടറുമായി ബന്ധപ്പെട്ട ഉല്പന്നങ്ങൾ പ്രധാന ഉപഭോഗ വസ്തുക്കളായി രൂപമെടുക്കാൻ തുടങ്ങിയതും സോഫ്റ്റ്‌വെയർ ടെക്നോളജി സാധാരണ ജീവിതത്തിന്റെ ഭാഗമായതു മാണ് പിന്നീടുള്ള ചരിത്രം. ഹോളിവുഡിന്റെ മില്യൻ ഡോളറിന്റെ പണക്കിലുക്കമാണ് സോഫ്റ്റ്‌വെയർ രംഗം ഇത്രയും വിലപിടിപ്പുള്ള മേഖലയാക്കി മാറ്റിയത് എന്നതും പ്രധാനമാണ്.

3.4 കോവിഡാനന്തരം—യന്ത്ര വിവർത്തനത്തിലെ ഫൈനൽ ടച്ച്

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യദശകം കഴിയുമ്പോഴേക്കും കമ്പ്യൂട്ടറധിഷ്ഠിത യന്ത്രങ്ങൾ മനുഷ്യന്റെ ബുദ്ധിശക്തിയുള്ള വ്യക്തിഗത സഹായിയായി വർത്തിക്കുമെന്നത് യാഥാർത്ഥ്യമായി. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാൻ ഇത് സഹായിച്ചു. മനുഷ്യന്റെ സർഗ്ഗാത്മകത ആവശ്യമാണെന്ന വിചാരിച്ചിരുന്ന കാര്യങ്ങൾ പോലും യന്ത്രങ്ങൾ ചെയ്തുതുടങ്ങി (സംഗീതവും തിരക്കഥയുമെല്ലാം തയ്യാറാക്കാൻ കഴിയുന്നു). വിവർത്തനവും അത്തരത്തിൽ തന്നെ. മാനുഷിക സ്പർശം ആവശ്യമുള്ളവ മാത്രമേ ശേഷിക്കുകയുള്ളൂ എന്നർത്ഥം. ദൈനംദിന ഭാഷയിൽ ആളുകൾക്ക് കമ്പ്യൂട്ടറുകളും സേവനങ്ങളും നിയന്ത്രിക്കാനാവുംവിധം എല്ലാ ഭാഷകളും കമ്പ്യൂട്ടറിന് മനസ്സിലാകാൻ തുടങ്ങി. ഉപഭോക്താവിന്റെ ഭാഷയും ഉദ്ദേശ്യവും മനസ്സിലാകുകയും അവ്യക്തതകൾക്ക് വിശദീകരണ ചോദ്യങ്ങൾ ഉന്നയിക്കുകയും ലഭിച്ച ഡാറ്റയിൽ നിന്നും പ്രധാനപ്പെട്ടവ തരംതിരിച്ച് ഉചിതമായത് തരികയും ചെയ്യുന്നു. ഇവിടെയെല്ലാം ഭാഷയിലധിഷ്ഠിതമായ ഡാറ്റയാണ് കൈമാറുന്നത്, പ്രവർത്തിക്കുന്നത്, സംഭരിച്ചു വെയ്ക്കുന്നത്.

കോവിഡാനന്തരം (COVID-19) 45 ശതമാനമാണ് ഇന്ത്യയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗം വർദ്ധിച്ചത്. സിനിമകളും ടെലിവിഷൻ സീരീസുകളും വീഡിയോ ഗെയിമുകളും തുടങ്ങി സർഗ്ഗാത്മക കണ്ടന്റുകളുടെ ബഹുഭാഷാ വിവർത്തനത്തിന് വലിയ ഡിമാന്റ് ഇക്കാലത്താണുണ്ടായത്. Neural Mechine Translation (NMT) സർഗ്ഗാത്മക വിവർത്തനത്തിന് വ്യാപകമായി ഉപയോഗിച്ചു തുടങ്ങി.[19] Mechine Translation Post Editing (MTPE) ആയി വിവർത്തനത്തിലെ സർഗ്ഗാത്മകത മാറി. പ്രയത്നവും പ്രതിഫലവും സമയവും ലാഭിക്കാൻ കഴിയുന്ന ഇത്തരം രീതി സ്വീകരിക്കാൻ തുടങ്ങി. പാഠ പരിസരത്തിൽ ദീർഘ സമയം ചിലവിടാതെ ദിനംപ്രതി വരുന്ന യന്ത്ര വിവർത്തന കണ്ടന്റിൽ ഫൈനൽ ടച്ച് നടത്തുന്ന കലാനിർമ്മിതിയുടെ ഭംഗിയാണ് ഇന്ന് വിവർത്തന രംഗത്തുള്ളത്.[20] ഭാഷയുടെ ചലനാത്മകത പ്രധാനമാണ്. അതിന്റെ അർത്ഥം പരിണാമ വിധേയമാണ്.

---

[19] ഗൂഗിൾ ട്രാൻസ്ലേറ്റ് കൂടാതെ Microsoft translator, Sayhi Translate, Google lens, Translate on scree, Snap Trans... All Text എന്നിവയും ഇന്ന് ഏറ്റവുമധികം സെർച്ച് ചെയ്യുന്ന ട്രാൻസ്ലേറ്റിങ് ആപ്പുകളാണ്.

[20] https://multilingual.com/issues/october--2023/creative-writing-and-translation/

വിവർത്തന പഠനത്തിൽ ഏറ്റവുമധികം ചർച്ചചെയ്തത് ഭാഷയുടെ സർഗ്ഗാത്മകതയെക്കുറിച്ചാണ്. മറ്റ് ഭാഷകളും സംസ്കാരവുമായി ബന്ധപ്പെടുന്ന വിവർത്തന പ്രക്രിയയിലാണ് സർഗ്ഗാത്മകത ഏറ്റവുമധികം ശ്രദ്ധിക്കേണ്ടത്. വ്യാഖ്യാനവും പുനഃസൃഷ്ടിയുമാവശ്യമുള്ള സർഗ്ഗാത്മക പ്രക്രിയയാണ് വിവർത്തനത്തിന്റേത്. വാക്കുകൾ, വ്യാകരണം, വാക്യഘടന—എന്നിവയിലൂന്നിയുള്ള യന്ത്രവിവർത്തനത്തിന് എത്രത്തോളം ജൈവഭാഷയിലെ സർഗ്ഗാത്മകഘടകങ്ങൾ വേർതിരിക്കാൻ കഴിയുമെന്നത് സംശയമാണ്.

3.5 സിനിമയുടെ സബ്ടൈറ്റിൽ സാധ്യതകൾ

ലിംഗ്വിസ്റ്റിക് സൊസൈറ്റി ഓഫ് അമേരിക്കയുടെ രേഖപ്രകാരം 7000-ത്തിലധികം ഭാഷകളാണ് ലോകത്തിലുള്ളത്. ഒരു ഭാഷയിൽ നിർമ്മിക്കുന്ന കണ്ടന്റ് ലോകമെമ്പാടും എത്തിക്കാനുള്ള വഴിയാണ് വിവർത്തനം. ഉഭയഭാഷാ പണ്ഡിതരായ വിവർത്തകർ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ചെയ്യുന്നത് പ്രായോഗികമായില്ല. വേഗത്തിലും ഫലപ്രദമായും കണ്ടന്റ് വിവർത്തനം ചെയ്യാനുള്ള യന്ത്ര വിവർത്തനത്തിന്റെ സാങ്കേതികതകൾ, എഐ പരിഹാരമാർഗ്ഗങ്ങൾ തുടങ്ങിയവ വന്നുതുടങ്ങി. നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള ഓട്ടോ ട്രാൻസ്ലേറ്റിങ് മെഷീനുകൾ, സ്രോത ഭാഷയിലെ സബ്ടൈട്ടിലുകൾ സ്വയം സംഭാഷണം തിരിച്ചറിയാനുള്ള ശേഷി (ഓട്ടോമാറ്റിക് സ്പീച്ച് റെക്കഗ്നിഷൻ), സംഭാഷണ ഭാഷയോ സബ്ടൈട്ടിലോ (speech or text) ലക്ഷ്യഭാഷകളിലേക്കെത്തിക്കാനുള്ള ശ്രമം തുടങ്ങിയവ വിജയത്തിലെത്തി.

ലോകത്ത് ഏറ്റവുമധികം നടക്കുന്ന ജനപ്രിയ വിവർത്തനങ്ങളാണ് സിനിമയുടെ സബ്ടൈട്ടിലിന്റേത്. ഒരു മലയാള സിനിമ സാംസ്കാരികമായി ഐക്യതയുള്ള തെക്കെയിന്ത്യൻ ഭാഷകളിലും വലിയ പ്രേക്ഷകരുള്ള ഹിന്ദിയിലും ഡബ്ബുചെയ്യുന്നത് ഇക്കാലത്തെ സ്വാഭാവിക രീതിയാണ്. പത്തുവർഷം മുമ്പ് ഇന്ത്യൻ സിനിമയെന്നാൽ ഹിന്ദി സിനിമയായിരുന്നു. കോവിഡാനന്തരം ഹിന്ദി സിനിമകൾ തെക്കെയിന്ത്യൻ ഭാഷകളിലേക്കും ഡബ് ചെയ്തുതുടങ്ങി. കൂടാതെ സമീപ വർഷങ്ങളിൽ, ഇംഗ്ലീഷിലേക്ക് ഡബ് ചെയ്യുന്നത് ഇന്ത്യൻ സിനിമകൾക്ക് ലോക വിപണി നേടിക്കൊടുക്കുന്നു. ഇംഗ്ലീഷ്, ഹിന്ദി, കന്നട, തമിഴ്, മറാത്തി, ബംഗാളി, മലയാളം, തെലുങ്ക് തുടങ്ങിയ ഭാഷകളിലേക്കാണ് ഇന്ത്യൻ സിനിമകൾ സബ്ടൈറ്റിൽ ചെയ്യുന്നത്.[21] വിവിധ മാധ്യമങ്ങളിലൂടെ വിതരണം ചെയ്യുന്ന സിനിമയുടെ സബ്ടൈറ്റിൽ കണ്ടന്റുകളുടെ ആശയ വിനിമയ പ്രക്രിയ യന്ത്ര വിവർത്തനങ്ങൾ ഏറെക്കുറെ വിജയകരമായി ഏറ്റെടുത്തുകഴിഞ്ഞു. ഓരോ കാലത്തുമുള്ള മുൻഗണനയനുസരിച്ച് (trend) നിർമ്മി

[21] https://timesofindia.indiatimes.com/home/sunday-times/once-lost-in-translation-subtitles-are-now-in-the-global-spotlight/articleshow/74152985.cms ഇംഗ്ലീഷിൽ കൂടി ഡബ്ബുചെയ്ത സമീപകാല ഹിന്ദി സിനിമ ആനിമലിന്റെ (2023, സന്ദീപ് റെഡ്ഡി) ലാഭക്കണക്ക് 800 കോടിയിലധികമാണ്.

ക്കുന്ന സിനിമയുൾപ്പെടെയുള്ള വിനോദ ഉല്പന്നങ്ങൾ ഇന്ന് ലോക വിപണിയാണ് ഉറ്റുനോക്കുന്നത്.

സ്പിൽബർഗ്ഗ്

ജയിംസ് കാമറൂൺ, സ്പിൽബർഗ്ഗ് ചിത്രങ്ങൾ ലോക വിപണി പിടിച്ചടക്കുന്നതുപോലെ ഇന്ന് ഇന്ത്യൻ സിനിമകൾക്കും കഴിയുന്നു. മലയാളത്തിലെ ആദ്യ സൂപ്പർ ഹീറോ സിനിമയെന്ന ടാഗ് ലൈനോടെ വന്ന മിന്നൽ മുരളി മിസ്റ്റർ മുരളിയെന്ന ടൈട്ടിലിൽ ഹിന്ദിയിലും മെരുപ്പ് മുരളിയെന്ന് തെലുങ്കിലും മിഞ്ചു മുരളിയെന്ന് കന്നടയിലും പതിപ്പുകൾ റിലീസ് ചെയ്തു. ഇന്ത്യയിലെ ഏറ്റവും വലിയ ഒടിടി വെബ് എന്റർടൈൻമെന്റ് അവാർഡ് നേടി ആഴ്ചകളോളം ടോപ് ടെൻ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നു ഈ ചിത്രം. ഇംഗ്ലീഷിലേക്ക് ഡബ്ബുചെയ്തത് സിനിമയുടെ റേഞ്ച് തന്നെ മാറ്റി. ന്യൂയോർക്ക് ടൈംസ് അഞ്ച് അന്തർദ്ദേശീയ സിനിമകളുടെ പട്ടികയിൽ ഉൾപ്പെടുത്തി. ട്വിറ്റർ ഇമോജിയാക്കി മാറ്റിയാണ് മിന്നൽ മുരളിക്ക് അംഗീകാരം നൽകിയത്. 16 രാജ്യങ്ങളിലെ എൻട്രികളുമായി മത്സരിച്ച് മികച്ച ഡയറക്ടർക്കുള്ള ഏഷ്യൻ അക്കാദമി അവാർഡ്–2022 ബേസിൽ നേടി. നെറ്റ്ഫ്ലിക്സാണ് ഒടിടി വിതരണം ഏറ്റെടുത്തത്. സ്പാനിഷ് ഫുട്ബോൾ ലീഗായ ലാ ലീഗയുടെ ഫേസ്ബുക്ക് പേജിലും മാഞ്ചസ്റ്റർ സിറ്റിയുടെ ഒഫീഷ്യൽ പേജിലും ട്രോളും റീലുമായി മിന്നൽ മുരളി എത്തിയതിൽ ഡബ്ബിങ്ങും സബ്ടൈറ്റിൽ വിവർത്തനങ്ങളും പങ്കുവഹിച്ചു. Parasite (2019, Boon Joon-Ho) എന്ന കൊറിയൻ സിനിമയ്ക്ക് ഇംഗ്ലീഷ് സബ്ടൈറ്റിൽ വരുത്തിയ മാറ്റമാണ് ഓസ്കാർ അവാർഡ് എന്ന് സംവിധായകൻ തന്നെ അംഗീകരിച്ചിട്ടുണ്ട്. സബ്ടൈറ്റിൽ അത്രത്തോളം പ്രധാനമാണ്. ഡിജിറ്റൽ ടെക്നോളജി വാണിജ്യപരമോ സാമൂഹികമോ ആയ സമ്പർക്കത്തിന് ദൂരം ഒരു പ്രശ്നമാകാത്തവിധം ലോകത്തെ ഒരു ആഗോള ഗ്രാമമാക്കി മാറ്റി. COVID-19 ഉണ്ടാക്കിയ സമ്പർക്ക നിയന്ത്രണവും ഏകാന്ത വാസവും സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾ വർദ്ധിക്കുന്നതിന് കാരണമായി. ഗൂഗിളിന്റെ ഏറ്റവും പുതിയ ഗവേഷണമനുസരിച്ച്, ഭൂമിയിൽ ഏതെങ്കിലും ഒരു ദിവസം നടക്കുന്ന എല്ലാ ഭാഷാ വിവർത്തനങ്ങളുടെയും 99.5% അല്ലെങ്കിൽ അതിൽ കൂടുതലും യന്ത്ര വിവർത്തനമാണ് ഉത്തരവാദിയെന്ന് കണക്കാക്കപ്പെടുന്നു[22] ഇത് ശരിയല്ലെന്ന് സംശയിച്ചാലും വിനോദ വ്യവസായവുമായി ബന്ധപ്പെട്ട സർഗ്ഗാത്മക കണ്ടന്റിന്റെ വ്യവസായാധിഷ്ഠിത വിവർത്തനത്തിൽ ചിലവും സമയവും കുറയ്ക്കാനായി വ്യാപകമായി ന്യൂറൽ മെഷീൻ ലേണിങ് ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്നത് സംശയ രഹിതമാണ്.[23] ഒടിടി റിലീസിങ്ങിനു ശേഷം 'സ്ട്രീമിങ് ബൂം' എന്നറിയപ്പെടുന്ന വലിയ സാധ്യതയിലേക്ക് ഇന്ത്യൻ സിനിമകളുടെ ലോക വിപണി സാധ്യമായതിനു പിന്നിലും യന്ത്ര വിവർത്തനമാണ് വലിയ പങ്കു വഹിക്കുന്നത്.

---

22 https://multilingual.com/issues/october–2023/creative-writing-and-translation/.

23 'Creative Writing and Translation An Interdisciplinary approach' Despina Pilov, https://multilingual.com/issues/october-2023/creative-writing-and-translation/.

3.6 വിവർത്തകരുടെ പങ്ക്

2016-ലാണ് ഇന്ത്യയിൽ ആമസോൺ പ്രൈമും നെറ്റ്ഫ്ലിക്സും വരുന്നത്. സിനിമകളുടെ പ്രാദേശികവൽക്കരണവും (localization) കുറഞ്ഞത് ഒരു ഡസനോളം അന്താരാഷ്ട്രഭാഷകളിലേക്ക് സബ്ടൈറ്റിൽ വിവർത്തനവും എന്ന രീതി വരുന്നത് അതിനു ശേഷമാണ്. 2020 സെപ്റ്റംബർ ഒന്നിന്, ഒ ടി ടിയിൽ (ആമസോൺ പ്രൈം) റിലീസ് ചെയ്ത് ലോകം മുഴുവൻ ശ്രദ്ധനേടിയ മലയാള സിനിമയാണ് സി യു സൂൺ (മഹേഷ് നാരായണൻ).[24] ഇംഗ്ലീഷ്, തമിഴ്, ഗ്രീക്ക്, അറബിക്, ഗ്രീക്ക്, ഫിലിപ്പിനോ, മലയി, പോർട്ടുഗീസ്, റൊമാനിയ, ചൈനീസ് തുടങ്ങിയ ഇന്റർനാഷണൽ ഭാഷകളിൽ സബ്ടൈറ്റിലുകൾ ചേർത്ത സി യു സൂൺ ഇന്ത്യ, യുഎഇ, ഫ്രാൻസ്, സിംഗപ്പൂർ, കാനഡ, യു എസ്, സ്പെയിൻ തുടങ്ങിയിടത്തെല്ലാം സ്ട്രീമിങ് ചെയ്തു.[25] ഇംഗ്ലീഷ്, സ്പാനിഷ്, അറബിക്, റഷ്യൻ, പോർച്ചുഗീസ്, ഇന്തോനേഷ്യൻ എന്നിവയാണ് ഗൂഗിൾ ട്രാൻസ്ലേറ്റിന്റെ പ്രോംപ്റ്റിൽ ഉപയോഗിക്കുന്ന ഏറ്റവും സാധാരണമായ ഭാഷാ വിവർത്തനങ്ങൾ. ജർമ്മൻ, പോളിഷ്, ചൈനീസ്, ക്രൊയേഷ്യൻ, ഡച്ച്, ഗ്രീക്ക്, ഇറ്റാലിയൻ, ലാത്വിയൻ എന്നീ ഭാഷകളും ഉപയോഗിക്കുന്നു. ഇന്ത്യൻ സിനിമകളുടെ സബ്ടൈറ്റിൽ വിവർത്തനങ്ങൾ പരിശോധിച്ചാൽ ഈ ഭാഷകൾ സർവസാധാരണമാണ്. ഇന്ത്യയിലെ തന്നെ, ചുരുങ്ങിയത് പത്തോളം ഭാഷകളിലേക്കുള്ള ഡബിങ്ങും വിവർത്തനമാണ്. ഇന്ന് ഒരു മലയാളചിത്രം റിലീസാകുമ്പോൾ ഇത്രയും ബഹുഭാഷാസാധ്യതയാണ് ഉള്ളത്. RPWD act 2016 അനുസരിച്ച് ഭിന്നശേഷി വിഭാഗത്തിനുവേണ്ടി ഇന്ത്യയിലെ സിനിമകൾ കാഴ്ചപരിമിതർക്ക് വേണ്ടി ഓഡിയോയും കേഴ്വി പരിമിതർക്ക് വേണ്ടി സൈൻ ഭാഷയും ഉപയോഗിക്കണമെന്ന് ഡൽഹി ഹൈക്കോടതി നിർദ്ദേശിച്ചത്[26] പ്രസക്തമാണ്. സൈൻ ഭാഷയിലാക്കുന്നതും വിവർത്തനത്തിന്റെ പരിധിയിൽ വരുന്നതാണ്.

സ്വതന്ത്ര വിവർത്തകരുടെ എണ്ണത്തിൽ 200 ശതമാനം വർദ്ധനയാണ് ഈ നൂറ്റാണ്ടിൽ ഉണ്ടായതെന്ന് റിപ്പോർട്ടുകളുണ്ട്.[27] പതിറ്റാണ്ടുകൾ എടുത്ത് ഡിവൈൻ കോമഡി എന്ന പുസ്തകം മലയാളത്തിലെത്തിച്ച കിളിമാനൂർ രമാകാന്തന്റെ ദൗ

---

24 ലോക് ഡൌൺ കാലത്ത് സാമൂഹിക അകലം പാലിച്ച് ഇൻഡോർ ഷൂട്ടിങ്, കമ്പ്യൂട്ടർ, മൊബൈൽ ഇമേജുകൾ, സർവൈലൻസ് ക്യാമറ ഇമേജുകൾ, സോഷ്യൽ നെറ്റ് വർക്കിങ് സൈറ്റുകൾ, സെർച്ച് എൻജിൻസ്, വീഡിയോ കാൾ, മെസേജുകൾ തുടങ്ങി പ്രധാന കഥാപാത്രങ്ങളുടെ വെർച്വൽ ആശയ വിനിമയങ്ങൾ, ഡിജിറ്റൽ ലോകവും ഉപകരണങ്ങളും തുടങ്ങി ലോക സിനിമയിൽ തന്നെ പുതിയൊരു തുടക്കം നൽകിയതാണ് സി യു സൂൺ എന്ന ത്രില്ലർ സിനിമയുടെ ചരിത്രപരമായ പ്രാധാന്യം.

25 ജോജി (ദിലീഷ് പോത്തൻ, 2021, പ്രൈം), ദൃശ്യം 2 (2021) തുടങ്ങിയവയും അക്കാലത്തുതന്നെ അന്തർദ്ദേശീയ ശ്രദ്ധനേടിയ ചിത്രങ്ങളാണ്. 2021 ക്രിസ്തുമസ് ചിത്രമായി പുറത്തിറങ്ങിയ സൂപ്പർ ഹീറോ മലയാള സിനിമ മിന്നൽ മുരളി മുതൽ കാതൽ വരെയുള്ള മലയാള സിനിമയും ലോക ശ്രദ്ധ നേടുന്നതിൽ സബ്ടൈറ്റിൽ വിവർത്തനങ്ങൾ പങ്കുവഹിക്കുന്നുണ്ട്.

26 https://indianexpress.com/article/cities/delhi/delhi-hc-pathaan-makers-audio-description-subtitles-ott-visually-hearing-impaired-persons-8385639/.

27 https://restofworld.org/2022/india-translators-netflix/.

ത്യം പോലെയോ ലോക ക്ലാസ്സിക് സിനിമകൾക്ക് മലയാളം സബ്ടൈറ്റിൽ നൽകുന്ന ഫെയ്സ്ബുക്ക് കൂട്ടായ്മയായ M-Zone[28] പ്രവർത്തനങ്ങൾ പോലെയോ അല്ല ഈ വിവർത്തനങ്ങൾ. ആഗോള വിവർത്തന വ്യവസായമെന്ന് വിളിക്കാവുന്ന തരത്തിൽ പുതിയ പ്രവണതകളും ആവശ്യക്കാരുമാണ് ഉണ്ടായത്. ഉദാഹരണമായി, സിനിമാ പ്രേക്ഷകരിൽ പലർക്കും ഒറിജിനൽ ഭാഷ നിലനിർത്തി സ്വഭാഷാ സബ്ടൈട്ടിലിനോടാണ് പ്രിയം.[29] സ്ട്രീമിങ് വ്യവസായത്തിനു വേണ്ടി, സബ്ടൈറ്റിൽ, ക്യാപ്ഷൻ, ഡബിങ് തുടങ്ങിവയ്ക്ക് ലാംഗ്വേജ് സർവീസ് പ്രൊവൈഡേസ് (LSP) ഇന്ത്യൻ ഭാഷകളിലുണ്ടായി. Sound & Vision India, Prime Focus Technologies പോലുള്ള വൻ ലാംഗ്വേജ് സർവീസ് പ്രൊവൈഡർ കമ്പനികളും രൂപമെടുത്തു. ചെറിയ സമയപരിധിയിൽ ചെയ്തുകൊടുക്കേണ്ട പ്രൊജക്ടുകൾ ചിലവു കുറഞ്ഞ കൂടുതലാളുകളെ ജോലിക്കെടുക്കുന്ന തരത്തിലായി. 250-തിലധികം മലയാളം സിനിമകളുടെ ഇംഗ്ലീഷ് സബ്ടൈട്ടിലും നിരവധി ഇംഗ്ലീഷ്, ഹിന്ദി, തമിഴ് സിനിമകളുടെ മലയാളം സബ്ടൈട്ടിലും ചെയ്ത വിവേക് രഞ്ജിത്ത് [30], 2010 മുതൽ 500-ലധികം തമിഴ് സിനിമകൾക്ക് സബ്ടൈറ്റിൽ ചെയ്ത രേഖ്സ്[31] പോലുള്ളവരാണ് ഈ രംഗത്തെ പ്രമുഖർ. വ്യവസായാടിസ്ഥാനത്തിലുള്ള ഇത്തരം വിവർത്തന പ്രക്രിയയിൽ ഏർപ്പെടുന്ന വിവർത്തകരുടെ പേരും പെരുമയും കൂലിയും പ്രസക്തമല്ലെന്ന് അവർതന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.[32]

3.7 വിവർത്തനത്തിലെ സാങ്കേതികമായ ദിശാമാറ്റം

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗപ്പെടുത്തിയ ഓട്ടോമാറ്റിക് ട്രാൻസ്ലേഷൻ മെഷീനുകൾ ധാരാളം ഇന്ന് ഉപയോഗിക്കുന്നു. ഇരുപതും അതിലധികവും ഭാഷകൾ സപ്പോർട്ട് ചെയ്യുന്നവയാണ് ഇവയിലധികവും. മൊബൈൽ ഫോണിലും ഓൺലൈൻ പ്ലാറ്റ്ഫോമിലും സോഫ്റ്റ്വെയറായും ഇവ ലഭ്യമാണ്. പലതും ടെക്സ്റ്റ്, ഓഡിയോ, വീഡിയോ കണ്ടന്റുകൾ ഉപയോഗിക്കാൻ കഴിയുന്നവയാണ്. (ഉദാ. Virbo AI Video Translator, Nova, wonder share virbo, Subtitle Bee, VEED, മൈക്രോസോഫ്റ്റിന്റെ Big Translate തുടങ്ങിയവ.) സംഭാഷണങ്ങൾ നേരിട്ട് ടെക്സ്റ്റാക്കി മാറ്റാം. Subtitle Bee വ്യത്യസ്ത ഫോണ്ടുകൾ തിരഞ്ഞെടുക്കാം. സ്റ്റൈലും നിറവും മാറ്റാം തുടങ്ങി സബ്ടൈറ്റിൽ കസ്റ്റമൈസേഷൻ നടത്താം. Subtitle Bee സപ്പോർട്ട് ചെയ്യുന്നത് 120 ഭാഷകളാണ്. നൂറിലധികം ഭാഷകളിലേക്ക് വിവർത്തനം സാധ്യമാക്കുന്ന ഏറ്റവും ജനപ്രിയമായ സബ്ടൈറ്റിൽ ട്രാൻസ്ലേറ്ററാണ്

---

28 malayalamsubtitles.org.

29 https://englisharchives.mathrubhoomi.com/specials/world-translation-day-2021/imovie subtitles-1-6048822.

30 https://in.linkedin.com/in/vivekranjit.

31 https://sayahna.net/a24h58k6, https://www.facebook.com/RekhsHC/.

32 https://restofworld.org/2022/india-translators-netflix/.

VEED. 95% കൃത്യത അത് ഉറപ്പുവരുത്തുന്നു. സബ്ടൈട്ടിലുമായി ബന്ധപ്പെട്ട് കുറച്ചുകൂടി കാര്യങ്ങൾ എളുപ്പമാക്കുകയാണ് Simplified എന്ന ആപ്ലിക്കേഷൻ ചെയ്യുന്നത്. സബ്ടൈറ്റിൽ എന്ന കണ്ടന്റ് നിർമ്മിക്കാനും എഡിറ്റ് ചെയ്യാനും കൂടി അത് സഹായിക്കുന്നു. നമ്മുടെ തനതു ശൈലി രൂപപ്പെടുത്താം. Nova എല്ലാ വീഡിയോ ഫോർമാറ്റുകളും, 90 ഭാഷകളും സപ്പോർട്ട് ചെയ്യുന്നു. 150 ഭാഷകൾ സപ്പോർട്ട് ചെയ്യുന്ന Smartling തുടങ്ങിയവയും സബ്ടൈറ്റിൽ വിവർത്തനത്തിന് വ്യാപകമായി ഉപയോഗിക്കുന്നു.

ഇവ ചെയ്യുന്ന വിവർത്തനങ്ങളെല്ലാം നൂറുശതമാനം കൃത്യമാണെന്ന് പറയാനാവില്ല. വാക്യ ഘടനയിലെ പിഴവുകളും സാംസ്കാരികമായ തെറ്റുകളും തിരുത്താൻ മനുഷ്യ സ്പർശം തന്നെ വേണം. കൃത്യത, സ്റ്റൈൽ, വ്യക്തത, സാങ്കേതികവും സാംസ്കാരികവുമായ പദങ്ങൾ എന്നിവ ശ്രദ്ധിക്കേണ്ടതാണ്. വ്യവസായാധിഷ്ഠിത, ഉപഭോക്തൃ കേന്ദ്രിത വിവർത്തനങ്ങളുടെ ഗുണമേന്മ എത്രത്തോളമെന്നത് വിവർത്തനവുമായി ബന്ധപ്പെട്ട ഇടങ്ങളിൽ ചർച്ചയ്ക്ക് വന്നിട്ടുണ്ട്.[33] ഉപഭോക്താവിന് ആവശ്യമുള്ള ഗുണമേന്മ വിവർത്തനത്തിനുണ്ട് എന്ന വാദത്തിനപ്പുറം ഇതൊരു പ്രാദേശികവല്ക്കരണ വ്യവസായമാണെന്നു തിരിച്ചറിയേണ്ടതുണ്ട്. അന്തിമ ഉല്പന്നം ഉപഭോക്താക്കളിൽ ചെലുത്തുന്ന സ്വാധീനം വിവർത്തന പഠനത്തിൽ പ്രാധാന്യമർഹിക്കുന്നതുമാണ്.

3.8 സബ്ടൈറ്റിൽ ഒരു ദൃശ്യകലയാണ്

സിനിമയെന്ന ദൃശ്യകലയുടെ അവിഭാജ്യ ഘടകമെന്ന നിലയിലാണ് സബ്ടൈട്ടിലുകൾ ചിത്രീകരിക്കുന്നത്. പൊതുവെ അത് ഫ്രെയിമിനു ചുവടെ, നടുവിലായി കേന്ദ്രീകരിക്കുന്ന രീതിയിലാണ്. വെളുത്ത അക്ഷരങ്ങളിൽ പ്രമേയവും ദൃശ്യവുമായി സമന്വയിപ്പിച്ച് സജീവമായി നിൽക്കും. സിനിമയുടെ കാഴ്ച മറച്ച്, ഏറ്റവും താഴെ എന്ന നിലയിൽ അത് അഭംഗിയോ ആശയക്കുഴപ്പമോ വരുത്തുന്നില്ല. അർത്ഥപൂർണ്ണവും കലാപരവുമായി ചേർന്നുപോകുന്ന തരത്തിൽ ചലനാത്മകവുമായാണ് അത് അതിമനോഹരമായ സിനിമാദൃശ്യങ്ങളോടു പ്രതികരിക്കുന്നത്. സബ്ടൈട്ടിലിന്റെ സൗന്ദ

33 In 2022, at the European Commission's Translating Europe Forum, a panel of speakers attempted to define translation quality in the era of NMT, MT post editing, and AI. One of the keynote speakers offered a pretty agile and inclusive definition, stating that "quality is giving the customer what the customer needs." Beyond this industry-based, customer-oriented definition, it's important to take a step back and examine the bigger picture. Target language texts produced using MT systems are much more than products ordered by a customer and should not be treated as such. The fast-paced localization industry is oriented toward maintaining turnaround times as agile as possible and workflows as cost-effective as possible. The final product, however, has a much greater impact on consumers compared with those of other industries. https://multilingual.com/issues/october-2023/creative-writing-and-translation/.

ര്യാത്മകതയെക്കുറിച്ച് Sean Zdenek [34] തന്റെ [Reading] [sounds] closed—captioned media and popular culture എന്ന പുസ്തകത്തിൽ വിശമായി പരാമർശിക്കുന്നുണ്ട്. കേൾവി പരിമിതരായവരുടെ കാഴ്ചയനുഭവത്തിന് സബ്ടൈട്ടിലുകൾ സഹായിക്കുന്നതിനെക്കുറിച്ച് നൈറ്റ് വാച്ച് (Timur Bekmambetov, 2004)[35] എന്ന ഹൊറാർ ഫിലിമിനെ മുൻനിർത്തി അദ്ദേഹം വിശദീകരിക്കുന്നുണ്ട്. കഥാപാത്രത്തിന്റെ മൂക്കിൽ നിന്നും ഒഴുകുന്ന ചുവന്ന രക്തത്തോടു ചേർന്നുപോകുന്ന രീതിയിൽ സബ്ടൈട്ടിലും ചുവപ്പ് ദ്രവരൂപത്തിലുള്ള ആനിമേറ്റഡ് GIF ആക്കിയതിന്റെ വ്യാഖ്യാത്മകമായ സൗന്ദര്യം ഏത് കാഴ്ചക്കാർക്കും മികച്ച വിനോദാനുഭവം നൽകുമെന്ന് അദ്ദേഹം വാദിക്കുന്നു... ദൃശ്യങ്ങൾക്കൊപ്പം വാക്കുകൾകൊണ്ട് കഥപറയാനതിന് കഴിയണം.[36] ദൃശ്യസൗന്ദര്യാത്മകതയെന്ന (visual aesthetic)[37] തരത്തിൽ പഠനവിധേയമായതാണ് അത്. സന്ദർഭത്തിന്റെ തീവ്രതയും ആവശ്യകതയുമനുസരിച്ച് സബ്ടൈട്ടിലുകൾ സ്ഥാനം മാറുകയും സാധ്യമായത്ര വിഷ്വൽ എഫക്ട്സുകൾ ഉൾപ്പെടെ ചെയ്ത് ഒഴിവാക്കാനാവാത്ത ഒന്നായി മാറ്റുകയും ചെയ്യും. Helvetica, Futura, Tiresias, Gotham തുടങ്ങി മികച്ച സബ്ടൈറ്റിൽ ഫോണ്ടുകൾ ഇംഗ്ലീഷിൽ നിലവിലുണ്ട്.[38] എന്നാൽ മലയാളം ഫോണ്ടുകളും ടൈപ്പോഗ്രഫിയും വളർച്ചയുടെ വഴിയിലാണ്.[39] ഷോട്ടുകൾക്കനുസരിച്ച് സബ്ടൈട്ടിലിന് ഫോണ്ടും രൂപവും ഇടവും മാറ്റി ദൃശ്യകലയോട് സജീവമായി ചേർത്തുനിർത്തുമ്പോഴാണ് അത് സൗന്ദര്യാത്മകമായ കലാരൂപമായി മാറുന്നത്.

നിർമ്മിതബുദ്ധി ഉപയോഗിക്കുന്ന ഉപകരണങ്ങളിൽ വിവർത്തന പരിഹാരങ്ങൾ നിരന്തരം അതിനുള്ളിൽ തന്നെ വളർന്നുകൊണ്ടിരിക്കുന്നതാണ്. വിവർത്തനത്തിന്റെ ഗുണമേന്മ അത് നിരന്തരം സ്വയം വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സ്വാഭാവിക ഭാഷയിൽ രൂപപ്പെടുത്തിയ കോർപ്പസുകളിൽ വ്യക്തികൾ വരുത്തുന്ന അവസാന മാറ്റങ്ങൾ പോലും തിരിച്ചറിയാനും പിന്നീട് ഉപയോഗിക്കാനും കഴിയും. മനുഷ്യ മസ്തിഷ്കം വിവർത്തന പ്രക്രിയയിൽ പ്രവർത്തിക്കുന്നതിനെ വേർതിരിച്ചെടുക്കുന്ന ന്യൂറോസയൻസ് ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർ പ്രോസസിങ് നടത്താനും കഴിയും.[40] ക്രിയേറ്റീവ് റൈറ്റിങുമായി ബന്ധപ്പെട്ട ആശയങ്ങൾ ഇതിനകം ഉപയോ

34 Sean Zdenek, [Reading] [sounds] closed—captioned media and popular culture, The University of Chicago Press, 2015.

35 http://www.amazon.com/gp/product/B000FF181C.

36 "We thought of the subtitles as another character of film, another way to tell the story" Rosenberg 2007, quoted by Sean Zdenek

37 'Subtitles as visual art' by Sean Zdenek, https://readingsounds.net/subtitles-as-art/.

38 Best Subtitle Fonts: Top 16 of the Most Readable and Engaging, by Jean Marc.

39 എം സോൺ മലയാള വിവർത്തനങ്ങളിൽ നഷ്ടപ്പെടുന്നത് അതാണ്.

40 In this interdisciplinary context, the field of neuroscience seeks to unravel the mysterious ways in which human translation works, as the neurological mechanisms involved in translating remain one of the chief known-unknowns. Research largely shows that the human brain does not work in the same way as a computer pro-

ഗപ്പെടുത്തിയിട്ടുണ്ട്. മുമ്പ് സൂചിപ്പിച്ചതുപോലെ ലോകമാസകലം പ്രാദേശിക ഭാഷകളിൽ ദിനംതോറും, നിമിഷംതോറുമുള്ള ടെക്സ്റ്റ് മെസേജായും ഓഡിയോ, വിഷ്വൽ മെസേജായും നടത്തുന്ന സോഷ്യൽ മീഡിയ ഉപയോഗങ്ങളെല്ലാം നിർമ്മിത ബുദ്ധിയുടെ പരിശീലനത്തിൽ ഉൾപ്പെടുന്നു. സോഷ്യൽ മീഡിയ ഉപയോഗങ്ങൾ ഇത്തരത്തിലുള്ള സൂക്ഷ്മ സാംസ്കാരിക ഘടകങ്ങളെപ്പോലും ഫലപ്രദമായി മനസ്സിലാക്കാനും പരിഹാര മാർഗ്ഗങ്ങളിൽ അടുത്ത അവസരത്തിൽതന്നെ ഉപയോഗിക്കാനും കഴിയുന്ന തരത്തിലാണ് എഐ പ്രവർത്തനങ്ങൾ നടക്കുന്നത്. സന്ദർഭത്തിനനുസരിച്ചുള്ള അർത്ഥ, ആശയ വ്യതിയാനങ്ങളിൽ കൃത്യതയും വ്യക്തതയും വരുത്താൻ എഐയ്ക്ക് നിരന്തരം സാധിക്കുന്നു. തെറ്റു പറ്റിയെന്ന തിരിച്ചറിവ്, ഉപഭോക്താവിന്റെ അസംതൃപ്തി, കൂടുതൽ പരിശീലനം നേടാൻ എഐയ്ക്ക് പ്രേരണ നൽകുന്നു. നിർമ്മിച്ചയാളിന്റെ സഹായമില്ലാതെ ചുറ്റുപാടുമുള്ളവയിൽ നിന്നും അറിവുകൾ, ഡാറ്റാ ശേഖരിച്ച് സ്വയംവളരാൻ നിർമ്മിത ബുദ്ധിക്ക് കഴിയുന്നുണ്ട്. ഇന്ന് 97 ശതമാനം വരെ കൃത്യത ഉറപ്പുവരുത്താൻ വിവർത്തന സാങ്കേതികതയ്ക്ക് കഴിയുന്നു. അഥവാ 97 ശതമാനം കമ്പ്യൂട്ടർ ചെയ്ത ജോലികൾ പൂർത്തീകരിക്കാനാണ് വൻ കമ്പനികൾക്ക് വിവർത്തകരുടെ ആവശ്യം. വിവർത്തനത്തിൽ വിവർത്തകരുടെ (സ്വ)ഭാഷപോലും ഉണ്ടാകണമെന്നില്ല. യാന്ത്രികമായ ഒരു പ്രൊഫഷൻ മാത്രമായി അതു മാറുന്നു. കർതൃത്വം, ആധികാരികത എന്നിവയിൽ വളരെ പ്രശ്നഭരിതമായ അന്തരീക്ഷത്തിലാണ് വിവർത്തനം ഇന്നു നിലകൊള്ളുന്നത്. അതേസമയം പുതിയ ജനറേഷൻ വിവർത്തന സോഫ്റ്റ്വെയറിനു വേണ്ടിയുള്ള അന്വേഷണങ്ങളാണ് സാങ്കേതിക ലോകത്ത് നടക്കുന്നത്. അത് വിവർത്തന പ്രക്രിയ ലഘൂകരിക്കുന്നു. സമയവും പണവും ലാഭിക്കുന്നു. കണ്ടന്റ് ആഗോളതലത്തിൽ എത്തിക്കുന്നു. ഉല്പന്നം വിറ്റഴിക്കാൻ സഹായിക്കുന്ന തുടങ്ങിയവയാണ് ഡിജിറ്റൽ കാലത്തെ വിവർത്തനങ്ങളുടെ സവിശേഷതകൾ. വളരെ വേഗതയിൽ, ചിലവു കുറഞ്ഞ, പരമാവധി ലാഭം കിട്ടുന്ന ഒരു ആഗോള ഉല്പന്നം നിർമ്മിക്കുകയാണ് ഇന്നത്തെ ലക്ഷ്യം.

---

cessing symbols. During the translation process, the body and the experiences acquired through it play a central role, our first-hand experience is being recalled and the brain-body system is activated. Creative writing theory may also offer much to the field of translation studies and should be part of any translation undergraduate and postgraduate curricula. In modern translation industry practices, creative expression tends to become extinct and emphasis is put on standardized language, the use of specific repetitive syntax structures and terminology, any deviation from which is being penalized as an error. Copywriters who write source texts that will later go through the MTPE process typically have to follow strict guidelines ensuring that source texts will be compatible with the MT systems: That means simpler grammar and syntax structures, repetitive phrases, sentences that are as short as possible, repetition of nouns instead of using adjectives, avoiding conjunctions and secondary clauses, avoiding the use of passive voice, avoiding the use of idioms. Machine-translated texts therefore have similar grammar and syntax structure, as well as style and the process of translating ceases to be an original creation. https://multilingual.com/issues/october-2023/creative-writing-and-translation/.

വിവർത്തന പഠനത്തിലെ സാങ്കേതികമായ ദിശാമാറ്റം (technological turn) എന്നാണ് ഇക്കാലം അറിയപ്പെടുന്നത്.[41] ഇരുഭാഷാ പാണ്ഡിത്യവും പ്രത്യേക കൌശലവും ആവശ്യമുള്ള നൈപുണിയായി പരിഗണിച്ചിരുന്നതാണ് വിവർത്തകരുടേത്. മൂലകൃതിയിൽ നിന്നും വള്ളിയോ പുള്ളിയോ മാറാതെ വിവർത്തനം ചെയ്യണമെന്നാവശ്യപ്പെടുന്ന സെന്റ് ജെറോമിന്റെ കാലമല്ല ഇത്. വിവർത്തകരുടെ സ്ഥാനം യന്ത്രങ്ങൾ ഏറ്റെടുത്തിരിക്കുന്നു. അതിൽ എഡിറ്റ് ചെയ്യുക മാത്രമേ മനുഷ്യർ ചെയ്യേണ്ടതുള്ളൂ. ചിലവും സമയവും കുറവുള്ള പോസ്റ്റ് എഡിറ്റിങ് ട്രാൻസ്ലേഷൻ സർവീസുകളാണ് ഇന്നത്തെ ആവശ്യം. അതുകൊണ്ടുതന്നെ വിവർത്തനം, വിവർത്തകർ, വിവർത്തന പ്രക്രിയ എന്നിവയുടെ സാമ്പ്രദായിക നിർവ്വചനങ്ങൾക്കെല്ലാം മാറ്റം വരുന്നു. ഒരു ലക്ഷ്യ ഭാഷയിലേക്കല്ല നൂറുകണക്കിന് ഭാഷകളിലേക്കാണ് ഒന്നിച്ച് വിവർത്തനം ചെയ്യുന്നത്. മൾട്ടിലിഗ്വലിസം എന്നത് വിവർത്തന പ്രക്രിയയിലാണ് പ്രവർത്തിക്കുന്നത്. മുമ്പ് വിവർത്തകരുടെ ബഹുഭാഷാ സ്വാധീനമാണ് മൾട്ടിലിംഗ്വൽ എന്നതുകൊണ്ട് ഉദ്ദേശിച്ചതെങ്കിൽ ഇന്നങ്ങനെയല്ല ബഹുഭാഷാ പ്രോഗ്രാമുള്ള കമ്പ്യൂട്ടർ സഹായ വിവർത്തനങ്ങൾ (Computer Aided Translation—CAT) വിവർത്തകരുടെ ഇടപെടലിൽ വലിയ മാറ്റങ്ങൾ വരുത്തി. ലോകത്ത് വിവർത്തനത്തിന് കാരണമായതെന്ന് പറയുന്ന ബാബേൽ ഗോപുര മിത്തിനെ ഇത് തകിടം മറിച്ചു. ദൈവം ചിതറിച്ച മനുഷ്യ ഭാഷകൾ ടെക്നോളജി ഒന്നിപ്പിക്കുന്നതാണ് ഡിജിറ്റൽ അനുഭവങ്ങൾ. ആശയങ്ങൾക്ക് ബഹുഭാഷാ വായനക്കാരെ ലഭിക്കുന്നു എന്നതു മാത്രമല്ല, ഗൂഗിളിന്റെയും മറ്റും സെർച്ച് എൻജിൻ റാങ്കിങ്ങിൽ (Search Engine Result Pages—SERP s) സബ്ടൈറ്റിൽ കണ്ടന്റും ഉൾപ്പെടുകയും ചെയ്യുന്നു. ടെക്നിക്കൽ, സയന്റിഫിക്, വാണിജ്യാടിസ്ഥാനത്തിലുള്ള വിവർത്തനങ്ങൾ 3T പരിസരത്തിലാണ് പ്രവർത്തിക്കുന്നത്—Trade, Technology, Translation. വിവർത്തനം ഇന്ന് ഡിജിറ്റൽപുനരുല്പാദത്തിന്റെ കാലത്താണ്. ഉല്പന്നത്തിന്റെ സമാനമായ പുനരുല്പാദനമല്ല, വ്യത്യസ്ത വിവർത്തനങ്ങളുടെ അനന്തമായ പുനരുല്പാദനമാണ് നടക്കുന്നത്. ദെല്യൂസ് മുന്നോട്ടുവെച്ച 'objectiles' എന്ന പദം ഉപയോഗിച്ച് ഇത് വിശദീകരിക്കാൻ മൈക്കൽ ക്രോണിൻ ശ്രമിക്കുന്നുണ്ട്.[42]

ഡിജിറ്റൽ മാനവികതയിൽ (digital humanities) മനുഷ്യ യാഥാർത്ഥ്യത്തെക്കുറിച്ച് പഠിക്കേണ്ടത് ഡിജിറ്റലും മാനവികതയും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ തലത്തിലാണ്. ഡിജിറ്റൽ പ്രവർത്തനങ്ങൾ മനുഷ്യ ജീവിതത്തിലും അതിന്റെ ഭാവിയിലും എങ്ങനെയാണ് ഇടപെടുന്നത് എന്ന അന്വേഷണമാണ് പ്രധാനം. വിനോദ വ്യവസായത്തിൽ അമേരിക്കൻ നിർമ്മിത പ്ലാറ്റ്ഫോമുകളുടെ—Facebook, Amazon, Apple, Netflix, Google—സാമ്പത്തിക, സാംസ്കാരിക

---

41 Translation in the Digital Age, Michael Cronin, Routledge, London & New York, 2013. പ.

42 Translation in the Digital Age, Michael Cronin, Routledge, London & New York, 2013, പു. 88.

മേധാവിത്വം സാമ്രാജ്യത്വ ശക്തികളെ പോലെ പ്രവർത്തിക്കുന്നതും ദേശരാഷ്ട്രങ്ങൾക്ക് അതിൽ ഇടപെടാൻ എത്രത്തോളം കഴിയുമെന്ന ആശങ്ക, Netflix, Amason Prime, Disny Hotstar, Sony live തുടങ്ങിയ മീഡിയ സ്ട്രീമിങ് ടെക്നോളജി ഇന്റർനെറ്റിലെ നിർമ്മാണവും വിതരണവും ഏറ്റെടുത്തത് മലയാളം പോലുള്ള പ്രാദേശിക ഭാഷാ സിനിമകൾക്ക് ലോകമെമ്പാടും ശ്രദ്ധകിട്ടാൻ കാരണമായെങ്കിലും[43] ആഗോള ശക്തികൾ പ്രദേശിക ജീവിതത്തിൽ വരുത്തുന്ന രൂപമാറ്റങ്ങളെ കുറിച്ചുള്ള പ്രശ്നങ്ങൾ, നെറ്റ്ഫ്ലിക്സ് കണ്ടന്റ് വർദ്ധിപ്പിക്കുന്നതും തിരഞ്ഞെടുപ്പുകൾ നടത്തുന്നതിന്റെയും പ്രത്യയശാസ്ത്രപരമായ സങ്കീർണതകൾ, വൻതോതിലുള്ള കുത്തകവൽക്കരണത്തെയും ബഹുരാഷ്ട്ര ഭീമന്മാരുടെ മേധാവിത്വത്തെയും മുൻനിർത്തി സാംസ്കാരിക ഏകീകരണത്തെ (Cultural Homogenisation) കുറിച്ചുള്ള ഭയം തുടങ്ങിയവ ഈ അന്വേഷണത്തിൽ ഉൾപ്പെടുന്നു.

□

43 ടോപ് 10-ൽ പലപ്പോഴും മലയാളം ഫിലിമുകൾ വന്നു. ക്രിസ്ത്യൻ മുസ്ലീം കഥാപാത്രങ്ങൾക്കുള്ള സമാന പ്രാധാന്യം ബോളിവുഡ് സിനിമകളെക്കാൾ സെക്കുലർ ആണെന്ന പരാമർശം, കുമ്പളങ്ങി നൈറ്റ്സിനെ കുറിച്ച് ദ ഗാർഡിയനിൽ വന്നത് തുടങ്ങിയവ പ്രധാനമാണ്.

ഡോ. ഷീബ എം. കുര്യൻ

2012 മുതൽ കേരള സർവകലാശാല മലയാളവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. 2003 മുതൽ കണ്ണൂർ സർവകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പയ്യന്നൂർ പ്രാദേശികകേന്ദ്രം, കാലിക്കറ്റ് സർവകലാശാല, തൃശ്ശൂരിലെ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ മലയാളവിഭാഗം അധ്യാപികയായിരുന്നു. ആധുനികതയുടെ കേരളീയപരിസരം: രാഷ്ട്രീയവും പ്രതിവാദപരവുമായ പഠനം എന്ന വിഷയത്തിൽ കാലിക്കറ്റ് സർവകലാശാലയിൽ നിന്നും പിഎച്ച്ഡി ലഭിച്ചു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പാർട് ടൈം ഗവേഷണ ഫെലോഷിപ്പോടെ (2007–2008) സ്ത്രീ പാരമ്പര്യം ആധുനികത: 1980-നു ശേഷമുള്ള മലയാള സിനിമകളെ അടിസ്ഥാനമാക്കിയുള്ള പഠനം എന്ന ഗവേഷണം പൂർത്തിയാക്കി.

ഫോക്കസ്: സിനിമാപഠനങ്ങൾ (2021); എഴുത്ത്, സംസ്കാരം, നിലപാടുകൾ (2019); റെയ്മണ്ട് വില്യംസ്: സാഹിത്യം, സംസ്കാരം, രാഷ്ട്രീയം (2012); വിടവുകൾ, വീണ്ടെടുപ്പുകൾ (2010); കീഴാളന്റെ പ്രതിരോധതന്ത്രം (2005); വിജയന്റെ ചെറുകഥകൾ: അധികാരം, ചരിത്രം, പ്രത്യയശാസ്ത്രം (2005); ഭിന്നശേഷി: സമൂഹം, ശരീരം, സംസ്കാരം (എഡിറ്റർ, 2024); ദെല്യൂസും ഗൊത്താരിയും: സങ്കല്പനങ്ങളും സാധ്യതകളും (സെമിനാർ പ്രൊസീഡിങ്സ്, 2023); സംസ്കാരപഠനത്തിന്റെ പുതുവഴികൾ (എഡിറ്റർ, 2018); സിനിമ: സാങ്കേതികതയും സംസ്കാരവും (എഡിറ്റർ, 2016) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

2021-ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡിൽ മികച്ച ചലച്ചിത്ര ഗ്രന്ഥത്തിനുള്ള സ്പെഷൽ ജൂറി മെൻഷൻ ഫോക്കസ് സിനിമാപഠനങ്ങൾക്ക് ലഭിച്ചു.

സൂചിക

അഞ്ജന ശശി, 65, 66
അഞ്ജനാ ശങ്കർ, 65
അദൃശ്യത, 23, 34
അധികാരഭാഷ, 22
അനാമിക, 65, 66
അനിത എം. പി., 65
അനിതാ നായർ, 87
അനുവർത്തനം, 24, 25, 31
അന്തർവൈജ്ഞാനിക സമീപനം, 15
അമൃതാ പ്രീതം, 66, 87
അമ്പാടി ഇക്കാവമ്മ, 64, 66
അരുന്ധതി റോയി, 87
അലക്സാണ്ടർ ഫ്രേസർ, 4, 13
ആന്ദ്രേ ലഫേവെർ, 24
ആന്ദ്രേ ലെഫവർ, 42
ആൻസി ഈപ്പൻ, 65
ആർ. കെ. ജയശ്രീ, 66
ആർ. കെ. ജയശ്രീ, 64
ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, 100, 104
ആശാലത, 65, 66
ഇന്ദുമേനോൻ, 65
ഇന്ദുലേഖ, 40, 64
ഇലിയഡ്, 6, 66
ഇറ്റാമർ ഇവൻ സൊഹർ, 24
ഇറ്റാലിയൻകവിതകൾ, 5
ഉഷാ നമ്പൂതിരിപ്പാട്, 65
എ. പി. ആൻഡ്രൂസുകുട്ടി, 13, 24
എം. പി. ശ്രീജ, 66
എം. പി. സലില, 66
എം. കെ. ഗൗരി, 65, 77
എം. ദിവ്യ, 65, 66
എൻ. വി. കൃഷ്ണവാരിയർ, 12
എൻ. വി. വിശ്വനാഥയ്യർ, 13
എം. പി. ശ്രീജ, 65
എം. പി. സലില, 64
എലിസബത്ത് ബാരറ്റ് ബ്രൗണിങ്, 7
എസ്. ശാരദക്കുട്ടി, 65
എഴുത്തച്ഛൻകൃതികൾ, 1
ഏ. ആർ. രാജരാജവർമ്മ, 8
ഒഡീസി, 6
ഓമന, 65
ഓസ്കാർ വൈൽഡ്, 43
കമലാദേവി, 65, 66
കാമാക്ഷിക്കുട്ടിയമ്മ, 65
കാളിദാസൻ, 9
കിളിമാനൂർ രമാകാന്തൻ, 46, 52, 53, 56, 63
കീഴാളസാഹിത്യ, 23
കുഞ്ഞിക്കുട്ടൻതമ്പുരാൻ, 8
കുട്ടികൃഷ്ണമാരാര്, 7, 8
കൃഷ്ണഗാഥ, 1
കൃഷ്ണവേണി, 65, 66, 83, 87
കെ. ആർ. മീര, 87
കെ. എം. ഷെറീഫ്, 30, 39, 42, 43
കെ. ജി. ശങ്കരപിള്ള, 85
കെ. പി. സുമതി, 66
കെ. എം. ഷെറീഫ്, 39, 43
കെ. ദാമോദരൻ, 10
കെ. പി. പ്രമീള, 65, 87
കെ. പി. സുമതി, 65
കെർണലുകൾ, 13
കേരള പഠനം, 72, 75
കേരളപഠനം, 75
കേരളശാകുന്തള, 8
കേരളശാകുന്തളം, 8
കേസരി ബാലകൃഷ്ണപിള്ള, 7
കൊളോണിയൽ, 1, 25, 30, 36, 40, 41, 46, 47, 59
കോർപ്പസ്, 98, 99
ക്വീർ പഠനങ്ങൾ, 38
ഗായത്രി ചക്രവർത്തി സ്പിവാക്, 38, 41
ഗിദൻ ടൂറി, 24
ഗീത, 64
ഗീതാഞ്ജലി, 31–34, 36
ഗൂഗിൾ ട്രാൻസ്ലേറ്റ്, 96, 100
ഘടനാവാദാനന്തര ചിന്ത, 11, 34, 40
ഘടനാവാദാനന്തര വിവർത്തന പഠനങ്ങൾ, 29
ചന്ദ്രമതി, 65
ചിത്രു പണിക്കർ, 41
ചിന്താവിഷ്ടയായ സീത, 8
ജയശ്രീ മിശ്ര, 87
ജയശ്രീ രാമകൃഷ്ണൻ, 65
ജയാ സുകുമാരൻ, 12, 28, 41
ജയാസുകുമാരൻ, 33, 64
ജാനകി, 65
ജെ. സി. ക്യാറ്റ്ഫോർഡ്, 13

ജെനി ആൻഡ്രൂസ്, 65, 66, 82
ജെയിംസ് ഹോംസ്, 24
ജോൺ ഡ്രൈഡൻ, 4
ജോളി വർഗീസ്, 65, 66
ജ്യോതിബായ് പരിയാടത്ത്, 65
ടി. ആർ. ജയശ്രീ, 66
ടി. ആർ. ജയശ്രീ, 65
ഡി ജി റോസെറ്റി, 5
ഡിജിറ്റൽ മാനവികത, 42, 108
ഡി. ബഞ്ചമിൻ, 8
ഡിവൈൻ കോമഡി, 45, 46, 49–59, 61–64, 103
ഡോ. പാർവ്വതി ജി. എയ്യൽ, 64
തങ്കം നായർ, 65
തിയോ ഹെർമ്മൻസ്, 30
തുഞ്ചത്തെഴുത്തച്ഛൻ, 6, 8
ദറിദ, 24, 29, 34, 35
ദാന്തെ, 45
ദൃശ്യത, 23, 34, 35, 83
നളചരിതം ആട്ടക്കഥ, 8, 9
നാരായൻ, 22
നാലപ്പാട്ട് നാരായണമേനോൻ, 10, 43, 49
നിരണംകൃതികൾ, 1
നിലീനാ എബ്രഹാം, 65
നിശ്ശബ്ദ വിപ്ലവം, 87
പത്മാ കൃഷ്ണമൂർത്തി, 65
പി. എസ്. രാധാകൃഷ്ണൻ, 32–34
പി. ബി. ഷെല്ലി, 5
പി. ഉഷാദേവി, 65, 87
പി. എസ്. രാധാകൃഷ്ണൻ, 33
പി. കെ. രാധാമണി, 65
പി. സീമ, 65
പി. സോമനാഥൻ, 40
പീറ്റർ ന്യൂമാർക്ക്, 17
പുനർസൃഷ്ടി, 11, 19, 21, 64, 87
പെരുമ്പടവം ശ്രീധരൻ, 43
പോസ്റ്റ് കൊളോണിയൽ, 25, 35, 36, 41
പൗലോ കൊയ്ലോ, 48, 49, 66, 78
പ്രതിനിധാനം, 18, 19, 22, 36, 52, 54, 57
പ്രത്യധീശത്വം, 22
പ്രഭാ ആർ. ചാറ്റർജി, 65, 66
പ്രഭാ സക്കറിയാസ്, 36, 65, 81
പ്രസന്ന കെ. വർമ്മ, 65
പ്രാദേശികവല്ക്കരണം, 97, 98, 105
പ്രിയ എ. എസ്., 65
പ്രേമ ജയകുമാർ, 85
ഫാത്തിമ ജിം, 65
ഫിറ്റ്സ്ജറാൾഡ്, 6
ഫൂക്കോ, 29, 35
ഫെഡറിക് ഷെഗൽ, 5
ഫെഡറിക് ഷെയ്മാക്കൽ, 5
ഫെമിനിസ്റ്റ്, 25, 26, 36–38, 40, 41, 71, 92
ഫെർഡിനന്റ് ഡി. സൊസ്സൂർ, 13
ഫ്രാൻസിസ് ന്യൂമാൻ, 6, 13
ബാബേൽ, 2, 108
ബാർത്ത്, 29, 34
ബി. എം. സുഹ്റ, 65
ബൈബിൾ, 2–4, 14, 16, 25–27, 36, 50, 53, 54, 62, 63
ബ്ലൂംഫീൽഡ്, 13
ഭാഷാശാസ്ത്രം, 13–15
മഞ്ജുളമാല, 65
മഞ്ജുളവാര്യർ, 65
മനുഷ്യ വിഭവശേഷി, 68, 93
മഹാഭാരത, 1, 8, 9
മഹാഭാരതം, 8–10
മഹാശ്വേതാദേവി, 40
മാത്യൂ ആർനോൾഡ്, 6
മാധവിക്കുട്ടി, 84
മിഖായേൽ ബക്തിൻ, 39
മിനി മേനോൻ, 65, 66
മീന കന്ദസ്വാമി, 65, 66, 87
മുണ്ടശ്ശേരി, 7, 11
മുത്തുലക്ഷ്മി, 65, 66
മേരി വൂൾസ്റ്റൻ ക്രാഫ്റ്റ്, 70
മേരി സ്നെൽ ഹോൺബി, 30
മൈക്കൽ ക്രോണിൻ, 30, 108
മ്യൂസ് മേരി ജോർജ്, 65
യന്ത്ര വിവർത്തനം, 95
യന്ത്രവിവർത്തനം, 14
യൂണിക്കോഡ് കൺസോർഷ്യം, 97
യൂജിൻ എ. നൈഡ, 13
രമാ മേനോൻ, 65, 66, 78
രാധിക സി. നായർ, 65
രാമചരിതം, 1, 3
രാമായണ, 9, 31, 35, 40
രാമായണം, 8, 10, 11, 20, 31
രോഹിണി നായർ, 65
ലാറി ചേംബർലൈൻ, 37
ലിംഗഭേദം, 18
ലിൻഡ ഹച്ചിയൻ, 43
ലിപ്യന്തരണം, 13
ലീലാ സർക്കാർ, 64, 66
ലോറൻസ് വെനൂറ്റി, 23, 24, 29

വത്സാ വർഗീസ്, 65
വംശീയത, 18
വള്ളത്തോൾ, 11
വാൾട്ടർ ബഞ്ചമിൻ, 19–21, 28
വി. ആർ. പ്രബോധചന്ദ്രൻനായർ, 13
വിക്ടോറിയൻ കാലഘട്ടം, 6
വില്യം ജോൺസ്, 40
വിവർത്തന ക്ഷമത, 20, 64
വിവർത്തനക്ഷമത, 15, 17, 25
വിവർത്തന സാങ്കേതികത, 107
വിവർത്തനീയത, 21
വിശ്വസ്തത, 3, 4, 10, 14–17, 23, 24, 29, 30, 67, 87
വെർജീനിയ വൂൾഫ്, 87
ശശികല ആർ. മേനോൻ, 65, 66
ശാകുന്തള, 40
ശാകുന്തളം, 36, 40
ശേഷജീവിത, 20
ശേഷജീവിതം, 22, 28
ശൈലജാ രവീന്ദ്രൻ, 65, 66
ശ്രീകുമാരി രാമചന്ദ്രൻ, 64, 78
ശ്രീദേവി എസ്. കർത്ത, 65, 66
ശ്രീദേവി കെ. നായർ, 65
ശ്രീലതാ നെല്ലുളി, 65
ഷീബ ഇ. കെ., 65
ഷെറി സൈമണി, 38
സംഘടിത, 18, 36, 37, 41, 73, 77, 78, 85
സച്ചിദാനന്ദൻ, 10, 25, 33
സത്യസന്ധത, 4, 7
സബ്ടൈറ്റിൽ, 94, 101–106, 108
സമമൂല്യത, 14, 15, 25, 29
സരോജിനീ സാഹൂ, 87
സംവേദന പഠനങ്ങൾ, 44
സാങ്കേതിക വിദ്യ, 19, 82, 95, 98, 99
സാങ്കേതികവിദ്യ, 43
സാജിത എം., 65, 66
സാർവ്വത്രിക വിദ്യാഭ്യാസം, 69, 72, 75
സാംസ്കാരിക പഠനം, 15, 18, 19, 28
സാറാ ഓസ്റ്റിൻ, 7
സാറാജോസഫ്, 22
സി. വി. രാമൻപിള്ള, 85
സി. കബനി, 65, 66, 84
സുകുമാർ അഴീക്കോട്ട്, 7
സുധാ ഗോപാലകൃഷ്ണൻ, 65
സുധാ ബാലകൃഷ്ണൻ, 65
സുനീത ബി., 65
സുഭദ്രമ്മ, 65
സുഭദ്രാ പരമേശ്വരൻ, 65, 88
സൂസൻ ബാസ്സെറ്റ്, 5, 24, 29, 30
സെന്റ് ജെറോ, 108
സെന്റ് ജെറോം, 2, 3
സേതു, 85
സോഫ്റ്റ്വെയർ, 78, 99
സോഫ്റ്റ് വെയർ, 97
സ്കറിയ സക്കറിയ, 22, 24, 26, 28, 30, 44
സ്ത്രീപക്ഷരചന, 86
സ്ത്രീ രചന, 87
സ്ത്രീരചന, 23, 67, 87
സ്മിത മീനാക്ഷി, 65, 87
സ്വാതി എച്ച്. പത്മനാഭൻ, 65, 66
ഹരീഷ് ത്രിവേദി, 30
റസീന കെ. കെ., 64
റിൻസി എബ്രഹാം, 65, 66
റീത്ത എ., 64
റീത്ത എ. റീത്ത എ., 66
റുബയ്യാത്തി, 40
റുബയ്യാത്ത്, 36
റോമൻ ജാക്കോബ്സൻ, 16, 17
റോഷ്നി സ്വപ്ന, 65
റോസെറ്റി, 5

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.